ധനകാര്യം

## 2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ, അങ്ങേയ്ക്ക് സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, അങ്ങേയ്ക്ക് വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) സർ, വ്യവസായങ്ങൾ എന്ന XXXVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ

പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3–2–2014–ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| **XXVII** | സഹകരണം | 81,93,53,000 | 21,35,67,000 | 163,87,06,000 | 42,71,35,000 | 206,58,41,000 |
| # **XXXVII** | വ്യവസായങ്ങൾ | 132,22,24,000 | 211,50,33,000 | 264,44,47,000 | 423,00,67,000 | 687,45,14,000 |
| ***I** | സംസ്ഥാന നിയമസഭ | 24,58,56,000 | – | 49,17,12,000 | – | 49,17,12,000 |
| *IV | തെരഞ്ഞെടുപ്പുകൾ | 34,76,87,000 | – | 69,53,74,000 | – | 69,53,74,000 |
| *X | ട്രഷറികളും അക്കൗണ്ടുകളും | 68,77,10,000 | – | 137,54,19,000 | – | 137,54,19,000 |
| *XVI | പെൻഷനും പലവകയും | 4793,57,16,000 | – | 9587,14,31,000 | – | 9587,14,31,000 |
| *XXIII | വാർത്താവിതരണവും പ്രചരണവും | 21,73,48,000 | 2,48,34,000 | 4346,97,000 | 4,96,67,000 | 48,43,64,000 |
| *XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 44,84,72,000 | 473,26,02,000 | 89,69,43,000 | 946,52,05,000 | 1036,21,48,000 |
| *XLIII | നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും | 2079,04,89,000 | – | 4158,09,78,000 | – | 4158,09,78,000 |
| *XLV | പലവക വായ്പകളും മുൻകൂറുകളും | – | 70,66,89,000 | – | 141,33,74,000 | 141,33,74,000 |

* ചർച്ച കൂടാതെ വോട്ടിനിടുന്നതാണ്. # ഈ ഡിമാന്റിൽ കയർ വ്യവസായങ്ങൾ എന്ന മൈനർ ഹെഡ് ഉൾപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ –XXVII**

**സഹകരണം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. രാജു എബ്രഹാം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 206,58,41,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (സഹകരണ സ്ഥാപനങ്ങളിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതികളെ പിരിച്ചുവിടുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 206,58,41,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (നിയമനങ്ങൾ പി.എസ്.സി.-ക്കു വിട്ട

പല സഹകരണ സ്ഥാപനങ്ങളിലും സ്വന്തക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 206,58,41,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

## ധനാഭ്യർത്ഥന നമ്പർ XXXVII
## വ്യവസായങ്ങൾ
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 687,45,14,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (ഐ.ടി മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ അധിക ചെലവുകൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 687,45,14,000 ക. ഒരു

ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ഒരു വ്യവസായനയം ആവിഷ്ക്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 687,45,14,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എം. ചന്ദ്രൻ
2. ശ്രീ. കെ. ദാസൻ

<u>മി. സ്പീക്കർ</u>: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. രണ്ടു ധനാഭ്യർത്ഥനകളുടെയും ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്.

**<u>ചർച്ച</u>**

<u>ശ്രീ. കെ. വി. വിജയദാസ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കാരണം കഴിഞ്ഞ മൂന്നുവർഷമായി വ്യവസായ മേഖലയിലും സഹകരണ മേഖലയിലും ഈ ഗവൺമെന്റ് വലിയ പരാജയമാണ്. 2006 മുതൽ 2011 വരെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് വ്യവസായ മേഖലയുടെ ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. ഇഷ്ടം പോലെ വൈദ്യുതി, പവർകട്ടും ലോഡ്ഷെഡ്ഡിംഗുമി

ല്ലാത്ത അവസ്ഥ, ഉപഭോക്താക്കൾക്ക് ഹൈടെൻഷനും എക്സ്ട്രാ ഹൈ ടെൻഷനും വൈദ്യുതി കൊടുക്കുന്ന സ്ഥിതി, കേന്ദ്രഗവൺമെന്റിന്റെ നിരവധി വ്യവസായ സ്ഥാപനങ്ങൾ വരുന്ന ഒരവസ്ഥ, എസ്.എസ്.ഐ. യൂണിറ്റുകളുടെ പുനർജ്ജീവനം ഇതെല്ലാം കൂടി കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷം മികച്ചതായിരുന്നു. ആ അന്തരീക്ഷത്തിൽ നിന്നുമാണ് വ്യവസായ വകുപ്പ് പുത്തൻ പ്രതീക്ഷയുമായി മുന്നോട്ടു വന്നത്. പക്ഷേ മൂന്നു വർഷം കൊണ്ട് അതെല്ലാം തകർത്തെറിഞ്ഞു. ഉദാഹരണത്തിന് 2008–09–ൽ 6440 മില്യൺ യൂണിറ്റ് വൈദ്യുതിയുല്പാദിച്ചുവെങ്കിൽ 2012–13 ആയപ്പോൾ അത് 5328 മില്യൺ യൂണിറ്റായി കുറഞ്ഞു. അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കാതെ വ്യവസായം വളരുമോ? ഇ.ബി. യിൽ നിന്നും കിട്ടുന്ന ഊർജ്ജമില്ലാതെ വ്യവസായ മേഖല വികസിക്കില്ല. അതുകൊണ്ടാണ് എൽ.എൻ.ജി. ക്ക് പ്രാധാന്യം കൊടുത്തത്. അതുകൊണ്ടാണ് വൈദ്യുതി ഉല്പാദനത്തിന് പ്രാധാന്യം കൊടുത്തത്. എൽ.എൻ.ജി. ഇപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിൽ 21 ഡോളറാകുമ്പോൾ ഇവിടെ 15 ഡോളറിന് വാങ്ങാൻ ആളില്ല. പൈപ്പ് ലൈൻ സ്തംഭനാവസ്ഥയിലായി. പൈപ്പ് ലൈൻ സ്ഥാപിക്കാൻ പോയാൽ അവിടെ അടിയാണ് നടക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ വൈദ്യുതി ഉല്പാദനമില്ല, ഗ്യാസില്ല, ഊർജ്ജോല്പാദനം മുടങ്ങി. വൈദ്യുതി കിട്ടാത്തതിന്റെയും ഊർജ്ജോല്പാദനം മുടങ്ങിയതിന്റെയും ഭാഗമായി വ്യവസായങ്ങൾ സ്തംഭനാവസ്ഥയിലാണ്. വ്യവസായങ്ങളുടെ അമ്മ എന്നറിയപ്പെടുന്ന ഊർജ്ജം നഷ്ടപ്പെട്ടതോടുകൂടി കേരളത്തിന്റെ വ്യവസായത്തിന്റെ ഊർജ്ജവും നഷ്ടപ്പെട്ടുവെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങളുടെ കാലത്ത് കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ 247 കോടി രൂപ

ലാഭമുണ്ടാക്കി. എന്നാൽ 2012-13 ആയപ്പോൾ ലാഭം 75 കോടി രൂപയിലെത്തി, അതിൽ കെ.എസ്.ഐ.ഡി.സി. യുടെയും കിൻഫ്രയുടെതുമുണ്ട്. ഇതു രണ്ടും ഒഴിവാക്കിയാൽ 146 കോടി രൂപ നഷ്ടമാണ് കാണിക്കുന്നത്. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ വ്യവസായ വകുപ്പുമന്ത്രിയായതോടുകൂടി നല്ല പ്രചരണം കൊണ്ടുവന്നു, കൊട്ടിഘോഷിച്ചു- എമർജിംഗ് കേരള, പൊതുമേഖലയ്ക്ക് പുതുജീവൻ, കൈത്തറി ടെക്സ്റ്റൈൽ മേഖലയിൽ വികസനം എന്നെല്ലാമുള്ള പ്രചരണപരമായിട്ടുള്ള നല്ല മുന്നേറ്റം നടത്തി. പക്ഷേ അതിനനുസരിച്ചുള്ള കാര്യം നടക്കണ്ടേ. ഒന്നും നടന്നില്ല. അതിനുള്ള പ്രധാന കാരണം, ഈ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ എൽ.പി.ജി. നയങ്ങൾ അപ്പാടെ നടപ്പിലാക്കുന്ന ഒരു ഏജൻസിയായി മാറിയതുകൊണ്ടാണ് വ്യവസായ മേഖല തലകീഴായി വന്നത്.

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭത്തിൽ നിന്ന് പണമുണ്ടാക്കി അതിൽനിന്ന് പത്ത് പുതിയ വ്യവസായം തുടങ്ങിയെങ്കിലും ഇന്ന് ആ പത്ത് വ്യവസായ സംരംഭങ്ങളും തകർച്ചയിലാണ്. അതിൽ പ്രധാനപ്പെട്ട കൊല്ലം മീറ്റർ കമ്പനി അടച്ചുപൂട്ടി. അതുപോലെ കണ്ണാടിയിലുള്ള മീറ്റർ കമ്പനിയും അടച്ചുപൂട്ടി. ഇ-പേയ്മെന്റ്, ഇ-ടെൻഡർ, ഇ-പ്രൊക്യൂർമെന്റ് തുടങ്ങിയ ചില പൊടിക്കൈകൾ പൊതുമേഖലാ സ്ഥാപനങ്ങൾ നന്നാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പ്രയോഗിച്ചുനോക്കി. അതുമാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കിയില്ലെങ്കിൽ ജീവനക്കാരുടെ പ്രൊമോഷൻ കട്ട് ചെയ്യുമെന്നും മേധാവികളുടെ സ്ഥാനം പോകുമെന്നുള്ള മുന്നറിയിപ്പും കൊടുത്തു. പൊതുമേഖലയെ മെച്ച

പ്പെടുത്താൻ ഇതെല്ലാമാവശ്യമാണ്. ഇങ്ങനെയെല്ലാം അഭ്യാസം നടത്തിയിട്ടും ഇവിടെ കാര്യങ്ങൾ കുഴഞ്ഞുപോവുകയാണ്. കേന്ദ്രത്തിന്റെ ഒരു പദ്ധതി പോലും മൂന്ന് വർഷക്കാലത്തിനിടയിൽ നേടിയെടുത്തിട്ടുണ്ടോ? പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് നിക്ഷേപങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ സാധിച്ചില്ല. അതിന്റെ മികച്ച ഉദാഹരണമാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തറക്കല്ലിട്ട കഞ്ചിക്കോട് കോച്ച് ഫാക്ടറി. ഇന്ന് കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം അധികാരത്തിൽ ഇരുന്ന കേന്ദ്ര ഗവൺമെന്റിന് തറക്കല്ലിടാനുള്ള സമയം കണ്ടെത്തിയതല്ലാതെ ആ കോച്ച് ഫാക്ടറി തുടങ്ങാൻ പത്ത് രൂപപോലും മാറ്റിവയ്ക്കാൻ സാധിച്ചില്ല. നമ്മുടെ ഗവൺമെന്റിന്റെ എന്തെങ്കിലും പങ്കുണ്ടോ? ചേർത്തലയിലുള്ള വാഗൺ ഫാക്ടറി തുടങ്ങാൻ ഈ ഗവൺമെന്റ് എന്തെങ്കിലും മുൻകൈ എടുത്തോ? കെൽടെക്കിന്റെ ആസ്തിയും ജീവനക്കാരെയും കൊടുത്തുകൊണ്ടാണ് തിരുവനന്തപുരത്ത് ബ്രഹ്മോസ് കൊണ്ടുവന്നത്. ഹൈദ്രബാദിലെ പ്രൊഡക്ഷൻ-കം-അസംബ്ലി യൂണിറ്റിന്റെ അതേ മാതൃകയിൽ കൊണ്ടുപോകാനാണുദ്ദേശിച്ചത്. ഇപ്പോൾ ബ്രഹ്മോസിനെ തിരിഞ്ഞുനോക്കാൻ കേന്ദ്ര പ്രതിരോധ വകുപ്പുമില്ല, കേരളവുമില്ല. ഇതിന്റെ ഫലമായി ബ്രഹ്മോസ് അടച്ചുപൂട്ടാൻ പോവുകയാണ്. മുൻ കേന്ദ്രപ്രതിരോധ വകുപ്പുമന്ത്രി ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി തിരുവനന്തപുരത്ത് വന്ന് ഒരു വിലാപകാവ്യം തന്നെ എഴുതി. കേരളത്തിലേയ്ക്കുള്ള കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തിനുവേണ്ടി ആരെങ്കിലും ശ്രമിക്കുന്നുണ്ടോ; ആരെങ്കിലും അതിനുവേണ്ടി മെനക്കെടുന്നുണ്ടോ; ഇവിടെ ഒരു ഗവൺമെന്റുണ്ടോയെന്നുംമറ്റുമാണ് അദ്ദേഹം പറഞ്ഞത്. ബഹുമാന്യനായ പി.കെ. കുഞ്ഞാലിക്കുട്ടിയെ അടുത്തിരുത്തി

കൊണ്ട് മുൻ വ്യവസായ വകുപ്പുമന്ത്രി കുറേക്കൂടി മെച്ചപ്പെട്ടിരുന്നുയെന്ന വാക്കുംകൂടി അദ്ദേഹം ഉപയോഗിച്ചു. പക്ഷേ, കേരള ഗവൺമെന്റിന് കുലുക്കമില്ല. ഏതെങ്കിലും ഒരു പൊതുമേഖല സ്ഥാപനത്തിനുവേണ്ടി കേരളം എന്തെങ്കിലും ശ്രമിച്ചോ? ഇതെല്ലാം കേരളം കണ്ടതാണ്. മൂന്ന് കൊല്ലക്കാലമായി ഒരു പൊതുമേഖലാ സ്ഥാപനംപോലും കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ എല്ലാ സ്വാധീനങ്ങളുണ്ടായിട്ടും അത് പ്രയോജനപ്പെടുത്തിയില്ല. വ്യവസായ കേരളവും നമ്മുടെ തൊഴിലാളികളും അങ്ങയെ ഉറ്റുനോക്കിയിട്ടും യാതൊരു ഫലവുമില്ലാതെപ്പോയി. നമ്മുടെ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ ആസൂത്രിതമായ നീക്കത്തിലൂടെ കേന്ദ്ര ഗവൺമെന്റ് തന്നെ തകർക്കാനുള്ള ശ്രമം നടക്കുമ്പോൾ അതിനെ കയ്യുംകെട്ടി നോക്കിയിരിക്കുകയും അതിനെ അംഗീകരിക്കുകയും അതിന് മൗനസമ്മതം കൊടുക്കുകയുമല്ലേ കേരള ഗവൺമെന്റ് ചെയ്യുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാനാകില്ല. അതാണ് ഇവിടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ ഗവൺമെന്റ് പറഞ്ഞത്. പരമ്പരാഗത തൊഴിൽമേഖല പരിശോധിച്ച് നോക്കുമ്പോൾ, കശുവണ്ടിയുടെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെട്ടു. കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടി. പാവപ്പെട്ട തൊഴിലാളികളാണ് കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നത്. മാത്രമല്ല എല്ലാവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിലാളികളുമാണ്. ആ തൊഴിലാളികളെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ എൽ.ഡി.എഫ് ഗവൺമെന്റ് കുറേ കാര്യങ്ങൾ ചെയ്തു. ഇൻകം സപ്പോർട്ട് സ്കീം കൊണ്ടുവരികയും അതുപോലെ സബ്സിഡി കാലോചിതമായി പരിഷ്ക്കരിക്കുകയും 56 ദിവസത്തെ റിബേറ്റ് 128 ദിവസമാക്കി മാറ്റുകയും ചെയ്തു.

ഇതെല്ലാംകൂടിയായപ്പോ പരമ്പരാഗത തൊഴിൽമേഖലയ്ക്ക് ഒരു പുതുവസന്ത മുണ്ടായിരുന്നു ഇപ്പോൾ അതെല്ലാംപോയി കൈത്തറി വ്യവസായം തകർന്ന് തരിപ്പണമാവുകയും ചെയ്തു.

ശ്രീ. സാജുപോൾ: സർ, കേരളത്തിന്റെ മൊത്തം അഭിമാനമായിരുന്നു എഫ്.എ.സി.റ്റി. ആ കമ്പനിക്ക് വേണ്ടി 900 കോടി രൂപയുടെ പ്രത്യേക പാക്കേജ് കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. കേരളത്തിലെ കോൺഗ്രസ് നേതാക്കളുടെയും യു.ഡി.എഫ്-ന്റെ. ഉന്നത സ്ഥാനീയരുടെയും കേന്ദ്രമാണ് എറണാകുളം. സ്പെഷ്യൽ പാക്കേജ് അനുവദിച്ചുകിട്ടാത്തതുമൂലം എഫ്.എ. സി.റ്റി. ഇന്നനുഭവിക്കുന്ന പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ, കഴിഞ്ഞ യു. പി.എ. സർക്കാരിന്റെ കാലത്ത് യു.ഡി.എഫ്. ഗവൺമെന്റ് എത്ര പരിശ്രമി ച്ചിട്ടും നടന്നില്ല. ഈ അത്യഗാധ പ്രതിസന്ധി വ്യവസായ വകുപ്പുമായി ബന്ധ പ്പെട്ട വളരെ ഗൗരവമുള്ള പ്രശ്നമാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെ ടുത്തുകയാണ്.

ശ്രീ. കെ. വി. വിജയദാസ്: എഫ്.എ.സി.റ്റി.യുടെ കാര്യത്തിൽ സ്പെഷ്യൽ പാക്കേജ് കൊണ്ടുവരുമെന്ന് അന്നത്തെ കേന്ദ്ര മന്ത്രിയായിരുന്ന പ്രൊഫ. കെ. വി. തോമസ് കേരളത്തിൽ പ്രചരണം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ കാലഘട്ടം കഴിയുന്നതുവരെ അത് സാധിച്ചില്ലെന്നുകൂടി സൂചിപ്പിക്കുകയാണ്. കായൽ കയ്യേറ്റംമൂലവും മത്സ്യമേഖലയിൽ വൻകിട മത്സ്യകമ്പനികൾക്ക് ലൈസൻസ് കൊടുത്തതിന്റെ ഭാഗമായി മത്സ്യമേഖ ലയും തകർന്നിരിക്കുകയാണ്. കായലിൽ പായൽ മൂടി കിടക്കുന്നതുമൂലം ആളുകൾക്ക് കായലിൽ ഇറങ്ങാൻ പറ്റാത്ത സ്ഥിതി വന്നു. ഇതോടുകൂടി മത്സ്യത്തൊഴിലാളികൾ തകർന്നു തരിപ്പണമായി. അപ്പുറത്തുള്ള മിക്ക

അംഗങ്ങൾ ഉപയോഗിക്കുന്നതാണ് ഖാദി വസ്ത്രം. ആ ഖാദിയുടെ കാര്യ ത്തെ സംബന്ധിച്ച് എന്തെങ്കിലും പറയുകയോ ചെയ്യുകയോ ചെയ്തിട്ടില്ല. ഖാദി വ്യവസായവും ഇന്ന് തകർച്ചയിലാണ്. അവർക്ക് കൊടുത്ത പലിശ രഹിത വായ്പ ഇല്ലാതാക്കുകയും നവീകരണത്തിനുള്ള ഗ്രാന്റ് കൊടു ക്കുന്നത് നിർത്തിവയ്ക്കുകയും കുറഞ്ഞ പലിശയ്ക്കുള്ള വായ്പകൾ പരിമി തപ്പെടുത്തുകയും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് റിബേറ്റുംകൂടി നിർത്തിയതോ ടുകൂടി ഖാദി തൊഴിലാളികൾ വളരെ കഷ്ടത്തിലായിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിക്കുമ്പോൾ ആഴ്ചയിൽ ഒരു ദിവസം സർക്കാർ ഉദ്യോഗസ്ഥർ ഖാദി ഉപയോഗിക്കണമെന്ന് തീരുമാനം എടുത്തിരുന്നു. യു.ഡി.എഫ്. ഗവൺമെന്റും എന്തൊക്കെയോ തീരുമാനമെടു ത്തതായി പത്രങ്ങളിലൂടെ കണ്ടു. ആരെയൊക്കെയോ അംബാസിഡർമാരായി വച്ചുവെന്ന് കേട്ടു. പക്ഷേ എന്തെങ്കിലും ഫലമുണ്ടായോ, ആ ഖാദി വ്യവ സായ മേഖല തകർന്നുപോയില്ലേ; അങ്ങനെ പരമ്പരാഗത മേഖലയിൽ വലിയ തോതിലുള്ള പിറകോട്ടടിയാണ് മൂന്ന് വർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ മുഖമുദ്രയായി വന്നതെന്ന് പറയാതിരിക്കാൻ വയ്യ. പാല ക്കാട് കഞ്ചിക്കോട് 48 സ്റ്റീൽ ഫാക്ടറികളാണുള്ളത്. കേരളത്തിൽ 70 ശത മാനത്തോളം സ്റ്റീൽ ഉപയോഗിക്കുന്നതും ഈ ഫാക്ടറികളിൽനിന്നും ഉൽപ്പാ ദിപ്പിക്കുന്നവയാണ്. വൈദ്യുതി ചാർജ്ജ് വർദ്ധനവും ലോഡ് ഷെഡ്ഡിംഗും എല്ലാംകൂടിയായപ്പോൾ മാസത്തിൽ 26 കോടി രൂപയുടെ നഷ്ടം ഉണ്ടാകു മെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ സ്റ്റീൽ കമ്പനികളെല്ലാം സ്തംഭനാ വസ്ഥയിലാണ്. അവർ വലിയ പ്രതിസന്ധി നേരിടുകയാണ്. പാലക്കാട് കഞ്ചി ക്കോട് വ്യവസായ മേഖലയിലെ മറ്റൊരു പ്രധാനപ്പെട്ട വ്യവസായ മേഖല

യാണ് ടെക്സ്റ്റൈൽ മേഖല. കയറ്റുമതിയിലൂടെയാണ് ഈ മേഖല നില നിൽക്കുന്നത്. വൈദ്യുതി ചാർജ്ജിൽ ഒരു മാസം ഏതാണ്ട് 20 ലക്ഷം രൂപ യോളം കൊടുക്കേണ്ട സ്ഥിതി വന്നതോടുകൂടി ആ ടെക്സ്റ്റൈൽ മേഖലയും തകർച്ചയിലാണ്. പാറ്റസ്പിൻ, പ്രീക്കോട്ട് എ, ബി, സി. തുടങ്ങിയ വ്യവ സായശാലകൾ കഞ്ചിക്കോടിന് അഭിമാനമായിരുന്നു. കഞ്ചിക്കോട് വ്യവ സായ മേഖലയിലെ ഈ ടെക്സ്റ്റൈൽ മേഖല ഇന്ന് തകർന്നുതരിപ്പണമായി കിടക്കുകയാണ്. നേരിയ ലാഭത്തിൽ പ്രവർത്തിക്കുന്ന മേഖലയായിരുന്നു. ഫ്ളൂയ്ഡ് കൺട്രോൾ കമ്പനി അടച്ചുപൂട്ടി. കേരളത്തിലെ ഏറ്റവും വലിയ വ്യവസായ പൊതുമേഖലസ്ഥാപനമാണ് എം.സി.എൽ. (മലബാർ സിമെന്റ്സ് ലിമിറ്റഡ്). എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ച് കൊല്ലം ഭരിക്കുന്ന സമയത്തും എം.സി.എൽ. നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ മൂന്ന് വർഷത്തെ ഭരണത്തിന്റെ ഫലമായി എം.സി.എൽ. നഷ്ടത്തിലായി. സിമന്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ മാറ്റിയിട്ടതിന്റെ ഭാഗമായി അവയെല്ലാം കട്ടപിടിച്ച് വിൽപ്പന നടത്താൻ പറ്റാത്തതിന്റെ ഫലമായി രണ്ടര കോടി രൂപയുടെ നഷ്ടം സംഭവിച്ചു. ഇവിടെയുണ്ടായിരുന്ന സിമെന്റ് അവിടെ കൊണ്ടുപോയി ഇടേണ്ട വല്ല ആവശ്യമുണ്ടോ? എങ്ങനെ യാണ് ആ കമ്പനി നന്നാകുന്നത്? കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം ആ കമ്പനി സ്ഥിതി ചെയ്യുന്ന വാളയാർ വില്ലേജ് ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ ആണ്. ഇക്കോളജിക്കലി സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന മല മ്പുഴ വില്ലേജിലും പുതുശ്ശേരി വില്ലേജിലും ഉൾപ്പെട്ടിട്ടുള്ള ഈ ഭൂമിയെ ഇതിൽനിന്നും രക്ഷിക്കാൻ ആരെങ്കിലുമുണ്ടോ? മലബാർ സിമെന്റ്സ് പ്രവർത്തിക്കുന്ന ആ കമ്പനിയുടെ തൊട്ടുകിഴക്കുഭാഗം തമിഴ്നാടിന്റെ

വാവിട്ടാമ്പതി വില്ലേജാണ്. ആ വില്ലേജിനെ ഇക്കോളജിക്കലി സെൻസിറ്റീവ് സോണിൽ നിന്ന് ജയലളിത ഒഴിവാക്കി. ഇപ്പുറത്ത് കേരളത്തിന്റേത് ഒഴിവാക്കാൻ നാഥനില്ലേ? ഇങ്ങനെ പോയാൽ മലബാർ സിമെന്റ്സിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകും. വലിയ ഗുരുതരമായ സ്ഥിതിയിലേയ്ക്കാണ് മലബാർ സിമെന്റ്സ് പോകുന്നത്. 860 കോടി രൂപ വർഷത്തിൽ ലാഭമുണ്ടാക്കുന്ന സ്ഥാപനമാണ് ഐ.ടി.ഐ. അവിടെയുള്ള തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാത്തതിന്റെ പേരിൽ ഇപ്പോൾ അവർ സമരത്തിലാണ്. കമ്പനി ഇവിടത്തെ ലാഭം മുഴുവൻ രാജസ്ഥാനിലെ കോട്ടയിലേയ്ക്ക് കൊണ്ടുപോവുകയാണ്. 658 കോടി രൂപ ഇവിടെ ടാക്സ് കൊടുക്കുന്ന സ്ഥാപനമാണിത്. തമിഴ്നാട്ടിലെ നെയ്‌വേലി ലിഗ്നൈറ്റ് കമ്പനിയുടെ ഷെയർ വിൽക്കാൻ പോയപ്പോൾ തമിഴ്നാട് മുഖ്യമന്ത്രി ജയലളിത ഇടപെട്ടുകൊണ്ട് ഇവിടെ ഷെയർ വിൽക്കാൻ പാടില്ലെന്ന് പറഞ്ഞു. ഐ.ടി.ഐ.യുടെ ഷെയർ വിൽക്കാൻ പോവുകയാണ്. ഐ.ടി.ഐ.യുടെ ലാഭം മുഴുവൻ അങ്ങോട്ട് കൊണ്ടുപോകാൻ പോകുന്നു. കേരളത്തിൽ ഗവൺമെന്റും വ്യവസായ വകുപ്പും ഈ സമയത്ത് ഉണർന്നു പ്രവർത്തിക്കേണ്ടതല്ലേ; അതിപ്പോൾ ഇല്ലാതായി. ബഹുമാന്യനായ ശ്രീ. എ.കെ. ആന്റണി കൊണ്ടുവന്ന വ്യവസായ സ്ഥാപനമായ ബി.എം.എൽ.-ന് ആവശ്യമായ മണ്ണും വെള്ളവും വൈദ്യുതിയുമെല്ലാം കേരളത്തിൽ നിന്നാണ് കൊടുക്കുന്നത്. എന്നാൽ ജീവനക്കാരനായി ഒരു മലയാളിയെപോലും പാലക്കാട് ജില്ലയിൽ നിന്നോ മറ്റ് ജില്ലകളിൽ നിന്നോ നിയമിച്ചിട്ടില്ല. എല്ലാ ജീവനക്കാരും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഞാൻ ഇവിടെ പ്രാദേശിക വാദം പറയുന്നതല്ല. പക്ഷേ, ഈ ഒരു രീതിയിൽ ഇടപെടാൻ, സംസാരിക്കാൻ, കേരളത്തിലെ ആളുകൾക്കുകൂടി അവിടെ

തൊഴിൽ കൊടുക്കണമെന്ന് ആവശ്യപ്പെടാൻ നമുടെ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഒരു ശ്രമവും നടത്തിയില്ലെന്ന് ഞാൻ ഖേദത്തോടു കൂടി പറയുകയാണ്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ കുറച്ച് ആളു കൾക്കെങ്കിലും ജോലി ലഭിക്കുമായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സുവർണ്ണ കാലഘട്ടത്തിലേയ്ക്ക് നമ്മുടെ വ്യവസായ മേഖലയെ കൊണ്ടുപോകുന്നതിനുവേണ്ടി ഈ നയം മാറ്റണമെന്നാണ് ഞങ്ങൾ സൂചിപ്പിക്കുന്നത്. ഈ എൽ.പി.ജി. നയങ്ങളോടുള്ള സമീപനം കേരള ഗവൺമെന്റ് മാറ്റിയാലേ വ്യവസായ മേഖല രക്ഷപ്പെടാൻ സാധിക്കൂ. അതിനുള്ള രീതിയിലേയ്ക്ക് വരണമെന്ന് പറയുന്നു. അതോടൊപ്പം സഹക രണ മേഖലയിലേയ്ക്ക് പോകുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിലിന്നും പൊതുമേഖലയാണ് ഏറ്റവും വലിയ തൊഴിൽ ദാതാവ്. വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇന്ത്യ യിൽപ്പോലും പ്രത്യേകിച്ച് കേരളത്തിൽ വലിയ സാഹചര്യമുണ്ടോയെന്ന് പശോധിക്കേണ്ട സമയമാണ്. കെമിക്കൽ വ്യവസായത്തെക്കുറിച്ച് നമുക്ക് ആലോചിക്കാൻ കഴിയില്ല. പരിസ്ഥിതി ആഘാതത്തിന്റെ പേരിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കൽക്കരി വേസ്റ്റ് വ്യവസായംപോലും തുടങ്ങാൻ കഴി യാത്ത സാഹചര്യമുള്ള കേരളത്തിൽ വ്യവസായങ്ങളെക്കുറിച്ചുള്ള പുതിയ ചിന്ത നമ്മളിലുണ്ടാകണമെന്നാണ് ആമുഖമായി എനിക്ക് പറയാനുള്ളത്. നിലനിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ റീ-സ്ട്രക്ച്ചറിംഗിലൂടെ ലാഭ കരമായി മുന്നോട്ടുകൊണ്ടുപോകാനും അതുവഴി കൂടുതൽ തൊഴിൽ സാദ്ധ്യ

തയുണ്ടാക്കാനും കഴിയണം. അതിനുള്ള നടപടികൾ വ്യവസായ വകുപ്പ് എടുക്കുന്നുണ്ടെന്നുള്ളത് സന്തോഷകരമാണ്. പ്രത്യേകിച്ച് ഒരു ഡ്രൈവ് സ്വന്തമായുള്ള ആളാണ് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി. അദ്ദേഹം മൂന്നാം തവണയാണ് ഇപ്പോൾ വ്യവസായ വകുപ്പുമന്ത്രിയാകുന്നത്. അദ്ദേഹത്തിന്റേതായ പ്രത്യേക താൽപ്പര്യങ്ങൾകൊണ്ട് വ്യവസായം എങ്ങോട്ട് പോകണമെന്നുള്ള ദിശാബോധമുണ്ട്. ഇന്ന് പുതിയ രീതിയിലേയ്ക്ക് നമ്മുടെ പല വ്യവസായങ്ങളേയും കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പർച്ചേയ്സെല്ലാം ഇ-പ്രൊക്യുർമെന്റിലൂടെ ആകണമെന്ന പുതിയ നയം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രൊക്യുർമെന്റിൽ ഒരു സുതാര്യതയുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ ഇ-പേയ്മെന്റ് സിസ്റ്റവും സമയാസമയങ്ങളിൽ ആഡിറ്റ് പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള ഇ.ആർ.പി. സിസ്റ്റം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കഴിഞ്ഞു. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നീ മേഖലകളിൽ കേരളത്തിലെ വൻകിട പൊതുമേഖലാ സ്ഥാപനങ്ങളുടേതായ പങ്കുണ്ടാക്കുന്നതിനും അദ്ദേഹത്തിന്റെ നയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ ഓർക്കുകയാണ്. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനിൽ വാല്യൂ അഡീഷനിലേയ്ക്ക് പോകാനുള്ള നീക്കമാരംഭിച്ചിട്ടുണ്ട്. ചോക്ലേറ്റ് കോട്ടഡ് കാഷ്യൂ അതിനൊരുദാഹരണമാണ്. നിലനിൽക്കുന്ന വ്യവസായങ്ങളെ മോഡേണൈസ് ചെയ്യുകയും ആ ഉൽപ്പന്നങ്ങൾക്ക് പുതിയ മാർക്കറ്റുണ്ടാക്കാൻ കഴിയുന്ന സംവിധാനം നമുക്കുണ്ടാക്കണം. വൻകിട വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് വരാൻ വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്, പ്രത്യേകിച്ച്

ഭൂമിയുടെ കാര്യത്തിൽ. 2005-ൽ ഇറ്റലിയിൽ നിന്നും ഫാഷൻ ടെക്നോളജി ക്കുവേണ്ടി ഒരു കമ്പനി കേരളത്തിലേയ്ക്ക് വന്നു. ഭൂമിയുടെ വില കേട്ട പ്പോൾ ഇവിടത്തേക്കാൾ ചീപ്പ് വില യൂറോപ്പിലാണെന്ന് അവർ പറഞ്ഞു. ഭൂമിക്ക് യൂറോപ്പിലേക്കാൾ കൂടുതൽ വിലയാണ് കേരളത്തിൽ. സ്വാഭാവിക മായും ഭൂമി സൗജന്യമായി കൊടുക്കാൻ ആരും സമ്മതിക്കുകയില്ല. അതു കൊണ്ട് ഭൂമിയും വൈദ്യുതിയും കുടിവെള്ളവും കൊടുക്കാൻ കഴിയാത്ത സാഹചര്യമുള്ളപ്പോൾ നമുക്ക് വൻകിട വ്യവസായങ്ങളെക്കുറിച്ച് എങ്ങനെ യാണ് വലിയ സ്വപ്നമുണ്ടാക്കാൻ കഴിയുക. ഏറ്റവും കൂടുതൽ സാദ്ധ്യത യുള്ള മേഖലയാണ് കരിമണൽ മേഖല. 2005-ലെ ജസ്റ്റിസ് ജോൺ മാത്യു കമ്മിറ്റി റിപ്പോർട്ടുണ്ട്. We are sitting on a gold mine എന്നാണ് അദ്ദേഹം പറ ഞ്ഞിരിക്കുന്നത്. ഒരു സ്വർണ്ണ ഖനിയുടെ മുകളിൽ താമസിച്ചാലും നമ്മൾ ഒന്നും ചെയ്യുന്നില്ല. ഈ കരിമണൽ അനന്തസാദ്ധ്യതയുള്ള ഒന്നാണ്. വിവാദ ങ്ങളുടെ പേരിൽ അത് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ല. ഇന്ന് ആരെങ്കിലുമൊക്കെ മണൽ വാരിക്കൊണ്ട് പോകുന്നു. അതുകൊണ്ട് അങ്ങ നെയുള്ള സാദ്ധ്യതകൾ വിവാദങ്ങൾക്കപ്പുറത്ത് സംസ്ഥാനത്തിന്റെ സ്വത്താക്കി മാറ്റാൻ കഴിയുമോയെന്ന് ആലോചിക്കേണ്ടതാണ്. ഈ കരിമ ണൽ എപ്പോഴും അവിടെ ഉണ്ടാവണമെന്നില്ല. ജിയോളജിക്കൽ പഠനമനുസ രിച്ച് അത് പതുക്കെ തെക്കോട്ട് നീങ്ങുകയാണ്. നാളെ അത് ശ്രീലങ്കൻ തീര ത്തേയ്ക്ക് പോയാൽപ്പോലും അത്ഭുതപ്പെടേണ്ട. അപ്പോൾ അത് വാരിയെടു ക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഞാൻ പറയുന്നത്. അതിനൊരു കൺസെൻസസ് ഉണ്ടാകണം. എല്ലാഭാഗത്തുനിന്നും സഹകരണമുണ്ടാകണ മെന്നാണ് എന്റെ അഭ്യർത്ഥന. Micro Small and Medium Enterprises (MSME)

മേഖലയിൽ വളരെയേറെ മുന്നോട്ടുപോകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ എം.എസ്.എം.ഇ.യുടെ പ്രധാനപ്പെട്ട സെന്ററായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. ഗുണമേന്മയുള്ള സാങ്കേതികവിദ്യയുപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കാനും കയറ്റുമതി വർദ്ധിപ്പിക്കാനും ഈ മേഖലക്ക് കഴിഞ്ഞിരിക്കുന്നു. എസ്.സി./എസ്.ടി., വുമൻ, യൂത്ത്, ഫിസിക്കലി ചല ഞ്ചഡ് വിഭാഗങ്ങൾക്ക് എം.എസ്.എം.ഇ. വഴി നിരവധി സ്കീമുകൾ സർക്കാർ ഉണ്ടാക്കിയിട്ടുണ്ട്. മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് വഴി ആറായിരത്തിലധികം പരമ്പരാഗത ഉൽപ്പന്നങ്ങൾ മുതൽ ഹൈടെക്ക് ഉൽപ്പന്നങ്ങൾ വരെയുണ്ടാക്കാൻ നമുക്ക് കഴിയുന്നുണ്ട്. തൊഴിലിന്റെ കാര്യത്തിലും സ്ഥാപനങ്ങളുടെ എണ്ണത്തിലും ഈ മേഖല യിൽ വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. ഈ മേഖലയ്ക്ക് ഫണ്ടിന്റെ കുറവും സാങ്കേതിക മികവുൾക്കൊള്ളാനും ആ റിസ്ക് ഏറ്റെടുക്കാനുമുള്ള ധൈര്യം പല എന്റ്രപ്രണേഴ്സിനുമില്ല. അതുകൂടിയുണ്ടാക്കിയെടുക്കാനുള്ള ബോധ പൂർവ്വമായ ശ്രമം നമുക്ക് നടത്തേണ്ടിയിരിക്കുന്നു. ഹാന്റി ക്രാഫ്റ്റ്സ്, ഹാൻഡ്ലൂം, ഖാദി, ഫുഡ് പ്രോസസിംഗ്, ഗാർമെന്റ്സ് ഇൻഡസ്ട്രീസ്, ടെക്സ്റ്റൈൽസ്, കയർ, തടി, ബാംബൂ, പ്ലാസ്റ്റിക്, റബ്ബർ, ലെതർ, ക്ലേ എന്നീ വ്യവസായങ്ങൾ ഈ ഗണത്തിൽപ്പെടുന്നവയാണ്. കേരളത്തിന്റെ വ്യവ സായ ഹബ്ബാണ് എറണാകുളം (കളമശ്ശേരി–ഏലൂർ–ആലുവ) മേഖല. വൻകിട വ്യവസായങ്ങൾ പലതും പ്രതിസന്ധിയിലാണ്. എഫ്.എ.സി.റ്റി.യെ ക്കുറിച്ച് കേന്ദ്രത്തിനുമുമ്പാകെയുള്ള പാക്കേജ് എത്രയും പെട്ടെന്ന് നടപ്പാ കട്ടെയെന്ന് നാം ആഗ്രഹിക്കുകയാണ്. കേന്ദ്രത്തിനെക്കൊണ്ട് ഈ പാക്കേജ് അടിയന്തരമായി അംഗീകരിപ്പിക്കാനുള്ള ശ്രമം തീർച്ചയായും വ്യവസായ വകുപ്പ് നടത്തുന്നുണ്ട്. അത് ഒന്നുകൂടി ത്വരിതപ്പെടുത്തണമെന്ന് ഞാൻ ആവ

ശ്യപ്പെടുകയാണ്. നമ്മുടെ സർക്കാരിന്റെ നവരത്ന വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ടി.ടി.സി. വ്യവസായവും പ്രതിസന്ധി നേരിടുകയാണ്. വൻകിട വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ ഫലപ്രദമായി നേരിടാനും അവയ്ക്ക് ഒരു പുതിയ ദിശാബോധം കൊടുക്കാനും ആധുനിക ടെക്നോളജിയുപയോഗിച്ച് ഇതുപോലുള്ള വ്യവസായങ്ങളെ എങ്ങനെ റീ–സ്ട്രക്ച്ചർ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചുമുള്ള ചിന്ത വ്യവസായ വകുപ്പുമന്ത്രിയുടെ പക്കലുണ്ട്. അത് അദ്ദേഹം നടപ്പാക്കിക്കൊണ്ടിരിക്കുന്നു എന്നതിൽ നമുക്ക് സന്തോഷിക്കാം. ടെക്സ്റ്റൈൽസ് ഇൻഡസ്ട്രി ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ആ വ്യവസായത്തെ എങ്ങനെ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ധാരാളം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന മേഖലയാണത്. എറണാകുളം– ആലുവ മേഖലയിൽ നൂറുകണക്കിന് ഏക്കർ ഭൂമിയാണ് ഈ മില്ലുകളുടെ കൈവശമുള്ളത്. ഈ കമ്പനികളൊക്കെ ബി.ഐ.എഫ്.ആർ. (Board for Industrial and Financial Reconstruction) –ന്റെ മുമ്പാകെ പോകുമ്പോൾ അത് ഏറ്റെടുക്കാൻ വരുന്നവർക്ക് അവിടെ കമ്പനി തുടങ്ങുകയല്ല; ആ ഭൂമിയാണ് അവരുടെ ലക്ഷ്യം. ഒരിക്കലും അതിന് നാം കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമുക്ക് പ്രതീക്ഷ നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് ഐ.ടി. മേഖല. ആയിരക്കണക്കിന് യുവതീയുവാക്കൾ സാങ്കേതികവിദ്യയുമായി ഓരോ വർഷവും പുറത്തുവരുന്നു. അവരെ മുഴുവൻ ഉൾക്കൊള്ളാൻ നമ്മുടെ ഐ.ടി. വ്യവസായ മേഖല ഇനിയും വളരേണ്ടിയിരിക്കുന്നു. സ്മാർട്ട്സിറ്റിയെന്ന വലിയ സ്വപ്നം – അടുത്ത വർഷം അവിടെ അവരുടെ കെട്ടിടങ്ങളുടെ പണി

പൂർത്തിയായി തൊഴിൽ ലഭ്യമാകുന്ന സാഹചര്യമുണ്ടാകുമെന്ന് ഉറപ്പുവരുത്താൻ വ്യവസായ വകുപ്പ് ശ്രമിക്കുന്നുണ്ടെന്ന് എനിക്കറിയാം. സ്റ്റാർട്ട്-അപ് വില്ലേജ് എന്ന പുതിയ ആശയവും ഇന്ന് വലിയ തോതിൽ അംഗീകാരം നേടി വരികയാണ്. 2020-ഓടുകൂടി ഐ.സി.റ്റി. (Information and Communication Technologies) മേഖലയിൽ അഞ്ച് ലക്ഷം പേർക്ക് നേരിട്ട് ജോലി നേടിയെടുക്കാൻ കഴിയണമെന്നാണ് ഐ.ടി. പോളിസിയിൽ പറയുന്നത്. അതുപോലെ 2020-ഓടുകൂടി 3000 ടെക്നോളജി സ്റ്റാർട്ട്-അപ് സംസ്ഥാനത്ത് ഉയർന്നുവരണമെന്നാണ് സർക്കാരിന്റെ ലക്ഷ്യം. തീർച്ചയായും ഇതിനുവേണ്ടിയുള്ള നടപടികൾ ഇന്ന് വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, യുവസംരംഭകർക്കുവേണ്ടിയുള്ള പദ്ധതിയായ സ്റ്റാർട്ട് അപ് വില്ലേജുമായി ബന്ധപ്പെട്ട് സിലിക്കൺ വാലിയിൽ ലാൻഡിംഗ് പാഡ് വാങ്ങുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും, വ്യവസായ വകുപ്പുമന്ത്രിയും ചർച്ചകൾ നടത്തിയിരുന്നു. ചെറുപ്പക്കാർ വളരെ പ്രതിക്ഷയോടുകൂടിയാണ് അതിനെ നോക്കി കാണുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, തീർച്ചയായിട്ടും ഞാൻ അതിലേയ്ക്കാണ് വരുന്നത്. സ്റ്റാർട്ട് അപ് വില്ലേജ് ഇൻഡ്യയ്ക്കൊരു മാതൃകയാണ്. നമ്മുടെ ഐ.റ്റി. വ്യവസായത്തിൽ എക്സ്പോർട്ട് വളരെ കൂടിയിട്ടുണ്ട്. കഴിഞ്ഞവർഷം ഒരു ബില്ല്യൺ ഡോളറിന്റെ എക്സ്പോർട്ടാണ് ഉണ്ടായിരുന്നതെങ്കിൽ വരുംകാലങ്ങളിൽ അത് രണ്ട് ബില്ല്യൺ ഡോളറായി വർദ്ധിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അങ്ങനെയുള്ള അച്ചീവ്മെന്റിന്

സ്റ്റാർട്ട് അപ് വില്ലേജ് ഒരു വലിയ സാഹചര്യമുണ്ടാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ, ഇ-ഗവേണൻസിൽ വളരെയേറെ മുന്നോട്ടുപോയിട്ടുള്ള സംസ്ഥാനമാണ് കേരളം. ഡിജിറ്റലൈസേഷൻ മുഖേന സമ്പൂർണ്ണ ഇ-റെഡിനെസ്സ് സ്റ്റേറ്റാക്കി കേരളത്തെ മാറ്റുകയെന്നുള്ള താണ് ഐ.റ്റി. വകുപ്പിന്റെ ലക്ഷ്യം. വേൾഡ് ഇക്കണോമിക് ഫോറം നടത്തിയ സർവ്വേ പ്രകാരം വിവരവിനിമയ സാങ്കേതിക വിദ്യയുടെ വികസനത്തിൽ കേരളത്തിന്റെ സ്ഥാനം ഡെൻമാർക്ക്, ഫിൻലാൻഡ്, നോർവെ, സ്വീഡൻ എന്നീ നോർഡിക് രാജ്യങ്ങൾക്ക് തുല്യമാണ്. എല്ലാ രംഗത്തും ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ചു കൊണ്ട് അതിന്റെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഇവിടെ നടപ്പാക്കുന്നുണ്ട്. നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ സെക്രട്ടേറിയറ്റിലെ 16 വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ആദ്യഘട്ടത്തിൽ നടപ്പിലാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടു ണ്ട്. ഇ-ഗവേണൻസ് രംഗത്തും അക്ഷയ രംഗത്തും(കുടുംബത്തിലെ ഒരാളെ യെങ്കിലും കമ്പ്യൂട്ടർ സാക്ഷരതയുള്ളതാക്കി മാറ്റുന്നതിനുള്ള പദ്ധതി) ഐ. റ്റി. വകുപ്പ് വിജയിച്ചിട്ടുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയ്ക്ക് പുറമേ സ്വകാര്യമേഖലയുടെ സഹകരണം ഉറപ്പാക്കി ഹൈടെക് ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. വ്യവസായ രംഗത്തെക്കുറിച്ച് പറയുമ്പോൾ, ഇത്രയേറെ സാങ്കേതിക വിദ്യാലയങ്ങൾ കേരളത്തിലുള്ളതിനാൽ ഓരോ വർഷവും ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് ഐ.റ്റി. വിദ്യാഭ്യാസം കഴിഞ്ഞ്

പുറത്തേയ്ക്കു വരുന്നത്. അവരെ ഉൾക്കൊള്ളാനും പഠിക്കുമ്പോൾത്തന്നെ അവരെക്കൊണ്ട് വ്യവസായരംഗത്ത്, എന്റർപ്രിണർഷിപ്പിൽ താല്പര്യം എടുപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പുതിയ വ്യവസായ നയം ഈ സർക്കാരുണ്ടാക്കിയിരിക്കുന്നുവെന്നത് തീർച്ചയായും നമുക്ക് അഭിമാനിക്കാവുന്നതാണ്. കൊച്ചിയിലെ ഇൻഫോപാർക്കിൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ്, ബ്രിഗേഡ് ഗ്രൂപ്പ്, ലുലു ഗ്രൂപ്പ് എന്നിവരുടെ പുതിയ ഐ.റ്റി. സ്ഥാപനങ്ങൾ, റ്റി.സി.എസ്. ന്റെ ആഗോള ട്രെയിനിംഗ് സെന്റർ എന്നിവ അടുത്തവർഷത്തോടുകൂടി വരുമെന്ന് പ്രതീക്ഷിക്കുന്നു. ഐ.റ്റി. രംഗത്ത് ലോകത്തെ ഏറ്റവും മികച്ച എല്ലാവരെയും ഇവിടെ കൊണ്ടുവരുന്നതിന് ഒരു ഫെസിലിറ്റേറ്ററായി ഗവൺമെന്റ് മാറുക എന്നുള്ള താണ് ഇനിയുള്ള കാലത്ത് വ്യവസായവകുപ്പ് ചെയ്യേണ്ടത്. നമുക്ക് വ്യവസായവകുപ്പിൽ വലിയ മുതൽമുടക്കിനുള്ള സാധ്യത കുറവാണ്. അതുകൊണ്ടുതന്നെ മാറിക്കൊണ്ടിരിക്കുന്ന ലോക സാമ്പത്തികഘടനയ്ക്ക നുസരിച്ച് മാറുവാനും ആ മാറ്റങ്ങളുടെ ഗുണഫലം ഉൾക്കൊള്ളുവാനും തയ്യാറാകണം. നമ്മുടെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ, പ്രത്യേകിച്ച് ടെക്നിക്കൽ നോ-ഹൗ ഉള്ള ചെറുപ്പക്കാരെക്കൂടി ഉപയോഗിച്ചുകൊണ്ട് ആ മാറ്റങ്ങൾക്കനുസരിച്ച് മുന്നോട്ടുപോകാൻ കഴിയണം. അതിനുള്ള സംരംഭ ങ്ങൾ വ്യവസായവകുപ്പു നടത്തുന്നതിൽ സന്തോഷമുണ്ട്. കയർ വകുപ്പിന് അനന്തസാധ്യതയുണ്ട്. ഇന്ന് പ്ലാസ്റ്റിക്കിന് പകരമായി വരാവുന്ന ഒരു വസ്തു വായി കയർ മാറിയിരിക്കുന്നു. പക്ഷെ, അവിടെയും ഒരു ടെക്നോളജി അപ്ഗ്രഡേഷൻ ആവശ്യമുണ്ട്. കയർ ബോർഡിന്റെ സഹായത്തോടുകൂടി നമ്മുടെ ഗ്രാമീണമേഖലയിൽ വളരെയധികംപേർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന ഒന്നായി കയർ മേഖലയെ മാറ്റിയെടുക്കണം, അതിനുവേണ്ടി

യുള്ള നടപടികളുമായി ആ വകുപ്പ് മുന്നോട്ട് പോകണം എന്ന ഒരപേക്ഷ എനിക്കുണ്ട്. കയർ മേഖലയിൽ സംസ്ഥാന ഗവൺമെന്റും വകുപ്പു മന്ത്രിയും വളരെയേറെ താല്പര്യമെടുക്കുന്നുണ്ട്. കയർ ഉപയോഗം നമ്മുടെ ശീലമാക്കി മാറ്റാനുള്ള പദ്ധതി വിജയിക്കുമെന്നാണ് എന്റെ പ്രതീക്ഷ. സഹകരണവകുപ്പ് നടപ്പിലാക്കിയ ആശ്വാസ് പദ്ധതി മൂന്നു വർഷം കൊണ്ട് 6082.19 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കു കയും 235.15 കോടി രൂപയുടെ ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സഹകരണ മേഖല ഇന്ന് നമ്മുടെ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഭാഗമായി മാറിയിരിക്കുകയാണ്. സഹകരണ ബാങ്കുകളെയും സഹകരണ വകുപ്പിനെയും ശക്തിപ്പെടുത്തിക്കൊണ്ട്, ഈ മൂന്നു വകുപ്പുകളുടെയും പ്രവർത്തനങ്ങളിലൂടെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് ജന ങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിക്കാൻ കഴിയുന്നു എന്നുള്ളതിൽ സന്തോഷം രേഖപ്പെടുത്തിക്കൊണ്ട്, ഈ മൂന്ന് മന്ത്രിമാരും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ആകാശം മുട്ടുന്ന പുകക്കുഴലുകളും, കണ്ണെത്താത്ത വിസ്തൃതിയുള്ള ഫാക്ടറിയും, നാശോന്മുഖമായ പരിസ്ഥിതി യുമുള്ള വ്യവസായത്തിന്റെ മുഖമുദ്ര ഇന്ന് മാറുകയാണ്. കുറഞ്ഞ സ്ഥലത്ത് മുതൽ മുടക്കി, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന, പാരിസ്ഥിതിക ആഘാതമില്ലാത്ത വ്യവസായങ്ങളാണ് കേരളത്തിൽ ഇനി വേണ്ടത്. അഭ്യസ്തവിദ്യരെ ഭൗതികമായി വിനിയോഗിച്ചുകൊണ്ട് വരുംതലമുറയ്ക്ക്

നാശമില്ലാതെ, ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമമാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര ആസൂത്രണവകുപ്പിന്റെ രാജ്യാന്തര കൺസൾട്ടിംഗ് ഏജൻസിയായ 'ഡെലോയിറ്റിയെ'(Deloittee) ഉപയോഗപ്പെടുത്തി 28 സംസ്ഥാനങ്ങളിൽ നടത്തിയ പഠനത്തിൽ വ്യാവസായിക അന്തരീക്ഷത്തിൽ കേരളം 5–ാം സ്ഥാനത്താണ് നിൽക്കുന്നത്. സ്മാർട്ട് സിറ്റിയുടെ തുടക്കം രാഷ്ട്രീയവാഗ്വാദങ്ങളുടെ അതിപ്രസരംമൂലം മോശമാക്കിയില്ലായിരുന്നുവെങ്കിൽ ഒരുപക്ഷെ ഐ.റ്റി.യിലും നമുക്ക് മുൻനിരയിൽ എത്താൻ കഴിയുമായിരുന്നു. ഐ.റ്റി. മേഖലയിൽ കയറ്റുമതിരംഗത്ത് ഒരു ബില്ല്യൺ ഡോളർ എന്ന മാന്ത്രിക അക്കം നമ്മൾ നേടിക്കഴിഞ്ഞുവെന്നത് നേരത്തെ ഇവിടെ സൂചിപ്പിച്ചു, അതൊരു വലിയ നേട്ടമാണ്. സ്മാർട്ട് സിറ്റിയുടെ 246–ഏക്കറിൽ 232 ഏക്കറിനും ഇപ്പോൾ സ്പെഷ്യൽ ഇക്കണോമിക്സ് സോൺ പദവി ലഭിച്ചുകഴിഞ്ഞു. ആറരലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മാണം പുരോഗമിക്കുകയാണ്. 30 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാൻ ബിസിനസ്സ് പങ്കാളികളായിക്കഴിഞ്ഞു. 2015 മാർച്ച് ആദ്യവാരത്തോടുകൂടി കെട്ടിടം ഉദ്ഘാടനം ചെയ്യാൻ കഴിയുന്നവിധത്തിലായിക്കഴിഞ്ഞു. ഏകദേശം നാൽപ്പതിനായിരത്തോളം തൊഴിലവസരങ്ങളാണ് ഇതുവഴിയുണ്ടാകുന്നത്. അതുപോലെതന്നെയാണ് തിരുവനന്തപുരം ടെക്നോപാർക്കും; 285 കമ്പനികളാണ് ഇന്ന് ടെക്നോപാർക്കിലുള്ളത്. അവിടെ 45,000 പേർക്ക് തൊഴിൽ നൽകിയതുകൂടാതെ 15,000 പേർക്കുള്ള തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കപ്പെടാൻ പോകുകയാണ്. കൊച്ചി ഇൻഫോപാർക്കിൽ 30,000 തൊഴിലവസരങ്ങൾ വേറെയുമുണ്ടാകും.

ഇൻഫോസിസും, യു.എസ്.റ്റി. ഗ്ലോബലും 1200 കോടിയുടെ നിക്ഷേപവും പൂർത്തീകരിക്കുമ്പോൾ 20,000 തൊഴിലവസരങ്ങൾ വേറെയും സൃഷ്ടി ക്കപ്പെടുകയാണ്. കോഴിക്കോട് സൈബർ പാർക്കും പ്രവർത്തനക്ഷമമാ കുകയാണ്. ഏഷ്യയിലെ ഏറ്റവും വലിയ ട്രെയിനിംഗ് സെന്റർ ടെക്നോപാർക്കിലാണുള്ളത്. അധികം താമസിയാതെതന്നെ ഏഷ്യയുടെ സിലിക്കൺവാലിയായി കേരളത്തിന് മാറാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നിത്യജീവിതത്തിൽ ഐ.റ്റി.യുടെ സ്വാധീനം തിരിച്ചറിഞ്ഞ് ഐ.റ്റി. വിദഗ്ദ്ധരോടൊപ്പം ഗുണഭോക്താക്കളെയും ബോധവൽക്കരിച്ച സ്റ്റേറ്റാണ് കേരളം. ലോകത്തിന് മാതൃകയായി ഐ.റ്റി. സാക്ഷരതയ്ക്ക് തുടക്കം കുറിയ്ക്കുകയും അതിന് 'ഗോൾഡൻ നിക്ക' അവാർഡ് നേടുകയും ചെയ്തു. വേൾഡ് ഇക്കണോമിക് ഫോറം ഇ-ഗവേണൻസിൽ നോർഡിക് രാജ്യങ്ങളോടൊപ്പമാണ് കേരളത്തെ കാണുന്നത്. ഇ-ഗവേണൻസിൽ ഡെൻമാർക്ക്, ഫിൻലാൻഡ്, നോർവെ, സ്വീഡൻ, ഐസ്ലാൻഡ് എന്നീ രാജ്യങ്ങളോടൊപ്പമാണ് ഇന്ന് കേരളം നിൽക്കുന്നത്. രാജ്യത്തെ ദേശീയ മാധ്യമങ്ങൾ ഇൻഡ്യയിലെ ഫോർമോസ്റ്റ് ഇ-റെഡിനെസ്സ് സ്റ്റേറ്റായി കേരള ത്തെയാണ് തെരഞ്ഞെടുത്തത്. രാജ്യത്താകമാനം കേവലം 50 ജില്ലകളിൽ മാത്രമാണ് ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ കേരളത്തിൽ മുഴുവൻ ജില്ലകളിലും അത് നടപ്പാക്കിക്കഴിഞ്ഞു. 2002-ൽ തുടക്കമിട്ട അക്ഷയകേന്ദ്രങ്ങൾ ഇന്ന് അക്ഷരാർത്ഥത്തിൽ മൾട്ടി പർപ്പസ് കമ്മ്യൂണിറ്റി സെന്ററുകളായി ഉയർന്നുകഴിഞ്ഞു. 2,300 കേന്ദ്രങ്ങളിലൂടെ 32 ലക്ഷം സേവ നങ്ങളാണ് ഒരു മാസം നടത്തിക്കൊണ്ടിരിക്കുന്നത്. മൈക്രോ എ.റ്റി.എം., ഇ-ബാങ്കിംഗ് എന്നിവ വഴി 400 കോടി രൂപയുടെ ഇടപാടുകളാണ് അക്ഷയ

കേന്ദ്രങ്ങൾ വഴി നടക്കുന്നത്. 2020–ൽ, ഐ.റ്റി. മേഖലയിൽ 300 ബില്ല്യൺ ഡോളറിന്റെ വളർച്ച രാജ്യം പ്രതീക്ഷിക്കുകയാണ്. ഈ കുതിപ്പിൽ കേരളത്തിനും മുൻനിരയിലെത്താൻ സാധിക്കണം. ഇവിടെ സൂചിപ്പിച്ചതുപോലെ, പ്രതീക്ഷകളുടെ നാമ്പുമുളയ്ക്കുന്ന കൗമാരക്കാർക്ക് സംരംഭകത്വത്തിന്റെ മധുരം പകർന്നുനല്കാൻ 2012–ൽ തുടക്കം കുറിച്ച സ്റ്റാർട്ട് അപ് വില്ലേജിലൂടെ കഴിഞ്ഞിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് 4% ഗ്രേസ് മാർക്കും 20% ഹാജരും നല്കി ലോകത്തിന് മാതൃകയായ ഒരു പദ്ധതിയായി ഇത് മാറിക്കഴിഞ്ഞു. നൂതനാശയങ്ങളുമായി കടന്നുവരുന്ന ഒരു വിദ്യാർത്ഥി ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിനെ സമീപിച്ചാൽ, നിക്ഷേപകരെ കണ്ടെത്താനും, എയ്ഞ്ചൽ ഫണ്ടിംഗ്, സീഡ് ഫണ്ടിംഗ്, വിർച്വൽ ക്യാപിറ്റൽ എന്നിവ അവർക്ക് തരപ്പെടുത്തിക്കൊടുക്കുവാനും ഒരു ഏജൻസി പ്രവർത്തിക്കുന്നുവെന്നത് ഒരു ചെറിയ കാര്യമായി കാണാൻ കഴിയില്ല. ഈ അടുത്ത കാലത്ത് ലാസ് വേഗസിൽ നടന്ന കൺസ്യൂമർ ഇലക്ട്രോണിക് ഷോയിലേക്ക് ക്ഷണം കിട്ടിയത് സ്റ്റാർട്ട് അപ് വില്ലേജിലെ ആർ.എച്ച്.എൽ. വിഷൻ ടെക്നോളജീസ് എന്ന കമ്പനിക്കാണ്. ഇതൊരു ചെറിയ നേട്ടമായി കാണാൻ കഴിയില്ല. 2012–ൽ എഞ്ചിനീയറിംഗ് കഴിഞ്ഞ രോഹിൽ ദേവ് എന്നൊരു ചെറുപ്പക്കാരൻ അതിന്റെ സി.ഇ.ഒ. എന്നുള്ള നിലയിൽ ആ കൺവെഷനിൽ പങ്കെടുത്തു. ജി.എസ്.എം.എ. മൊബൈൽ വേൾഡ് കോൺഗ്രസ്സിൽ ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കറായിരുന്നു ആ ചെറുപ്പക്കാരൻ.

ഫെയ്സ് ബുക്കിന്റെ സ്ഥാപകനായ മാർക്ക് സക്കർബെർഗി(Mark Zuckerberg) നൊപ്പമാണ് കേരളത്തിലെ സ്റ്റാർട്ട് അപ് വില്ലേജിൽ നിന്നുള്ളൊരു ചെറുപ്പക്കാരൻ അവിടെ സ്പീക്കറായി പങ്കെടുത്തത് എന്നറിയുമ്പോഴാണ് അതിന്റെ അന്തർദ്ദേശീയ പ്രാധാന്യം നമുക്ക് ബോധ്യമാവുന്നത്. 600 സംരംഭ കരാണ് ഇപ്പോൾ ഈ രംഗത്ത് സർക്കാർ സഹായം നേടിക്കഴിഞ്ഞത്. സ്റ്റാർട്ട് അപ് ബൂട്ട് ക്യാമ്പ് ജൂനിയറിലൂടെ പതിനായിരം സ്കൂൾ വിദ്യാർത്ഥികളെ സജ്ജമാക്കുകയാണ്. അസാപ്പ് (ASAP) വഴി മറ്റൊരു മേഖലയിൽ വിദ്യാഭ്യാസ വകുപ്പ് അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യു ന്നുണ്ട്. ഇങ്ങനെ, പുതിയ ഐ.റ്റി. നയപ്രകാരം 2020–ൽ അഞ്ച് ലക്ഷം തൊഴി ലവസരങ്ങൾ വിഭാവന ചെയ്യുമ്പോൾ, അതിനുമുന്നിൽ നിൽക്കാൻ കഴിയുന്ന ചാലക ശക്തികളായ യുവതയെ സൃഷ്ടിക്കാനും നമുക്ക് സാധിക്കും. പാലാ യിലെ ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഫോർ ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യ തയും ഈ രംഗത്തൊരു മുതൽക്കൂട്ടാവുകയാണ്. പഴയ കാലത്ത് ശാസ്ത്രമേ ളയിലെ പ്രദർശന വസ്തുവായി മാറിയിരുന്ന കലാലയത്തിലെ പ്രതിഭകൾ വ്യവസായ സംരംഭത്തിന്റെ ഊർജ്ജമായി മാറുന്നത് നാം കാണുകയാണ്. അവർ പഠിക്കുന്ന വിദ്യാർത്ഥികളാണ്. ഫോൾഡിംഗ് ഹെൽമെറ്റ് പാലക്കാട് കോളേജിൽ നിന്നാണ് ഉണ്ടായത്. ഇന്ന് സൗത്ത് കൊറിയ പോലുള്ള രാജ്യ ങ്ങളിൽ അതിന്റെ ഉല്പാദനം തുടങ്ങിക്കഴിഞ്ഞു, പേറ്റന്റ് ഇന്ത്യക്കാണ്. നമ്മുടെ ചെറുപ്പക്കാരുടെ കഴിവുകളെ ഇത്തരത്തിൽ പ്രോത്സാഹിപ്പിക്കാൻ കഴിയണം. 2012 സെപ്റ്റംബറിൽ ഇവിടെ എമർജിംഗ് കേരളയുണ്ടായി. എമർജിംഗ് കേരളയെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. പക്ഷേ കാര്യങ്ങൾ വേണ്ട വിധം മനസ്സിലാക്കാതെയാണ് അവർ സംസാരിച്ചതെ

ന്നാണ് ഞാൻ കരുതുന്നത്. 44 രാജ്യങ്ങളിൽ നിന്ന് പ്രതിനിധികളെത്തുകയും 178 പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുകയും ചെയ്തു. 83 പദ്ധതികൾ പുരോഗതി യിലാണ്. വ്യവസായ വകുപ്പിന്റെ 46 പദ്ധതികളിൽ 5 എണ്ണം പ്രവർത്തനക്ഷമ മായിക്കഴിഞ്ഞു. 20,969/- കോടി രൂപയുടെ നിക്ഷേപം ഇതുവഴിയുണ്ടായിക്ക ഴിഞ്ഞു. പെട്രോ കെമിക്കൽ മേഖലയിൽ 24000/- കോടി രൂപയുടെ നിക്ഷേപ മാണ് ഇനി വരാൻ പോകുന്നത്. ഹെൽത്ത് കെയർ മേഖലയിൽ 10000/- കോടി രൂപയുടെ നിക്ഷേപവും വരുന്നുണ്ട്. ആകെ അമ്പതിനായിരത്തോളം കോടി രൂപയുടെ പദ്ധതികൾ യാഥാർത്ഥ്യബോധത്തോടുകൂടി നോക്കുന്ന വർക്ക് കാണാൻ കഴിയും. ഇതിനെ ചെറുതായി കാണാൻ കഴിയില്ല. നേരിട്ട് ഒന്നര ലക്ഷം തൊഴിലവസരങ്ങളും പരോക്ഷമായി നാല് ലക്ഷത്തോളം തൊഴിലവസരങ്ങളുമാണ് ഇതുവഴിയുണ്ടാകുന്നതെന്ന് നമ്മൾ മനസ്സിലാ ക്കണം. നാലാമത് എം.എസ്.എം.ഇ. സർവ്വേ ആന്റ് ക്വിക്ക് റിസൾട്ടിന്റെ കണക്കുപ്രകാരം രാജ്യത്തെ 5.6% സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ കേരള ത്തിലാണുള്ളത്. 2012 മാർച്ച് 31 വരെ 2,05,987 ചെറുകിട വ്യവസായങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 1,51,493 പേർക്ക് തൊഴിലവസരം സൃഷ്ടിക്കാൻ ഈ സർക്കാരിന് സാധിച്ചി ട്ടുണ്ട്. അതിന് സർക്കാരിനെ അഭിനന്ദിക്കാതിരിക്കാനാവില്ല. നമ്മുടെ രാജ്യത്തിന്റെ ആകെ ജനസംഖ്യയുടെ മൂന്ന് ശതമാനമാണ് കേരളത്തിന്റെ ജനസംഖ്യ. എന്നാൽ ചെറുകിട വ്യവസായ രംഗത്ത് 6 ശതമാനമാണെന്ന് ഓർക്കുമ്പോഴാണ് ഈ രംഗത്ത് കേരളത്തിന്റെ വളർച്ച നമുക്ക് കാണാൻ സാധിക്കുന്നത്. 2014 സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന യങ് എന്റർപ്ര

ണേഴ്സ് സമ്മിറ്റ് (YES) ഈ രംഗത്തൊരു പുതിയ രജതരേഖയാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഈ രംഗത്തും വലിയ മാറ്റങ്ങൾക്ക് വഴിയൊരുങ്ങുകയാണ്. ഒരു ലക്ഷം കോടി രൂപ നമ്മുടെ നാട്ടിൽ പ്രവാസി നിക്ഷേപമായി എത്തുന്നുണ്ട്. ഇത്രയും പ്രവാസി നിക്ഷേപമുള്ളപ്പോൾ അത് ക്രിയാത്മകമായി വിനിയോഗിക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോയെന്ന് ആലോചിക്കേണ്ടതാണ്. സാധിക്കാത്തതിനു കാരണം പലയിടത്തും വയബിൾ പ്രോജക്ടില്ലാത്തതാണ്. കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായ വയബിൾ പ്രോജക്ടുണ്ടാക്കി സാധാരണക്കാരായ പ്രവാസികളെ ചെറുകിട നിക്ഷേപ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികളാവിഷ്ക്കരിക്കണം. അതിനാണ് സർക്കാർ ശ്രമിക്കേണ്ടത്. കെ.എസ്.ഐ.ഡി.സി–യുടെ ഭാഗത്തുനിന്ന് ചില തീവ്രശ്രമങ്ങളുണ്ടാകുന്നുണ്ട്. പുതിയ 20 വ്യവസായ പദ്ധതികൾ ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. 31 പദ്ധതികളിപ്പോൾ നിർമ്മാണ ഘട്ടത്തിലാണ്. മാത്രവുമല്ല, 500 ഏക്കർ വിസ്തൃതിയിൽ ഇന്റഗ്രേറ്റഡ് ബിസിനസ് ഹബ് സ്ഥാപിക്കാനുള്ള കെ.എസ്.ഐ.ഡി.സി–യുടെ പദ്ധതി ഒരു നല്ല തുടക്കമാണ്. അതോടൊപ്പം, നഗരങ്ങളേയും വിമാനത്താവളങ്ങളേയും കേന്ദ്രീകരിച്ച് 1303 ഏക്കർ സ്ഥലത്ത് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോൺ സ്ഥാപിക്കാനാണ് കെ.എസ്.ഐ.ഡി.സി. ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇതൊരു വലിയ മാറ്റമാണ്. ഇപ്പോൾത്തന്നെ 626 കിൻഫ്രാ പാർക്കുകളുണ്ട്. പൊതുമേഖലയിൽ ലാഭം കാണിക്കാൻ വിത്തെടുത്ത് കുത്തുന്നൊരു ശൈലി കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നു, ഞാൻ ആരെയും കുറ്റപ്പെടുത്തുകയല്ല. എന്നാൽ ഈ ഗവൺമെന്റ് അങ്ങനെയല്ല. 495.72 കോടി രൂപ അനുവദിച്ചുകൊണ്ട് പൊതുമേഖലയ്ക്ക് മൃതസഞ്ജീവനി നൽകുകയാണ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ചെയ്തത്. ഇതൊരു സർവ്വകാല റെക്കോർഡാണ്, ഇതാർക്കും നിഷേധിക്കാൻ കഴിയില്ല. കാരണം പൊതുമേഖലയെ ഉയർത്തിക്കൊണ്ടുവരാനുള്ള കൃത്യമായ ശ്രമമാണ് നടന്നത്. 495.72 കോടി രൂപ ഈ മേഖലയിൽ ഇതിനുമുമ്പ് വിനിയോഗിച്ചിട്ടില്ല. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി പ്രതിരോധ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കേന്ദ്രവുമായി സഹകരിച്ചുകൊണ്ട് വ്യാവസായിക രംഗത്ത് ചില പുത്തൻ ഉണർവുകളുണ്ടാക്കുമെന്ന് നമ്മൾ പ്രതീക്ഷിച്ചു. പക്ഷേ സെയിലുമായി സഹകരിച്ച് സ്റ്റീൽ കോംപ്ലക്സ്, 65 കോടി രൂപയുടെ റോളിംഗ് മിൽ കമ്മീഷൻ ചെയ്യാനാകുന്നു എന്നത് മാറ്റി നിർത്തിയാൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടാക്കാനായില്ല. ടെൽക്കും എൻ.റ്റി.പി.സിയും – വികസനത്തിന് 158 കോടി രൂപയാണ് ആവശ്യം, പക്ഷേ 25.82 കോടി രൂപ മാത്രമാണ് കേന്ദ്രം നൽകിയിട്ടുള്ളത്. ബി.എച്ച്.ഇ.എൽ. കാസർഗോഡിന് ഒരു രൂപ പോലും ഇതുവരെ കേന്ദ്രത്തിൽനിന്ന് ലഭിച്ചിട്ടില്ല. കേന്ദ്രസഹായത്തോടുകൂടി തുടങ്ങിയ എച്ച്.ഇ.എൽ.–ന് 200 ഏക്കർ ഭൂമിയാണ് നൽകിയത്. അതിൽ 20 ഏക്കർ ഭൂമി മാത്രമാണ് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്. ബി.ഇ.എൽ. കളമശ്ശേരി, 6 ഏക്കർ ഭൂമിയിൽ 2 ഏക്കർ ഭൂമി മാത്രമാണ് വിനിയോഗിക്കുന്നത്. ബി.ഇ.എം.എൽ. പാലക്കാട് 374 ഏക്കർ ഭൂമിയിൽ വിനിയോഗം വരുന്നത് 164 ഏക്കർ ഭൂമി മാത്രമാണ്, 210 ഏക്കർ ഭൂമി വെറുതേ കിടക്കുകയാണ്. കേരളത്തിന്റെ വ്യാവസായിക രംഗത്ത് കാതലായ മാറ്റങ്ങളുണ്ടാകാൻ കേന്ദ്രത്തിന് പരിശ്രമമുണ്ടെങ്കിൽ അത് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് കേന്ദ്രവുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ പദ്ധതികളുണ്ടാക്കണം കേരളം വളരെ പ്രതീക്ഷയോടെ തുടക്കംകുറിച്ച

കെൽട്രോണിന് അതിന്റെ ലക്ഷ്യം കൈവരിക്കണമെങ്കിൽ ഇനിയും മുന്നോട്ടു പോകണം. കാലാനുസൃതമായ വൈവിധ്യവത്ക്കരണവും ഉല്പാദനവുമില്ലാതെ പോയതാണ് ഇതിനുകാരണം. വൈവിധ്യവത്ക്കരണം ഉല്പാദനരംഗത്തുണ്ടാവണം. കെൽട്രോണിന്റെ ഗ്രാഫ് ഉയർത്താൻ ഈ സർക്കാർ ശ്രമിക്കുന്നുവെന്നത് സന്തോഷകരമാണ്. സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ്, ജി.പി.എസ്. ഡിവൈസ്, ടാബ്ലറ്റ് പി.സി, ഡിജിറ്റൽ സെറ്റ് ടോപ് ബോക്സ് തുടങ്ങിയ ഈ കാലഘട്ടത്തിൽ വിപണി കണ്ടെത്താൻ കഴിയുന്ന ഉപകരണങ്ങൾ കെൽട്രോൺവഴി ഉല്പാദിപ്പിക്കാൻ ശ്രമിക്കുന്നുവെന്നത് നല്ല കാര്യമാണ്. ഏകദേശം 250 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ തുടങ്ങാനിരിക്കുന്ന ഇലക്ട്രോണിക് മാനുഫാക്ടചറിംഗ് ക്ലസ്റ്റർ ഒരു വലിയ തുടക്കമാണ്. കാരണം നമ്മൾ ഇലക്ട്രോണിക് ഉപകരണങ്ങളിൽ പലതിനും വിദേശരാഷ്ട്രങ്ങളെ ആശ്രയിക്കുകയാണ്. നമ്മുടെ മാർക്കറ്റുകൾ ചൈന പോലുള്ള രാജ്യങ്ങൾ കയ്യടക്കുകയാണ്. ഈ മേഖലയിലേക്ക് കടന്നുചെല്ലാൻ കഴിയുന്നൊരു തുടക്കം തീർച്ചയായും ഇതുവഴി നമുക്കുണ്ടാകുമെന്ന പ്രതീക്ഷയാണുള്ളത്. അതുകൊണ്ട് ഈ ഗവൺമെന്റിനെ അഭിനന്ദിക്കാതിരിക്കാനാവില്ല. ഇലക്ട്രോണിക്സ് പോലെതന്നെ സാധ്യതയുള്ള ഒന്നാണ് പ്രകൃതിദത്തമായി നമുക്ക് ലഭിച്ച കരിമണൽ. കെ.എം.എം.എൽ-ന്റെ സാധ്യതകൾ, ടൈറ്റാനിയം സ്പോഞ്ച് ഉല്പാദനം 10000 മെട്രിക് ടൺ ആയി ഉയർത്താൻ സെയിലുമായി ചേർന്ന് 2500 കോടി രൂപയുടെ ഒരു ധാരണാപത്രം ഒപ്പിട്ടു എന്നത് ശ്ലാഘനീയമാണ്. പാരിസ്ഥിതികമായി പ്രയാസങ്ങളുള്ള 150 ഏക്കർ സ്ഥലം ഏറ്റെടുത്തുകൊണ്ട്, ആ പ്രദേശത്തെ ജനങ്ങളെ കൂടെനിർത്തി ഗവൺമെന്റ് ഈ വ്യവസായ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കുക

യാണ്. ഊർജ്ജപ്രതിസന്ധിയാണ് വ്യവസായ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി, അതിന് പരിഹാരമുണ്ടാക്കണം. കൊച്ചിയിലെ എൽ.എൻ.ജി.പ്ലാന്റ് പ്രവർത്തനസജ്ജമായാൽ ഒരുപാട് നേട്ടങ്ങളുണ്ടാക്കാൻ കഴിയുമെന്ന് കരുതിയിരുന്നു. പക്ഷേ ഖേദകരമെന്ന് പറയട്ടെ, 4000 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പ്ലാന്റിൽനിന്നും ഒരു ശതമാനം മാത്രമാണ് നമുക്ക് വിനിയോഗിക്കാൻ കഴിയുന്നത്. 50 ലക്ഷം ടൺ ശേഷിയുള്ള വാതക പ്ലാന്റിൽനിന്ന് 550 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. വ്യാവസായികരംഗത്ത് കേരളത്തിന് വളർച്ചയുണ്ടാകണമെന്നും ഊർജ്ജ പ്രതിസന്ധിയിലാണെന്നും പറഞ്ഞുകൊണ്ടാണ് ഇവിടെ പ്രതിപക്ഷത്തെ പലരുടെയും പ്രസംഗം ആരംഭിച്ചത്. ഇതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള വഴിയെന്താണെന്ന് അന്വേഷിക്കണം. വൈദ്യുതിക്ക് വേണ്ടിയുള്ള പല പദ്ധതികളും ആലോചിച്ചാൽ മാത്രമേ ഈ രംഗത്ത് നേട്ടമുണ്ടാക്കാൻ സാധിക്കൂ. വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി സമയബന്ധിതമായ നടപടിയുണ്ടാവണമെന്ന് ആവശ്യപ്പെടുകയാണ്. കൈത്തറി ഇന്ന് പുതിയ തലമുറയ്ക്ക് ഒരു ജ്വരമാണ്. കാരണം ഇന്ന് പോളിസ്റ്റർ പോയിക്കഴിഞ്ഞു, കൈത്തറിയാണ് ജനങ്ങളുടെ ഫാഷൻ. എന്നാൽ അതിനനുസരിച്ച് കെത്തറിക്ക് വളരാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? നമുക്ക് വിപണി കീഴടക്കാൻ സാധിക്കാത്തത് വൈവിധ്യമാർന്ന ഫാബ്രിക് ഡിസൈനുകളില്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് നല്ല ഡിസൈനിംഗ് സ്റ്റുഡിയോകൾ സ്ഥാപിച്ച് ഫ്രാബ്രിക് ഡിസൈനുണ്ടാക്കി ശാസ്ത്രസാങ്കേതികരംഗത്തെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തി അതതുപ്രദേശത്തേയ്ക്ക് എത്തിച്ചുകൊടുക്കാൻ കഴിയുന്ന ഒരു തലത്തിലേയ്ക്ക് നമ്മളുയരണം. മാത്രവുമല്ല കൈത്തറി മേഖലയിൽ പ്രതിസ

സ്ധിയും തൊഴിലാളികളുടെ പ്രയാസങ്ങളുമുണ്ട്. വീവേഴ്സ് ക്രഡിറ്റ് കാർഡു വഴി നെയ്ത്ത് തൊഴിലാളികൾക്ക് 2 ലക്ഷം രൂപവരെ ലോൺ നൽകാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെ അഭിനന്ദിക്കേണ്ടതാണ്, അതൊരു ചെറിയ കാര്യമല്ല. കാരണം അവർ വലിയ പ്രതിസന്ധിയിലാണ്. രാജ്യത്ത് ഉല്പാദിപ്പി ക്കുന്ന പരുത്തി വിദേശത്തേക്ക് കയറ്റിയയ്ക്കുന്നതുമൂലം പരുത്തിയുടെ ലഭ്യ തക്കുറവും വില വർദ്ധനവും നമ്മുടെ ടെക്സ്റ്റൈൽ മേഖലയെ വലിയ പ്രതി സന്ധിയിലാക്കുന്നു. 60 കോടി രൂപയുടെ പാക്കേജാണ് ഗവൺമെന്റ് ടെക്സ്റ്റയിൽ മേഖലയ്ക്ക് നൽകിയിട്ടുള്ളത്. അത് നന്നായി വിനിയോഗിക്കാ നാവണം.

ടെക്സ്റ്റയിൽസ് മില്ലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ കാര്യക്ഷമ മായി വിനിയോഗിക്കാൻ കഴിയത്തക്കവിധം വൈവിധ്യവത്ക്കണത്തിന് സർക്കാർ തയ്യാറാകേണ്ടതുണ്ട്. നൂറുകോടി രൂപ മുതൽമുടക്കിൽ ഈ സർക്കാർ നാളികേരാധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കാൻ പോകുക യാണ്. അതിലൂടെ നമ്മുടെ കാർഷിക മേഖല സജീവമാകും. പഴയകാലത്ത്, നമ്മുടെ നാട്ടിൻപുറങ്ങളിലെ മുത്തശ്ശിമാർ വെളിച്ചെണ്ണയിൽ കറുകപ്പുല്ല് ചേർത്ത് കുട്ടികൾക്കായി ഉപയോഗിച്ചിരുന്നു. ആ എണ്ണ തമിഴ്നാട്ടുകാർ കൊണ്ടുപോയി പാരച്യൂട്ട് എന്ന പേരിട്ട് നൂറ് മില്ലിലിറ്ററിന് 85 രൂപാ നിര ക്കിൽ വിൽക്കുമ്പോൾ നമ്മൾ അത് വാങ്ങി ഉപയോഗിക്കുകയാണ്. നാളികേ രത്തെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റാൻ കേരളത്തിലും കഴിയില്ലേ? അതിനുള്ള തുടക്കമുണ്ടാകണം. അങ്ങനെ നാളികേരത്തിൽ നിന്നും ലഭ്യമാ കുന്ന ഉല്പന്നങ്ങൾ എല്ലാ മേഖലയിലും വിനിയോഗിക്കാൻ നമുക്ക് സാധിക്ക

ണം. 165 കോടി രൂപ ചെലവഴിച്ച് ചേർത്തലയിൽ മെഗാ സീ ഫുഡ് വ്യവസായം ആരംഭിക്കാൻ പോകുകയാണ്. അതിലൂടെ തീരദേശ മത്സ്യബന്ധന മേഖല സജീവമാകും. നമ്മുടെ മത്സ്യ സമ്പത്ത് വിനിയോഗിക്കാൻ നമ്മൾ ഒരക്കലും ശ്രമിച്ചിട്ടില്ല. നമ്മേക്കാൾ ചെറിയ രാജ്യമായ മാലി വിദേശ രാജ്യങ്ങളിലെ മാർക്കറ്റുകൾ കീഴടക്കിയിരിക്കുന്നു. അവിടത്തെ ടൂണ ഉൾപ്പെടെയുള്ള മത്സ്യസമ്പത്ത് വളരെ പ്രസിദ്ധമാണ്. പാകം ചെയ്ത മത്സ്യവിഭവങ്ങൾ ജനങ്ങൾക്ക് ഏത് സമയത്തും റെഡിമെയ്ഡായി കിട്ടുന്നവിധം അതിനെ മാറ്റിയെടുത്തുകൊണ്ട് അവർ വിദേശനാണ്യം നേടിയെടുക്കുന്നു. കേരളത്തിനും അത്തരത്തിൽ ചിന്തിച്ചുകൂടെ? അതിനുള്ളൊരു തുടക്കമെന്ന നിലയിലാണ് ഗവൺമെന്റ് ഈ വ്യവസായം കൊണ്ടുവരാൻ ആലോചിക്കുന്നുവെന്നുള്ളത് വളരെ സന്തോഷകരമാണ്. കേരളത്തിൽ ഒരു ഹരിത വ്യവസായ നയം തന്നെ ഈ സർക്കാർ കൊണ്ടുവന്നിരിക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, നേരത്തെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ലാസ് വേഗസ് എന്ന സ്ഥലത്തേയ്ക്കുറിച്ചിവിടെ പറഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ ഗാംബ്ലിംഗ് സിറ്റിയാണത്, സിൻ സിറ്റിയെന്ന പേരിലാണതറിയപ്പെടുന്നത്. അദ്ദേഹം ഇപ്പോഴിവിടെ ഹരിതവ്യവസായത്തെ സംബന്ധിച്ചും വ്യവസായ രംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചും കുറേ കാര്യങ്ങൾ പറഞ്ഞു. മുസ്ലീം ലീഗ് നേതൃത്വം നൽകുന്ന എസ്.റ്റി.യു എന്ന ട്രേഡ് യൂണിയൻ സംഘടന പോലും അങ്ങ് പറഞ്ഞ ഹരിതവ്യവസായം ഉൾപ്പെടെയുള്ള ഏതെങ്കിലും കാര്യത്തെ അംഗീകരിക്കുമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഹരിതം എന്ന് കേട്ടാലുടനെ ഇങ്ങനെ പറയരുത്. തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ അഞ്ച് അനാ

ക്കോണ്ട പാമ്പുകളെ വാങ്ങിയിട്ടുണ്ട്. അതിനും പച്ച നിറമാണെന്ന് കേട്ടപ്പോൾ അത് ശ്രീ. പി. കെ. കുഞ്ഞാലികുട്ടി വാങ്ങിയതാണെന്ന് നിങ്ങൾ ആരെങ്കിലും പറയുമെന്ന് ഞാൻ ഭയപ്പെട്ടിരുന്നു. സത്യത്തിൽ അങ്ങനെ യൊന്നും പറയരുത്.. ഒരു വർണ്ണത്തെ ആ രീതിയിലേയ്ക്ക് കൊണ്ടുപോകരുത്. രാജ്യത്തെ പ്രകൃതിദത്തമായ അവസരങ്ങളെ വിനിയോഗിക്കാനുള്ള പരിശ്രമങ്ങളാണ് ഹരിതവിപ്ലവത്തിലൂടെ നടത്തുന്നത്. നമ്മുടെ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ കേരളത്തിന്റെ വ്യവസായിക രംഗത്തെ മാറ്റിയെടുക്കാനുള്ള പരിശ്രമമാണ് ഉണ്ടാകുന്നത്. കേരളത്തിലെ സാഹചര്യങ്ങൾക്കനുസൃതമായ, സർവ്വതലസ്പർശിയായ മാറ്റങ്ങളാണ് വ്യവസായിക രംഗത്ത് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്നത്. വിവേകവും ബൗദ്ധികമായി അറിവുമുള്ള പുതിയ തലമുറയ്ക്ക് ഇൻഫർമേഷൻ ടെക്നോളജിയുടെയും ബയോ ടെക്നോളജിയുടെയും മേഖലയിൽ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്തു. പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ പരമാവധി തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ശ്രമിച്ചു. അത് ലാഭം നോക്കിയല്ല, പരമ്പരാഗത തൊഴിലാളികളെ പട്ടിണിയിലാക്കരുത് എന്ന ലക്ഷ്യത്തോടെയാണ്. അതുപോലെ പരമ്പരാഗത വ്യവസായ രംഗത്തെല്ലാം വൈവിധ്യമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. കയർ എക്സിബിഷനുകൾ നടത്തി കേരളത്തിലെ കയറുല്പന്നങ്ങളെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനുള്ള വലിയ പരിശ്രമങ്ങൾ നടത്തുകയാണ്. അതിന് ആവശ്യം ഉല്പന്നങ്ങളുടെ വൈവിധ്യമാണ്. ഇതിനുവേണ്ടി ആളുകൾക്ക് പരിശീലനം നൽകണം. കേരളത്തിന്റെ പാരിസ്ഥിതികമായ ഘടകങ്ങളെയും ഇവിടെ ഏറ്റവും കൂടുതലുള്ള മനുഷ്യവിഭവശേഷിയേയും ഉപയോഗപ്പെടുത്തിക്കൊണ്ട് വലിയൊരു മാറ്റത്തിന് വഴിയൊരുക്കാൻ സാധിക്കണം. സഹകരണ

വകുപ്പിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്, സഹകരണവകുപ്പിൽ ചില നിർവ്വചനങ്ങൾ ആവശ്യമുണ്ട്. അതിലൊന്ന് ആക്ടീവ് മെമ്പർഷിപ്പുമായി ബന്ധപ്പെട്ടതാണ്. നിക്ഷേപകരും ചിട്ടിയിൽ ചേരുന്നവരും കടം വാങ്ങുന്നവരുമെല്ലാം ഇന്ന് ആക്ടീവ് മെമ്പർമാരാണ്. അങ്ങനെ മെമ്പർമാരാകുന്ന അവസ്ഥയുണ്ടാകരുത്, അതിന് കൃത്യമായ നിർവ്വചനമുണ്ടാകണം. അങ്ങനെയല്ലെങ്കിൽ നീതി സ്റ്റോറിൽനിന്നും സാധനം വാങ്ങുന്നവർ വരുംകാലങ്ങളിൽ കൺസ്യൂമർ ഫെഡിൽ ആക്ടീവ് മെമ്പറാകുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ഇതിന് കൃത്യമായൊരു നിർവ്വചനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണം, അങ്ങ് ഒരുപാട് ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയയാളാണ്. അതുപോലെതന്നെ, തെരഞ്ഞെടുപ്പ് നടത്തുന്ന സന്ദർഭങ്ങളിൽ സഹകരണ ബാങ്കുകളിൽ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും തിരിച്ചറിയൽ കാർഡ് ഉപയോഗിച്ചാൽമതിയെന്ന നിബന്ധന അപകടമാണ്. അങ്ങനെയായാൽ ഏത് തിരിച്ചറിയൽ കാർഡും ഉപയോഗിച്ച് കള്ളവോട്ട് ചെയ്ത് ബാങ്ക് പിടിച്ചെടുക്കാൻ കഴിയുന്ന വിധത്തിലേയ്ക്ക് അത് മാറും. അതുകൊണ്ട് ബാങ്കുകളുടെ ഒറിജിനൽ തിരിച്ചറിയൽ കാർഡ് തന്നെ ഉപയോഗിക്കണമെന്ന നിബന്ധനയുണ്ടാകണം. സഹകരണ രംഗത്തും കാതലായ മാറ്റമുണ്ടാകുന്നുണ്ട്. തീർച്ചയായും എല്ലാ മേഖലയിലും വൻ വിജയത്തിന് കുതിപ്പേകുന്ന ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഒരു കാര്യം നമ്മുടെ ബഹുമാനപ്പെട്ട മെമ്പർമാർ അറിയേണ്ടതുണ്ട്. കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിലായിരിക്കരുത് കേരളത്തിലെ വ്യവസായ

രംഗത്തെ വിലയിരുത്തേണ്ടത്. 1967–ൽ, സഖാവ് ടി.വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്തെക്കുറിച്ച് ആലോചിക്കണം. അന്നത്തെ ഗവൺമെന്റിൽ ലീഗിന്റെ മന്ത്രിമാരും ഉൾപ്പെട്ടിരുന്നു. അന്ന് തുടങ്ങിയ പല വ്യവസായങ്ങളുടെയും ഇന്നത്തെ സ്ഥിതി എന്താണ്; അന്നത്തെ രീതിയിൽ നിന്നും എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളത്; അത് എങ്ങനെ മെച്ചപ്പെടുത്താൻ കഴിയും എന്നുള്ളതിനെക്കുറിച്ചൊന്നും നമ്മളാരും ആലോചിക്കാറില്ല. സ്വന്തം കക്ഷിയുടെ മന്ത്രിയെ പുകഴ്ത്തുക, കഴിഞ്ഞ തവണത്തെ മന്ത്രിയെ ഇകഴ്ത്തുക എന്നതൊരു സ്ഥിരം പരിപാടിയായിരിക്കുകയാണ്. അതിനൊരു മാറ്റം വരണം. കേരളം ഇന്ന് വ്യവസായിക രംഗത്ത് വല്ലാത്തൊരു ദശാസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. മുൻകാലങ്ങളിലുണ്ടായിരുന്നതുപോലുള്ള ഒരു നേട്ടവും ഇപ്പോൾ നമുക്ക് കൈവരിക്കാൻ സാധിക്കുന്നില്ല. ഒരു കാലത്ത് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ അഭിമാനമായിരുന്നു. പക്ഷേ ഇന്നിപ്പോൾ അതിന് കഴിയുന്നില്ല. കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളുമായി 127 പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇന്നുള്ളത്. അതിൽത്തന്നെ പ്രധാനമായും പ്രവർത്തിക്കുന്നത് പബ്ലിക് അണ്ടർ ടേക്കിംഗ് സെക്ടറിലുള്ള 101 സ്ഥാപനങ്ങളാണ്. പലതും അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷംതന്നെ, ഒരു വർഷം 1500 കോടിയിലധികം രൂപ ഈ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് സപ്പോർട്ട് അനുവദിക്കുന്നുണ്ട്. ഇവയിൽനിന്ന് തിരികെ നമുക്കൊരു വരവ് ലഭിക്കണ്ടേ? യാഥാർത്ഥ്യ ബോധത്തോടുകൂടി കാര്യങ്ങളെ വിലയിരുത്തണം. ഇത്തവണത്തെ സി ആന്റ് എ.ജി റിപ്പോർട്ടിൽ, 127 സ്ഥാപനങ്ങളിൽനിന്നായി 18486 കോടി രൂപയുടെ വിറ്റുവരവ് കാണിക്കുന്നുണ്ട്. ആകെ 289 കോടി രൂപയുടെ

ലാഭമുണ്ടാക്കിയെന്ന് പറയുന്നുണ്ട്. ഈ കണക്കുകൾ പരിശോധിച്ചാൽ, അതിലെ പ്രധാന വരുമാനം ബിവറേജസ് കോർപ്പറേഷനിൽനിന്നുള്ളതാണെന്ന് കാണാം. യാതൊരു ഉല്പാദനവും നടത്താത്ത, വിതരണം മാത്രം നടത്തിയ ഒരു സ്ഥാപനത്തിൽനിന്നാണ് 149 കോടി രൂപയുടെ വരുമാനം ലഭിച്ചിരിക്കുന്നത്. മറ്റൊരു പ്രധാന വരുമാനം ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നാണ് – 67 കോടി രൂപ. ഇത്തരത്തിലുള്ള ഉല്പദാനപരമല്ലാത്ത സ്ഥാപനങ്ങളിൽനിന്നാണ് പൊതുമേഖലയിലെ വരുമാനത്തിന്റെ പ്രധാനഭാഗവും ലഭ്യമാകുന്നതെന്നുള്ളത് യാഥാർത്ഥ്യമാണ്. കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ പലതും പറയുന്നുവെന്നല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകളൊന്നും നടത്തുന്നില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് നല്ല കഴിവുള്ള ഒരു മന്ത്രിയാണെന്നതിൽ സംശയമില്ല. പക്ഷെ മുൻകാലങ്ങളെ അപേക്ഷിച്ച് അദ്ദേഹത്തിന്റെ ഭാവന ഇപ്പോൾ എത്രമാത്രം ഉയരുന്നുണ്ടെന്നുള്ളതിനെക്കുറിച്ച് സംശയമുണ്ട്. അദ്ദേഹം GIM കൊണ്ടുവന്നു, ഇപ്പോൾ എമർജിംഗ് കേരള വന്നു, പക്ഷേ അതിന്റെയെല്ലാം പ്രവർത്തനങ്ങൾ ഏത് സ്ഥിതിയിലാണെന്നതിനെക്കുറിച്ച് അറിയാൻ കഴിയുന്നില്ല. ഞാൻ പറയുന്നത് കേരളത്തിലെ ജനങ്ങളുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ ആശങ്കയെക്കുറിച്ചാണ്. നമ്മുടെ നാട്ടിൽ പ്രധാനമായുണ്ടായ പ്രശ്നം, ഈ അടുത്തകാലംവരെ നമ്മൾ ഐ.റ്റി. വ്യവസായത്തെ ഉറ്റുനോക്കിക്കൊണ്ടാണിരുന്നത്. ഐ.റ്റി വ്യവസായത്തെ രക്ഷപ്പെടുത്തുന്നതിനായി സ്മാർട്ട് സിറ്റിയും ഇൻഫോപാർക്കുകളും തുടങ്ങിയെന്നുള്ളതല്ലാതെ അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഇപ്പോൾ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽനിന്നും മാറി

ക്കൊണ്ടിരിക്കുകയാണ്, മറ്റുമേഖലകളിലേയ്ക്കാണ് അവർ പോകുന്നത്. കുട്ടികൾക്ക് ആശങ്കയാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്ന് പറഞ്ഞ സ്മാർട്ട് സിറ്റി പദ്ധതി തുടങ്ങിയിട്ട് പത്ത് വർഷമായി, ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഈ രംഗത്തെ നമ്മുടെ പ്രതീക്ഷ ഇല്ലാതാവുകയാണ് ചെയ്യുന്നത്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് TELK നെ എൻ.റ്റി.പി.സി ഏറ്റെടുത്തത്. അതിനുശേഷം അതിന്റെ പ്രവർത്തനം നന്നായതാണ്. എന്നാൽ കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിനെക്കുറിച്ച് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിന്റെ റിവ്യൂവിൽ പറയുന്നുണ്ട്. TELK has reported a reduction in gross income to the tune of 19.66% ie. 165.27 crores as against 205.72 crores in 2011 –2012. അതുപോലെ തന്നെ, the net profit has also comedown to 2.33. The capacity utilization of the company has comedown to 107% during the year under review, as against 129% during the year 2011-12. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ച കീഴോട്ടാണ്. അങ്ങനെ വന്നുകൂടാ. ടെൽക്കിന്റെ നടപ്പ് വരുമാനം തെറ്റായി കണക്കു കൂട്ടിയതു കാരണം മുൻകൂർ ആദായനികുതി കുറച്ചടച്ചതുവഴി 1.17 കോടി രൂപയുടെ നഷ്ടം സഹിക്കേണ്ടി വന്നു. അതുപോലെ പദ്ധതികളുടെ മോശം നിർവ്വഹണം മൂലവും നടപടിക്രമങ്ങളുടെ ലംഘനം മൂലവും യാഥാർത്ഥ്യബോധമില്ലാതെ ഗ്രീൻഫീൽഡ് പ്രൊജക്ടിൽ ഇൻവെസ്റ്റ്മെന്റ് നടത്തിയതുകാരണം 115.57 കോടിരൂപയുടെ പ്രത്യുല്പാദനവരവില്ലാതായി

തീർന്നിരിക്കുന്നു എന്നാണ് ടെക്സ്റ്റയിൽ കോർപ്പറേഷനെക്കുറിച്ച് സി&എ.ജി യുടെ കമന്റ്. വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സുതാര്യ തയും, നിഷ്പക്ഷതയും മത്സരവുമില്ലാതെ താൽക്കാലികവും ഏകപക്ഷീയ വുമായി കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷൻ തോട്ടണ്ടി സംഭരിച്ചതിൽ 93.93 കോടി രൂപയുടെ നഷ്ടത്തിനും അധിക ചെലവിനും ഇടയാക്കി. ഇത് വളരെ അലാമിംഗ് ആണ്. പബ്ലിംഗ് മണി ഇൻവെസ്റ്റ് ചെയ്തിട്ട് ഒരു തിരിഞ്ഞു നോട്ടമില്ലാതെയാവുകയാണ്. കെ.എം.എം.എൽ നല്ല ലാഭമുണ്ടാക്കുന്നൊരു സ്ഥാപനമാണ്. ഈ അടുത്തകാലത്ത് കെ.എം.എം.എൽ-ൽ കരിമണൽ ഖനനത്തിന് ടെണ്ടർ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സംഭവമുണ്ടായി. ആ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും പിരിഞ്ഞുപോയവരുൾപ്പെടെയുള്ളവ രെല്ലാം തന്നെ ടെണ്ടർ കാര്യങ്ങളിൽ ഇടപെടരുതെന്നുള്ളൊരു സർക്കുലറുണ്ട്. ആ സർക്കുലറിന് വിരുദ്ധമായി അവിടെയുള്ള ഒരു ഉദ്യോഗസ്ഥൻ പിരിഞ്ഞുപോയതിന്റെ അടിസ്ഥാനത്തിൽ ടി.വി.കെ. കൺസ്ട്രക്ഷൻ എന്ന കമ്പനിക്ക് ടെണ്ടർ കൊടുത്ത് കൊൺട്രാക്റ്റ് എടുത്തു. ഒരു മെട്രിക് ടണ്ണിന് 393 രൂപ വച്ചാണ് അവർ ടെണ്ടർ എടുത്തത്. അതിനെതിരെ നടപടിക്രമം ലംഘിച്ചുവെന്ന് പറഞ്ഞ് ഹൈക്കോടതിയിൽ കേസിനുപോവുകയും, ഹൈക്കോടതി അത് strike down ചെയ്യുകയും ചെയ്തു. ഞാനിവിടെ പറയാൻ ഉദ്ദേശിക്കുന്ന പ്രധാന വിഷയം, അന്നത്തെ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ തീരുമാനത്തിനെതിരായി അപ്പീൽ പോകരുതെന്ന് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് 27.1.2011-ൽ ഒരു കത്ത് കൊടുത്തിരുന്നു. അതിൽ പറയുന്നത്, ‘I am directed to invite your

attention to the reference cited above to inform you that KMML need not go in appeal against the Judgment. Company will take action for re-tendering the work through e-tender. However the company may approach the Court for getting adverse remarks'. ഗവൺമെന്റ് സെക്രട്ടറി യുടെ കത്ത് അവഗണിച്ചുകൊണ്ട് ഈ ഉദ്യോഗസ്ഥർ സുപ്രീം കോടതിയിൽ പോയി. സുപ്രീംകോടതിയിൽ അവർ കൊടുത്ത എസ്.എൽ.പി യുടെ കോപ്പിയിൽ എക്സ്പഞ്ച് ചെയ്യാനല്ല പറഞ്ഞിരിക്കുന്നത്. അതിൽ പറഞ്ഞിട്ടു ളളത് ഹൈക്കോടതിയുടെയും ഡിവിഷൻ ബഞ്ചിന്റെയും വിധി തെറ്റാണെന്നും അത് പുനഃപരിശോധിക്കണമെന്നുമാണ്. സുപ്രീംകോടതി ഇവിടുന്ന് പോയ അപ്പീൽ തള്ളി വീണ്ടും റീ–ടെണ്ടർ ചെയ്യാൻ പറഞ്ഞു. അങ്ങനെ വന്നപ്പോൾ നേരത്തേ 393കോടി രൂപയ്ക്ക് ടെണ്ടർ ചെയ്യാൻ നിശ്ചയിച്ചിരുന്നത് അവർക്ക് per ton –ന് 101 കോടി രൂപയുടെ വ്യത്യാസത്തിൽ റീ–ടെണ്ടർ ചെയ്യേണ്ടി വന്നു. അങ്ങനെ 2 ലക്ഷം ടൺ കരി മണൽ ലേലത്തിൽ കൊണ്ടുപോവുകയും അതുവഴി കോടിക്കണക്കിന് രൂപ യുടെ വ്യത്യാസം വരികയും ചെയ്തു. സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്ത, തെറ്റായി നടപടിക്രമം സ്വീകരിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തു നടപടിയെടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം.

ശ്രീ. ജി. സുധാകരൻ: Who's Afraid of Virginia Woolf ? എന്ന ഒരു പുസ്തകമുണ്ട്. അതുപോലെ ഞാൻ ചോദിക്കുകയാണ്, Who's Afraid of this UDF government ?

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ആർക്കും ആരേയും പേടിയില്ല. എല്ലാവരും അഡ്ജസ്റ്റ്മെന്റിന്റെ കാലത്ത് നിൽക്കുകയാണ്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥന്മാർ അപ്പീൽ പോയതിനെ സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗുരുതരമായി കാണണം. അത് നിസാരവത്ക്കരിക്കരുത്. അതുപോലെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും ചെയ്യുന്നില്ല. ചെയ്യുന്നുണ്ടെങ്കിൽ തന്നെ ആരും അറിയാതെയാണ്. വോളന്ററി ഗൈഡ്ലൈൻസ് അനുസരിച്ച് ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളൊന്നും കൊടുക്കുന്നില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: കെ.എം.എം.എൽ– ൽ ഹൈക്കോടതിവിധി വന്നപ്പോൾ അത് മൈന്റ് ചെയ്യാതെ ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിയിൽ പോയി എന്നുമാത്രമല്ല, ഹൈക്കോടതി സ്റ്റേ ചെയ്തിട്ടും അവർ മണൽ വാരുകയാണ്. ഞാൻ അവിടെ നേരിട്ട് പോയി കണ്ടതാണ്. ഞാൻ അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയെ അറിയിച്ചു. മന്ത്രി അപ്പോഴാണ് റിട്ടൺ ഓർഡർ കൊടുത്തത്. ആ റിട്ടൺ ഓർഡർ വച്ചുകൊണ്ട് അവർ പിന്നേയും മണൽ വാരി. ആർക്കും എന്തും ചെയ്യാമെന്നാണോ? ഇതെന്ത് മര്യാദകേടാണ്. ആ ഉദ്യോഗസ്ഥർ സർവ്വീസിൽ ഇരിക്കുന്നത് തെറ്റായ നടപടിയാണ്. ഞാൻ ശ്രീ. ജോസ് തെറ്റയിൽ പറഞ്ഞതിനെ നൂറ് ശതമാനം അനുകൂലിക്കുകയാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ, 'Who's Afraid of Virginia Woolf ?' എന്നതിനുപകരം 'Nobody is afraid of anybody in Kerala State.'; അതാണ് ഇപ്പോഴത്തെ സ്ഥിതി. നമ്മുടെ നാട്ടിലെ പാറമടകളുടെ പ്രശ്നം സാങ്കേതികവും ഗുരുതരവുമാണ്. പരിസ്ഥിതി മലിനീകരണം പാപമാണെന്നാണ് മാർപ്പാപ്പ പറഞ്ഞിരിക്കുന്നത്.

പാറമടകൾ നിർത്തണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. പാറമടകളിൽ ശാസ്ത്രീയമായി ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യണം. അതോടൊപ്പം അനധികൃതമായി നടത്തുന്ന പാറമടകൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നുമാത്രമല്ല വികസന രംഗത്ത് സ്തംഭനാവസ്ഥയുണ്ടാക്കുന്നു. ഇതിനൊരു പരിഹാര നിർദ്ദേശമില്ല, കൺഫ്യൂഷൻ മാത്രമേയുള്ളു. അതിനാൽ ഇക്കാര്യത്തെക്കുറിച്ചുള്ള കൺഫ്യൂഷൻ തീർക്കണമേ എന്ന അഭ്യർത്ഥന മാത്രമേ എനിക്കുള്ളൂ. ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്ന വ്യവസായ വകുപ്പിന്റെ നയത്തെയാണ് ഞാൻ എതിർക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ്വ് ബാങ്കിന്റെയും നിർദ്ദേശങ്ങളും നിബന്ധനകളും പുതിയ നിയമങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ പ്രധാന ഞരമ്പുകളായ സഹകരണ പ്രസ്ഥാനത്തിൽ ഗുരുതരമായ പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതിൽ സംസ്ഥാന ഗവൺമെന്റ് നോക്കുകുത്തിയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിനെക്കുറിച്ച് വ്യക്തമായി അറിയാമെങ്കിലും അദ്ദേഹം നിസഹായനായി നോക്കി നിൽക്കുകയാണ്. ആദായ നികുതി പ്രശ്നം, വായ്പാപ്രശ്നം, കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, നബാർഡിന്റെ നിർദ്ദേശങ്ങൾ ഇവയൊക്കെ ഇതിൽ വരുന്നു. സംസ്ഥാന സഹകരണബാങ്കിന്റെ നയങ്ങളും നിർദ്ദേശങ്ങളൊന്നും നടപ്പിലാക്കാൻ സംസ്ഥാനത്തുള്ള ജില്ലാ സഹകരണ ബാങ്കുകൾക്ക് കഴിയുന്നില്ല. ജില്ലാ ബാങ്കുകളുടെ നയങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കാൻ പ്രാഥമിക ബാങ്കുകൾക്ക് കഴിയുന്നില്ല. അതപോലെ തന്നെ നിയമനങ്ങളിലെ അഴിമതിയുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പരിഹരിക്കുന്നതിനുള്ള സമഗ്രമായ ഒരു സമീപനം ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഭാഗത്തുനിന്നുണ്ടാ

കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി അനുകൂലിക്കുകയാണ്. കാരണം ഒരു രോഗികൂടിയായ നമ്മുടെ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഡിമാന്റുമായി ഈ സഭയിൽ വന്ന് രാവിലെ മുതൽ ഇരിക്കുകയാണ്. ഒരു നിഷ്പക്ഷ കാഴ്ചപ്പാടോടുകൂടി രാഷ്ട്രീയത്തിനതീതമായി സഹകരണമേഖലയെ രക്ഷിക്കണമെന്ന അഭിപ്രായത്തോടുകൂടിയാണ് അദ്ദേഹത്തിന്റെ പ്രവർത്തനമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. നല്ല സഹകാരികൂടിയായ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ പ്രതിപക്ഷം പോലും ചോദ്യം ചെയ്യും എന്ന വിശ്വാസവും എനിക്കില്ല. ഇതിനുമുമ്പ് മന്ത്രിയായിരുന്ന സഖാവ് ജി. സുധാകരനും ഭേദമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. തെറ്റിദ്ധരിക്കേണ്ട. സഹകരണമേഖലയിൽ ഒരു മാറ്റം ഉണ്ടാകുന്നുണ്ട് അത് നമ്മുടെ നാടിന് ഗുണകരണമാണ് എന്നുതന്നെയാണ് എന്റെ അഭിപ്രായം. എന്നാൽ അതിനകത്ത് ഒരു ചെറിയ കാര്യം മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക ബാങ്ക്; എന്തിനാണ് മനുഷ്യനെ ഉപദ്രവിക്കാൻ ജില്ലാ സഹകരണ ബാങ്ക്; ഇതൊന്ന് പിരിച്ചുവിടാൻ പറ്റുമോ; അങ്ങ് അതൊന്ന് ആലോചിക്കണം. യാതൊരു കാരണവശാലും ഈ ഇടത്തട്ട് ആവശ്യമില്ല. ഈ ഇടത്തട്ടിൽ നിന്നുകൊണ്ട് വെറുതെ പണം ജനങ്ങളിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന ഇങ്ങനെയൊരു ബാങ്കിന്റെ ആവശ്യമെന്താണ്? ഗവൺമെന്റ് അത് പിരിച്ചുവിടണമെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രിയോട് അന്ന് പ്രതിപക്ഷ

ത്തിരുന്നുകൊണ്ട് ഞാൻ ചോദിച്ചപ്പോഴും അഭിപ്രായം ശരിയാണെന്ന് പറഞ്ഞു. പക്ഷേ നടപടിയില്ല. ഇപ്പോൾ അങ്ങയോട് ചോദിച്ചാലും അങ്ങ് പറയാൻ പോകുന്നത് ഇതുതന്നെയായിരിക്കും. എന്റെ അഭിപ്രായത്തോട് അങ്ങ് മനസ്സുകൊണ്ട് യോജിക്കുമെങ്കിലും എന്തുചെയ്യുമെന്ന് അങ്ങ് ചോദിക്കും. അങ്ങ് തന്റേടമായിട്ട് പിരിച്ചുവിടണമെന്നാണ് എന്റെ അഭിപ്രായം. എന്തിനാണ് ഭയപ്പെടുന്നത്; ആരെയാണ് ഭയപ്പെടുന്നത്; അങ്ങയുടെ പേരെങ്കിലും സഹകരണ മേഖലയിൽ ജീവിതകാലം മുഴുവൻ, ലോകാവസാനം വരെ കിടക്കട്ടെ. നബാർഡ് കാശുകൊടുക്കാമെന്ന് പറയുന്നുണ്ടെങ്കിലും വേണ്ടെന്നാണ് നമ്മൾ പറയുന്നത്. നബാർഡ് കാശുകൊടുക്കാമെന്ന് പറയുമ്പോൾ വാങ്ങാതിരിക്കാനുള്ള കാര്യമെന്താണ്? 10 ശതമാനം പലിശയ്ക്ക് നമ്മുടെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കാശുകൊടുക്കാമെന്നാണ് നബാർഡ് പറയുന്നതെന്ന് അടുത്തകാലത്ത് കാർഷിക വികസന ബാങ്കിന്റെ ഉദ്യോഗസ്ഥനായ ശ്രീ. ഷാജി സ്കറിയയുമായി സംസാരിച്ചപ്പോഴാണ് ഞാൻ അറിയുന്നത്. 10 ശതമാനം പലിശ മാത്രമല്ല 25 ശതമാനം സബ്സിഡിയും കൊടുക്കും. അപ്പോൾ 7 ശതമാനം പലിശയ്ക്ക് കൃഷിക്കാർക്ക് പണം കൊടുക്കാമെന്നാണ് നബാർഡ് പറയുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ മുഴുവൻ അത് വാങ്ങുകയാണ്. കേരളം എന്തുകൊണ്ട് അത് വാങ്ങുന്നില്ല? കേരളം വാങ്ങിയാൽ എന്താണ് കുഴപ്പം; കേന്ദ്രഗവൺമെന്റിന്റെ പണം, നബാർഡിന്റെ പണം നമ്മൾ വാങ്ങിയാൽ നമുക്കെന്താണ് നഷ്ടം; കർഷകന് ലാഭമുണ്ടാകില്ലേ; 7 ശതമാനം പലിശയ്ക്ക് പണം കൊടുക്കാൻ കഴിയില്ലേ? കിഴതടിയൂർ ബാങ്ക്, പാല, ചെങ്ങളം ബാങ്ക് എന്നീ രണ്ട് ബാങ്കുകൾക്കും നബാർഡ് കാശ് കൊടുത്തിട്ടുണ്ട്. ഞാൻ അവരോട് ചോദിച്ചപ്പോൾ മനസ്സിലായത് കോട്ടയം ജില്ലയിലെ 16 ബാങ്കുകൾക്ക് പണം കൊടുക്കാമെന്നാണ് അവർ പറഞ്ഞത്. 7 ശതമാനം പലി

ശയ്ക്ക് കൃഷിക്കാരന് പണം കിട്ടും. എന്തിന് ഈ ജില്ലാ സഹകരണ ബാങ്കിനെയും സംസ്ഥാന സഹകരണ ബാങ്കിനെയും കൊണ്ട് സംസ്ഥാന ഗവൺമെന്റിനെ ബുദ്ധിമുട്ടിക്കുന്നു. അതുകൊണ്ട് കേരളത്തിലെ 160–ഓളം ബാങ്കുകൾ...., ബാങ്കിന് ചില മാനദണ്ഡങ്ങൾ പറയുന്നുണ്ട്. ഹെൽത്തി ബാങ്കുകൾ ആയിരിക്കണമെന്നത് ആയിക്കോട്ടെ. ഏതു ബാങ്കിൽ നിന്നായാലും പണം കിട്ടുന്നത് കളയണോ; ആ പണം മേടിക്കണം എന്നാണ് എന്റെ അഭിപ്രായം. പണം വാങ്ങാൻ പാടില്ല എന്നുപറഞ്ഞുകൊണ്ട് രജിസ്ട്രാർ സ്റ്റേ ചെയ്തിരിക്കുകയാണ്. കൃഷിക്കാരന് 7 ശതമാനം പലിശയ്ക്ക് പണം കൊടുക്കാൻ രജിസ്ട്രാർക്ക് കഴിയുമോ; പിന്നെ രജിസ്ട്രാർ എന്തിനാണ് സ്റ്റേ ചെയ്യാൻ പോകുന്നത്; അത് മന്ത്രിയുടെ അഭിപ്രായമാണെങ്കിൽ മന്ത്രി പുനഃപ്പരിശോധനയ്ക്ക് വിധേയമാക്കണം എന്ന ഒരു അഭിപ്രായം കൂടി ഞാൻ രേഖപ്പെടുത്തുകയാണ്. അതുകൊണ്ട് സഹകരണ മേഖലയിൽ ഒരു പരിഷ്കാരം ആവശ്യമാണ്. ആ പരിഷ്കാരത്തിന് അങ്ങയുടെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുകളുണ്ടാകണം എന്നുമാത്രമാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീ. എം. ഹംസ: സർ, സംസ്ഥാന സഹകരണ ബാങ്കിൽ ഇപ്പോൾ 8446 കോടി രൂപ നിക്ഷേപമുണ്ട്. അതിൽ 8131 കോടിരൂപ ജില്ലാ ബാങ്കിന്റേതാണ്. അടുത്ത ഏപ്രിൽ മാസം ജില്ലാ ബാങ്ക് നിക്ഷേപങ്ങൾ, എസ്.എൽ.ആർ. ഇവയൊക്കെ ഗവൺമെന്റ് ഗ്യാരണ്ടിയിലേക്ക് മാറ്റണം എന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ വന്നാൽ സംസ്ഥാന സഹകരണ ബാങ്കിൽ കൊടുത്ത ലോൺ പോലും തിരിച്ചെടുക്കാതെ സംസ്ഥാന സഹകരണ ബാങ്ക് പൂട്ടാൻ പോകുകയാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. പി. സി. ജോർജ്</u>: അദ്ദേഹം ഇപ്പോൾ സൂചിപ്പിച്ച വിഷയം ഇവിടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. ഇവിടെ ജില്ലാ ബാങ്കിന്റെ പണമെല്ലാം കൂടി സംസ്ഥാന സഹകരണ ബാങ്കിലാണ്. സംസ്ഥാന സഹകരണ ബാങ്കിന് ഒരു ഭരണം. ഇത് വളരെ അപകടകരമായ നിലയിലേയ്ക്കാണ് പോകുന്നത്. ഇതിന്റെയെല്ലാം അവസാനം ചെന്നെത്തുന്നത് പണം പലിശയ്ക്കെടുക്കുന്ന പാവപ്പെട്ട കർഷകന്റെ മുതുകത്താണ്. നബാർഡിൽ സ്വർണ്ണപ്പണയം കൊടുക്കാൻ പാടില്ലെന്ന നിയമമുണ്ട്. സ്വർണ്ണപ്പണയം കൊടുത്താലെന്താണ്; കാർഷിക വികസന ബാങ്കിൽ സ്വർണ്ണപ്പണയം കൊടുക്കുന്നതിന് എന്താണ് കുഴപ്പം; നബാർഡ് പണം കൊടുക്കാൻ തയ്യാറുള്ളത് മേടിക്കണം. പണം കൊടുക്കണം. അതിനെന്താണ് തർക്കം; എന്റെ അഭിപ്രായത്തിൽ ഇതിനൊരു ചർച്ച ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഇവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷികളെയും സഹകാരികളെയും പങ്കെടുപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി വളരെ വിശദമായ ഒരു ചർച്ച നടത്തി സമഗ്രമായ ഒരു മാറ്റം നിയമത്തിൽ ഉണ്ടാകണം. അക്കാര്യത്തിൽ ബഹുമാനപ്പെട്ട നമ്മുടെ മന്ത്രി നേതൃത്വം കൊടുത്തുവെന്ന് ചരിത്രം എഴുതട്ടെ എന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. സാജു പോൾ</u>: സർ, സർക്കാർ സ്ഥാപനമായ കെ.എസ്.എഫ്.ഇ. പോലും ഇപ്പോൾ ഒരു സഹകരണ ബാങ്കിന്റെയും ചെക്ക് സ്വീകരിക്കുന്നില്ല എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കെ.എസ്.എഫ്.ഇ. ആണല്ലോ ഏറ്റവും വലിയ ബ്ലേഡ് സ്ഥാപനം. കെ.എസ്.എഫ്.ഇ. എന്ന ബ്ലേഡിനെ പിടിച്ചുകെട്ടാമോ എന്ന് ഞാൻ നിയമസഭയിൽ ചോദിച്ചിരുന്നല്ലോ. അതിനെന്താണ് തർക്കം. ബഹുമാനപ്പെട്ട മാണി സാറിനെ പറയണ്ട. മാണി സാർ എന്തുചെയ്യാ

നാണ്; നിങ്ങൾ ഇരുന്നപ്പോഴും അതുതന്നെയല്ലേ ചെയ്തത്. ആര് ഇരുന്നാലും തുല്യമല്ലേ; കെ.എസ്.എഫ്.ഇ. എന്നുപറഞ്ഞാൽ പിടിച്ചുപറി സംഘമാണ്. എത്രയോ കുടുംബങ്ങൾ തകർത്ത സ്ഥാപനമാണ് ഇത്. എനിക്ക് അത് പറയാൻ ഒരുമടിയുമില്ല. കെ.എസ്.എഫ്.ഇ.–യും കെ.എഫ്.സി.യുമെല്ലാം കണക്കാണ്. 12 ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ ഗുണകരമല്ല. അവയെല്ലാം പിടിച്ചുപറി സംഘമാണ്. എനിക്ക് ഇതിൽ കൂടുതലൊന്നും പറയാനില്ല. കർഷകൻ ബുദ്ധിമുട്ടുന്നതുകൊണ്ടാണ് പറഞ്ഞത്. നമ്മുടെ കൺസ്യൂമർ ഫെഡിന്റെ സ്ഥിതിയെന്താണ്; അങ്ങ് വളരെ നല്ല രീതിയിൽ, രാജ്യത്തെ പാവപ്പെട്ട മനുഷ്യന് ജീവിക്കാൻ വേണ്ടി വിലനിലവാരം പിടിച്ചുനിർത്താൻ വേണ്ടി കൊണ്ടുവന്ന സ്ഥാപനമാണ്. ആ സ്ഥാപനത്തിൽ വിജിലൻസുകാരെ കയറ്റി നിരങ്ങി നശിപ്പിച്ച് ഇപ്പോൾ ആ സ്ഥാപനം ഉണ്ടോ; അവിടെ സാധനങ്ങൾ വല്ലതും കൊടുക്കുന്നുണ്ടോ; അങ്ങ് ഇതിനെപ്പറ്റി വല്ലതും അറിയുന്നുണ്ടോ? വിജിലൻസുകാർക്ക് കയറി നിരങ്ങാനുള്ള സ്ഥലമാണോ അത്; കൊള്ള കണ്ടാൽ പിടിക്കണം. പിടിക്കരുതെന്നല്ല എന്റെ അഭിപ്രായം. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണം. ആ സ്ഥാപനം ഒന്നുകൂടി നന്നാക്കി എടുക്കാമോ എന്ന് നോക്കുകയും അതിലൂടെ കർഷകർക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യണം എന്നുകൂടി അങ്ങയോട് അഭ്യർത്ഥിക്കണ്. വളരെ സന്തോഷത്തോടുകൂടി ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പറയുമ്പോൾ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കേരളത്തിലെ വ്യവസായിക മേഖലയിൽ ഏറ്റവും വലിയ സംഭാവന ചെയ്തത് ആരാണ് എന്നു ചോദിച്ചാൽ സി.പി. രാമസ്വാമി അയ്യരെന്ന് ഞാൻ പറയും. അതിൽ പരാതിപ്പെട്ടിട്ട് കാര്യമില്ല. അതിനുശേഷം കേരളത്തിലാദ്യമായി വ്യാവസായിക സംരംഭകർക്ക് അവസരമൊരുക്കിക്കൊടുത്തുകൊണ്ട് വ്യവസായം

കേരളത്തിൽ കൊണ്ടുവന്നത് ആരാണ് എന്നുചോദിച്ചാൽ റ്റി.വി. തോമസ് എന്നുപറയാൻ എനിക്ക് ഒരു മടിയുമില്ല. എന്തിനാണ് ഒളിച്ചുവയ്ക്കുന്നത്? അദ്ദേഹത്തിന്റെ കാലത്താണ് കേരളത്തിൽ ഇങ്ങനെയൊക്കെ വ്യവസായമുണ്ടാക്കാൻ കഴിയും എന്ന് തെളിഞ്ഞത്. ആ വലിയ മനുഷ്യന്റെ തിരോധാനത്തിനുശേഷം എത്രയോ വർഷങ്ങൾ കടന്നുപോയി. വ്യവസായമേഖലയിൽ അതിനുശേഷം മാറ്റമുണ്ടാക്കിക്കൊണ്ട് കേരളത്തിലെ വ്യാവസായിക മേഖലയെ ശക്തിപ്പെടുത്താൻ വലിയ ബഹളമൊന്നുമുണ്ടാക്കാതെ സുസ്മേരവദനായി എല്ലാവരെയും ചിരിച്ചുകൊണ്ട് നേരിട്ട് വളരെ സൗമ്യമായി കേരളം എന്ന കൊച്ചു സംസ്ഥാനത്തിലെ വ്യാവസായിക മേഖലയെ പുഷ്ടിപ്പെടുത്താൻ ഏറ്റവും വലിയ സംഭാവന ചെയ്ത മനുഷ്യൻ എന്ന പേര്, ഒരു സംശയവുമില്ല, പ്രിയങ്കരനായ നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്ക് കിട്ടാൻ പോകുന്നു എന്നതിൽ ഒരു സംശയവുമില്ല. ഞാനിത് പറയുന്നതിൽ നിങ്ങൾ വിഷമിക്കേണ്ട. ഏത് മേഖല എടുത്തുനോക്കിയാലും, ഇപ്പോൾ നമ്മുടെ കേരളത്തിലെ ജനങ്ങളുടെ ഒരു കാഴ്ചപ്പാട് എന്താണ്; അതൊന്നുമാറണ്ടേ; നമ്മുടെ ജനങ്ങളുടെ ചിന്താഗതി എന്താണെന്ന് ചോദിച്ചാൽ ഒരു പുകക്കുഴലും അതിനുമുകളിൽ കുറച്ച് പുകയും വന്നെങ്കിൽ മാത്രമേ വ്യവസായമുള്ളൂ, അവിടെ മാത്രമേ തൊഴിലാളിയുള്ളൂ, അവിടെ മാത്രമമേ തൊഴിലാളി പ്രശ്നങ്ങളുള്ളൂ എന്നാണ് ചിന്തിച്ചിരുന്നത്. അതെല്ലാം മാറിപ്പോയി. ഇനി പുകയും കുഴലും കൊണ്ടിരുന്നാൽ ഒരു ഫലവുമില്ല. പുകയും കുഴലും നഷ്ടപ്പെട്ടു. ആ മേഖലയിൽ മാറ്റമുണ്ടാകണം. ഇന്ന് ലോകം ഉയരുകയാണ്. ലോകത്തിലെ വ്യവസായം മുഴുവൻ ഐ.ടി. മേഖല ഉൾപ്പെടെ ഉയരുകയാണ്. ആ മേഖലയിൽ ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി എന്നു പറയുന്ന മന്ത്രി വളരെ നിശ്ശബ്ദനായി ചെയ്തുകൊണ്ടിരിക്കുന്ന

സേവനങ്ങൾ ഒരു സംശയവുമില്ലാതെ ചരിത്രത്താളുകളിൽ എഴുതപ്പെടുമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഐ.ടി. മേഖലയിൽ ഇന്ന് ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമായി കേരളത്തെ മാറ്റിയത് ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ്. നമുക്കത് ഒളിച്ചുവച്ചിട്ട് കാര്യമില്ല. ഐ.ടി. മേഖല ഇന്ന് കേരളത്തിൽ ഒന്നാമതാണ്. ഐ.ടി. സാക്ഷരതയിൽ കേരളം ഏത് നിലയിൽ എത്തിയിരിക്കുന്നു; ഓരോ ഭാഗവും  എടുത്തുനോക്കണം.  എത്ര ഉദാഹരണം വേണമെങ്കിലും ഞാൻ തരാം. എന്റെ കയ്യിൽ അതിന്റെ കടലാസുകളുണ്ട്. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പേപ്പറുകൾ എല്ലാം എടുത്തുനോക്കി. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഭരണത്തിന്റെ പങ്കാളിത്തത്തിൽ ജനങ്ങളുടെ പങ്കാളിത്തം വരുത്താൻ കഴിയുന്നതെല്ലാം അദ്ദേഹം ചെയ്തിട്ടില്ലേ; ഡിജിറ്റലൈസേഷൻ മുഖേന സമ്പൂർണ്ണ ഇ-ഗവേണൻസ് സ്റ്റേറ്റ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തിലേക്കുള്ള അദ്ദേഹത്തിന്റെ പ്രയാണം ഇന്ന് വളരെയേറെ മുമ്പോട്ടുപോയിരിക്കുന്നു  എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ വികസനത്തിൽ കേരളത്തിന്റെ സ്ഥാനം ഇന്ന് ലോകത്തിനുമുന്നിൽ എവിടെയാണ്; ഡെൻമാർക്ക്, ഫിൻലാന്റ്, നോർവ്വെ, സ്വീഡൻ എന്നീ രാജ്യങ്ങൾക്ക് തുല്യമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. അപ്പോൾ കേരളം ഐ.ടി. മേഖലയിൽ എവിടെ എത്തിയിരിക്കുന്നുവെന്നാണത് ചൂണ്ടിക്കാണിക്കുന്നത്. നിസാരകാര്യമായി കരുതാൻ പറ്റുമോ; മികച്ച സംഭാവന കണക്കിലെടുത്ത് സംസ്ഥാനത്തിന് നിരവധി അന്തർദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവാർഡുകളൊക്കെ വാങ്ങുന്നുണ്ടെങ്കിലും അതിന്റെ പേരിൽ അഹങ്കാരം കൊള്ളാതെ ഈ നാട്ടിലെ ചെറുപ്പക്കാർക്കും ചെറുപ്പക്കാരികൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രയാണത്തോട് എനിക്ക് കൂടുതൽ അഭിമാ

നം തോന്നുന്നു. അതുപോലെ തന്നെ സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ ഇ–ഗവേണൻസ് വ്യാപിപ്പിക്കുക എന്ന ലക്ഷ്യം ഇന്ന് വളരെ യേറെ മുമ്പോട്ടു പോയില്ലേ; ഒരു വർഷത്തിനുള്ളിൽ അത് പൂർത്തിയാക്കും എന്ന് മന്ത്രി പറഞ്ഞിരിക്കുകയാണ്. അത് പൂർത്തീകരിക്കാൻ കഴിഞ്ഞാൽ നമ്മുടെ സ്ഥാനം എവിടെയായിരിക്കും; ഇന്ത്യയിൽ ഒന്നാമത്തെ സംസ്ഥാന മെന്ന നിലയിൽ ലോകത്തുതന്നെ മാതൃകസംസ്ഥാനമായി കേരളം മാറില്ലേ; ആ കാര്യത്തിലാണ് അദ്ദേഹത്തെ അഭിനന്ദിക്കുന്നത്. അതുപോലെ തന്നെ ഓരോ കാര്യവും നോക്കണം. താലൂക്കുതലം വരെ വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇതിന്റെ ആരംഭമെവിടെയാണ്; അതു കൊണ്ടാണ് ഒരു മന്ത്രിയുടെ പേരെടുത്ത് ഞാൻ അഭിനന്ദിക്കുന്നത്. അതിൽ നിങ്ങൾ തെറ്റിദ്ധരിക്കരുത്.

2002 നവംബർ 18–ന് മലപ്പുറം ജില്ലയിൽ ആരംഭിച്ച അക്ഷയ പദ്ധ തിയാണ് കേരളത്തിന്റെ അഭിമാനമായി മാറിയിരിക്കുന്നത്. 2200 സ്വയം സംരംഭകരാണ് എല്ലാ ജില്ലകളിലുമായി അക്ഷയ പദ്ധതിയിലുള്ളത്. ചില സംരംഭങ്ങൾ പരാജയപ്പെട്ടുവെന്ന് നമ്മൾ ആരോപണം പറഞ്ഞു. പക്ഷെ അക്ഷയ സമ്പൂർണ്ണ വിജയമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. ഇ–ഡിസ്ട്രി ക്ടിന്റെ ഭാഗമായി അക്ഷയ സെന്റർ വഴി ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ കൃത്യ മായി വിതരണം ചെയ്തുവരുന്നില്ലേ; അതാർക്ക് നിഷേധിക്കാൻ പറ്റും; ജില്ലാ തല ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് പരമാവധി സേവനം ഉറപ്പാക്കുന്ന തിനുവേണ്ടി നിയോഗിച്ച ജില്ലാ ഇ–ഗവേണൻസ് സൊസൈറ്റി ജില്ലാതല അക്ഷയാ പ്രോജക്ട് ഓഫീസുകളുമായി സംയോജിപ്പിച്ച് മുന്നോട്ടുപോകാ

നുള്ള നീക്കം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ലാഭകരമായ പ്രവർത്തനം എവിടെച്ചെന്നെത്തി നിൽക്കും എന്നാണ് ഇതിൽ കാണുന്നത്. ഈ ഡേറ്റാ സൗണ്ട് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുള്ള നടപടികൾ നടക്കുകയാണ്. ഇങ്ങനെ ഏത് മേഖലയെടുത്ത് നോക്കിയാലും ഈ മൂന്ന് വർഷക്കാലത്തെ വ്യാവസായിക പുരോഗതിക്കുവേണ്ടിയുള്ള ശ്രമം ഒരു കാരണവശാലും ചെറുതായി കാണാൻ കഴിയില്ല എന്നുതന്നെയാണ് എന്റെ അഭിപ്രായം.

മി. ചെയർമാൻ: യെസ്.............. അഞ്ച് മിനിട്ടായി. ഇന്ന് നമുക്ക് ഡിമാന്റ് ഡിസ്കഷന് ശേഷം കരട് കാർഷിക നയത്തെക്കുറിച്ച് ഒരു മണിക്കൂർ ചർച്ച കൂടിയുണ്ട്. അതുകൂടി കണക്കിലെടുത്ത് എല്ലാവരും സഹകരിക്കണം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. പ്രത്യേകിച്ച് അങ്ങ് ചെയറിലിരിക്കുമ്പോൾ ഞാൻ സമയം കയ്യേറുമ്പോൾ തെറ്റിദ്ധാരണ ഉണ്ടാകും. ടെക്നോപാർക്കിൽ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി വികസനപ്രവർത്തനങ്ങൾ നടത്തി അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞതായി ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. അങ്ങ് അതുകൂടി പ്രഖ്യാപിക്കണം. അതും കൂടി പ്രഖ്യാപിച്ച് കഴിയുമ്പോൾ ടെക്നോപാർക്കിൽ മാത്രമായി ഏകദേശം ഒരു ലക്ഷത്തോളം പേർക്കാണ് നേരിട്ട് തൊഴിൽ ലഭിക്കാൻ പോകുന്നത്. എത്രയോ അത്ഭുതകരമായ ഒരു സംഭവമായിരിക്കും. നേരിട്ട് ഒരു ലക്ഷം ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു സംരംഭം സൃഷ്ടിക്കാൻ അങ്ങേയ്ക്ക് കഴിയുക എന്ന് പറഞ്ഞാൽ, ചരിത്രത്താളുകളിൽ അങ്ങയുടെ നാമധേയം കുറിക്കപ്പെടും. ടി. വി. തോമസിന് ശേഷം അങ്ങയുടെ പേരായിരിക്കും. എനിക്ക് ആഗ്രഹമുണ്ടായിരുന്നു ശ്രീ.

എളമരം കരീം സാഹിബ് സഖാവിനെക്കൂടി ഉൾപ്പെടുത്തണമെന്ന്. അങ്ങ് മോശമാണെന്ന് തെറ്റിദ്ധരിക്കണ്ട. പക്ഷെ അങ്ങയേക്കാൾ കൂടുതൽ കാര്യങ്ങൾ ചെയ്തിരിക്കുന്നുവെന്നതുകൊണ്ടാണ് അദ്ദേഹത്തെ അഭിനന്ദിക്കുന്നത്. അല്ലെങ്കിൽ കരീം സാഹിബിന് മന:പ്രയാസം ഉണ്ടായേനെ. എനിക്ക് അങ്ങയോട് തർക്കമുണ്ടായിരുന്നെങ്കിലും കുറെയേറെ നല്ല കാര്യങ്ങൾ ചെയ്തയാളാണ് ശ്രീ. എളമരം കരീമെന്ന് സമ്മതിക്കുകയാണ്. പക്ഷെ ഈ മൂന്ന് വർഷം കൊണ്ടുള്ള മാറ്റങ്ങൾ ചെറുതായി കാണാൻ പറ്റില്ല. ഇവിടെ ഇൻഫോസിസിന്റെയും യു.എസ്.റ്റി. ഗ്ലോബലിന്റെയും പുതിയ മന്ദിരങ്ങളൊക്കെ ഉണ്ടാകുമെന്ന് കാണുന്നതിൽ വളരെ സന്തോഷം. ഈ വ്യാവസായിക ആവശ്യങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള പ്രയാണത്തിൽ നമുക്ക് രാഷ്ട്രീയം മാറ്റിവെയ്ക്കാം. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ സംസാരിച്ചത്, ആർക്കുമൊരു തെറ്റിദ്ധാരണ വേണ്ട. യു.ഡി.എഫ്. മാത്രമാണെന്ന് കണക്കാക്കണ്ട. ഓരോ വ്യക്തിക്കും പ്രാധാന്യമുണ്ടെന്നതും ഞാൻ സമ്മതിക്കുന്നു. ആ വ്യക്തികളെക്കൂടി അംഗീകരിച്ചുകൊണ്ട്, ബഹുമാനിച്ചുകൊണ്ട് രാഷ്ട്രീയത്തിനതീതമായി വ്യാവസായിക മേഖലയിൽ മാറ്റം വരുത്താൻ നമുക്ക് കൂട്ടായി യത്നിക്കേണ്ടതുണ്ടെന്ന അഭിപ്രായം രേഖപ്പെടുത്തുന്നു. അതിന് മാതൃകാപരമായ പ്രവർത്തനമാണ് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് എന്നതുകൊണ്ടാണ് ഞാനിത് സൂചിപ്പിക്കുന്നത്. ഞാൻ സ്ഥിരമായി പറയുന്ന ചെറിയ കാര്യംകൂടി പറഞ്ഞ് നിർത്താം. അത് കെ.എം.എം.എൽ.ന്റെ കാര്യമാണ്. കാട്ടുകള്ളന്മാരാണ് അവിടെ ഇരിക്കുന്നത്. ഇവരെയൊക്കെ മര്യാദ പഠിപ്പിക്കാൻ ആരുമില്ലേ; കുഞ്ഞാലിക്കുട്ടി സാഹിബ് എന്താണ് പാവമാകുന്നത്; ഇവരെയൊക്കെ ഡിസ്മിസ് ചെയ്താൽ പോരാ, ജിയിലിൽ പിടിച്ചിടണം. ആ പ്രദേശത്തെ

പാവപ്പെട്ട ജനങ്ങൾ മുഴുവൻ ഇന്ന് ദുരിതത്തിലാണ്. എന്തിന് ഇത് ടെണ്ടർ ചെയ്യുന്നു; മണൽ മുഴുവൻ കള്ളന്മാർ വാരിക്കൊണ്ടുപോകുകയാണ്. അതിന് മുഴുവൻ കെ.എം.എം.എൽ.ലെ ഉദ്യോഗസ്ഥന്മാർ കൂട്ടുനിൽക്കുകയാണ്. ഇതിൽ നിന്ന് വരുന്ന ആസിഡ് പടർന്ന് അവിടുത്തെ ഒരു ഗ്രാമം മുഴുവൻ രോഗഗ്രസ്ഥമായി. ഞാൻ അവിടെപ്പോയി കണ്ടു. അത് സഹിക്കാൻ കഴിയില്ല. നിലത്ത് ചവിട്ടുന്നവരുടെ കാല് മുഴുവൻ പൊള്ളുകയാണ്. ശരീരം മുഴുവൻ പാട് പിടിക്കുകയാണ്. ഞാൻ ചെന്നപ്പോൾ അവിടത്തെ കുഞ്ഞുങ്ങളെല്ലാം കരഞ്ഞുകൊണ്ടാണ് ഓടിക്കൂടിയത്. ഞാൻ വേദനയോടുകൂടി മന്ത്രിയോട് പറഞ്ഞു. അദ്ദേഹം ഉടൻ ഇടപെട്ട് 150 ഏക്കർ ഏറ്റെടുക്കാൻ തീരുമാനിച്ചു. അതുപോര, ആ ഗ്രാമം മുഴുവൻ ഏറ്റെടുക്കണം. വ്യവസായത്തിൽ ലാഭമുണ്ടാകുമ്പോൾ ആ ലാഭത്തിന്റെ ഒരംശം പാവപ്പെട്ട ജനങ്ങൾക്ക് കൊടുക്കണം. ആ കാര്യത്തിൽ അധികം താമസിയാതെ കള്ളൻമാരുള്ള ആ ബോർഡുകൂടി പിരിച്ചുവിടണം. പൊതു വേദിയായതിനാൽ ഞാൻ ബാക്കി പറയുന്നില്ല. അതുകൊണ്ട് വളരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കെ.എം.എം.എൽ. ഒഴിച്ചുകൊണ്ടുള്ള എല്ലാ കാര്യത്തിലും അങ്ങയുടെ സൗമ്യമായ നയം കേരളത്തിലെ വ്യവസായ മേഖലയെ രക്ഷിക്കും, അതിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് എല്ലാ ജനപിന്തുണയും ലഭിക്കുമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ഡിമാന്റിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, വ്യവസായങ്ങൾ, സഹകരണം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട അഭിമാന സ്ഥാപനമായിരുന്നു

കൺസ്യൂമർഫെഡ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പാവപ്പെട്ടവരെ സഹായിക്കുന്നതിനും വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമായിരുന്നു കൺസ്യൂമർഫെഡ്. മുൻ മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ വളരെ ശ്രദ്ധാപൂർവ്വം ഈ സ്ഥാപനത്തെ വളർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമമാണ് നടത്തിയിട്ടുള്ളത്. യു.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനു ശേഷം കൺസ്യൂമർഫെഡ് ചെയർമാൻ, എം.ഡി. ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സർക്കാരിന്റെ ഒത്താശയോടുകൂടി നടക്കുന്ന 384.7 കോടി രൂപയുടെ വൻ അഴിമതി തെളിവ് സഹിതം ഞാൻ ഈ സഭയിൽ ഉന്നയിക്കുകയാണ്. ഇതിൽ ഇന്റേണൽ എൻക്വയറിയും വിജിലൻസ് എൻക്വയറിയും നടക്കുകയും കോടതി ഇടപെടുകയും ചെയ്തിട്ടുള്ളതാണ്. ഒരു ഫലവും കാണുന്നതിന് കഴിഞ്ഞിട്ടില്ല. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ, എനിക്ക് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 384.7 കോടി രൂപയെ സംബന്ധിച്ചുള്ള അഴിമതി സി.ബി.ഐ.യെക്കൊണ്ട് അന്വേഷണം നടത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ഈ നിയമസഭയിൽ ആവശ്യപ്പെടുകയാണ്. ഒരു വർഷത്തെ അരി, വിദേശ മദ്യം ഇടപാടിൽ മാത്രം 150 കോടി രൂപയുടെ ക്രമക്കേടാണ് നടന്നിട്ടുള്ളത്. ഞാൻ വിജിലൻസ് എൻക്വയറി റിപ്പോർട്ടും വിജലൻസ് കോടതിയുടെ വിധിയും മേശപ്പുറത്ത് വയ്ക്കുകയാണ്. ഞാൻ സ്പീക്കർക്ക് രേഖാമൂലം എഴുതിക്കൊടുക്കുകയും അദ്ദേഹത്തിന്റെ അനുവാദത്തോടെയുമാണ് മേശപ്പുറത്ത് വയ്ക്കുന്നത്. ഈ 150 കോടി രൂപയുടെ ക്രമക്കേടിനെ സംബന്ധിച്ചിടത്തോളം പോലീസ് എഫ്.ഐ.ആർ. എടുത്തിട്ടുള്ളതാണ്. അരിക്കച്ചവടം ഈ സഭയിൽ എല്ലാവരും ശ്രദ്ധിച്ചുകേൾക്കേണ്ടതാണ്. ഓണം, റംസാൻ, ക്രിസ്തുമസ് സീസണുകളിൽ സബ്സിഡി വിതരണ

ത്തിനുവേണ്ട 300 ലോഡ് അരി ഉൾപ്പടെ ഓരോ ജില്ലയിലും പ്രതിവർഷം 1200 ലോഡ് അരിയാണ് വേണ്ടിവരുന്നത്. അതായത് 14 ജില്ലകൾക്കുംകൂടി ഓരോ വർഷവും ആകെ 16800 ലോഡ് അരിയാണ് വേണ്ടത്. ഓപ്പൺ മാർക്കറ്റിൽ 23.40 രൂപ മുതൽ 24.80 രൂപയ്ക്ക് വരെ കിട്ടുന്ന കുത്തരി കൺസ്യൂമർഫെ ഡിന്റെ ഡയറക്ടർ ബോർഡിന്റെ ബിനാമികളും വേണ്ടപ്പെട്ടവരുമായ വിതരണക്കാരിൽ നിന്നും 29.50 രൂപയ്ക്കാണ് വാങ്ങിയിരിക്കുന്നത്. ഒരു കിലോ അരിയിൽ അഞ്ച് രൂപയാണ് വില വ്യത്യാസം വന്നിരിക്കുന്നത്. കൺസ്യൂമർഫെഡ് 17.89 കോടി കിലോ അരിയാണ് വാങ്ങിയിരിക്കുന്നത്. കിലോയ്ക്ക് അഞ്ച് രൂപ ക്രമത്തിൽ ഈ ഇടപാടിൽ മാത്രം 89.46 കോടി രൂപ യുടെ വെട്ടിപ്പാണ്. ഇതുമായി ബന്ധപ്പെട്ടുള്ള രേഖകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. ചങ്ങനാശ്ശേരിയിലെ ആന്ധ്രാ റൈസ് കോർപ്പറേഷൻ, കൊല്ലം തിരുമുല്ലവാരത്തെ ശ്രീകൃഷ്ണാ ട്രേഡേഴ്സ്, നല്ലിലായിലെ ബാബു സ്റ്റോഴ്സ്, കൊല്ലത്തെ വെങ്കിടേശ്വര ട്രേഡേഴ്സ്, എറണാകുളത്തെ ശ്രീബാലാജി കോർപ്പറേഷൻ എന്നീ ഹോൾസെയിൽ വ്യാപാരികളിൽ നിന്ന് സ്വകാര്യ ചെറുകിട വ്യാപാരികൾ 23.50 രൂപയ്ക്ക് അരി വാങ്ങിയപ്പോഴാണ് നമ്മുടെ കൺസ്യൂമർഫെഡ് 29.50 രൂപയ്ക്ക് ഇതേ ഹോൾസെയിൽ വ്യാപാരി കളിൽ നിന്നും അരി വാങ്ങിയതെന്നുള്ള വസ്തുത ഞാൻ ചൂണ്ടിക്കാണിക്കു കയാണ്. ഈ ഇനത്തിൽ മാത്രം 89.46 കോടി രൂപയുടെ വെട്ടിപ്പാണ് നടത്തി യിരിക്കുന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം സ്വകാര്യ വ്യക്തികൾ 23.50 രൂപയ്ക്ക് വാങ്ങിയതിന്റെ ബില്ലും ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

മദ്യക്കച്ചവടത്തെ സംബന്ധിച്ചിടത്തോളം, കൺസ്യൂമർഫെഡ് നടത്തിയ വിദേശമദ്യക്കച്ചവടത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 60.56 കോടി രൂപയുടെ ക്രമക്കേടാണ് നടന്നിരിക്കുന്നത്. മദ്യവിതരണക്കമ്പനി

കൾ എല്ലാവർഷവും ഇൻസെന്റീവായി കൺസ്യൂമർഫെഡിന് നൽകുന്നത് ലക്ഷങ്ങളാണ്. അക്കാര്യം ശ്രീ. ജി. സുധാകരനും അറിയാവുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഈ ഇൻസെന്റീവ് തുകയിൽ ഭീമമായ കുറവാണ് ഉണ്ടായിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2009 –2010–ൽ 21 ലക്ഷം രൂപയാണ് ഇൻസെന്റീവായി ലഭിച്ചത്. ഓരോ വർഷവും എട്ട് ശതമാനത്തിലധികം മദ്യ വിൽപ്പന കുതിച്ചുയരുന്ന കേരളത്തിൽ യു.ഡി. എഫ്. അധികാരത്തിൽ വന്നതിനുശേഷം 2012–2013, 2013–2014–ൽ വെറും നാല് ലക്ഷം രൂപ മാത്രമാണ് കൺസ്യൂമർഫെഡിന് പ്രതിവർഷം ഇൻസെന്റീവായി കിട്ടിയതെന്ന് വിവരാവകാശ രേഖ തെളിയിക്കുകയാണ്. 60.56 കോടി രൂപയുടെ വെട്ടിപ്പാണ് ഈ ഇനത്തിൽ നടന്നിട്ടുള്ളത്. അതിനെ സംബന്ധിച്ചുള്ള രേഖകളും ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. കൺസ്യൂമർഫെഡിന്റെ മെഡിക്കൽ വെയർഹൗസിൽ നിന്നും സ്വന്തം നീതി സ്റ്റോറുകളിലേയ്ക്ക് ബിൽ ചെയ്യുന്ന ലക്ഷങ്ങളുടെ മരുന്നുകളാണ് സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾക്ക് മറിച്ചുവിറ്റിരിക്കുന്നത്. കൊല്ലത്തെ മെഡിക്കൽ വെയർഹൗസിൽ മാത്രം ഡ്രഗ്സ് കൺട്രോൾ വിഭാഗം നടത്തിയ റെയ്ഡിൽ കണ്ടെത്തിയത് 14 ലക്ഷത്തിന്റെ തട്ടിപ്പാണ്. മറ്റ് 13 ജില്ലകളിലെ 102 നീതി സ്റ്റോറുകളിലും മറ്റ് വെയർഹൗസുകളിലും ഈ റെയ്ഡ് ആവർത്തിച്ചിരുന്നുവെങ്കിൽ കോടികളുടെ വെട്ടിപ്പ് പുറത്താകുമായിരുന്നു. മയക്കുമരുന്ന് മാഫിയകൾക്ക് സഹായം ചെയ്തുകൊടുക്കുകയാണ്.

സുനന്ദ പുഷ്ക്കർ കഴിച്ച ട്രിക്ക, എപ്റ്റോയിൻ, സിസോപിൻ, ഗാർഡനൽ, ക്വാട്ടിപ്പിൻ, **അൽഫ്രാക്സി** തുടങ്ങിയ മരുന്നുകൾ എഴുന്നൂറോളം

വരുന്ന സ്ട്രിപ്പുകളിലായി 7000-ൽ അധികം വരുന്ന ഗുളികകളാണ് ഒരു ഡോക്ടറുടെയും പ്രിസ്ക്രിപ്ഷനില്ലാതെ കടത്തി ലക്ഷങ്ങൾ തട്ടിയെടുത്തിരിക്കുന്നത്. അതിനെസംബന്ധിച്ചിടത്തോളം ഡ്രഗ്സ് കൺട്രോളറുടെ അന്വേഷണ റിപ്പോർട്ടും ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. ഇത് സംബന്ധിച്ച് കൊല്ലത്തെ ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലെ സൂപ്പർവൈസർ ഓഫീസറായ റ്റി. എസ്. ബിജു കൺസ്യൂമർഫെഡ് എം.ഡി-ക്ക് 20-04-2013-ൽ പരാതി നൽകിയെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഞാൻ ആ പരാതിയുടെ കോപ്പിയും മേശപ്പുറത്തു വയ്ക്കുകയാണ്. സർക്കാർ സ്ഥാപനമായ കേരഫെഡിനെ ഒഴിവാക്കി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് വെളിച്ചെണ്ണ വാങ്ങിയതിലൂടെ കോടികളുടെ വെട്ടിപ്പാണ് കൺസ്യൂമർ ഫെഡ് നടത്തിയിരിക്കുന്നത്. ഓപ്പൺ മാർക്കറ്റിൽ കിലോയ്ക്ക് 72 രൂപ വിലയുണ്ടായിരുന്നപ്പോൾ 85 രൂപയ്ക്കാണ് കൺസ്യൂമർ ഫെഡ് വെളിച്ചെണ്ണ വാങ്ങിയിരിക്കുന്നത്. എസ്.എൻ. ട്രേഡേഴ്സ്, അന്നമട, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് കിലോയ്ക്ക് 13 രൂപ അധികം കൊടുത്താണ് വെളിച്ചെണ്ണ വാങ്ങിയിരിക്കുന്നത്. പ്രതിമാസം 42 ലക്ഷം രൂപ വീതം 3 വർഷം കൊണ്ട് 15,12,00,000 രൂപയാണ് ഈ ഇനത്തിൽ ഇക്കൂട്ടർ തട്ടിയെടുത്തിരിക്കുന്നത്. ഇത് തെളിയിക്കുവാൻ എസ്.എൻ. ട്രേഡേഴ്സിന്റെയും കേരഫെഡിന്റെയും ബില്ലുകൾ തെളിവിനായി ഈ സഭയുടെ മേശപ്പുറത്തു വയ്ക്കുകയാണ്. 2012 ഓഗസ്റ്റിൽ 4834 ടൺ പഞ്ചസാരയാണ് കൺസ്യൂമർഫെഡ് വാങ്ങിയിട്ടുള്ളത്. ഇതിനായി ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ ഒഴിവാക്കി സ്ഥിരമായി പർച്ചേസ് നടത്തുന്ന സ്ഥാപനത്തിന് കൂടിയ വിലയ്ക്ക്

ഓർഡർ കൊടുക്കുന്നതിനുവേണ്ടി തയ്യാറായി. ഈയിനത്തിൽ പ്രതിവർഷം 2,41,71,000 രൂപയുടെ വെട്ടിപ്പാണ് നടത്തിയിരിക്കുന്നത്. കിലോഗ്രാമിന് 32.40 രൂപ രേഖപ്പെടുത്തിയ കുറഞ്ഞ ക്വട്ടേഷനെ അവഗണിച്ചുകൊണ്ട് രാമനാഥ റെഡ്ഡിയാർ കമ്പനി എന്ന സ്ഥാപനത്തിൽ നിന്ന് 41.50 രൂപ കിലോയ്ക്ക് നൽകി 2.50 കോടിയാണ് തട്ടിയെടുത്തിരിക്കുന്നത്. അതിനെ സംബന്ധിച്ചുള്ള രേഖകളും ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. സ്വകാര്യ വ്യാപാരികൾ കിലോയ്ക്ക് 62 രൂപയ്ക്ക് ചെറുപയർ വാങ്ങുമ്പോൾ കൺസ്യൂമർ ഫെഡ് കിലോയ്ക്ക് 82 രൂപയ്ക്കാണ് വാങ്ങുന്നത്. 20 രൂപ യാണ് ഒരു കിലോയ്ക്ക് കൺസ്യൂമർ ഫെഡ്ഡ് അധികം കൊടുത്തിരിക്കുന്നത്. ഇത്തരത്തിൽ കൊച്ചിയിലെ ശ്രീ ബാലാജി കോർപ്പറേഷനിൽനിന്നും മറ്റു വ്യാപാരികൾ കിലോയ്ക്ക് 62 രൂപയ്ക്ക് സാധനങ്ങൾ വാങ്ങുമ്പോൾ കൺസ്യൂമർഫെഡ് പ്രതീക്ഷ അഗ്രോ ഇൻഡസ്ട്രീസ്, അഹമ്മദ്നഗറെന്ന കള്ളസ്ഥാപനത്തിൽ നിന്നും 82 രൂപയ്ക്കാണ് ചെറുപയർ വാങ്ങിയത്. അതിനെ സംബന്ധിച്ചുള്ള ബില്ലുകളും ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. 20,16,00,000 രൂപയുടെ അഴിമതി ഈ ചെറുപയർ കുംഭകോണത്തിൽ നടന്നി രിക്കുകയാണ്. പച്ചക്കറി വാങ്ങിയ ഇനത്തിൽ 2011–12-ൽ 1,67,90,372 രൂപയും 2012–13-ൽ 7,87,67,892 രൂപയാണ് കൺസ്യൂമർ സ്റ്റോർ പർച്ചേസ് നടത്തിയത്. ഈ ഇടപാടുകളെല്ലാം യാതൊരു ടെണ്ടറും, ഒരു ക്വട്ടേഷനും ഇല്ലാതെയാണ് കൺസ്യൂമർഫെഡ് നടത്തിയിരിക്കുന്നത്. ഒരു ഉന്നത ഉദ്യോഗ സ്ഥന്റെ ബന്ധുവിന് കൊല്ലത്തും പത്തനംതിട്ടയിലുമുള്ള കടയിൽനിന്ന്

മാത്രമാണ് ഈ പർച്ചേസ് നടത്തിയിരിക്കുന്നത്. കൺസ്യൂമർ ഫെഡിന്റെ ഒരു സർക്കുലറുണ്ട്. അദ്ദേഹത്തിനറിയാം. കോയമ്പത്തൂർ, ഊട്ടി, ഒറ്റൻഛത്രം, മേട്ടുപ്പാളയം, ശങ്കരൻകോവിൽ, ആലംകുളം, പൊള്ളാച്ചി, മധുര, മൈസൂർ, പൂനെ എന്നിവിടങ്ങളിൽ നിന്നുമാത്രമാണ് ഈ പച്ചക്കറി വാങ്ങുന്നതിനുള്ള അനുവാദമുള്ളത്. പ്രസ്തുത സർക്കുലറിന് ചെറിയ വിലപോലും കൽപ്പിക്കാതെയാണ് ഈ അഴിമതി നടത്തിയിരിക്കുന്നത്. ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. ഏറ്റവും വലിയ രസകരമായ കാര്യം, നമ്മളെല്ലാം മണ്ഡലങ്ങളിൽ ഫ്ളക്സ് വയ്ക്കാറുണ്ട്. 5,63,39,757 രൂപയുടെ ഫ്ളക്സാണ് ഈ കഴിഞ്ഞ വർഷക്കാലം കൺസ്യൂമർ ഫെഡ് വച്ചിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. വി. ശിവൻകുട്ടി: സർ, **ഫ്ളോട്ടിംഗ് ത്രിവേണി**- അങ്ങേയ്ക്കുകൂടി താൽപര്യമുള്ള വിഷയമാണ്. ഫ്ളോട്ടൽ ഹോസ്പിറ്റാലിറ്റി എന്ന സ്ഥാപനത്തിന് ഒരു ടെണ്ടറുമില്ലാതെ 73 ലക്ഷം രൂപയാണ് നൽകിയിരിക്കുന്നത്. 4 മുറികൾ നിർമ്മിക്കുന്നതിന് കോം കോൺ സിസ്റ്റം എന്ന ചെന്നൈ കമ്പനിയെ കൊണ്ടു വന്നിരിക്കുകയാണ്. ആ കമ്പനിക്ക് കൊടുത്തിരിക്കുന്നത് 10 ലക്ഷം രൂപയാണ്. വിവരാവകാശ നിയമ പ്രകാരം എടുത്തിട്ടുള്ള രേഖ ഞാനിവിടെ മേശപ്പുറത്തു വയ്ക്കുകയാണ്. ത്രിവേണിയുടെ വിവിധ സ്റ്റോറുകളിൽ പത്രപ്പരസ്യമില്ല, ക്വട്ടേഷനില്ല. മെയിന്റനൻസ് ചെയ്ത വകയിൽ 7,07,23,303 രൂപയാണ് ചെലവഴിച്ച വമ്പിച്ച അഴിമതിയാണ് നടത്തിയിരിക്കുന്നത്. അതിനെ സംബന്ധിച്ചുള്ള വിവരങ്ങളും ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. ശിവൻകുട്ടി, അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ നിർത്താം. ഒരു മിനിട്ടുകൂടി എടുത്ത് നിർത്താം. 2011–12–ൽ മാത്രം യാത്രാചെലവ് ഇനത്തിൽ ചെയർമാൻ എം.ഡി, മറ്റു ഉദ്യോഗസ്ഥന്മാർ എല്ലാവരും കൂടി ചേർന്നുകൊണ്ട് ധൂർത്തടിച്ചത് എത്രയാണെന്ന് ശ്രീ. മഞ്ഞളാംകുഴി അലിയ്ക്ക് പറയാൻ കഴിയുമോ. 12,00,85,892 രൂപയാണ് യാത്രാചെലവിനത്തിൽ ചെലവഴിച്ചിരിക്കുന്നത്. 27–ാം തീയതി കൊച്ചിയിൽ ഒരു പത്രസമ്മേളനം നടന്നു. 2013 ജൂലൈ മാസം 27–ാം തീയതി കൊച്ചിയിൽ അര മണിക്കൂർ പത്രസമ്മേളനം നടത്തിയതിന് എത്ര രൂപയാകുമെന്ന് ബാലേട്ടന് പറയാമോ – 5000 രൂപയോളം ആയേക്കും. പക്ഷേ 79,327 രൂപയാണ് അതിനുവേണ്ടി ചെലവഴിച്ചിരിക്കുന്നത്. 09–01–2014 മുതൽ 19 ദിവസം ലില്ലിക്കുട്ടി എന്നൊരു പെൺകുട്ടി എറണാകുളത്തുള്ള കൺസ്യൂമർഫെഡിന്റെ ഓഫീസിൽ സത്യാഗ്രഹം നടത്തി. ഞാനാരുടെയും പേരെടുത്ത് പറയുന്നില്ല. പക്ഷേ കൺസ്യൂമർ ഫെഡിലെ ഐ.എൻ.ടി.യു.സി. നേതാക്കളായ തൃശ്ശൂർ ജില്ലാ സെക്രട്ടറി വസന്തകുമാർ, പാലക്കാട് ജില്ലാ പ്രസിഡന്റ് ബിജു എന്നിവരടക്കം ഈ സമരത്തിന് വനിതാ കമ്മീഷൻ മുമ്പാകെ ഈ കുട്ടി പരാതി കൊടുത്തിരിക്കുന്നു. ശ്രീ. ജി. സുധാകരൻ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് മക്കളെ താലോലിക്കുന്നതുപോലെ വളർത്തി വലുതാക്കിക്കൊണ്ടു വന്ന കേരളത്തിലെ ഏറ്റവും വലിയ സ്ഥാപനമാണ് ഇത്രയും വലിയ ഗതികേടിലെത്തി നിൽക്കുന്നത്. ഈ സഭയ്ക്കു മുമ്പാകെ വളരെ ഉത്തരവാദിത്തത്തോടു കൂടി ഞാൻ ഉന്നയിച്ച ഈ അഴിമതികളെ സംബന്ധിച്ചിടത്തോളം അത് തെളിയിക്കുന്നതിനു വേണ്ടി, 384.70 കോടി രൂപ തെളിയിക്കുന്നതിനുവേണ്ടി, സഹകരണ ഓഡിറ്റ് റിപ്പോർട്ട്,

വിജിലൻസ് എൻക്വയറി റിപ്പോർട്ട്, വിജിലൻസ് കോടതി വിധി, ഓഡിറ്റ് റിപ്പോർട്ട്, എഫ്.ഐ.ആർ, കൺസ്യൂമർ ഹെഡ് ഓഫീസ് അരി വാങ്ങിയതിനെ സംബന്ധിച്ചുള്ള ബില്ല്, സ്വകാര്യ വ്യാപാരികളിൽ നിന്ന് അരി വാങ്ങിയതിനെ സംബന്ധിച്ചുള്ള ബില്ല്, കൺസ്യൂമർ ഫെഡിൽ നിന്ന് കിട്ടിയ വിവരാവകാശ രേഖ., ഡ്രഗ്സ് കൺട്രോളറുടെ റിപ്പോർട്ട് ............

മി. ചെയർമാൻ: അതെല്ലാം അങ്ങ് പറഞ്ഞതാണ്. അവ മേശപ്പുറത്തു വച്ചു കഴിഞ്ഞു.

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതെല്ലാം കൂടി ഞാൻ അങ്ങേയ്ക്കും തന്നിട്ടുണ്ട്. എന്റെ മേശപ്പുറത്തും വച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം വളരെ അടിയന്തരമായിത്തന്നെ ഗവൺമെന്റ് ഇടപെട്ടുകൊണ്ട് സി.ബി.ഐ-യെക്കൊണ്ട് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണ മെന്ന് ഞാൻ വളരെ ഗൗരവത്തോടുകൂടി ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച പ്രശ്നങ്ങൾ ഇവിടെ രേഖാമൂലം എഴുതി തന്നിട്ടുണ്ട്. അദ്ദേഹം ബന്ധപ്പെട്ട രേഖകൾ സഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, 2014-2015 സാമ്പത്തിക വർഷത്തേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ വ്യവസായം, ഐ.ടി, സഹകരണം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇവിടെ ഒത്തിരി അഴിമതി ആരോപ ണങ്ങൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിന്റെ മറ്റു വിശദാംശങ്ങളിലേക്ക് കടന്നു പോകുന്നില്ല. എനിക്കറിയാൻ സാധിച്ചത് കഴിഞ്ഞ ഭരണകാലത്ത് ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻമാരും അതുമായി

ബന്ധപ്പെട്ട ആളുകളുമാണ് ഇപ്പോഴും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ. ആ ഒരു കാര്യം മനസ്സിലാക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതായി രിക്കും. വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രവർത്തനം കേരളത്തിലെ വ്യവസായ വികസന ത്തിന് പുതിയ ഒരു ദിശാബോധം നൽകിയിട്ടുണ്ട്. സഹകരണ വകുപ്പുമന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട സി. എൻ. ബാലകൃഷ്ണന്റെ പ്രവർത്തനം സഹകരണമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. സഹകരണ രംഗത്ത് വർഷങ്ങളായി പ്രവർത്തിച്ചു പരിചയമുള്ളതു കൊണ്ടാണ് മന്ത്രിക്ക് സഹകരണ മേഖലയെ ഇത്രയും കൂടുതൽ ശക്തിപ്പെടു ത്തുവാൻ സാധിച്ചിട്ടുള്ളത്. ആയിരം ദിവസങ്ങൾ കഴിഞ്ഞപ്പോൾ സമാനത കളില്ലാത്ത നേട്ടങ്ങളുമായി വ്യവസായ, ഐ.ടി. വകുപ്പുകൾ മുന്നോട്ടു കൊണ്ടുപോകുവാൻ കുഞ്ഞാലിക്കുട്ടി സാറിന് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ വിപുലവും വിശാലവുമായ സാധ്യതകൾ ലോകത്തിന് പരിചയപ്പെടുത്തുന്ന തിന്റെ ഭാഗമായി നടത്തിയ "എമർജിംഗ് കേരള – 2012" കേരളത്തിൽ വലിയ വിജയമായിരുന്നു. 44 രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. 177 പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നുവന്നതായി അറിയുന്നു. 46 പദ്ധതികൾ വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്നതായി രേഖകളിൽ നിന്നും മനസ്സിലാക്കുന്നു. 46 പദ്ധതികളിൽ 19 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തന ങ്ങൾ പുരോഗമിക്കുന്നതായാണ് എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചത്. ഈ 19 പദ്ധതികളിലൂടെ മാത്രം ഏതാണ്ട് 20,969 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. അന്താരാഷ്ട്ര പ്രശസ്തമായ ബോഷ്,

ബെൻസ് എന്നീ വൻ കമ്പനികൾ എമർജിംഗ് കേരളയുടെ, ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സാങ്കേതിക വിദ്യാഭ്യാസ കൈമാറ്റ നടപടികൾ പൂർത്തിയാക്കിയതായി അറിയുന്നു. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമായി കണക്കാക്കാം. കേരളത്തിന്റെ വ്യവസായ പുരോഗതിയിൽ നിർണ്ണായകമായ പങ്കാണ് കെ.എസ്.ഐ.ഡി.സി വഹിക്കുന്നത്. കെ.എസ്.ഐ.ഡി.സി 3,545 കോടി രൂപ മുതൽമുടക്കുള്ള നിക്ഷേപ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത് വ്യവസായ മേഖലയ്ക്ക് കൂടുതൽ ശക്തിപകരുവാൻ സാധിച്ചിട്ടുണ്ട്. 2014–15–ൽ കെ.എസ്.ഐ.ഡി.സി. സഹായത്തോടുകൂടി 899 കോടി രൂപയുടെ മുതൽമുടക്കോടെ 20 പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ 9000 പേർക്ക് പ്രത്യക്ഷമായി ജോലി നൽകുവാൻ കഴിയും എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. തൊഴിലില്ലാത്ത ധാരാളം ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാകുകയാണ്, ഇതിന് വ്യവസായ വകുപ്പുമന്ത്രിയുടേയും, വകുപ്പുസെക്രട്ടറി അടക്കമുള്ള കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥരേയും ഞാൻ പ്രത്യേകിച്ച് അനുമോദിക്കുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് പർച്ചെയ്സ് പൂർണ്ണമായും ഇ–ടെണ്ടർ സംവിധാനത്തിലാക്കി ഇ–പേയ്മെന്റ് സംവിധാനത്തോടുകൂടിയ ഈ പദ്ധതിക്കുകീഴിൽ 422 കോടി രൂപയുടെ ഇടപാടുകൾ നടക്കുന്നു. ഇതിലൂടെ പർച്ചെയ്സ് സംബന്ധിച്ച മുഴുവൻ ആക്ഷേപങ്ങൾക്കും വിരാമമിടാൻ സാധിച്ചു. ഇങ്ങനെയൊരു ആർജ്ജവം കാണിച്ചത് ഈ സർക്കാരാണ്. ഇതിനു മുൻപത്തെ സർക്കാരിന് ഇങ്ങനെയൊന്നും സാധിക്കാത്തത്, സത്യം പറഞ്ഞാൽ അവരുടെ സുതാര്യതയെ നമുക്ക് സംശയിക്കേണ്ടിയിരിക്കുന്നു. ആഗോളതലത്തിൽ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ തകർച്ചയെ മറികടക്കു

വാനും കൂടുതൽ ശക്തിപ്പെടുത്തുവാനും വേണ്ടി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 60 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കി മലബാർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ വികസനത്തിന് 250 ലക്ഷവും, പ്രിയദർശിനി സഹകരണ മില്ലിന്റെ വികസനത്തിന് 350 ലക്ഷം രൂപയും അനുവദിച്ചു. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ വിമാനത്താവളവും തുറമുഖങ്ങളും ബന്ധിപ്പിച്ചുകൊണ്ട് വ്യവസായ വികസന മേഖലകൾ, ഇൻഡസ്ട്രിയൽ ഡെവല്പ്മെന്റ് സോൺസ് എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതായി മനസ്സിലാക്കുന്നു. ഇതിനായി കിൻഫ്ര 1103 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ഇത് നടപ്പിലാക്കുമ്പോൾ ഈ പ്രദേശങ്ങളുടെ മുഖഛായ തന്നെ മാറും. വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതുവഴി വിമാനത്താവള, തുറമുഖ അധിഷ്ഠിത വ്യവസായം, കയറ്റുമതി അധിഷ്ഠിത വ്യവസായത്തിനും വലിയ ഉണർവുണ്ടാകും. ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാൻ സർക്കാർ ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു. ഇൻഡ്യയിൽ ആദ്യമായി പൊതു-സ്വകാര്യ പങ്കാളിത്ത മാതൃക സ്ഥാപിക്കപ്പെട്ട സാങ്കേതിക ബിസിനസ്സ്, ഇൻകുബേഷൻ മാതൃക, സ്റ്റാർട്ട്-അപ് വില്ലേജ്, കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്ക് തുടങ്ങിയവ പ്രവർത്തനം തുടങ്ങിയിരിക്കുന്നു. അടുത്ത 10 വർഷത്തിനുള്ളിൽ 1000 ഐ.ടി ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനാണ് ഐ.ടി. വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനെ പ്രത്യേകമായി ഞാൻ സ്വാഗതം ചെയ്യുകയാണ്. ഇന്ന് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ കൂടുതലായി പഠിപ്പിക്കുന്നത് ഐ.ടി. അനുബന്ധ വിഷയങ്ങളാണ്. അങ്ങനെയുള്ള കുട്ടികൾക്ക് ഈ സ്റ്റാർട്ട്-അപ് വില്ലേജ് എന്ന പദ്ധതി ആരംഭിക്കു

മ്പോൾ വലിയ പ്രതീക്ഷയാണ് ഉണ്ടായിട്ടുള്ളത്. ഐ.ടി. മേഖലയിൽ മന്ത്രിയുടെ ദീർഘ വീക്ഷണത്തോടു കൂടിയുള്ള കാഴ്ചപ്പാടായിട്ട് ഈ സംരഭത്തെ നമുക്ക് നോക്കിക്കാണാം. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ മണ്ഡലത്തിൽ എഫ്. ഐ.ടി എന്ന പൊതുമേഖലാ സ്ഥാപനമുണ്ട്, നല്ലരീതിയിൽ പ്രവർത്തനം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ എട്ട് ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവിടെ ഗവൺമെന്റ് ഐ.ടി പാർക്ക് നിർമ്മിക്കുവാൻ ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഈ പ്രശ്നം ഞാൻ നിവേദനമായും കത്തുകൾ മുഖേനയും മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. നെടുമ്പാശ്ശേരി അന്തർദ്ദേശീയ വിമാനത്താവളമടക്കമുള്ള സ്ഥാപനങ്ങൾ ആലുവ നിയോജക മണ്ഡലത്തിൽ ഉണ്ട്. ആ ഐ.ടി. പാർക്ക്, വന്നാൽ അവിടെ പുതിയ തലമുറയ്ക്ക് തൊഴിലവസരങ്ങളുണ്ടാകുകയും, എല്ലാ രീതിയിലും ആ മേഖലയെ ഉണർത്തുവാൻ സാധിക്കുമെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിൽ പുതുതായി മലിനീകരണമില്ലാത്ത വ്യവസായങ്ങൾ വരാൻ കൂടുതൽ മുൻഗണന നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുന്നു. കാരണം കേരളത്തിൽ ജനസാന്ദ്രത കൂടുതലും ഭൂമിയുടെ ലഭ്യതക്കുറവും ആണ്. ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ അടുത്തുള്ള വ്യവസായ എസ്റ്റേറ്റുകളിൽ കൂടുതൽ മലിനീകരണമുണ്ടാക്കുന്ന ഇരുമ്പ്, ഉരുക്ക് ഫാക്ടറികൾക്ക് അനുമതി നൽകരുതെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. ഇത് ആ മേഖലയിലുള്ള ജനങ്ങളെ വളരെയധികം ആശങ്കപ്പെടുത്തുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ നാലാമടയെന്ന ഒരു വ്യവസായ എസ്റ്റേറ്റ് ഉണ്ട്. പുതുതായി

ഒരു ഇരുമ്പ് വ്യവസായ ഫാക്ടറി വലിയരീതിയിൽ ആരംഭിക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. ആ പ്രദേശത്തെ ജനങ്ങളെ വളരെയധികം ബാധിക്കുന്ന ഒരു വിഷയമാണ്, ജനങ്ങൾ സമരങ്ങളും, വലിയ പ്രക്ഷോഭ ങ്ങളും നടത്തുകയാണ്. അവിടുത്തെ എല്ലാ രാഷ്ട്രീയപാർട്ടികളും സംയുക്ത മായി പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകികൊണ്ടിരിക്കുകയാണ്. ഈ ഫാക്ടറിയെപ്പറ്റി പുന:പരിശോധിച്ചുകൊണ്ട് അതിന് അനുമതികൊടുത്തിട്ടു ണ്ടെങ്കിൽ അത് റദ്ദാക്കുവാൻ, ജനങ്ങളുടെ വികാരം മനസ്സിലാക്കിക്കൊണ്ട് ആ പദ്ധതി ഇല്ലായ്മ ചെയ്യുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തുന്നു. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ച കരിമണലിന്റെ കാര്യം. കരിമണൽ ഉപയോഗപ്പെടുത്തുവാൻ നമുക്ക് സാധിക്കും. ഇത് പ്രത്യേകിച്ച് പറയാൻ കാരണം ആലുവ വ്യവസായ പാർക്കിൽ പല വ്യവസായ സ്ഥാപനങ്ങളും കരിമണലെന്ന റാമെറ്റീരിയൽ ആശ്രയിച്ചാണ് പോകുന്നത്. കരിമണൽ ഉപയോഗപ്പെടുത്താതിരിക്കുമ്പോൾ ഈ സ്ഥാപനങ്ങൾ അടച്ചു പൂട്ടേണ്ട സാഹചര്യം പലപ്പോഴുമുണ്ടായി. അവിടുത്തെ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ, ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് തിരിച്ച് ഈ വ്യവസായങ്ങൾ പോകുന്ന ഒരവസ്ഥയാണുള്ളത് അതുണ്ടാകാതിരിക്കാൻ, ആ റാമെറ്റീരിയൽ ഉപയോഗ പ്പെടുത്താൻ നമുക്ക് സാധിക്കണം. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

സഹകരണ വകുപ്പിന്റെ സഹകാരിയായ ശ്രീ. സി. എൻ. ബാല കൃഷ്ണൻ വളരെ കരുതലോടുകൂടി തന്നെയാണ് ഈ വകുപ്പിനെ

മുന്നോട്ടുകൊണ്ടുപോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുവാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. കാർഷിക രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും പൊതുവിതരണ രംഗം, ടൂറിസം, ദുർബ്ബല ജനവിഭാഗങ്ങളുടെ ക്ഷേമം തുടങ്ങിയ എല്ലാ രംഗത്തും സഹകരണവകുപ്പ് ശക്തമായ ചുവടുവയ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ സഹകരണ മേഖല ഇന്ന് ദേശീയതലത്തിൽപോലും ശ്രദ്ധിക്കപ്പെടുന്നതിന് കാരണം, നിക്ഷേപവായ്പാ രംഗത്തെ മികച്ച പ്രവർത്തനം തന്നെയാണ്. ആഗോള സാമ്പത്തികമാന്ദ്യം നേരിടുമ്പോഴും കേരളത്തിലെ സഹകരണ നിക്ഷേപ മേഖലയുടെ വളർച്ച അന്തർദേശീയ തലത്തിൽപോലും പഠനവിഷയമായിട്ടുണ്ട്. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ 95,000 കോടി രൂപയുടെ നിക്ഷേപമുണ്ട്. മാത്രമല്ല, സഹകരണ മേഖലയിലെ വായ്പ-നിക്ഷേപ അനുപാതവും വളരെ ഉയർന്നതാണ്. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരിച്ചു. ഈ സ്കീമിൽ അംഗമായ നിക്ഷേപകർക്ക് നിക്ഷേപതുക തിരികെ നൽകുവാൻ കഴിഞ്ഞില്ലെങ്കിൽ ഒരു ലക്ഷം രൂപ വരെയുള്ള തുക ബോർഡ് നൽകുന്നതാണ്. ഇതിലൂടെ സഹകരണമേഖലയിലെ നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കുവാൻ സർക്കാരിന് സാധിക്കുന്നതാണ്. മൂന്ന് സെന്റോ അതിനുമുകളിലോ കൈവശ വസ്തുക്കളുള്ള അംഗങ്ങൾക്ക് സഹകരണ മേഖലയിലൂടെ വസ്തുജാമ്യത്തിന്മേൽ വായ്പ അനുവദിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പാവപ്പെട്ട ആളുകൾക്ക് വളരെ

യധികം പ്രയോജനം ചെയ്യുന്നതാണ്. വിലക്കയറ്റം അതിരൂക്ഷമായ ഈ കാലഘട്ടത്തിൽ കൺസ്യൂമർഫെഡിന് ആവശ്യമായ തുക ധനകാര്യവകുപ്പിൽ നിന്ന് അനുവദിച്ച് കൺസ്യൂമർഫെഡിനെ ശക്തിപ്പെടുത്തി വിപണിയിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചുനിറുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ധാരാളം പ്രവർത്തനങ്ങൾ സഹകരണ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ശ്രീ. ജോസ് തെറ്റയിൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ മേഖലയിലെ ഡെപ്പോസിറ്റുകൾക്ക് ഇൻകം ടാക്സ് കൊടുക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് വരുമ്പോൾ സ്വാഭാവികമായും അവിടെ ഡെപ്പോസിറ്റ് ചെയ്യാൻ പല ആളുകളും മടിക്കുന്ന സ്ഥിതിയുണ്ടാകും. ഈ വിധത്തിൽ നിക്ഷേപമില്ലാതെ സഹകരണമേഖലയെ തകർക്കുന്നൊരു സാഹചര്യമുണ്ടാകുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് അതിനെ തടയണമെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഓപ്പറേഷൻ കുബേരയെന്ന നടപടിയിലൂടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വട്ടിപ്പലിശക്കാരുടെ കയ്യിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുവാനുള്ള നടപടി സ്വീകരിച്ച ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകൾ അവർക്ക് താങ്ങായി മാറിയിരിക്കുകയാണ്. സഹകരണ ബാങ്കുകളുടെ വായ്പ നടപടികൾ ലഘൂകരിക്കുകയും 18 ശതമാനയിരുന്ന പലിശനിരക്ക് 15 ശതമാനമാക്കി നിജപ്പെടുത്തുകയും ചെയ്തു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട പി.സി. ജോർജ് പറഞ്ഞതുപോലെ ടി പലിശ നിരക്ക് 12 ശതമാനമെങ്കിലും ആക്കി മാറ്റുന്ന ഒരു സാഹചര്യമുണ്ടായാൽ പാവപ്പെട്ടവന്

വലിയ ഉപകാരമായിരിക്കും. സഹകരണ മേഖലയിലെ റിസ്ക് ഫണ്ടിനെപ്പറ്റി പറയുകയാണെങ്കിൽ ലോൺ എടുത്ത ആൾ മരണപ്പെടുമ്പോൾ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ആ റിസ്ക് ഫണ്ട് കിട്ടാത്തൊരു സാഹചര്യം പലപ്പോഴും പല ആളുകൾക്കും ഉണ്ടാകാറുണ്ട്. അതിനുള്ള നൂലാമാലകൾ മാറ്റി യഥാസമയം അവർക്ക് റിസ്ക് ഫണ്ട് കിട്ടുന്നതിനുള്ള ഒരു സാഹചര്യമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണം. വ്യവസായ വകുപ്പിന്റെ കീഴിൽ അക്ഷയ ഇ-സെന്ററുകളുണ്ട്. ഇത് വളരെ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയാണ്. വില്ലേജ് ഓഫീസുകൾ അടക്കമുള്ള പല സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ അക്ഷയ ഇ-സെന്ററുകൾ വഴി കിട്ടുന്നത്. പക്ഷെ, അക്ഷയ ഇ-സെന്റുകളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുമ്പോഴും അവയുടെ എണ്ണം കൂട്ടി കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട അടൂർ പ്രകാശിന്റെ നേതൃത്വത്തിലുള്ള കയർ മേഖല അതിന്റെ പ്രവർത്തനങ്ങളുമായി നല്ല രീതിയിൽ മുന്നോട്ടുപോവുകയാണ്. അതിന് അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഇവിടെ ഏതെങ്കിലുമൊരു നിറത്തെക്കുറിച്ചുള്ള ചർച്ച സജീവമായി മാറുകയാണ്. ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കുവാനുള്ളത് സത്യത്തിൽ ഈ ഭൂമിയിൽ കാണുന്ന എല്ലാ നിറങ്ങളും പ്രകൃതി നൽകിയതാണ്. യഥാർത്ഥത്തിൽ ഏഴ് നിറങ്ങളാണ് ഭൂമി

യിലുള്ളത്. മനുഷ്യന്റെ കണ്ണിന്റെ persistence of vision കൊണ്ട് ഇത് വെള്ള നിറത്തിൽ തോന്നുന്നതിനപ്പുറം യഥാർത്ഥത്തിൽ ഭൂമിയിൽ ഏഴ് നിറങ്ങളാണുള്ളത്. അതുകൊണ്ട് ഓരോ നിറങ്ങളും ഓരോ ആളുകൾ ഓരോ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്ന രീതി പലപ്പോഴും ശരിയല്ലെന്ന് തോന്നുക യാണ്. സപ്തരാഗങ്ങളും സപ്തവർണ്ണങ്ങളും സപ്തതാളങ്ങളും സപ്തസാഗ രങ്ങളുമെല്ലാം പ്രകൃതിയുടേതായ വലിയൊരനുഗ്രഹമാണ്. പലപ്പോഴും ആ ചർച്ചയിലേയ്ക്ക് നിറങ്ങളെ കൊണ്ടുവരുമ്പോൾ അതിന്റെ ഭംഗിയും ആസ്വാദ്യതയും പലപ്പോഴും നഷ്ടപ്പെടുന്നുവെന്ന് സാന്ദർഭികമായി പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഇത് പറയാൻ കാരണം, ആകാശത്ത് മഴവില്ല് കാണപ്പെടുന്നതും പ്രകൃതിയുടെ മറ്റൊരു പ്രതിഭാസമാണ്. പ്രിസത്തിലൂടെ കടന്നുപോകുന്നതുപോലെ മഞ്ഞുതുള്ളികളിലൂടെ കടന്നുപോകുമ്പോൾ ആകാശത്ത് മഴവില്ലുകൾ കാണാറുണ്ട്. ഇവിടെ വ്യവസായ വകുപ്പിനെ ക്കുറിച്ച് പറയുമ്പോൾ കഴിഞ്ഞ മൂന്നുവർഷക്കാലമായി കേരളത്തിന്റെ വ്യവസായ മേഖലയിൽ വലിയൊരു മഴവില്ല് വിരിയിക്കാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വളരെ സന്തോഷപൂർവ്വം ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഏതാണ്ട് 110 വർഷം പിന്നിട്ട സഹകരണ മേഖല കേരളത്തിന്റെ സമസ്ത ജീവിതവുമായി ബന്ധപ്പെട്ട് സജീവ സാന്നിദ്ധ്യമായി മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷെ, ഓരോ കാലഘട്ടത്തിലുമുണ്ടാകുന്ന ഒട്ടേറെ നിയമങ്ങളും നിബന്ധനകളും സഹകരണ പ്രസ്ഥാനത്തിന് പലപ്പോഴും തിരിച്ചടിയുണ്ടാക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട എം. ഹംസ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. കഴിഞ്ഞ ദിവസം റിസർവ്വ്

ബാങ്ക് പുറത്തിറക്കിയ പുതിയ നിർദ്ദേശമനുസരിച്ച് ക്യാഷ് റിസർവ് റേഷ്യോ മൂന്ന് ശതമാനത്തിൽ നിന്നും നാല് ശതമാനമാക്കുകയും സ്റ്റാറ്റ്യൂട്ടറി ലിക്വിഡ് റേഷ്യോ 25 ശതമാനത്തിൽ നിന്നും 22.5 ശതമാനമാക്കി കുറയ്ക്കുകയും ചെയ്ത നടപടിയുടെ ഭാഗമായി ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കാൻ പോകുന്നത് സംസ്ഥാന സഹകരണ ബാങ്കാണെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. ഏതാണ്ട് 6,500 കോടി രൂപയോളം നിക്ഷേപമുള്ള ബാങ്കിന്റെ 5,500 കോടി രൂപയോളം രൂപ വിവിധ ജില്ലാ ബാങ്കുകൾ നിക്ഷേപിച്ചിട്ടുള്ള തുകയാണ്. അത് വിവിധ മേഖലകളിലേയ്ക്ക് വായ്പ നൽകിയ സാഹചര്യത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ജൂലൈ 15–ാം തീയതിക്കു മുമ്പ് അത് തിരികെ അടയ്ക്കണമെന്നുള്ള നിർദ്ദേശം കേരളത്തിലെ സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്യാൻ ഈ വകുപ്പിന് സാധിച്ചിട്ടുണ്ട്. അതിൽ ഈ സർക്കാരിന്റെ മുഖമുദ്രയായി എടുത്തു കാണിക്കാൻ കഴിയുന്ന ഒരു കാര്യം സഹകരണ മേഖലയിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് ശാരീരിക വൈകല്യമുള്ള ആളുകൾക്ക് മൂന്ന് ശതമാനം സംവരണം നൽകണമെന്നുള്ള നിർദ്ദേശം വർഷങ്ങളായിട്ടുള്ള ഒരാവശ്യമായിരുന്നു. അത് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി കാണിച്ച സന്മനസ്സിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെയാണ് മൂന്ന് സെന്റിൽ താഴെ ഭൂമിയുള്ള ആളുകൾക്ക് വസ്തുവിന്റെ ഈടില്ലാതെതന്നെ ജാമ്യം നൽകുവാനുള്ള പ്രവർത്തനവും ആരംഭിച്ചത്. ഓപ്പറേഷൻ കുബേര ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടക്കുന്ന സന്ദർഭത്തിൽ അയ്യായിരം രൂപ വരെ വായ്പയായി

അപേക്ഷിക്കുന്ന ആളുകൾക്ക് വളരെ പെട്ടെന്ന് വായ്പ നൽകുവാനായിട്ടുള്ള ഒരു പദ്ധതിയും ടി വായ്പകളുടെ പലിശ ഒരു ശതമാനം കുറയ്ക്കുവാനുള്ള തീരുമാനവും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായി. അതുകൊണ്ടു തന്നെ ജനജീവിതവുമായി വളരെയേറെ ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായ ഇടപെടൽ ഈ ഡിപ്പാർട്ടുമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രി യുടെയും ഭാഗത്തുനിന്നുണ്ടാകുന്നുവെന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുക യാണ്. സഹകരണ നിയമത്തിന്റെ ഭേദഗതിയിൽ വളരെ പ്രധാനപ്പെട്ട ഒരുകാര്യം മാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മെമ്പേഴ്സ് റിലീഫ് ഫണ്ട് എന്ന വലിയൊരാശയമാണ് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നത്. പക്ഷെ, ആ റിലീഫ് ഫണ്ട് അതാത് ബാങ്കിന്റെ ഭരണസമിതികളിലെ അംഗങ്ങ ളുടെ ആവശ്യത്തിന് നൽകാൻ വേണ്ടിയുള്ള ഒരു ശ്രമം ഉണ്ടാവുകയും എല്ലാതരത്തിലുമുള്ള കേന്ദ്രീകരണം ഇക്കാര്യത്തിൽ ഉണ്ടാകാതിരിക്കാൻ ശ്രമിക്കുകയും വികേന്ദ്രീകരണത്തിന്റെ കാഴ്ചപ്പാട് മെമ്പേഴ്സ് റിലീഫ് ഫണ്ടിന്റെ കാര്യത്തിൽ കൊണ്ടുവരാനും കഴിഞ്ഞാൽ തീർച്ചയായും സഹകര ണമേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് വലിയ ആശ്വാസ കിരണം നൽകുവാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം തന്നെ നബാർഡിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങൾ വായ്പയെടുക്കരുതെന്നുള്ള നിർദ്ദേശം, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ശ്രീ.പി. സി. ജോർജ് സൂചിപ്പിച്ചതുപോലെ സാധാരണ കൃഷി ക്കാർക്ക് ഏറ്റവും ന്യായമായ പലിശയ്ക്ക് വായ്പ കിട്ടാൻ സാഹചര്യമൊരു ക്കുമ്പോൾ അതിനെതിരായി നിൽക്കന്ന ഒരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. അക്കാര്യം പുന:പരിശോധിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിലെ സജീവമായ ഇത്തരം പ്രവർത്തനങ്ങൾക്ക്

നേതൃത്വം നൽകുന്ന ഈ രണ്ടുവകുപ്പുകളിലെയും മന്ത്രിമാർക്ക് പ്രത്യേക മായ അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുകയാണ്. സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളും പരമ്പരാഗത വ്യവസായമേഖലയും തകർച്ചയുടെ നെല്ലിപ്പടിയിൽ എത്തിനിൽക്കുകയാണ്. ഈ വ്യവസായങ്ങളെ സജീവമാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ എന്തെങ്കിലുമുണ്ടെന്ന് കാണാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് വന്നതിനു ശേഷം 'പൊതുമേഖലയ്ക്ക് പുതുജീവൻ നൽകി' എന്ന് വലിയ പ്രചരണം നടക്കുന്നുണ്ട്. ആ പ്രചരണങ്ങളെല്ലാം നല്ലതുതന്നെയാണ്, ആളുകൾക്ക് ആത്മവിശ്വാസമുണ്ടാക്കാൻ ഉപകരിക്കും. പക്ഷേ, അത് കേവലം ഒരു പുക മറ സൃഷ്ടിക്കൽ മാത്രമായിട്ടാണ് അനുഭവപ്പെടുന്നത്. ആ പൊതുമേഖലാ വ്യവസായങ്ങളുടെ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. മുൻ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലയെ സജീവമാക്കുന്നതിനോടൊപ്പംത ന്നെ, കണ്ണൂർ ജില്ലയിലെ ട്രാക്കോ കേബിൾ ഉൾപ്പെടെയുള്ള 10 പൊതുമേ ഖലാ വ്യവസായ യൂണിറ്റുകൾ, ആ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച താണ്. പക്ഷേ അതിൽ ഒരു യൂണിറ്റും ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കു ന്നില്ല, അതെല്ലാം പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഈ കാര്യം പല പ്പോഴും വ്യവസായ വകുപ്പിന്റേയും മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങളാണ്. ഇപ്പോൾ ഐ.ടി. മേഖലയിലാണ് വലിയ തോതിൽ ആശ വച്ചുപുലർത്തുന്നത്. അത് നല്ല കാര്യം തന്നെയാണ്. അതുമായി ബന്ധപ്പെട്ട ഒരു അനുഭവം, കണ്ണൂർ ജില്ലയിലെ എന്റെ മണ്ഡലമായ പയ്യന്നൂർ മണ്ഡല

ത്തിലെ എരമം പുല്ലുപാറയിലാണ് കണ്ണൂർ സൈബർ പാർക്ക്, സ്ഥിതിചെയ്യുന്നത്. 2011-ൽ അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദൻ അതിന് ശിലാസ്ഥാപനം നടത്തുകയും 2012-ൽ കെട്ടിടം നിർമ്മിക്കുന്നതിനായി 21.4 കോടി രൂപയുടെ നബാർഡിന്റെ വായ്പയും ലഭ്യമാക്കിയതാണ്. എന്നാൽ, ചില സാങ്കേതിക കാരണങ്ങളാൽ അതിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോഴും സ്തംഭിച്ചുനിൽക്കുകയാണ്. നബാർഡ് വായ്പ നൽകുമ്പോൾ 2014-ൽ അതിന്റെ നിർമ്മാണം പൂർത്തിയാക്കിയിരിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഇതേനിലയ്ക്ക് പോവുകയാണെങ്കിൽ ആ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഈ കാര്യവും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടേയും മറ്റും ശ്രദ്ധയിലുള്ള കാര്യം തന്നെയാണ്. തയ്യാറാക്കുന്ന പദ്ധതികളുടെ നടപ്പിലാക്കൽ പോലും ഒരു ഒച്ചിന്റെ വേഗതയിലാണ് മുന്നോട്ടു നീങ്ങുന്നതെന്ന് ഇതിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് സംഘടിത ആധുനിക വ്യവസായങ്ങൾ കുറവാണെന്ന വസ്തുത എല്ലാവർക്കുമറിയാവുന്നതാണ്. അക്കാര്യമാണ് ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടത്തെ 40 ലക്ഷത്തോളം തൊഴിലാളികളുടേയും അവരുടെ കുടുംബങ്ങളുടെയും ഉപജീവന മാർഗ്ഗം പരമ്പരാഗത വ്യവസായങ്ങളാണ്. കേരളത്തിലെ കയർ വ്യവസായം, കശുവണ്ടി മേഖല, കൈത്തറി മേഖല, ഖാദി–ഗ്രാമവ്യവസായങ്ങൾ, ബീഡി മേഖല – ഈ പരമ്പരാഗത വ്യവസായങ്ങളായിരുന്നു ഒരു കാലത്ത് കേരളത്തിന്റെ സാമ്പത്തിക മേഖലയെ സജീവമാക്കിയിരുന്നത്. പതിനായിരക്കണക്കിന് തൊഴിലാളികളാണ് ഈ രംഗത്ത് പണിയെടുത്തിരുന്നത്. ഇന്ന് ഈ

മേഖലയെ ഓരോന്നിനെയും എടുത്ത് പരിശോധിച്ചാൽ ഈ മൂന്ന് വർഷക്കാലത്തിനിടയിൽ, എന്നുപറഞ്ഞാൽ അതിന് മുമ്പെല്ലാം വളരെ കേമമായിരുന്നു എന്ന അർത്ഥത്തിലല്ല, അന്ന് കുറെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്, ഇതിൽ ഏതിനെയെങ്കിലും മുന്നോട്ടുകൊണ്ടുവരാൻ, 10 പേർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ, അവർക്ക് വരുമാനമുണ്ടാക്കിക്കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? ഓരോന്നിന്റെയും റിപ്പോർട്ടെടുത്ത് പരിശോധിച്ചുനോക്കിയാൽ അതിന് സാധിക്കുന്നില്ല എന്ന് കാണാവുന്നതാണ്. കുറെ പണം ഇതിനായി ചെലവഴിക്കുന്നുണ്ടെന്നുള്ളത് ശരിയാണ്. ഇതിൽ ഓരോന്നിനെ സംബന്ധിച്ചും ഞാൻ പറയുന്നില്ല. കേരളത്തിന്റെ കൈത്തറിയെ സംബന്ധിച്ചിടത്തോളം, കൈത്തറി വസ്ത്രങ്ങൾക്ക് ഇവിടെ ഡിമാന്റ് ഉണ്ട്. അതിനനുസരിച്ച് ഇവിടെ കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ല. ആ മേഖലയിലുള്ള 357 സഹകരണ സംഘങ്ങളും ഊർദ്ധ്വശ്വാസം വലിക്കുകയാണ്. റിബേറ്റിന്റെ വിഷയവും അതിന് ധനസഹായം നൽകുന്നതിനുവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ ആർ.ആർ.ആർ. പാക്കേജ് പ്രകാരമുള്ള ധനസഹായവും കൈത്തറി സ്ഥാപനങ്ങൾക്ക് പൂർണ്ണമായും ലഭിച്ചിട്ടില്ല. അതോടൊപ്പംതന്നെയാണ് കൈത്തറി പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട അപ്പെക്സ് സംഘമായ ഹാന്റക്സ്. ആ ഹാന്റക്സിന് തുണി നൽകിയ വകയിൽ പതിനെട്ടര കോടി രൂപ കൈത്തറി സംഘങ്ങൾക്ക് കുടിശ്ശികയാണ്. കാരണം, അവർക്ക് പണം കിട്ടാനുണ്ട്, അവർക്കും കൊടുക്കാനായി സാധിക്കുന്നില്ല. കൈത്തറിയിൽ പ്രധാനപ്പെട്ട ഒരു മേഖല തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മേഖലയാണ്. കണ്ണൂർ കൈത്തറിയുടെ ഒരു വലിയ ഭാഗം അതായിരുന്നു.

പക്ഷേ ഇപ്പോൾ അസംസ്കൃത സാധനങ്ങളുടെ വില വർദ്ധനവ് കാരണം, കയറ്റുമതിക്കാവശ്യമായ കൈത്തറി തുണി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് കയറ്റുമതിക്കുള്ള വിലയും ഇതും തമ്മിൽ പൊരുത്തപ്പെടാൻ പോകുന്നില്ല. അടുത്തകാലത്തായി 350 കോടി രൂപയുടെ കൈത്തറി തുണിത്തരങ്ങൾ കയറ്റുമതി ചെയ്ത സ്ഥാനത്ത് അത് 220 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തെ റിപ്പോർട്ടിൽ അതിലും കുറവാണ്. കൈത്തറിമേഖലയിൽ ഉൽപ്പാദനം സ്തംഭിച്ചുനിൽക്കുകയാണ്. ഇതിന് പരിഹാരം കാണേണ്ടതായിട്ടുണ്ട്. ഈ കാര്യത്തിൽ ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്താകെ പരിശോധിച്ചാൽ, ഖാദി വ്യവസായമെന്നുപറയുന്നത് നമ്മുടെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒന്നാണ്. സ്വദേശിപ്രസ്ഥാനത്തിന്റെ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ സമരത്തിന്റെ ഭാഗമായിട്ടാണ് ഖാദി ഉൽപ്പാദനവും ഖാദി പ്രചരണവുമെല്ലാം കൊണ്ടുവന്നത്. അത് ഭരണഘടനാപരമായിത്തന്നെ നിലനിൽക്കുന്ന ഒരു വ്യവസായമാണ്. ആ ഖാദിയെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥ..........ചില കാര്യങ്ങൾ ഇവിടെ ചെയ്തിട്ടുണ്ട്. പക്ഷേ, പൊതുവിൽ പരിശോധിച്ചുനോക്കിയാൽ കേരളത്തിൽ ഖാദി–കൈത്തറി വസ്ത്രം ധരിക്കുന്ന ആളുകളുടെ എണ്ണം കൂടിയിട്ടുണ്ട്. പോളിയസ്റ്റർ, സിൽക്ക് തുടങ്ങിയ ഉൽപ്പന്നങ്ങളൊക്കെ ആളുകൾ ഉപേക്ഷിക്കാനായി തുടങ്ങിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ വിപണിയിൽ ഒരു വർഷം 100 കോടി രൂപയുടെ ഖാദി വസ്ത്രങ്ങൾ വിൽക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പ്രസ്താവിച്ചത്. കേരളത്തിലെ

വിപണിയിലെത്തുന്ന ഖാദി വസ്ത്രങ്ങളിൽ പകുതിയോളം മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ശേഷിക്കുന്നവ അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റ് ഖാദി സ്ഥാപനങ്ങളിൽ നിന്നും സംഭരിച്ച് ഇവിടെ വിൽപ്പന നടത്തുന്ന രീതി യാണ് നിലനിൽക്കുന്നത്. പല ഖാദി സ്ഥാപനങ്ങളും അതിലാണ് വ്യഗ്രത കാണിക്കുന്നത്. കാരണം, ഉൽപ്പാദന രംഗത്ത് കുറച്ച് റിസ്ക് എടുക്കണം. അതിനുപകരം കൊണ്ടുവന്ന് വിറ്റുകഴിഞ്ഞാൽ അവർക്ക് അതിന്റെ കമ്മീഷൻ കിട്ടും, വ്യാപാരവും നടക്കും. ആ തരത്തിലുള്ള ഏർപ്പാടുകളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ വ്യവസായത്തെ നവീകരിക്കാനും അതിനെ നിലനിർത്തുന്നതിനുമുള്ള കുറെ ചർച്ചകൾ നടന്നിട്ടുണ്ട്. അതിന്റെ ഭാഗമായി, ഈ ഗവൺമെന്റ് വന്നതിനുശേഷം ഖാദി വ്യവസായത്തെ എങ്ങനെ നവീക രിക്കാം; അതിന് എന്തെല്ലാം ചെയ്യണമെന്നതിനെ സംബന്ധിച്ച് പരിശോധി ക്കുന്നതിനായി ബഹുമാന്യനായ ഗോപിനാഥൻ നായർ ചെയർമാനായ ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റിയിൽ ഞാനും ഒരു അംഗമായിരുന്നു. ആ കമ്മി റ്റിയുടെ റിപ്പോർട്ട് 06.03.2012-ന് സർക്കാരിന് സമർപ്പിക്കുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അതിന്റെ ഉള്ളടക്കം പരിശോധിച്ച് അത് നടപ്പിലാക്കുന്നതിനുള്ള ഫലപ്രദമായ നടപടി കളൊന്നുംതന്നെ ഇതുവരെയും ഉണ്ടായിട്ടില്ല.

സർ, കഴിഞ്ഞ വർഷം ഏതാനും കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചി രുന്നു. അത് സ്വാഗതാർഹമായ കാര്യമാണ്. ആ റിപ്പോർട്ട് പ്രകാരം 100, 120 കോടി രൂപയുണ്ടെങ്കിൽ മാത്രമേ വ്യവസായത്തെ നവീകരിക്കുവാൻ സാധി ക്കുകയുള്ളൂ. ആ നവീകരണത്തിന്റെ ഭാഗമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷ

മതയും വർദ്ധിപ്പിക്കണം. അതുപോലെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും സാധിക്കണം. ഇതിനാവശ്യമായ നടപടികൾ മറ്റ് മേഖല കളിൽ എന്നതുപോലെതന്നെ ഖാദി മേഖലയിലും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിൽ ഇതിനുള്ള ചില നിർദ്ദേശങ്ങൾ വച്ചിരുന്നു. അതിൽ പ്രധാനമായിട്ടുള്ളത് അതിന്റെ നവീകരണവുമായി ബന്ധപ്പെട്ടതാണ്. ഖാദി മേഖലയിൽ മഹാഭൂരിപക്ഷവും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. ഗാന്ധിജിയുടെ ചിത്രത്തിൽ കാണുന്നതുപോലെ കിസാൻ ചർക്കയിൽ നൂലെടുക്കുന്ന സമ്പ്രദായമല്ല ഇന്നുള്ളത്. അതിനെല്ലാം മാറ്റം വന്നിട്ടുണ്ട്. ഒരു കഴിനൂലെന്ന് പറഞ്ഞാൽ 1000 മീറ്റർ നൂലാണ്. 24 കഴിനൂൽ ഒരു ദിവസം ഉൽപ്പാദിപ്പിച്ചാലാണ് ഒരു തൊഴിലാളിക്ക് ഒരു ദിവസത്തെ വേതനം കിട്ടുന്നത്. അതാണ് അതിന്റെ സമ്പ്രദായം. 1000 മീറ്റർ വരുന്ന ഒരു കഴിനൂൽ ഉൽപ്പാദിപ്പിക്കാൻ ഈ ഇരുമ്പ് ചക്രം എത്ര തവണ തിരിക്കണമെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അതിൽ ജോലി ചെയ്യുന്ന തൊഴിലാളിക ളെല്ലാം ആ ഇരുമ്പ് ചക്രം തിരിച്ച് കയ്യുടെ പാർട്സുകളെല്ലാം തേഞ്ഞ് ആരോഗ്യം നശിച്ച് ജോലി ചെയ്യുന്ന കാഴ്ച എവിടെപ്പോയാലും കാണാൻ സാധിക്കും. എല്ലാ ഭാഗത്തും നവീകരണം നടക്കുന്നുണ്ട്. പരിഷ്ക്കരണങ്ങൾ ആവശ്യമാണ്. ഒരു പരിഷ്ക്കരണത്തിനും തൊഴിലാളികൾ എതിരല്ല. ഇവിടെ യൊരു നിർദ്ദേശം വച്ചു. ചർക്കകൾ കൈകൊണ്ട് തിരിക്കുന്നതിന് പകരം ചെറിയൊരു മോട്ടോർ ചർക്കയിൽ ഘടിപ്പിച്ചാൽ തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കാൻ സാധിക്കും. വലിയ തോതിൽ ഉൽപ്പാദനമൊന്നും വർദ്ധിക്കുകയില്ല. കൈകൊണ്ട് തിരിക്കുന്നത് അവസാനിപ്പിക്കാം. ചർക്കകൾ ആധുനികവൽക്കരിക്കുകയും മോട്ടോർ ഘടിപ്പിക്കുകയും തറികൾ നവീകരി

ക്കുകയും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പാവ് യഥാവസരം കൊടുക്കാൻവേണ്ടിയുള്ള വാർപ്പിംഗ് യൂണിറ്റുകൾ എല്ലാ തൊഴിൽ കേന്ദ്രങ്ങളിലും സ്ഥാപിക്കുകയും ചെയ്യണം. ഇതുപോലെയുള്ള സജ്ജീകരണങ്ങൾ ഒരുക്കിയാൽ നമുക്ക് കേരളത്തിലേയ്ക്ക് ആവശ്യമുള്ള ഖാദി ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ ഖാദി ഇങ്ങോട്ട് കൊണ്ടുവരേണ്ട കാര്യമില്ല, കൊണ്ടുവരുന്നതിന് എതിരല്ല. ഈ വിധത്തിലല്ലാതെ ഈ മേഖലയെ സജീവപ്പെടുത്താൻവേണ്ടി സാധിക്കില്ല. ഈ കാര്യത്തിൽ ഖാദി ബോർഡും ബഹുമാനപ്പെട്ട മന്ത്രിയും എന്ത് നിലപാടാണ് സ്വീകരിക്കുന്നതെന്നറിയാൻ തൊഴിലാളികൾക്ക് വ്യഗ്രതയുണ്ട്. ഈയൊരു നടപടി സ്വീകരിക്കാതെ ഖാദിയെ നമുക്ക് സംരക്ഷിക്കുവാനോ നിലനിർത്താനോ സാധിക്കില്ല. ആ തരത്തിലുള്ള നടപടികൾ ഇപ്പോഴുമുണ്ടായിട്ടില്ല എന്നത് എടുത്ത് പറയേണ്ട ഒരു കാര്യമാണ്. ആധുനികവൽക്കരണവും അതുപോലെതന്നെ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഖാദി മേഖലയിൽ ഒരു ക്ഷേമനിധിയുണ്ട്. അത് തൊഴിൽ വകുപ്പിന്റെ കീഴിലല്ല. വ്യവസായ വകുപ്പ് ഇപ്പോൾ ഖാദി പ്രത്യേകമായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ഖാദി ബോർഡുതന്നെയാണ് അത് കൈകാര്യം ചെയ്യുന്നത്. ഇതെല്ലാം കേരളത്തിന്റെ ഒരു പ്രത്യേകത മാത്രമാണ്. അത് രാജ്യത്ത് എവിടെയുമില്ല. കേരളത്തിൽ മാത്രമുണ്ടായതാണ്. ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവും ഇപ്പോൾ സ്തംഭനത്തിലാണ്. കാരണം, ഈ ഗവൺമെന്റ് വന്നതിനുശേഷം ആ ക്ഷേമനിധി ബോർഡിലേയ്ക്ക് കൊടുക്കേണ്ട പണം കൊടുക്കുന്നില്ല. 4,21,00,000 രൂപ ഗവൺമെന്റുതന്നെ അംശാദായ ഇനത്തിൽ കൊടുക്കാനുണ്ട്. തൊഴിലാളി

കൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കേണ്ടത് ആ ക്ഷേമനിധിയിൽനിന്നാണ്. അതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് സമർപ്പിച്ചു വെങ്കിലും അത് നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല. അതുപോലെതന്നെ യാണ് ബീഡി വ്യവസായവും. ബീഡി വ്യവസായത്തിന് ഒരു സഹായവും ചെയ്യില്ലായെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. അതിന് ആർക്കും നിർബന്ധിക്കാൻ കഴിയില്ല. ഇപ്പോൾ ജയിലിലും പുകവലി നിരോധിച്ചിട്ടുണ്ട്. തടവുപുള്ളികൾ കുറേ ബീഡി വലിക്കുന്നവരാണ്. അതും ഇപ്പോൾ ഇല്ലാതായി. പുകവലി നിരോധനത്തിന്റെ ഫലമായി ബീഡിയുടെ ഉപയോഗം കുറഞ്ഞു. ആ ബീഡി വ്യവസായം ഇന്ന് ദുർബലമായിയെന്ന് പറഞ്ഞാൽ എല്ലാവർക്കും അറിയാം. ലോകമാകെ ശ്രദ്ധിച്ച കേരളാ ദിനേശ് ബീഡിയിൽ 42000 തൊഴിലാളികളാണുണ്ടായിരുന്നത്. വേറിട്ട് ജോലി ചെയ്തിട്ടുള്ള ആ ദിനേശ് ബീഡി സ്ഥാപനത്തിൽ ഇപ്പോൾ നാലിലൊരു ഭാഗം തൊഴിലാളികൾക്കുപോലും ജോലിയില്ല. ദിനേശ് ബീഡി, ബീഡിയായി ട്ടുതന്നെ നിലനിൽക്കാൻ പോകുന്നില്ല. മറ്റ് മേഖലകളിൽ കുറേ ബീഡി ഉൽപ്പാദനം നടക്കുന്നുണ്ട്. അതെല്ലാം ടാക്സ് വെട്ടിപ്പ് നടത്തുന്നതാണ്. ബീഡി വ്യവസായത്തെ പുനരുദ്ധരിക്കണമെന്ന് പറഞ്ഞതുകൊണ്ട് ഇത് നട ക്കുമെന്ന് തോന്നുന്നില്ല. ഇവിടെ ആവശ്യമായിട്ടുള്ളത്, അതിലേർപ്പെട്ട തൊഴി ലാളികളെ പുനരധിവസിപ്പിക്കുക എന്നുള്ളതാണ്. അതിനാവശ്യമായ ചില നടപടികൾ ദിനേശ് ബീഡി സ്ഥാപനം തുടങ്ങിയിരുന്നു. അതിന് വേണ്ടത്ര പ്രോൽസാഹനം കൊടുക്കാൻ സാധിക്കുന്നില്ല. എല്ലാവർക്കും എല്ലാ കാലത്തും ആ ജോലി ചെയ്യാൻ സാധിക്കില്ല. അവരുടെ മക്കൾക്കെങ്കിലും ജോലി ചെയ്ത് ജീവിക്കാൻ സാധിക്കണം. ആ തരത്തിൽ ബീഡി മേഖലയിൽ

പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുക എന്നുപറയുന്നത് അത്യാവശ്യമായി ട്ടുള്ള കാര്യമാണ്. പൊതുവിൽ ഈ പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ച് ഓരോന്നും ബഡ്ജറ്റിൽ വരുമ്പോൾ കഴിഞ്ഞ തവണ 72 കോടി രൂപ കൊടുത്തു. ഇത്തവണ 73 കോടി രൂപ കൊടുത്തിട്ടുണ്ട്. കുറേ പണം കൊടുത്തതിന് കണക്കുകളെല്ലാം അവതരിപ്പിക്കുന്നത് ശരിയാണ്. അതുകൊ ണ്ടുമാത്രം ഈ വ്യവസായങ്ങളെ സംരക്ഷിക്കാൻ സാധിക്കില്ല. എൽ.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ഒട്ടനവധി നടപടികൾ സ്വീകരിച്ചിരുന്നു. അതിലൊന്നാ യിരുന്നു ഇൻകം സപ്പോർട്ട് സ്കീം. അത് വ്യവസായങ്ങളെ സംരക്ഷിക്കാനല്ല, അതിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക്, ഏറ്റവും കുറഞ്ഞ കൂലി കിട്ടുന്നവർക്ക് വരുമാനമുണ്ടാക്കി കൊടുക്കുന്നതിനു വേണ്ടിയാണ്. അതിനുവേണ്ടി ബഡ്ജറ്റിൽ പണമുണ്ട്. അത് യഥാവസരം വിനിയോഗിക്കുന്നില്ല എന്നുള്ള വിഷയം നിലനിൽക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുമാത്രം കാര്യമില്ല. ഇൻകം സപ്പോർട്ട് സ്കീമിന്റെ പണം എപ്പോൾ കൊടുത്താലും തൊഴിലുണ്ടെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് കിട്ടുകയുള്ളൂ. തൊഴിലില്ലെങ്കിൽ അവർക്ക് വരുമാനം കിട്ടാൻ പോകുന്നില്ല. അതുകൊണ്ട് പരമ്പരാഗത മേഖലയിലെ ട്രേഡ് യൂണിയനുകൾ ഒരു നിർദ്ദേശം ഗവൺമെന്റിന് മുമ്പാകെ വച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് തൊഴിലാളി കളുടെ ഉപജീവനമാർഗമായ ഈ മേഖല ദുർബലമായിക്കൊണ്ടിരിക്കുമ്പോൾ അതിൽ പണിയെടുത്തവർക്ക് ജീവിക്കണം. അവരുടെ കുടുംബപരവും സാമൂഹ്യപരവുമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കണം. അവർക്കെല്ലാം ഐ.ടി. മേഖലയിലേയ്ക്ക് പോകാൻ സാധിക്കില്ല. അതിൽ പ്രായമുള്ളവരുണ്ട്,

അവർക്ക് തൊഴിലും വരുമാനവുമുണ്ടാകണം. അത് ഉറപ്പുവരുത്താൻ സാധിക്കുന്നില്ലെങ്കിൽ അങ്ങനെ തൊഴിൽ നഷ്ടപ്പെടുന്നവർക്കുവേണ്ടി വ്യവസായ വകുപ്പും ഗവൺമെന്റും മുൻകൈയെടുത്ത് ഒരു ആശ്വാസ പദ്ധതി തയ്യാറാക്കണം. അതുസംബന്ധിച്ച് ഒരു പഠനം നടത്തേണ്ടതുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യവസായ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാന്യനായ എളമരം കരീം എങ്ങനെ ആ പദ്ധതി നടപ്പിലാക്കാമെന്നുള്ളതിന്റെ ഒരു തുടക്കം കുറിച്ചിരുന്നു. ദിനേശ് ബീഡിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടപ്പോൾ പി.എഫ്.-ൽനിന്ന് പെൻഷൻ കിട്ടുന്നതുവരെ അവർക്കുവേണ്ടി ഒരു ആശ്വാസ പദ്ധതി നടപ്പിലാക്കി. ഈ ഗവൺമെന്റ് ആദ്യം അത് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയില്ലെങ്കിൽപ്പോലും പിന്നീട് ഈ സഭയിലെ ചർച്ചയുടെയും മറ്റും ഫലമായി വ്യവസായ വകുപ്പുമന്ത്രിതന്നെ മുൻകൈയെടുത്തുകൊണ്ട് കുറച്ച് പൈസ അതിന് കൊടുത്തിട്ടുണ്ട്. ആ തൊഴിലാളികൾക്ക് മാത്രമേ അത് കൊടുക്കുകയുള്ളൂ. അതൊരു മാതൃകയാണ്. ആ മേഖലയിൽ പണിയെടുക്കുന്നവരുടെയെല്ലാം ജീവിതം ദുരിതപൂർണ്ണമാണ്. ആഹാരത്തിനുപോലും വക കാണാൻ സാധിക്കാതെ എരിഞ്ഞ് തീരുന്ന ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. അവരെ സംരക്ഷിക്കാനും സഹായിക്കാനുമുള്ള നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ എന്നുള്ളത് ഒരു ചോദ്യമാണ്. ട്രേഡ് യൂണിയനുകൾ അത്തരം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരം നടപടികൾ സ്വീകരിക്കുന്നതിൽ വൈമുഖ്യം കാണിക്കുകയാണ്. അതിൽ ശക്തമായ അമർഷവും പ്രതിഷേധവും തൊഴിലാളികൾക്കിടയിലും മറ്റുമുണ്ട്. ആ കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഡിമാന്റിനെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. പി. വിൻസെന്റ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഈ സർക്കാർ മൂന്നുവർഷക്കാലം പിന്നിട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായികമായ വളർച്ചയ്ക്കും സഹകരണ ഖാദി മേഖലയിലെ പ്രവർത്തനത്തിനും വലിയ സംഭാവനകൾ ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. സി. എൻ. ബാലകൃഷ്ണനും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടും പിന്തുണച്ചുകൊണ്ടുമാണ് ഞാൻ ഈ പ്രസംഗം ആരംഭിക്കുന്നത്. ഇപ്പോൾ പരിശുദ്ധ മാസമായ റംസാൻ നോമ്പുകാലം ആത്മസംസ്ക്കരണത്തിന്റെ മാസമാണ്. ഈ സമയം മനസ്സും ശരീരവും കളങ്കരഹിതമായി കഴിച്ചുകൂടുന്ന രാപ്പകലുകളാണ് നമ്മുടെ മുന്നിലുള്ളത്. വിശുദ്ധിയുടെ ദിനരാത്രങ്ങൾ, ഇവിടെ അശ്ലീലകളും അനാവശ്യ വർത്തമാനവും ആരോപണ പ്രത്യാരോപണങ്ങളും അപവാദ പ്രചരണങ്ങളുമില്ല. ഇത്രയും പ്രധാനപ്പെട്ട സമയത്താണ് നിയമസഭയിൽ വ്യവസായങ്ങളെയും സഹകരണത്തെയും സംബന്ധിച്ചുള്ള ചർച്ച ആരംഭിച്ചിരിക്കുന്നത്. ചർച്ച ഇവിടെ നടക്കുമ്പോൾ ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ചർച്ച നടക്കുന്ന സമയത്ത് ഇവിടെ ഇരിക്കുന്ന ആൾക്കാരുടെ എണ്ണമൊന്ന് പരിശോധിക്കേണ്ടതാണ്. പ്രസംഗിക്കുന്ന ആളുകളൊഴിച്ച് കുറച്ചുപേരും പ്രസംഗം നിർബന്ധമായും കേൾക്കേണ്ട മന്ത്രിമാർ മാത്രമാണ് ഈ സഭയിലുള്ളത്. അതു വേറെ ഒന്നുകൊണ്ടുമല്ല, റംസാൻ മാസമായതുകൊണ്ട് കുറച്ചുപേർ പോയതാണ്. നമ്മുടെ പല ചർച്ചകളും കാര്യങ്ങളും മുന്നോട്ടുപോകുമ്പോൾ പഴയ കാല സമയങ്ങൾ....... ശ്രീ. എൻ.

എ. ദേവസ്സിക്കുട്ടി, കേരളത്തിന്റെ ചരിത്രത്തിൽ 13 വർഷകാലം കേരള നിയമ സഭയെ പ്രതിനിധാനം ചെയ്ത ഒരംഗമാണ്. അദ്ദേഹത്തിന്റെ പുസ്തകം 13 വർഷത്തെ പ്രസംഗങ്ങൾ ഉൾകൊള്ളുന്നതാണ്. ആ പ്രസംഗങ്ങളിൽ ഏറ്റവും നല്ല പ്രസംഗം, 1967, മാർച്ച് 29–ാം തീയതി നടത്തിയ ബഡ്ജറ്റിനെ സംബ ന്ധിച്ച കന്നി പ്രസംഗമാണ്. അദ്ദേഹം പ്രതിപക്ഷ ബഞ്ചിലിരുന്ന് പറഞ്ഞ പ്രസംഗത്തിന്റെ ഒരു വരിമാത്രം ഇവിടെ വായിക്കുകയാണ്. ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നുവെന്നാണ് ശ്രീ. എൻ. എ. ദേവസ്സിക്കുട്ടി പറഞ്ഞത്. ഇവിടെ നടക്കുന്ന ചർച്ചകളും സംവാദങ്ങളും പ്രമേയങ്ങളു മൊക്കെ ഭരണപക്ഷം അനുകൂലിക്കുകയും പ്രതിപക്ഷം എതിർക്കുകയും ചെയ്യുന്ന സ്വഭാവമാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഞാൻ ഈ സഭ യിൽ ആദ്യമായി വന്ന അംഗമാണ്. മൂന്നു വർഷമായി. ഇവിടെ നടക്കുന്ന ചർച്ചകളിൽ പറയുന്ന വിഷയമൊന്ന്, അവതരിപ്പിക്കുന്ന വിഷയമൊന്ന്. തുടങ്ങുന്ന സമയവും കാര്യങ്ങളും മാറി മാറിപോയി മറ്റൊരു വിഷയത്തി ലേക്ക് പോകുന്ന അവസ്ഥയാണ് ചർച്ചയുടെ ഉടനീളം കണ്ടുകൊണ്ടിരിക്കു ന്നത്. പശുവിനെക്കുറിച്ച് പറയാൻ പറഞ്ഞാൽ പശുവിനെ തെങ്ങിൽക്കെട്ടി, തെങ്ങിലുള്ള നാളികേരത്തെക്കുറിച്ചും നാളികേരത്തിൽ നിന്ന് ഉല്പാദിപ്പി ക്കുന്ന ബൈ പ്രോഡക്ടുകളായ വെളിച്ചെണ്ണയേയും മറ്റു ഉല്പന്നങ്ങ ളെയുംക്കുറിച്ച് പറഞ്ഞ് അതിന് ഇന്ന് കേരളത്തിൽ വലിയ വിപണിയില്ല, മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്തിട്ടുള്ള പാമോലിനെക്കുറിച്ച് പറഞ്ഞ്, അവസാനം അഴിമതിയാണെന്നും മുഖ്യമന്ത്രി രാജിവക്കണമെന്നും പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കുന്ന ഒരവസ്ഥയാണ് ഇവിടെ നമ്മൾ കണ്ടു കൊണ്ടിരിക്കുന്നത്. പ്രിയപ്പെട്ട സഹകരണ വകുപ്പുമന്ത്രി പ്രവർത്തനം ആരം

ഭിച്ച കാലഘട്ടത്തിൽതന്നെ പറഞ്ഞത് സംഘട്ടനമല്ല, സഹകരണമെന്നാണ്. ഗവൺമെന്റിന്റെ സഹകരണനയമെന്ന് പ്രഖ്യാപിച്ച് പ്രവർത്തനം ആരംഭിച്ച ഒരു വ്യക്തിയാണ് ശ്രീ. സി.എൻ. ബാലകൃഷ്ണൻ. അദ്ദേഹം വളരെ അനുഭവ ജ്ഞാനിയും ആദ്യമായി സഭയിൽ കടന്നുവന്ന വ്യക്തിയുമാണ്. എങ്കിൽത ന്നെയും ഒരു മന്ത്രി എന്ന നിലയിൽ പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തി ന്റെയും മുഴുവൻ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ജനപക്ഷത്തിന്റെ മുന്നിൽ അവ തരിപ്പിച്ച് ഏറ്റവും നല്ല ഒരു മന്ത്രിയെന്ന ഖ്യാദി നേടിയ പ്രിയപ്പെട്ട സി. എൻ. ബാലകൃഷ്ണന്റെ കാലഘട്ടം............ കേരളം സഹകരണ പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമാണ്. സംസ്ഥാന സഹകരണ ബാങ്കുകൾ മുതൽ പ്രാഥമിക സഹക രണസംഘങ്ങൾവരെ ഉൾകൊള്ളുന്ന വിപുലമായ സഹകരണ മേഖല നമു ക്കുണ്ട്. സഹകരണ മേഖലയിലെ മെഡിക്കൽ കോളേജുകൾ, സഹകരണ എഞ്ചിനീയറിംഗ് കോളേജുകൾ, സഹകരണ മേഖലയിലെ നീതി ത്രിവേണി സ്റ്റോറുകൾ തുടങ്ങി വൈവിധ്യത്തൊടെയുള്ള ഒരു പ്രസ്ഥാനമാണ് കേരള സഹകരണ പ്രസ്ഥാനം. കേരളത്തിന്റെ കാർഷിക മേഖലയിലും സഹകരണ പ്രസ്ഥാനം വഹിക്കുന്ന പങ്ക് അതീതമാണ്. 20 ശാഖകളുള്ള സംസ്ഥാന സഹകരണ ബാങ്കും 668 ശാഖകളുള്ള 14 ജില്ലാ സഹകരണ ബാങ്കുകളും മൂവായിരത്തോളം ശാഖകളുള്ള 1604 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ഉൾപ്പെട്ടതാണ് ഈ സഹകരണ വായ്പാ ശൃംഖല. ദേശീയതല ത്തിൽ പ്രാഥമിക കാർഷിക വായ്പ സഹകരണസംഘങ്ങളുടെ ആകെ നിക്ഷേപത്തിന്റെ 57 ശതമാനവും കേരളത്തിൽ നിന്നാണ് വരുന്നത്. ഈ ചുരുങ്ങിയ കാലംഘട്ടംകൊണ്ട് 1,21,000 കോടി രൂപയുടെ നിക്ഷേപം സഹക രണമേഘലയിൽ ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നുള്ളത് പ്രധാനപ്പെട്ട ഒരു

കാര്യമാണ്. പ്രിയപ്പെട്ട ശ്രീ. വി. ശിവൻകുട്ടി കുറെ കാര്യങ്ങളെക്കുറിച്ചുള്ള രേഖകൾ മേശപ്പുറത്തുവച്ചു. പരാതികൾക്കൊന്നും അവസാനമുണ്ടാകുന്നില്ല. ഈ പരാതികളൊക്കെ പരിഹരിക്കേണ്ടതാണ്. ആരു പറഞ്ഞു എന്നുള്ളതല്ല, പറഞ്ഞ കാര്യങ്ങൾക്ക് വ്യക്തമായ തീരുമാനങ്ങളും നടപടികളുമുണ്ടാകുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണമെന്ന കാര്യമാണ് എനിക്ക് അടിവരയിട്ട് പറയാനുള്ളത്. കേരളത്തിൽ കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള നീതി മെഡിക്കൽസ്റ്റോറുകൾ, നന്മ സ്റ്റോറുകൾ തുടങ്ങിയവ പൊതുവിതരണ രംഗത്ത് ഒരു വിപ്ലവംതന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇന്ന് അവ അല്പം ക്ഷീണാവസ്ഥയിലാണ്. അതിന്റെയൊക്കെ കാര്യങ്ങൾ നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. പൊതു വിപണിയിൽ കൺസ്യൂമർ ഫെഡിന് നൽകാനുള്ള തുക ഇനിയും കിട്ടിയിട്ടില്ല എന്നുള്ള പരാതി നിലവിലുണ്ട്. ഇതിനു പരിഹാരമായി ഒരു അതിവേഗ തീരുമാനമുണ്ടാക്കാൻ നിർബന്ധമായും സംസ്ഥാന ധനകാര്യവകുപ്പും മുഖ്യമന്ത്രിയും ഇടപെട്ട് കൺസ്യൂമർഫെഡിനെ രക്ഷിക്കാനും നിലനിൽത്താനുമുള്ള കാര്യങ്ങൾ ചെയ്യണം. ചെയ്തില്ലെങ്കിൽ നമുക്ക് വിലക്കയറ്റത്തിനെ പിടിച്ചുനിർത്താൻ കഴിയില്ല എന്ന സത്യാവസ്ഥ പറയാതിരിക്കാൻ സാധിക്കില്ല. വിലക്കയറ്റം പിടിച്ചുനിർത്തേണ്ടത് തൊഴിലാളികളായ സാധാരണക്കാരന്റെ വളരെ അത്യാവശ്യമായ കാര്യമാണ്. ഈ സമയം സഹകരണരംഗത്ത് കേന്ദ്ര സർക്കാർ ഭരണഘടനയുടെ 97-ാം ഭേദഗതി കൊണ്ടുവന്നത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭരണപക്ഷവും പ്രതിപക്ഷവുമെല്ലാം ഒരുമിച്ചുനിന്നാണ് ഈ ഭേദഗതിയിൽ പ്രധാനപ്പെട്ട മാറ്റങ്ങൾക്കുവേണ്ടി മുന്നോട്ടുവന്നത്. സഹകരണസംഘങ്ങളുടെ കുറ്റമറ്റ ഓഡിറ്റാണ് ഈ ഭേദഗതി വിഭാവനം ചെയ്യുന്നത്. സംഘ

ത്തിന്റെ ലാഭനഷ്ടങ്ങൾ അപഗ്രഥിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന ഭേദഗതിയാണിത്. ഇത് സഹകരണ മേഖലയെ ഊർജ്ജസ്വലമായ ഒരു പ്രവർത്തനത്തിലേക്ക് നയിക്കുമെന്നുള്ളതിൽ സംശയമില്ല. ബാങ്കിംഗ് റെഗുലേഷൻ ഭേദഗതി നിയമം, കേന്ദ്രസർക്കാരിന്റെ പ്രത്യക്ഷ നികുതി ബിൽ, പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ട്, സഹകരണ ബാങ്കുകൾക്ക് സേവനനികുതി ചുമത്തിയത്, ഇവ സംസ്ഥാന സഹകരണ മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളാണ് . ബാങ്കിംഗ് മേഖല റെഗുലേഷൻ ഭേദഗതി നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിന് ഇളവുകളുണ്ടാകണം. ഇതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നമുക്ക് കഴിയണം. പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ട് സംസ്ഥാന സഹകരണമേഖലയെ തകർക്കുന്ന ഒന്നാണ്. ഇത് സംസ്ഥാനത്ത് നടപ്പിലാകാതിരിക്കാൻ വലിയ ഒരു കൂട്ടായ്മയുടെ ആവശ്യമുണ്ട്. അതിന് നേതൃത്വം നൽകാൻ പ്രിയപ്പെട്ട മന്ത്രി മുന്നിൽ നിൽക്കുകയും പ്രതിപക്ഷ–ഭരണപക്ഷ ഭേദമെന്യേ എല്ലാവരും കൈകോർത്തുനിന്ന് അത് നിലനിർത്തികൊണ്ടുപോകാനും അതിന്റെ അപാകതകൾ മാറ്റി നല്ല രീതിയിൽ കൊണ്ടുപോകുന്നതിനും ശ്രമിക്കണം. ഇത്തരം വിഷയങ്ങളുള്ളതുകൊണ്ട് പ്രാഥമിക സഹകരണസംഘങ്ങൾക്ക് ബുദ്ധിമുട്ടുകളുണ്ട്. ഇതെല്ലാം കാർഷിക സംഘങ്ങളെ ബാധിക്കുന്നവയാണ്. ഈ കാര്യങ്ങളെല്ലാം കാര്യമാത്ര പ്രസക്തമായി മുന്നോട്ടു കൊണ്ടുപോകേണ്ടതാണ്. ബക്ഷി കമ്മിറ്റി ത്രിതല വായ്പാ മേഖലകളെപ്പറ്റി പഠിച്ച് സമർപ്പിച്ച റിപ്പോർട്ടുപ്രകാരം വായ്പാ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ കറസ്പോണ്ടന്റായി പ്രവർത്തിക്കണമെന്നും പ്രാഥമിക സഹകരണ അംഗങ്ങൾ ജില്ലാ ബാങ്കിൽ വോട്ടവകാശമുള്ള അംഗങ്ങളാകണമെന്നും പ്രാഥമിക കാർഷിക സംഘങ്ങൾ ജില്ലാ ബാങ്കുകൾക്കുവേണ്ടി വായ്പ ഇടപാടുകൾ നടത്താവുന്നതാണെന്നും ഇതിലേക്ക് ഏജൻസി

ഫീ കൈപ്പറ്റരുതെന്നും നിർദ്ദേശിച്ചിട്ടുമുണ്ട്. അതുകൊണ്ട് നമുക്ക് സഹകരണമേഖലയിൽ കുറ്റമറ്റ ഓഡിറ്റിംഗ് നടപ്പിലാക്കാൻ കഴിഞ്ഞു. സഹകരണസംഘങ്ങളിൽ കഷ്ടപ്പെട്ട് ജോലി ചെയ്യുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം ഉണ്ടാക്കാനുള്ള അവസരമുണ്ടാക്കണം. അവരുടെ ട്രാൻസ്ഫറുകൾ അനുവദിക്കുകയും സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യണം. സഹകരണമേഖലയുടെ വളർച്ചക്ക് പരിമിതികൾക്കിടയിലും ഒരുപാട് സംഭാവനകൾ നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സഹകരണവകുപ്പിന്റെ ആസ്ഥാന മന്ദിരത്തിന് തറക്കല്ലിടുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആ പ്രവർത്തനത്തിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുവാൻ സഹകരണ മേഖലയെ ഒറ്റക്കെട്ടായി നിർത്തി മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടത്തിയ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. നിരവധി നേട്ടങ്ങളാണ് സഹകരണ എക്സ്പോ വഴി ഉണ്ടായിട്ടുള്ളത്. ഓപ്പറേഷൻ കുബേര നടപടിയിലൂടെ സഹകരണബാങ്കുകളെ കൂടുതൽ ശക്തമാക്കാനും കൊള്ളപ്പലിശക്കാരുടെ കെണിയിൽനിന്ന് രക്ഷിക്കാനുമുള്ള ഈ സർക്കാരിന്റെ ശ്രമം വളരെ ശ്ലാഘനീയമാണ്. ഈ പ്രവർത്തനത്തിൽ സഹകരണവകുപ്പും കൈകോർത്തുപ്പിടിച്ച് ഈ നാടിനെ രക്ഷിക്കാനുള്ള തീരുമാനങ്ങൾക്കു മുന്നിൽ നിൽക്കുന്നുണ്ട്. വ്യവസായരംഗത്ത് കുതിച്ചുയർന്ന കേരളത്തെ കടലിൽ വീണ റോക്കറ്റിന് സാമാനമാക്കി നമ്മുടെ പ്രതിപക്ഷം പലപ്പോഴും കണ്ടില്ല എന്നു നടിച്ച് സമരങ്ങളും ഹർത്താലുകളും വിഷയങ്ങളുമായി മുന്നോട്ടുപോകുകയാണ്. പുക ഉയർന്നിരുന്ന ഫാക്ടറികളെ പൂട്ടില്ല എന്ന് പലപ്പോഴും പറയാറുണ്ട്. അതൊന്നും പ്രാബല്യത്തിൽ വരുന്നില്ല. ഇന്നത്തെ ചൈനയെ സി.പി.ഐ.(എം)-ഉം ഇടതുപക്ഷ കക്ഷികളും കണ്ടു പഠിക്കണം. സ്വകാര്യമൂലധനത്തെ

ആകർഷിക്കാൻ കമ്മ്യൂണിസം എന്ന തിയറിയെ മാറ്റിയെഴുതി. ജപ്പാന്റെ വളർച്ച നമ്മൾ കാണേണ്ടതാണ്. സ്വാതന്ത്ര്യത്തിൽനിന്ന് മുന്നോട്ടുപോകുമ്പോൾ പലപ്പോഴും പല യാഥാസ്ഥിതിക ചിന്തകളെയും മാറ്റിവച്ച് ആധുനിക ഇൻഡ്യയെ മുന്നോട്ടു കൊണ്ടുപോകാനുള്ള മുന്നേറ്റത്തെ കാണാനിരിക്കുന്നു. തമിഴ്നാടും കർണ്ണാടകയും ആന്ധ്രാപ്രദേശും മഹാരാഷ്ട്രയും വ്യവസായികരംഗത്ത് വളരെ കുതിപ്പോടെ മുന്നോട്ടുപോകുന്ന സംസ്ഥാനങ്ങളാണ്. പണ്ട് നമ്മൾ വലിയ ആവേശത്തോടെ നമ്മുടെ നാട് ദൈവത്തിന്റെ നാടെന്ന് വിശ്വസിച്ചിരുന്നു. ശുചിത്വത്തിൽ ഒന്നാം സ്ഥാനമെന്ന് ആർഭാടത്തോടുകൂടി പറയുമ്പോഴും നമുക്ക് നമ്മുടേതായ ഓവർ സ്വാതന്ത്ര്യവും അനാവശ്യമായ സമരങ്ങളും ഇല്ലാത്ത കഥകൾ ചുരുട്ടി, ഇവിടെ നിന്ന് പല വ്യവസായിക സ്ഥാപനങ്ങളും കാട് കടക്കുന്ന, നാട് കടക്കുന്ന അവസ്ഥ നമ്മൾ കാണാതെപോകുന്നത്.............ഒരിക്കലും ഇവിടെ നടക്കുന്ന കാര്യങ്ങളല്ല. അത്തരം കാര്യങ്ങളെ മാറ്റിവച്ച് മുന്നോട്ടുപോകാൻ നമുക്കാർക്കും കഴിയില്ല. രാഷ്ട്രീയത്തിനപ്പുറത്തായി എല്ലാ കാര്യങ്ങളേയും കാണേണ്ടിയിരിക്കുന്നു. അതുപോലെ ഉദ്യോഗസ്ഥർ നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട നട്ടെല്ലുതന്നെയാണ്.

ജനാധിപത്യ വ്യവസ്ഥയിൽ ഉദ്യോഗസ്ഥർക്ക് പ്രധാനപ്പെട്ട ഉത്തരവാദിത്തമുണ്ട്. എങ്കിൽത്തന്നെയും പലപ്പോഴും മർമ്മാണികളുടെയവസ്ഥയാണ് അവർക്കുള്ളത്. മർമ്മം അറിയാവുന്നതുകൊണ്ട് അവർക്ക് എങ്ങും അടിക്കാൻ കഴിയാത്ത അവസ്ഥയാണ്. നിയമം അറിയുന്നതുകൊണ്ട് എങ്ങും ഒപ്പിടാൻ കഴിയാത്ത അവസ്ഥയാണ്. വ്യവസായ സാഹചര്യത്തിനും പരിസ്ഥിതിക്കുമനുകൂലമായ ഒരു നിലപാടെടുക്കാൻ ഉദ്യോഗസ്ഥർ പലപ്പോഴും

വിമുഖത കാണിക്കുന്നുയെന്നുള്ളത് നമുക്ക് വളരെയേറെ വിഷമമുണ്ടാക്കുന്ന കാര്യമാണ്. പരിസ്ഥിതി ആഘാത പഠനം നമ്മളെ ഏറ്റവുംകൂടുതൽ ബാധിക്കുന്നു. അതൊക്കെ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എങ്കിൽത്തന്നെയും എയർ ആക്ടും വാട്ടർ ആക്ടും അതുപോലെ മലിനീകരണ നിയന്ത്രണ ബോർഡും ഇവയുമായി ബന്ധപ്പെട്ട ഫയലുകൾ ഒച്ചിനെപ്പോലെ ഇഴഞ്ഞുനീങ്ങുന്നയവസ്ഥ പലപ്പോഴും പുതിയ വ്യവസായങ്ങൾക്ക് തിരിച്ചടിയായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾക്ക് സൗഹാർദ്ദപരമായ ഒരു വ്യവസായ നയമുണ്ടാക്കണം. ആ നയത്തെ എല്ലാത്തിൽനിന്നും വ്യത്യസ്തമായി പരിഷ്ക്കരിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ അത് നമുക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കും. ഇന്നലെയും മിനിഞ്ഞാന്നുമായി നോക്കുകൂലി പോലുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ പത്രത്തിൽ കണ്ടവരാണ് നാം. പ്രിയങ്കരിയായ ഐ.എ.എസ്. ഓഫീസർ അനുപമയുടെ അവസ്ഥ നമ്മൾ കാണുകയുണ്ടായി. നമ്മുടെ വകുപ്പ് പല ജില്ലകളിലും നോക്കുകൂലി നിർത്തലാക്കിയെന്നുപറഞ്ഞു. അതുപോലെ എ.ഐ.റ്റി.യു.സിയും സി.ഐ.റ്റി.യുമൊക്കെ അതിനെതിരാണെന്ന് പറയുമ്പോഴും ഇത്രയും പ്രാധാനപ്പെട്ട വിഷയം വന്നപ്പോൾ ഇവിടെ എന്തിനും ഏതിനും അടിയന്തര പ്രമേയം കൊണ്ടുവരുന്നവർ ഒരു പ്രമേയവും ഒരു ശബ്ദവും മുഴക്കുന്നത് കണ്ടില്ല. ചില കാര്യങ്ങളെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളായി ക്യാമറകൾ ഒപ്പിയെടുത്തും പത്രങ്ങൾ എഴുതിഫലിപ്പിച്ചും ജനങ്ങളുടെ മുമ്പിലേയ്ക്ക് കൊണ്ടുവരുമ്പോൾ പലപ്പോഴും പല കാര്യങ്ങൾ കാണാതിരിക്കുന്നതിനുകൂടി അവർ ശ്രദ്ധിക്കുമെന്ന് ഓർമ്മപ്പെടുത്താനാഗ്രഹിക്കുകയാണ്. നമ്മുടെ തലമുറ ഏറ്റവും നല്ല രീതിയിൽ വിദ്യാഭ്യാസം നേടിയ സമൂഹമാണ്. അവർക്ക് നാട്ടിൽത്തന്നെ ജോലി ലഭ്യമാക്കുന്നതിനുള്ള അവസ്ഥയുണ്ടാകണം.

പുതിയ തലമുറ ഏറ്റവും നല്ല രീതിയിൽ പ്രതീക്ഷയർപ്പിച്ചുപോകുമ്പോൾ നമ്മുടെ സർക്കാർ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവർ പ്രൊഫഷണലിസം ഉദ്ദേശിക്കാതെ, രാഷ്ട്രീയ തള്ളിക്കയറ്റത്തിന്റെ ഭാഗമായി പല രീതിയിലും സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്തേണ്ടിയിരിക്കുന്നു. കേരള സമ്പദ് വ്യവസ്ഥ ധാരാളം മാനവ വിഭവ ശേഷിയും സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെട്ട ഒന്നാണ്. 2011-ൽ കേരളത്തിൽ വ്യവസായ നയം പ്രഖ്യാപിക്കുകയുണ്ടായി. കേരളത്തിൽ ആഗോള നിലവാരത്തിലുള്ള സുസ്ഥിര വികസനം അതാണ് നമ്മുടെ കാഴ്ചപ്പാട്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് വ്യവസായ വികസനം നടപ്പിലാക്കണം. പക്ഷെ കേരളത്തിന്റെ ഭക്ഷ്യസംസ്ക്കാരമടക്കമുള്ള മേഖലകളിൽ സ്വകാര്യ പങ്കാളിത്തം, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സൗഹൃദ അന്തരീക്ഷങ്ങൾ ഒരുക്കുക, അടിസ്ഥാന വികസനത്തിനുള്ള പൊതു സ്വകാര്യ പങ്കാളിത്തം, ഇൻഡസ്ട്രിയൽ ക്ലസ്റ്റർ ത്വരിതപ്പെടുത്തുക തുടങ്ങിയ വിലയേറിയ കാഴ്ചപ്പാടുകൾ നമുക്കുണ്ടാകേണ്ടതുണ്ട്. അനാവശ്യ സമരങ്ങളെക്കുറിച്ച് ഞാൻ നേരത്തെ പറയുകയുണ്ടായി. അതിൽനിന്നൊക്കെ മാറ്റം വരുത്തി പുതിയൊരു സമീപനം നമുക്കുണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട നയങ്ങളും അതുപോലെയുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണ നൽകിക്കൊണ്ട് ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാർ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, വാഗ്ദാന ലംഘനം മുഖമുദ്രയാക്കിയ സർക്കാരിന്റെ വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഈ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ അളവറ്റ വാഗ്ദാനങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്. ഈ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കും, കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങളാരംഭിക്കും, പൊതുമേലയെ ലാഭകരവും കാര്യക്ഷമവുമാക്കും, കേരളത്തിന്റെ വ്യവസായ വികസനം ത്വരിതപ്പെടുത്താൻ ഇൻഡസ്ട്രിയൽ മാനുഫാക്ച്ചറിംഗ് സോൺ ആരംഭിക്കും അതിനുവേണ്ടി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും, തുറമുഖങ്ങളേയും വിമാനത്താവളങ്ങളേയും ബന്ധപ്പെടുത്താൻ ഒരു സീ പോർട്ട് -എയർപോർട്ട് ഏര്യ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കും, എല്ലാ പ്രധാന കേന്ദ്രങ്ങളിലും ബഹുനില വ്യവസായ എസ്റ്റേറ്റുകൾ പണിയും, മലയാളികളായ ആളുകൾക്ക് സഞ്ചരിക്കാൻ ഒരു എയർ കേരള എക്സ്പ്രസ് ആരംഭിക്കും, തിരുവനന്തപുരത്ത് ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കും, കെ.എസ്.ഐ.ഡി.സി.-യും ഗെയ്ലും ചേർന്ന് ഗെയ്ൽ ഗ്യാസ് ലിമിറ്റഡ് ആരംഭിക്കും, എറണാകുളത്ത് 100 ഏക്കർ സ്ഥലത്ത് കൊച്ചിൻ കോർപ്പറേഷനുമായി സഹകരിച്ച് വ്യവസായ വകുപ്പ് ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കും, തോന്നക്കലിൽ 300 കോടി രൂപയുടെ ജൈവശാസ്ത്ര പാർക്ക് ആരംഭിക്കും, കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ കശുവണ്ടി ഫാക്ടറികൾക്ക് വർഷംമുഴുവൻ കശുവണ്ടി ലഭ്യമാക്കാൻ അസംസ്കൃത കശുവണ്ടി ബാങ്ക് തുടങ്ങും, കഞ്ചിക്കോട് ലോകോത്തര നിലവാരത്തിലുള്ള തുണി വ്യവസായപാർക്ക് ആരംഭിക്കും, തൊഴിലന്വേഷിച്ചുപോകുന്നതിനുപകരം കേരളത്തിലെ ആളു

കളെയെല്ലാം സംരംഭകരാക്കിമാറ്റും, ഇത്തരത്തിലുള്ള എത്രയെത്ര വാഗ്ദാനങ്ങളാണ് കഴിഞ്ഞ മൂന്നുവർഷക്കാലം ഗവൺമെന്റ് നൽകിയിട്ടുള്ളത്? ഞാൻ ഇന്നലെ ഈ ഗവൺമെന്റിന്റെ നാല് ബഡ്ജറ്റുകളും വളരെ സൂക്ഷ്മമായി പരിശോധിച്ചുനോക്കുകയുണ്ടായി. ആ ബഡ്ജറ്റുകൾ വായിച്ചപ്പോൾ എനിക്കോർമ്മ വന്നത് 'നാടോടിക്കാറ്റ്' എന്ന സിനിമയിൽ ദാസൻ വിജയനോട് പറയുന്ന 'എത്ര നല്ല നടക്കാത്ത സ്വപ്നങ്ങൾ' എന്ന വാചകമാണ്. ഈ കാര്യങ്ങളിൽ എത്രയെണ്ണം നടന്നു; എമർജിംഗ് കേരള കൊണ്ടുവന്നു. അതിന്റെ ഭാഗമായി ഇതാ നമ്മുടെ കേരളത്തിൽ 42,000 കോടിരൂപയുടെ വൻകിട പദ്ധതികൾ വരാൻ പോകുന്നു. കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ സ്വപ്നങ്ങൾ പൂവണിയാൻ പോകുന്നുവെന്നാണ് പറഞ്ഞത്. എത്ര പദ്ധതികൾ വന്നു; നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് വ്യവസായ വകുപ്പ് 19 പദ്ധതികളെക്കുറിച്ച് പറഞ്ഞു. ഇതിൽ എത്ര പദ്ധതികൾ യാഥാർത്ഥ്യമായി; അതിനെ സംബന്ധിച്ച് ഇവിടെ പറയണം. ബഹുമാന്യനായ മുഖ്യമന്ത്രി എപ്പോഴും ഈ സഭയിൽ പറയുന്ന ഒരു കാര്യമുണ്ട് 'എനിക്ക് വേണ്ടത് റിസൾട്ടാണ്' എന്നാണ്. ജനങ്ങൾ, തൊഴിലന്വേഷകർ ആഗ്രഹിക്കുന്നത് റിസൾട്ടാണ്. ഇവിടെ പ്രഖ്യാപനങ്ങൾ വെറും ആകാശകുസുമങ്ങളാണ്. 1967-ലെ അനുഭവം ഇവിടെ പറഞ്ഞു. ഞങ്ങൾ അംഗീകരിക്കുന്നു. പ്രതിപക്ഷം പിന്തുണയ്ക്കുന്നു. പക്ഷെ ആകാശ കുസുമങ്ങൾക്ക് ജീവനും സുഗന്ധവുമുണ്ടാകില്ല. അതിനെ ഭൂമിയിലേയ്ക്കിറക്കിക്കൊണ്ടുവന്ന് പുഷ്പിപ്പിക്കാൻ കഴിയണം. അതിനുള്ള ഇച്ഛാശക്തി വേണം. പദ്ധതികൾ പ്രഖ്യാപിക്കുന്നതിലല്ല അവ പ്രാവർത്തികമാക്കുന്നതിലാണ് ഭരണാധികാരികൾ കഴിവ് തെളിയിക്കേണ്ടത്. അതിവിടെ ഉണ്ടാകുന്നില്ല. അതാണ് വിഷ

യം. നമ്മുടെ ചെറുപ്പക്കാർ, യുവജനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് പോകേണ്ടിവരുന്നതെന്തുകൊണ്ടാണ്; ഈ ദുരവസ്ഥയ്ക്ക് എപ്പോഴാണ് പരിഹാരം കാണാൻ കഴിയുന്നത്; ലോകത്തെവിടെ യുദ്ധമുണ്ടായാലും എവിടെ സ്ഫോടനത്തിന്റെ ശബ്ദമുയർന്നാലും മലയാളിയുടെ നെഞ്ചെരിയുകയാണ്. എന്താണ് കാരണം; വെടിയൊച്ചകൾ നിലയ്ക്കാത്ത ഇറാഖിലേയ്ക്ക് സ്വന്തം ജീവിതവും സ്വപ്നവും പണയപ്പെടുത്തി ഇവിടത്തെ മലയാളി സഹോദരന്മാർ പോകാൻ നിർബന്ധിതരാകുന്നത് എന്തുകൊണ്ടാണ്; ഇന്നലെ ഈ സഭ വളരെ ഗൗരവത്തിൽ ആ വിഷയം ചർച്ച ചെയ്തു. ഇതിന് പരിഹാരമുണ്ടാകണ്ടേ; കേരളത്തിൽ ഓരോ വർഷവും ബി.ടെക്, എം.ടെക്, എം.സി.എ, ഡിഗ്രി, പി.ജി. കോഴ്സുകൾ, ഐ.റ്റി.ഐ., പോളിടെക്നിക്, വി.എച്ച്.എസ്.സി., പാരാമെഡിക്കൽ കോഴ്സ് ഇതൊക്കെ പഠിച്ചിറങ്ങുന്ന ലക്ഷക്കണക്കിന് യുവതീയുവാക്കളുണ്ട്. അവർക്ക് തൊഴിൽ നൽകാൻ എന്തു പദ്ധതിയാണ് ഇവിടെയുള്ളത്; കൊട്ടിഘോഷിക്കപ്പെട്ട സംരംഭക മിഷൻ അതിന് ഈ സഭയിൽ പറഞ്ഞ മറുപടിയുണ്ട്. ആ മറുപടിയിൽ പറയുന്നത് കേരളത്തിലാകെ 800 സംരംഭകർക്കാണ് അതിന്റെ പ്രയോജനം ലഭിച്ചതെന്നാണ്. ഇവിടെ പിൻവാതിലിലൂടെ പെൻഷൻ പ്രായം ഒരു വർഷം വർദ്ധിപ്പിക്കുമ്പോൾ ഉയർന്നുവന്ന പ്രതിഷേധത്തിന് മറയിടാൻ ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആവർത്തിച്ചുപറഞ്ഞ കാര്യം ഇതാ സംരംഭക മിഷൻ വരാൻ പോകുന്നു. സംരംഭകരുടെ പൂക്കാലം വരാൻ പോകുന്നു എന്നാണ്. ഒരുവർഷം ഒരുലക്ഷം പേർക്ക് തൊഴിൽ അഞ്ചുവർഷംകൊണ്ട് അഞ്ച് ലക്ഷം പേർക്ക് തൊഴിൽ എന്നാൽ 800 പേർക്കാണ് മൂന്നുവർഷംകൊണ്ട് തൊഴിൽ ലഭിച്ചത്. സ്റ്റാർട്ട്-അപ് പദ്ധതി

കളെക്കുറിച്ച് ഇവിടെ പറയുകയാണ്. സ്റ്റാർട്ട്-അപ് വില്ലേജിനുമുമ്പ് ടെക്നോ പാർക്കിൽ ബിസിനസ് ക്യൂബേറ്റർ ആരംഭിച്ചിട്ടുണ്ടല്ലോ. എന്താണ് അതിന്റെ അനുഭവം; അഞ്ച് കോടി രൂപയുടെ പ്രോഫിറ്റുണ്ടാക്കുന്ന ഒരു സ്ഥാപനമെങ്കിലും അവിടെ ഉണ്ടായിട്ടുണ്ടോ; ലോകത്ത് പല വ്യവസായ പാർക്കുകളിലും ഇത്തരം സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ആ സംരംഭരങ്ങളെക്കുറിച്ച് അസസ്സ്മെന്റ് സ്റ്റഡി നടത്താറുണ്ട്. ഇവിടെയും അസസ്സ്മെന്റ് സ്റ്റഡി നടത്തണം. സംരംഭങ്ങൾ നേരിടുന്ന പ്രശ്നമെന്താണ്; അതിന്റെ റിട്ടേൺ എന്താണ്; ഒരു ചെറുപ്പക്കാരൻ അവന്റെ വിദ്യാഭ്യാസം പാതിവഴിയിലുപേക്ഷിച്ച് ഈ അതിമോഹത്തിൽപ്പെട്ട് അവിടെ സ്ഥാപനങ്ങൾ തുടങ്ങാൻ പോകുകയാണ്. അങ്ങനെ സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ അതിന്റെ സക്സസ്സ് റേറ്റിനെക്കുറിച്ച് ഒരു സ്റ്റഡി നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്.

നമുക്ക് കേരളത്തിൽ വൻകിട വ്യവസായങ്ങൾ കൊണ്ടുവരാൻ കഴിയില്ല. കാരണമെന്താണ്? ഭൂമിയുടെ ദൗർലഭ്യതെക്കുറിച്ചും വൈദ്യുതിയുടെ അഭാവത്തെക്കുറിച്ചും ഇവിടെ മറ്റു സാമാജികന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. നമുക്ക് വൈദ്യുതി ഉണ്ടോ? ബഹുമാനപ്പെട്ട ആര്യാടന് കുട്ടികൾ ഒരു പുതിയ പര്യായം കൂടി എഴുതി ചേർത്തിരിക്കുകയാണ്. ആര്യാടൻ എന്ന് പറഞ്ഞാൽ ‘ഇരുട്ട്’ എന്ന അർത്ഥം കൂടി വന്നിരിക്കുകയാണ്. വൈദ്യുതി മന്ത്രി എന്നു പറഞ്ഞാൽ വൈദ്യുതി മുടക്കുന്ന മന്ത്രിയായി മാറിയിരിക്കുന്നു. വൈദ്യുതിയില്ലാതെ, ‘എമർജിംഗ് കേരള’ നടത്തിയാൽ കേരളത്തിൽ എന്ത് വ്യവസായം വരും? ആര് ആത്മവിശ്വാസത്തോടെ, ഈ കേരളത്തിൽ നിക്ഷേപം കൊണ്ടുവരും. എന്താണ് പദ്ധതി? കേരളത്തിന്റെ വൻകിട വെദ

്യുതി പദ്ധതികളെല്ലാം അവതാളത്തിലായതിന്റെ പിന്നിൽ ആരാണ് ഉത്തരവാദി? നിങ്ങൾ മറുപടി പറയണം. ഇന്ന് കേന്ദ്രത്തിൽ റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചു. കോൺഗ്രസ്സിന്റെ നയങ്ങൾ കോൺഗ്രസ്സിനേക്കാൾ ശക്തമായി, അതിനേക്കാൾ വേഗതയിൽ ബി.ജെ.പി.യുടെ ഗവൺമെന്റ് മുന്നോട്ടു കൊണ്ടുപോകുകയാണ്. ഇവിടെ എല്ലാവരും പറഞ്ഞു നരേന്ദ്രമോദിയുടെ നല്ല ദിനങ്ങളെന്ന്. നല്ല ദിനങ്ങളല്ല ബുരാ ദിൻ എന്നാണെന്ന് അനുദിനം ബോദ്ധ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിൽ എന്ത് ഉണ്ട്? പുതിയ റെയിൽവേ സോണില്ല, പുതിയ ബ്രോഡ്ഗേജ് മാറ്റമില്ല, വൈദ്യുതീകരണത്തിന് ഫണ്ടില്ല, പുതിയ പാതയില്ല, റെയിവേസ്റ്റേഷൻ നവീകരണമില്ല. നേരത്തെ പ്രഖ്യാപിച്ച പദ്ധതികളുമില്ല. രാജ്യത്തിന്റെ തെക്കുള്ള ഈ സംസ്ഥാനത്തിനാവശ്യമായ റാ മെറ്റീരിയൽസ് ഇല്ല. അതുകൊണ്ടുവരണം. അതുകൊണ്ട് വലിയ വ്യവസായങ്ങൾക്ക്, ഖന വ്യവസായങ്ങൾക്ക് നമ്മുടെ കേരളത്തിൽ സാധ്യതയില്ല. അതുകൊണ്ട് വഴിമാറി ചിന്തിക്കാൻ തയ്യാറാകണം. 2011-12-ലെ ബഡ്ജറ്റിൽ തൊഴിൽ തേടുന്ന സംസ്കാരത്തിന് വിപരീതമായി തൊഴിൽ നൽകുന്ന സംരംഭകരുടെ താവളമാക്കി കേരളത്തെ മാറ്റുമെന്ന് സൂചിപ്പിച്ചിരുന്നു. അതിനുള്ള പദ്ധതികൾ ഇവിടെയുണ്ടാകണം. കേരളത്തിനെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുമെന്ന പ്രഖ്യാപനം കൊണ്ട് കാര്യമില്ല. ഇവിടെ നടപടിക്രമങ്ങളുടെ സങ്കീർണ്ണതയുണ്ട്. അതുകൊണ്ട് ചെറുകിട വ്യവസായ രംഗം ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ഈ സങ്കീർണ്ണതയൊഴിവാക്കാൻ, ഈ ചുവപ്പുനാട ഒഴിവാക്കാൻ നടപടിയുണ്ടാകണം. ഏകജാലക സംവിധാനം ഉണ്ടായതുകൊണ്ട് മാത്രം കാര്യമായില്ല അത് ഫലപ്രദമാക്കാനുള്ള നടപടി യുണ്ടാകണം. വ്യവസായ സംരംഭകത്വം വിക

സിപ്പിച്ചെടുക്കാൻ അനുകൂലമായ ഒട്ടേറെഘടകങ്ങൾ നമ്മുടെ കേരളത്തിലു ണ്ട്. അതിന് ഏറ്റവും മുഖ്യമായത് സംസ്ഥാനത്തിന്റെ ഉപയോഗത്തിന്റെ ഉയർന്ന തോതാണ്. മൊത്തം ജനസംഖ്യയുടെ മൂന്നു ശതമാനമാണ് കേരളീ യർ. പക്ഷേ ഉപഭോഗ വസ്തുക്കളുടെ 15 ശതമാനം വിറ്റഴിക്കപ്പെടുന്നത് കേര ളത്തിലാണ്. അവ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉപഭോഗ വസ്തുക്കൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. അതുകൊണ്ട് ഇവിടെ ചെറുകിട സംരംഭ ങ്ങൾ ഒരുപാടുണ്ടാകണം. ക്ലസ്റ്റർ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. വിവരസാങ്കേതിക വിദ്യ- നമ്മുടെ നാട് പല കാര്യങ്ങളിലും വഴികാട്ടി യായിരുന്നു. ഇന്ത്യയിൽ തന്നെ ആദ്യത്തെ ഇലക്ട്രോണിക് സംരംഭം കെൽട്രോൺ ആരംഭിച്ചത് കേരളത്തിലാണ്. പക്ഷേ ഇന്ന് ഇലക്ട്രോണിക്സ് രംഗത്ത് കേരളം പുറകോട്ടുപോയിരിക്കുകയാണ്. അത് എന്തുകൊ ണ്ടാണെന്ന് നാം ഗൗരവത്തിൽ ചിന്തിക്കണം. വിവിര സാങ്കേതിക വിദ്യ യിലധിഷ്ഠിതമായ വ്യവസായങ്ങളിൽ നിക്ഷേപം ആകർഷിക്കാനുള്ള ദീർഘ വീക്ഷണത്തോടെയാണ് 1990-ൽ തിരുവനന്തപുരത്ത് ടെക്നോപാർക്ക് ആരംഭിച്ചത്. അവിടെയും മറ്റു സംസ്ഥാനങ്ങൾ നമ്മളെ പിന്തള്ളിയിരിക്കുക യാണ്. എന്തുകൊണ്ട് കേരളത്തിന് ഇത്തരമൊരു സ്ഥിതി വന്നു? എന്തായി സ്മാർട്ട് സിറ്റി? മൂന്നു വർഷം കഴിഞ്ഞില്ലേ? അമേരിയക്കയിലുണ്ടായ സാമ്പ ത്തിക പ്രതിസന്ധി ദുബായിയെ പിടിച്ച് ഉലച്ചപ്പോൾ ആ കമ്പനി പാപ്പരായി. എന്തെല്ലാം കാരണം പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുമെന്ന് പറഞ്ഞു. നിങ്ങൾ അധികാരത്തിൽ വന്നിട്ട് മൂന്നുവർഷമായില്ലേ? സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ എന്തുചെ യ്യാൻ സ്ധിച്ചു? ഇപ്പോൾ നൽകിയ മറുപടി - 2015-ൽ അതിന്റെ ആദ്യത്തെ

ബിൽഡിംഗ് ഉദ്ഘാടനം ചെയ്യുമെന്നാണ്. ഒരു സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു ബിൽഡിംഗ് ഉദ്ഘാടനം ചെയ്യാൻ നാലുവർഷം വേണോ? നമ്മു ടെ സമീപനമാണ് മാറേണ്ടത്. നിലവിലുള്ള ഉൽപ്പാദനമേലയുടെ നവീകരണ ത്തിന്, വൈവിധ്യവൽക്കരണത്തിന് വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടു ത്താനുള്ള ഇച്ഛാശക്തി നമ്മൾ കാണിക്കണം. ഇവിടെ സംരംഭകതത്വത്തെക്കു റിച്ച് സൂചിപ്പിക്കുകയുണ്ടായി വ്യവസായ രംഗത്ത് – ഫോട്ടോഗ്രാഫി, സിനിമ, വീഡിയോ, സംഗീതം, റിംഗ്ടോൺ ഇങ്ങനെയുള്ള മൾട്ടിമീഡിയ വിഭാഗ ങ്ങളിലൊക്കെ ഇന്നത്തെ ചെറുപ്പക്കാർ വളരെ സജീവമായി ഇടപെടുന്നു. ഇത് അടങ്ങുന്ന സി.ഡി., വെബ് പേജുകൾ എന്നിവയൊക്കെ അവർ തുടങ്ങുന്നു, അവർ കൈകാര്യം ചെയ്യുന്നു. അതിനൊക്കെ പ്രോത്സാഹനമുണ്ടാകണം. അതിനെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഐ.ടി.–യുടെ വികേന്ദ്രീകരണം നമ്മുടെ ഒരു നയമായിരിക്കണം. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ഐ.ടി. –യെ വികേന്ദ്രീകരിക്കാൻ ഒട്ടേറെ നടപടികൾ സ്വീകരിച്ചു. ടെക്നോപാർക്കുകൾ മാത്രമല്ല, നമ്മുടെ നാട്ടിൽ ടെക്നൊ ലോഡ്ജുകൾ വരെ ഉണ്ടാക്കാൻ തീരുമാനിച്ചു. ഒട്ടുമിക്ക ജില്ലകളിലും കേരളത്തിൽ ടെക്നോപാർക്കുകൾ ഉണ്ടായി. എന്തായി ആ ടെക്നോപാർക്കുകളുടെ സ്ഥിതി? കൊരട്ടിയിലെ പാർക്കും പയ്യന്നൂരിലെ പാർക്കും എന്താണ് ഇതിന്റെ യൊക്കെ അവസ്ഥ? ഇക്കാര്യത്തിൽ നമ്മുടെ സമീപനം തിരിത്താൻ തയ്യാറാ കണം. പരിസ്ഥിതി പ്രശ്നങ്ങളാൽ വ്യാവസായിക രംഗത്ത് കേരളം പുറകോട്ട് പോകുന്ന സ്ഥിതിയുണ്ട്. അങ്ങനെയുള്ള കേരളത്തിന് ആശാവഹ മായ ഒരു മേഖലയാണ് ജൈവസാങ്കേതിക വിദ്യയെന്ന് പറയുന്നത്. 1980–കളിൽ ബയോടെക്നോളജി രംഗത്ത് നമ്മുടെ കേരളത്തിൽ ചില സംരംഭകർ

ഉണ്ടായിരുന്നു. പ്രത്യേകിച്ചും അലങ്കാര മത്സ്യങ്ങളുടെയും മറ്റും കൃത്രിമ പ്രജനനത്തിനായി ടിഷ്യൂ കൾച്ചർ സാങ്കേതികതയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച കമ്പനിയുണ്ടായിരുന്നു. ഇന്ന് എന്താണ് സ്ഥിതി? ഇന്ന് ലോകത്ത് ഔഷധ വ്യവസായത്തിന്റെ കരുത്തായി മുന്നേറിയ ബയോടെക്നോളജി വ്യവസായ ശൃംഖലയിൽ നമ്മുക്ക് പങ്കാളിയാകാൻ കഴിയാതെ പോകുന്നത് എന്തുകൊണ്ടാണ്? അലോപ്പതിയിലെ ഹ്യൂമൺ ജിനോപ്രോജക്ട് പോലുള്ള മൾട്ടി മെഗാപ്രോജക്ട് ലോകം കീഴടക്കികൊണ്ടിരിക്കുമ്പോൾ ഈ മേഖലയിൽ നമ്മൾ വെറും കാഴ്ച്ചക്കാരാണ്. ഇങ്ങനെ കാഴ്ച്ചക്കാരായി മാത്രം നിന്നതുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയുമോ? കേരളമെന്ന് പറഞ്ഞാൽ ഒരു ജൈവസമ്പദത്തിന്റെ വൈവിധ്യമാർന്ന കലവറയാണ്. ഈ വൈവിധ്യമാർന്ന ജൈവസമ്പത്തിനെ സന്തുലിതമായി ഉപയോഗിക്കാനുള്ള മാർഗ്ഗങ്ങൾ ആരായണം. ഇത്തരത്തിലുള്ള വ്യവസായങ്ങൾ എന്തുകൊണ്ട് നമുക്ക് ആകർഷിക്കാൻ കഴിയുന്നില്ല? നാം വളരെ ഗൗരവത്തിൽ ആലോചിക്കണം. കേരളത്തിൽ I.I.Sc (Indian Insitute of Science, Bangalore) പോലെ, N.C.L. (National Chemical Laboratory, Pune) പോലെ, C.C.M.B. (Centre for Cellular and Molecular Biology, Hyderabad) പോലെ നല്ലൊരു റിസർച്ച് സ്ഥാപനം നമ്മുടെ നാട്ടിലുണ്ടോ? വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിന്റെ നില ഈ രംഗത്ത് വളരെ മോശമാണ്. ഇതിന് മാറ്റമുണ്ടാകണം. ആയുർവേദം– ഇവിടെ ആയുർവേദ ഗ്ലോബൽ വില്ലേജിനെക്കുറിച്ച് 2012-13–ലെ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ലോകത്ത്, ഭാരതത്തിന്റെ സാംസ്കാരിക സന്ദേശം നൽകിയ ഏറ്റവും പ്രബുദ്ധമായ മേഖല, സമ്പന്നമായ ആയുർവ്വേദമാണ്. ആരോഗ്യ പരിപാലനത്തിൽ ലോകം കണ്ട

ഏറ്റവും പ്രധാനപ്പെട്ട ഒരു വൈദ്യശാസ്ത്രമായി ആയുർവ്വേദ മേഖല വികസിക്കുകയാണ്. അതിന്റെ മൗലികമായ സമീപനങ്ങൾ ശരിയെന്ന് ഗവേഷണങ്ങൾപോലും തെളിയിക്കുകയാണ്. നമ്മുടേത് ഊഷ്ണമേഖല രാജ്യമാണ്. അതുകൊണ്ട് തന്നെ ട്രോപ്പിക്കൽ ഏരിയയായ കേരളത്തിന് ഈ മേഖലയിൽ ഏറ്റവും കൂടുതൽ ഗവേഷണം നടത്താൻ കഴിയും. ഈ ദിശയിൽ ഒരു വിരലനക്കം പോലുമില്ല. ഏട്ടിലെ പശു പുല്ലുതിന്നില്ല. അതുകൊണ്ട് ഗ്ലോബൽ ആയുർവ്വേദ വില്ലേജിനെക്കുറിച്ചോ, തോന്നയ്ക്കലിലെ ജൈവശാസ്ത്ര ഉദ്യാനത്തെക്കുറിച്ചോ പറഞ്ഞതുകൊണ്ടായില്ല. ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണം. ഇതാണ് ഞാൻ ആവശ്യപ്പെടുന്നത്. നമ്മുടെ ഗവൺമെന്റിന് മൂലധനത്തിന്റെ ചെലവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 2011-12-ലെ ബഡ്ജറ്റിൽ മൂലധനവിഭാഗത്തിൽ മാറ്റിവച്ച തുക 227.45 കോടി, ചെലവാക്കിയത് 92.39 കോടി രൂപ. ഇവിടെ 135 കോടി അഥവാ 60 ശതമാനം ചെലവഴിച്ചില്ല. 2012-13-ലെ ബഡ്ജറ്റിൽ 236.68 കോടി രൂപ നീക്കി വച്ചു, ചെലവാക്കിയത് 106.76 കോടി രൂപ. 58.89 ശതമാനം ചെവഴിച്ചില്ല. ഇതാണ് കേരളത്തിന്റെ സ്ഥിതി. കേരളത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ സമീപനം വളരെ വ്യക്തമാണ്. ഇവിടെ തൊഴിലന്വേഷണകരായ, ചെറുപ്പക്കാരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള രണ്ട് കാര്യങ്ങൾ ഉണ്ട്. അതിൽ ഒന്ന്, എന്റെ മണ്ഡലത്തിലുള്ള കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് എന്ന സ്ഥാപനത്തിൽ 30 വർഷമായി സർവ്വീസുള്ള തൊഴിലാളികൾക്ക്

വെറും 9592 രൂപയാണ് പ്രതിമാസ ശമ്പളമായി ലഭിക്കുന്നത്. വർദ്ധിച്ച വിലക്കയറ്റമുള്ള ഈ സാഹചര്യത്തിൽ, ആ തൊഴിലാളികൾക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ട് അവർക്ക് മാന്യമായ വേതനം നൽകണം. ഈ സ്ഥാപനം കഴിഞ്ഞ 25 വർഷമായി ലാഭത്തിൽ പ്രവർത്തിച്ചതാണ്. കഴിഞ്ഞ വർഷം ഗവൺമെന്റിന് ലാഭവിഹിതമായി നൽകിയത് ഒന്നരക്കോടി രൂപയാണ്. ഈ പാവപ്പെട്ട തൊഴിലാളികളുടെ ഹൃദയവേദന മനസ്സിലാക്കാൻ അവർക്കനുകൂലമായ തീരുമാനമെടുക്കാൻ അങ്ങ് തയ്യാറാകണം. രണ്ട്, ഉത്തര മലബാറിലെ കായിക താരങ്ങൾക്ക് അവരുടെ കഴിവ് വികസിപ്പിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ല. ഒരു ഉഷാ സ്കൂൾ ഓഫ് അത്‌ലെറ്റിക്സ് ആണ് കൊയിലാണ്ടിയിലുള്ളത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കുട്ടികളെ സംബന്ധിച്ച് വലിയൊരു അനുഗ്രഹമാണ് കണ്ണൂർ യൂണിവേഴ്സിറ്റിയിലെ സിന്തറ്റിക് ട്രാക്ക്. ആ ട്രാക്കിന് 6 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. പക്ഷേ അന്താരാഷ്ട്ര മാനദണ്ഡപ്രകാരം ഒരു ട്രാക്ക് ഉണ്ടാക്കാനുള്ള സ്ഥലത്തിൽ 60 സെന്റ് കുറവാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള ക്ലേയ്സ് ആന്റ് സിറാമിക്സിന്റെ സ്ഥലമാണ് 12 ഏക്കർ സ്ഥലമെന്ന് പറയുന്നത്. യൂണിവേഴ്സിറ്റിയോട് തൊട്ടുചേർന്നുകിടക്കുന്ന ആ സ്ഥലത്ത് നിന്ന് ഒരു ഏക്കർ നൽകികൊണ്ട് ഉത്തരമലബാറിന്റെ കായിക സ്വപ്നങ്ങൾ പൂവണിയാനുള്ള അവസരമൊരുക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട ഒന്നുരണ്ട്

വിഷയങ്ങളാണ് ഞാൻ ഇവിടെ പറയാനുദ്ദേശിക്കുന്നത്. പരിയാരം മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് എനിക്കറിയില്ല. ആ കോളേജ് ഏറ്റെടുക്കുമെന്നാണ് നേരത്തെ സർക്കാർ പറഞ്ഞിരുന്നത്. അവിടത്തെ അനിശ്ചിതാവസ്ഥയിൽ എന്താണ് സർക്കാരിന്റെ നിലപാട്? പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമോ, ഇല്ലയോയെന്ന കാര്യം സർക്കാർ വ്യക്തമാക്കണം. ലോട്ടറി പരസ്യംപോലെ ഇന്ന്, നാളെ, മറ്റെന്നാൾ എന്നുപറയുന്നതുപോലെ ഇക്കാര്യത്തിലൊരു അവ്യക്തതയുണ്ടാകരുത്. മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാൻ കഴിയണം. കേരളത്തിൽ ഏറ്റവും കൂടുതൽ ഹാർട്ട് സംബന്ധമായ ഓപ്പറേഷൻ ആ മെഡിക്കൽ കോളേജിലാണ് നടക്കുന്നത്. 22 കോടി രൂപ കാരുണ്യയുൾപ്പെടെ, പോസ്റ്റുമോർട്ടം നടത്തിയതിന് കുടിശ്ശികയാണ്. ആ 22 കോടി രൂപ അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ഇന്നലെ പരിയാരം മെഡിക്കൽ കോളേജ് മാതൃകാപരമായ ഒരു തീരുമാനമെടുത്തു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇറാഖിൽനിന്ന് മടങ്ങിവന്ന 10 നഴ്സുമാർക്ക് പരിയാരം മെഡിക്കൽ കോളേജിൽ തൊഴിൽ നൽകാൻ തയ്യാറാണെന്ന കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്കും ചെയർമാൻ നേരിട്ട് നൽകുകയുണ്ടായി. പരിയാരം മെഡിക്കൽ കോളേജിൽ ധാരാളം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയെങ്കിലും 10 വർഷമായി നഴ്സിംഗ് തസ്തിക വർദ്ധിപ്പിച്ചിട്ടില്ല. അതു

കൊണ്ട് തീർച്ചയായും അവിടെ നഴ്സിംഗ് തസ്തികയനുവദിക്കാൻ തയ്യാറാക ണം, അതൊരു പുണ്യമായിരിക്കുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹി ക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വളരെ പ്രാപ്തനായ വ്യവസായ വകു പ്പുമന്ത്രിയാണുള്ളതെങ്കിലും അദ്ദേഹത്തിൽനിന്നും കേരളം പ്രതീക്ഷിച്ച തൊന്നും ലഭിക്കുന്നില്ല. കേരളത്തിലെ 45 ലക്ഷത്തോളം വരുന്ന, തൊഴിൽ കാത്തുനിൽക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങളെ സംബന്ധിച്ചിട ത്തോളം പ്രഖ്യാപനമല്ല, ശക്തമായ നടപടികളും പദ്ധതികളുമാണ് അവർക്ക് വേണ്ടത്. ഇനിയെങ്കിലും നമ്മുടെ നാട്ടിലെ ജനങ്ങൾ വിദ്യാഭ്യാസം പൂർത്തി യാക്കി ഉറ്റവരെയും ഉടയവരെയുംമുപേക്ഷിച്ച് അന്യരാജ്യങ്ങളിലേയ്ക്ക് പോകേണ്ടിവരുന്ന അവസ്ഥ അവസാനിപ്പിക്കാൻ ഇവിടെ വ്യവസായം ആരം ഭിക്കുന്നതിനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. പി.ബി. അബ്ദുൾ റസാക്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അഭിമാനപൂർവം പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ വ്യവസായ വകു പ്പുമന്ത്രിയുടെ നിശ്ചയദാർഢ്യത്തിന്റെയും പ്രവർത്തനക്ഷമതയുടെയും ഫല മായി യു.ഡി.എഫ് സർക്കാർ വ്യവസായ ഐ.റ്റി. മേഖലയിൽ സമാനതകളി ല്ലാത്ത വികസന നേട്ടങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിക്കൊണ്ടിരി ക്കുന്നത്. വ്യവസായ ഐ.റ്റി. മേഖലയിൽ നേട്ടങ്ങളുടെ ഒരു വലിയ പട്ടിക തന്നെയുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. യു.ഡി.എഫ് സർക്കാരിന്റെ ഈ കാലയളവിൽ ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി നേതൃത്വം

നൽകുന്ന വ്യവസായ ഐ.റ്റി വകുപ്പുകൾ സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ സർവ്വകാല റെക്കോർഡ് സൃഷ്ടിച്ചതിൽ ചിലതുമാത്രം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് 35413 ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുകയും 5317 കോടി രൂപയുടെ നിക്ഷേപവും 227636 പേർക്ക് തൊഴിലവസരങ്ങളും സാധ്യമാക്കിയെന്നത് ചരിത്രനേട്ടം തന്നെയാണ്. 2013–14 സാമ്പത്തിക വർഷത്തിൽമാത്രം 11700 സംരംഭങ്ങൾക്ക് അനുമതി നൽകുകയും അതുവഴി 1784.69 കോടി രൂപയുടെ നിക്ഷേപവും 69980 തൊഴിലവസരങ്ങളുണ്ടായതും സർവകാല റെക്കോർഡ് തന്നെയാണ് സൃഷ്ടിച്ചിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വിവിധ പദ്ധതികൾ നടപ്പാക്കാനായി 550 കോടി രൂപ അനുവദിച്ചതും സർവകാല റെക്കോർഡ് തന്നെയാണ്. ഐ.റ്റി എന്ന് കേട്ടാൽ ബാംഗ്ലൂർ, ഹൈദരാബാദ് എന്നൊക്കെ കരുതിയിരുന്ന കാലം മാറി. ഐ.റ്റി അധിഷ്ഠിത സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ഉറപ്പാക്കുന്നതിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ പിന്തള്ളി കേരളം ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുകയാണ്. ഇ-ഗവേണൻസിലും ഇന്ത്യയിൽ ഒന്നാമത് കേരളം തന്നെയാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതി 2013 മാർച്ച് 31-ന് എല്ലാ ജില്ലയിലും നിലവിൽ വന്നതോടെ കേരളം നമ്മുടെ രാജ്യത്തിന് മഹത്തായ മാതൃകയായി മാറിയിരിക്കുകയാണ്. ഇന്ത്യയിലാകെ 50 ജില്ലകളിൽ ഈ പദ്ധതി യാഥാർത്ഥ്യമായപ്പോൾ കേരളത്തിലെ മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാനായതും റെക്കോർഡ് നേട്ടമാ

ണ്. 2002 നവംബർ 18-ന് മലപ്പുറം ജില്ലയിൽ പൈലറ്റ് പദ്ധതിക്കായി അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് തുടക്കമിട്ട അക്ഷയ പദ്ധതി സമാനതകളില്ലാത്ത വിജയഗാഥ രചിച്ച് ഇന്ന് 2300-ലധികം അക്ഷയ കേന്ദ്രങ്ങളായി ഏറ്റവും വലിയ ജനസേവന കേന്ദ്രമായി ഇന്ത്യയിൽത്തന്നെ മാതൃകയായി തീർന്നിരിക്കുകയാണ്. അങ്ങനെ റെക്കോർഡ് സൃഷ്ടിച്ചതും ഒന്നാമതായതും മാതൃകയായതുമായ ധാരാളം കാര്യങ്ങളുണ്ട്. വികസനത്തിലേയ്ക്കുള്ള കേരളത്തിന്റെ വളർച്ചയിൽ പരിസ്ഥിതിയെ സംരക്ഷിച്ച് സാധാരണക്കാരെ ബുദ്ധിമുട്ടിപ്പിക്കാതെ വ്യത്യസ്തങ്ങളായ പദ്ധതികൾക്ക് തുടക്കം കുറിച്ച ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ ജനങ്ങൾ നൽകുന്ന പിന്തുണയാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കാണാൻ സാധിച്ചത്. കേരളത്തിലെ വ്യവസായ ശാലകളിലും വ്യവസായ സംരഭകരായി വരുന്നവർക്കുമുന്നിലും ചെങ്കൊടി നാട്ടി ഇൻക്വിലാബ് വിളിക്കലാണ് വിപ്ലവമെന്ന് തെറ്റിദ്ധരിപ്പിച്ച് സംസ്ഥാനത്ത് വരുന്ന ഏത് നല്ല കാര്യത്തിനും പാരവയ്ക്കുന്നതിൽ സുഖം കണ്ടെത്തി തൊട്ടതിനെല്ലാം കൊടിയുമെടുത്ത് സമരത്തിനിറങ്ങുന്ന പരിപാടി അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഈ സമരങ്ങളെല്ലാം നമ്മുടെ സംസ്ഥാനത്തെ പിന്നിലേയ്ക്ക് നയിക്കുക മാത്രമാണ് ചെയ്യുന്നത്. കാലത്തിന്റെ ചുമരെഴുത്ത് വായിക്കാനായില്ലെങ്കിൽ സ്ഥിതി ഇതിലേറെ ദയനീയമാകുമെന്നുമാത്രം അക്കൂട്ടരെ ഓർമ്മിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നല്ലതിനെയെല്ലാം എതിർത്തുതോൽപ്പിക്കുന്ന വികസനം മുടക്കികൾ എന്ന ദുഷ്പേര് മാറ്റി ചരിത്രത്തിന്റെ വഴികളിൽ നാശക്കല്ലുകളായി കിടക്കാതെ നാശത്തിൽനിന്ന് നന്മയിലേയ്ക്കുള്ള മാറ്റമാണ് കേരളജനത പ്രതീക്ഷിക്കുന്നതെന്നുകൂടി ഞാൻ അവരെ ഓർമ്മിപ്പി

ക്കുകയാണ്. പല കാരണങ്ങളാലും പിന്നോക്കം നിൽക്കുന്ന, സംസ്ഥാനത്തിന്റെ വടക്കേയറ്റത്തുള്ള, വികസനത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കുന്നവരുടെ വികാരംകൂടി അവിടത്തെ പ്രതിനിധിയെന്ന നിലയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഡോ. പ്രഭാകർ കമ്മീഷൻ റിപ്പോർട്ടിൽ സർക്കാരിന്റെ പിന്നോക്കാവസ്ഥ വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വികസന കാര്യത്തിൽ കാസർഗോഡിന് ആനുപാതികമായി ലഭിക്കേണ്ട അർഹതപ്പെട്ട വിഹിതത്തിനടുത്തുപോലും ലഭിച്ചില്ലെന്ന ഗൗരവമായ കണക്കുകളാണ് ആ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. ഈ സർക്കാർ കാസർഗോഡിനോട് വിശാല മനസ്കത കാണിച്ച് പ്രത്യേക പരിഗണന നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ അനന്തപുർ വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. അതിനായി കെ.ബി.പി. എന്ന സ്ഥാപനം 10 കോടി രൂപയുടെ പ്രോജക്ട് സർക്കാരിന് നൽകിയിട്ടുണ്ട്. അതിന് അംഗികാരം നൽകി ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കണം. മഞ്ചേശ്വരം പൈവെളികെയിൽ വ്യവസായ ഐ.റ്റി സംരംഭങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമുണ്ട്. പൈവെളികെയിൽ 400 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരികയാണ്. എത്രയും പെട്ടെന്ന് ആ സ്ഥലം ഏറ്റെടുത്ത് പുതിയ വ്യവസായ ഐ.റ്റി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടിയുടെ കാലത്താണ് എന്റെ നിയോജകമണ്ഡലത്തിൽ മാറ്റങ്ങളുണ്ടായിട്ടുള്ളത്. ഇനിയും അങ്ങയുടെ പിന്തുണയോടെ പച്ച പിടിപ്പിക്കാനുള്ള സൗകര്യം

ഏർപ്പെടുത്തണമെന്നുകൂടി അറിയിക്കുകയാണ്. വ്യവസായ വകുപ്പിന്റെയും ഐ.റ്റി വകുപ്പിന്റെയും ചുമതലയോടൊപ്പം വഖഫ് ബോർഡിന്റെ ചുമതല കൂടി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്കുണ്ട്. അത് കാര്യക്ഷമതയോടെ പരിര ക്ഷിക്കുന്ന അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. വഖഫ് ബോർഡിന് തിരുവന ന്തപുരം, കോട്ടയം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ ഡിവിഷൻ ഓഫീസു കൾ തുടങ്ങിയത് ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ സാധി ക്കും. വട്ടിപ്പലിശക്കാരെ നിലയ്ക്കുനിർത്താൻ ഓപ്പറേഷൻ കുബേര പോലെ തന്നെ പ്രധാനമാണ് സഹകരണ പ്രസ്ഥാനങ്ങളുടെ ഉത്തരവാദിത്വവും. സഹ കരണമേഖലയിലുള്ളവർ ഒരിക്കലും വെട്ടിപ്പുകാരല്ല. അവർക്ക് ലോൺ കൊടുക്കാൻ ഭയപ്പെടേണ്ടതില്ല. സങ്കീർണ്ണതകളില്ലാതെ സഹകരണ ബാങ്കിൽനിന്ന് നിശ്ചിത തുകവരെ ലോൺ നൽകാൻ സഹകരണ മന്ത്രി തയ്യാ റാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. വ്യവസായ-സഹകരണ വകുപ്പുകളെ സംബന്ധിച്ച് ഇവിടെ 13 പേരുടെ പ്രസംഗങ്ങൾ കേട്ടു. നമ്മൾ ഇപ്പോഴും യാഥാർത്ഥ്യങ്ങളു മായി പൊരുത്തപ്പെടാൻ തയ്യാറല്ല, പ്രത്യേകിച്ച് ഭരണപക്ഷത്തുള്ള ആളുകൾ. സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഇൻഡ്യയെ ആധുനികമായ ഒരു വ്യവസായ രാഷ്ട്രമായി പടുത്തുയർത്താൻ ലോകത്തിന് മുമ്പിൽ വിദേശമൂലധന നിക്ഷേപത്തിനും അടിസ്ഥാന വ്യവസായങ്ങൾക്കും ഭീമാകാരങ്ങളായ വ്യവസായങ്ങൾക്കുംവേണ്ടി ഭിക്ഷാപാത്രവുമായി ജവഹർലാൽ നെഹ്റു

നടക്കുകയായിരുന്നു. എല്ലാ യൂറോപ്യൻ രാജ്യങ്ങളും കൈവെടിഞ്ഞു. അന്നുണ്ടായിരുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളാണ് ഇൻഡ്യയെ സഹായിക്കാൻ മുന്നോട്ട് വന്നത്. മഹാനായ ജവഹർലാൽ നെഹ്റുവിന് ഇൻഡ്യയുടെ ഭാവി വ്യവസായങ്ങളെക്കുറിച്ച് വലിയ സങ്കൽപ്പങ്ങളായിരുന്നു. അദ്ദേഹം പാർലമെന്റിൽ നടത്തിയ പ്രസംഗത്തിൽ, ഏതെല്ലാം വ്യവസായങ്ങളാണ് രാഷ്ട്രത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് എസൻഷ്യൽ ആയിരിക്കേണ്ടത്, ആ വ്യവസായ മേഖലയിൽ ഒരു കാലത്തും സ്വകാര്യവൽക്കരണം പാടില്ലെന്ന് പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ 1956-ലെ പ്രസിദ്ധമായ ഇൻഡസ്ട്രിയൽ പോളിസിയുണ്ട്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് അത് ബാധകമല്ല. പക്ഷേ, ചില വ്യവസായങ്ങളും ബേസിക് ഇൻഡസ്ട്രീസും രാജ്യം അംഗീകരിച്ചതാണ്. ഇന്ന് പാർലമെന്റിൽ റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ, 100 ശതമാനവും പബ്ലിക് സെക്ടറായി, ഇൻഡ്യയിലെ ജനങ്ങളുടെ സമ്പത്തായി പടുത്തുയർത്തിയ ഇൻഡ്യൻ റെയിൽവേ വ്യവസായം ഗുരുതരമായി തകരുകയാണ്, പൂർണ്ണമായി സ്വകാര്യ മേഖലയ്ക്ക് കൈമാറുകയാണ്. ഇന്ന് റെയിൽവേ വകുപ്പുമന്ത്രിയുടെ ജോലി എന്താണ്? ഒരു ജോലിയുമില്ല. പക്ഷേ പറയുമ്പോൾ നിങ്ങൾ പ്രകോപിതരാകരുത്, മുൻ ഗവൺമെന്റ് തുടങ്ങിവച്ചത് ഞങ്ങൾ പൂർത്തിയാക്കുകയാണെന്നാണ് പറയുന്നത്. വ്യവസായ മന്ത്രി, അങ്ങയുടെ എല്ലാ പ്രാഗത്ഭ്യങ്ങളേയും ഞാൻ അംഗീകരിക്കുന്നു. അങ്ങയെക്കുറിച്ച് ഞാൻ ആക്ഷേപങ്ങളൊന്നും ഉന്നയിക്കുന്നില്ല. വ്യവസായത്തിന് ആവശ്യം കണക്റ്റിവിറ്റിയാണ്. ഇത് കേരളമാണ്. എക്സ്ട്രീം സൗത്താണ്. ഇവിടെ

കമ്പിയും സിമന്റും പോലുള്ള എല്ലാ റാ മെറ്റീരിയൽസും കൊണ്ടുവരണം. 6.5 ശതമാനമാണ് ചരക്കുകൂലി വർദ്ധിപ്പിച്ചത്.

മി. ചെയർമാൻ : ഓർഡർ പ്ലീസ്.........ഒരംഗം പ്രസംഗിക്കുമ്പോൾ മറ്റ് അംഗങ്ങൾ ദയവായി ശ്രദ്ധിക്കുക.

ശ്രീ. സി. ദിവാകരൻ : സർ, ഞാനും കൂടി പച്ചയ്ക്ക് എതിരായി പറഞ്ഞാൽ മാത്രമേ നിങ്ങൾ ശ്രദ്ധിക്കുകയുള്ളോ? അങ്ങനെയാണെങ്കിൽ ഞാനും അങ്ങനെ പറയാം. അതീവ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് കേരളത്തിലെ വ്യവസായം നീങ്ങിക്കൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര ഫുട്ബോൾ മത്സരത്തിൽ പങ്കെടുത്ത രാജ്യങ്ങളുടെ പേരുപറഞ്ഞിട്ട് അവിടെയൊക്കെ വ്യവസായങ്ങൾ തകർക്കുകയാണെന്ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് ഞാൻ കേട്ടുകൊണ്ടിരിക്കുകയായി രുന്നു. യാഥാർത്ഥ്യം എന്താണ്? ഇവിടെ നാളെ ഒരു ചെറുകിട–ഇടത്തരം വ്യവസായത്തിന് വടക്കേ ഇൻഡ്യയിൽ നിന്ന് എങ്ങനെ അസംസ്കൃത വസ്തുക്കൾ കൊണ്ടുവരും. അതിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ എങ്ങനെയാണ് വരാൻ പോകുന്നത്, അതിന്റെ മാർക്കറ്റ് എവിടെ കിട്ടും? ചെറുകിട വ്യവസായങ്ങളെല്ലാം തകരാൻ പോവുകയാണ്. ഈ നയം മാറിയില്ലെങ്കിൽ, നയമാറ്റത്തിന് എതിരായിട്ടുള്ള സമീപനം വേണ്ടേ? അങ്ങയുടെ വ്യവസായ നയം എന്റെ കയ്യിലുണ്ട്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 67 വർഷമായി. കേരളീയർ ഒരു തെറ്റും ഒരു പാപവും ചെയ്തില്ല. പക്ഷേ, കേന്ദ്രത്തിന്റെ പദ്ധതി വിഹിതം എത്രയാണെന്ന് അറിയാമോ? അത് 2.11 ശതമാനമാണ്. ഇത് മഹാരാഷ്ട്രയിൽ 17.62 ശതമാനവും തമിഴ്നാട്ടിൽ 7.44 ശതമാനവും ആന്ധ്രാ പ്രദേശിൽ 7.17 ശതമാനവുമാണ്. ഏറ്റവും

ലോവസ്റ്റ് കേരളത്തിനാണ്. കഴിഞ്ഞ 10 വർഷം നിങ്ങൾ ഇൻഡ്യ ഭരിച്ചത് 2 പ്രാവശ്യമല്ലേ. കേന്ദ്ര പദ്ധതിവിഹിതം അര ശതമാനമോ, ഒരു ശതമാനമോ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ലെന്നാണ് കണക്കുകൾ പറയുന്നത്. ഇത് ഞാൻ വെറുതെ പറയുന്നതല്ല, ധനകാര്യ വകുപ്പിന്റെ സർവ്വേയാണ്. കേന്ദ്രം എല്ലാ കാലത്തും കേരളത്തെ അവഗണിച്ചു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം സ്തംഭനത്തിലായി. എഫ്.എ.സി.റ്റി.–യുടെ അവസ്ഥ ഇപ്പോൾ എന്താണെന്ന് എറണാകുളത്തുള്ള നേതാക്കന്മാർക്ക് അറിയാമല്ലോ. എഫ്.എ.സി.റ്റി. അമ്പലമേടിലെ യൂണിറ്റ് ഇപ്പോഴുണ്ടോ? അവിടെ സഹായിക്കാമെന്ന് പറഞ്ഞവർ സഹായിച്ചിട്ടുണ്ടോ? ഇനി ആ സ്ഥലം വിൽക്കുകയല്ലാതെ വേറെ വഴിയുണ്ടോ? സ്ഥലം വിൽക്കാൻ കേന്ദ്രത്തിൽ ആളുകൾ വരുന്നുണ്ട്. അതാണ് നടക്കാൻ പോകുന്നത്. കൊച്ചി കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ വിഹിതം പോലും വർദ്ധിപ്പിച്ചില്ല. കഴിഞ്ഞ കാലങ്ങളിലും അത് വർദ്ധിപ്പിച്ചിട്ടില്ല. തുറമുഖ വികസനമില്ല. നമുക്ക് വാഗ്ദാനം ചെയ്ത കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയും ആലപ്പുഴയിലുള്ള വാഗൺ ഫാക്ടറിയും ഇല്ല. റെയിൽവേ വികസനവും ഒന്നുമില്ല. തിരുവനന്തപുരത്തെ തമ്പാനൂർ റെയിൽവേ സ്റ്റേഷൻ ഏഷ്യയിലെ ക്ലാസ്–1 റെയിൽവേ സ്റ്റേഷനാക്കുമെന്ന് ഒരാൾ പറഞ്ഞു. മഴ പെയ്താൽ അതിനകത്ത് കയറാൻ നിവൃത്തിയില്ല. റെയിൽവേയിൽ എന്തെങ്കിലും വികസനം നടത്തിയിട്ടുണ്ടോ? ഇപ്പോൾ റെയിൽവേ മന്ത്രി തന്നിരിക്കുന്നത്, മംഗലാപുരത്തുനിന്നൊരു ഷട്ടിൽ സർവ്വീസാണ്. അതുകഴിഞ്ഞാൽ ഒരു സർവ്വേ. ഇതാണ് കേരളം നേരിടാൻ പോകുന്ന ഗുരുതരമായ പ്രതിസന്ധി. അതിനിടയിൽ പറയുന്നത് ഐ.ടി. കുതിച്ചുകയറിയെന്നാണ്. അത് നല്ല

കാര്യമാണ്. പക്ഷേ അതുമാത്രം മതിയോ? ഇപ്പോഴുള്ള വ്യവസായങ്ങളുടെ സ്ഥിതി എന്താണ്?

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, അങ്ങയുടെ ഡിപ്പാർട്ടുമെന്റ് ഇറക്കിയിരിക്കുന്ന ഒരു ഉത്തരവ് എന്റെ കൈയിൽ ഇരിക്കുകയാണ്. മാന്യൂഫാക്ചറിംഗ് യൂണിറ്റിനുവേണ്ടി റ്റി. വി. തോമസിന്റെ കാലത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടാക്കിയത് entrepreneurs-നും പ്രൊഡക്ഷനു വേണ്ടിയുമാണ്. പക്ഷെ മറ്റാവശ്യങ്ങൾക്ക് സർവ്വീസ് സെക്ടറിനുവേണ്ടി 5 ശതമാനം ഭൂമി കൊടുക്കാമെന്നാണ് അങ്ങ് ഇറക്കിയിരിക്കുന്ന ഓർഡർ. ഇതോടുകൂടി കേരളത്തിലെ എസ്.എസ്.ഐ. യൂണിറ്റുകളുടെ നാശമായിരിക്കും സംഭവിക്കാൻ പോകുന്നത്. പുറത്തുനിന്ന് ആരെങ്കിലും ഈ മേഖലയിൽ കയറുന്നത് അപകടമാണ്. കേരളത്തിലെ സ്മോൾ സ്കെയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്ത് പർപ്പസിനുകൊടുത്താലും തെറ്റാണ്. അത് പുനഃപരിശോധിക്കണം. ഇത് മന്ത്രിസഭ തീരുമാനിച്ചതാണോ, അതോ ഒരു നയമാണോ; ആ നയം അങ്ങയുടെ നയത്തിലൊന്നിലും കാണുന്നില്ല. അതുകൊണ്ട് ഈ ഉത്തരവ് ദയവുചെയ്ത് അങ്ങ് പിൻവലിക്കണം. വ്യവസായശാലകളൊന്നും പൂട്ടിയിട്ടില്ലായെന്ന് അങ്ങ് പറയുന്നു, പക്ഷെ പലതും തുറന്ന് പ്രവർത്തിക്കുന്നില്ല. കോമളപുരം സ്പിന്നിംഗ് മിൽ ആലപ്പുഴയുടെ വ്യവസായമല്ലേ? ഞങ്ങൾ അത് ഏറ്റെടുക്കുകയും തൊഴിലാളികൾക്ക് കൊടുക്കാനുണ്ടായിരുന്ന തുക കൊടുത്തുതീർക്കുകയും ചെയ്തു. എന്നിട്ടും ആ സ്പിന്നിംഗ് മിൽ ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. അതുപോലെ, നമ്മുടെ എക്സൽ

ഗ്ലാസസ് ലിമിറ്റഡ് എന്ന വ്യവാസയ സ്ഥാപനവും പൂട്ടികിടക്കുകയല്ലേ; എത്ര നാളായി? എന്താണ് അതിന്റെ കാരണം? സമയമില്ലാത്തതിനാൽ ഞാൻ കൂടുതലായി പറയുന്നില്ല. കേരളത്തിലെ പല വ്യവസായ സ്ഥാപനങ്ങളും പ്രതിസന്ധിയിലാവുകയും അടച്ചുപൂട്ടുകയും തൊഴിലാളികൾക്ക് തൊഴിലില്ലാതാകുകയും ചെയ്തിരിക്കുന്നു. ഇതിൽ രണ്ട് കാര്യങ്ങൾ ഞാൻ പറയാനാഗ്രഹിക്കുന്നത്, ശ്രീ. എം. പി. വിൻസെന്റ് ഇവിടെ സംസാരിച്ചപ്പോൾ ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് ഗൗരവമായി അന്വേഷിക്കണമെന്ന് പറഞ്ഞു. എന്നുപറഞ്ഞാൽ അദ്ദേഹം ഈ ആരോപണങ്ങൾ അംഗീകരിച്ചുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അന്വേഷണം നടത്തണമെന്നുള്ളത് ഒരു വസ്തുതയാണ്. അതുപോലെ, ശ്രീ. പി. സി. ജോർജ്, സഖാവ് റ്റി. വി. തോമസിന് ഒരു സർട്ടിഫിക്കറ്റ് കൊടുത്തു. റ്റി.വി. തോമസിനെ താരതമ്യം ചെയ്യാൻ ഇപ്പോൾ കേരളത്തിലാരും ജീവിച്ചിരിപ്പില്ല. റ്റി. വി. തോമസിനെക്കുറിച്ച് പറഞ്ഞതൊന്നും ആരും മറന്നിട്ടില്ല. എന്തായാലും അതിനെപ്പറ്റി ഞാനൊരു വിവാദത്തിനൊന്നുമില്ല. രാഷ്ട്രീയത്തിൽ ചിലപ്പോൾ ധാരാളം ആക്ഷേപങ്ങൾ കേൾക്കേണ്ടതായി വരും. റ്റി. വി. തോമസ് ലോകത്തിന്റെ വ്യവസായ ഭൂപടത്തിൽ കേരളത്തെ കൊണ്ടുവരാൻ ശ്രമിച്ച ആദ്യത്തെ ആളാണ്. അതിനുവേണ്ടി അന്ന് ധാരാളം അപവാദങ്ങൾ അദ്ദേഹം കേട്ടു. പക്ഷെ ഇന്ന് എന്താണ് സ്ഥിതി; വിദേശ മൂലധന നിക്ഷേപത്തിനുവേണ്ടി എല്ലാ വാതിലുകളും തുറന്നിട്ടിരിക്കുകയാണ്. സ്പെഷ്യൽ എക്കണോമിക് സോൺ തന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്. അന്ന് അതിനെ വിമർശിച്ചവരും അദ്ദേഹത്തെ വേട്ടയാടിയവരും എല്ലാവരും തന്നെ ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. ഇതൊരു പുതിയ ലോകവും പുതിയ വ്യവസായ അന്തരീക്ഷവുമാണ്. ആളുകൾക്ക് പുതിയ ഡിമാന്റാണ്. അങ്ങ്

ഐ.റ്റി. മേഖല വികസിപ്പിക്കണം. പക്ഷെ ഐ.റ്റി. മേഖലയിലൊരു ഗുരുതരമായ സാമൂഹിക പ്രശ്നമുണ്ട്. ഞാനത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഐ.റ്റി. മേഖലയാകെ അടിമക്കൂടാരങ്ങളാണ്. പതിനാലോ പതിനഞ്ചോ പതിനെട്ടോ വയസ്സ് കഴിഞ്ഞ് ഐ.റ്റി. മേഖലയിൽ കടക്കുന്ന കുട്ടികൾക്ക് യാതൊരു സർവ്വീസ് കണ്ടീഷനുമില്ല. അവർ slaves ആണ്. അവിടെ തൊഴിൽ നിയമങ്ങളോ ലേബർ വെൽഫെയർ ആക്ടിവിറ്റീസോ ഡെമോക്രാറ്റിക് റൈറ്റോ ഇല്ല. അവരെ വെറും ഉപകരണങ്ങളാക്കി അഞ്ചുകൊല്ലവും പത്തുകൊല്ലവുമൊക്കെ കഴിയുമ്പോൾ എടുത്തുകളയുകയാണ് ചെയ്യുന്നത്. അത് നാളെ നമ്മുടെ രാജ്യത്തൊരു സാമൂഹിക പ്രശ്നമായി ഉയരാൻ പോകുകയാണ്. ഒന്നിനും കൊള്ളാത്തവരായി ഇവർ മാറുകയാണ്. അത് മാന്യുഫാക്ചറിംഗ് സെക്ടറല്ല, സർവ്വീസ് സെക്ടറാണ്. സർവ്വീസ് സെക്ടർ കേരളത്തെപ്പോലെ ഒരു സംസ്ഥാനത്ത് അത്രവലിയ അത്യാവശ്യ മേഖലയല്ല. നമുക്കാവശ്യം പ്രൊഡക്ഷനും മാന്യൂഫാക്ചറിംഗുമാണ്. മാന്യുഫാക്ചറിംഗ് രംഗത്തേയ്ക്ക് കേരളത്തിന്റെ വ്യവസായ മേഖല തിരിയണം. അതാണ് ഞങ്ങൾ പറയുന്നത്. കശുവണ്ടി വ്യവസായമെന്ന പരമ്പരാഗത വ്യവസായത്തെ ഇവിടെയാരോ പറഞ്ഞതുപോലെ പുച്ഛിച്ച് തള്ളുകയായിരുന്നു. കശുവണ്ടി ഒരു ഉൽപ്പാദന മേഖലയാണ്, കൊമേഴ്സ്യൽ മേഖലയും അതുപോലെതന്നെ കാർഷിക മേഖലയുമാണ്. കശുവണ്ടിക്ക് കൃഷി, സംഭരണം, സംസ്കരണം, മാർക്കറ്റിംഗ് എന്നിങ്ങനെ പല പർപ്പസാണുള്ളത്. അതിനെ നമ്മൾ അവഗണിക്കുന്നു. അങ്ങ് അതിന് മുൻകൈയെടുക്കണം. കേരളത്തിന്റെ തനതായ സമ്പത്താണത്. നമ്മുടെ കൈത്തറി വ്യവസായത്തിന്റെ സ്ഥിതിയിപ്പോൾ

എന്താണ്? ടെക്സ്റ്റൈൽ മില്ലുകളും പവർലൂമുകളുംകൊണ്ട് വിസ്മയകരമായ ഒരു ലോകമുണ്ടായിരുന്നു. ഇന്ന് പാവപ്പെട്ടവർ തറികളിൽ കഷ്ടപ്പെട്ട് നെയ്തെടുക്കുന്ന തുണി വാങ്ങാൻ ആളുകളില്ല, വലിയ വിലയാണ്. നൂല്, പഞ്ഞി എന്നിവ കിട്ടാനില്ല. ലേബർ ചാർജ്ജ് കൂടുതലാണ്. ഇതെല്ലാമാണെങ്കിലും കൈത്തറി വ്യവസായത്തെ നമുക്ക് കൈവിടാൻ സാധിക്കില്ല. അങ്ങയോട് ഒരു അപേക്ഷയുണ്ട്. കൈത്തറി രംഗത്ത് ധനകാര്യവകുപ്പുമന്ത്രി ഇപ്പോൾ 2 ശതമാനം ടേണോവർ ടാക്സ് ചുമത്തിയതോടുകൂടി കേരളത്തിലെ കൈത്തറി മേഖലയിൽ ഇനിയെന്ത് ചെയ്താലും രക്ഷപ്പെടില്ല. അതോടൊപ്പം ഹാന്റക്സിന് കൊടുക്കാനുള്ള കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുകയും പ്രൈമറി സംഘങ്ങളെ സഹായിക്കുകയും വേണം. ആ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പൂർണ്ണമായും വിനിയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കൈത്തറി റിവൈവൽ പ്രോജക്ടിൽ 3970 കോടി രൂപയുടെ കേന്ദ്ര പാക്കേജുണ്ട്. ആ പാക്കേജിൽ 740 കോടി രൂപ കേരളത്തിന് ഇനിയും ലഭിക്കാനുണ്ട്. അതിൽ ഇതുവരെ നേടിയെടുത്തിരിക്കുന്നത് 35 കോടി രൂപ മാത്രമാണ്. എത്രയോ ആയിരകണക്കിനാളുകൾ പണിയെടുക്കുന്ന ഒരു വ്യവസായ മേഖലയെ എങ്ങനെയാണ് ശ്രദ്ധിക്കുന്നത്? നമ്മുടെ ബീഡി വ്യവസായം തകർന്നു. ബീഡി വ്യവസായത്തെക്കുറിച്ച് പറയുന്ന കുറച്ചാളുകൾ ഇവിടെയുണ്ട്. കേരളത്തിന്റെ ടൈൽ വ്യവസായം, തൃശ്ശൂർ ജില്ലയിലുള്ളവർക്ക് അറിയാം. ഇവിടെ ശ്രീ. പി. സി. ജോർജ്, കുഴലും വേണ്ട, പുകയും വേണ്ട എന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത്. കേരളത്തിന്റെ ഓട് വ്യവസായം പതിനായിരകണക്കിനാളുകൾ പണിയെടുക്കുന്ന ഒരു മേഖലയാണ്. ഇന്ന് എക്കോ ഫ്രണ്ട്ലിയായി വന്നാൽ

ആ ഓട് വ്യവസായം നമുക്ക് റിവൈവ് ചെയ്യാൻ സാധിക്കും. അതിന് പല ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ആ വ്യവസായം ഇപ്പോൾ ഏകദേശം മണ്ണടിഞ്ഞു. കള്ള്-ചെത്ത് വ്യവസായവും പരമ്പരാഗത വ്യവസായമാണ്. ഞാനെല്ലാം പറയുന്നില്ല. കേരളത്തിലെ ഏകദേശം 45 ലക്ഷം ആളുകൾ പണിയെടുക്കുന്ന ഈ ഉൽപ്പാദന മേഖലയെ, ഈ പരമ്പരാഗത മേഖലയെ പൂർണ്ണമായും അവഗണിക്കുന്ന ഒരു സമീപനം പാടില്ല. അങ്ങയുടെ ഇൻഡസ്ട്രിയൽ പോളിസിയിൽ പറഞ്ഞിരിക്കുന്നത്, 'Strengthening and modernization of traditional industries' എന്നാണ്, പക്ഷെ ഇതിനുവേണ്ടി ഒന്നും ചെയ്യുന്നില്ല. മൂന്നുകൊല്ലമായി കാര്യമായി ഒന്നും ചെയ്തിട്ടില്ല. അങ്ങയുടെ തിരക്കുകൊണ്ടോ, അങ്ങ് ഐ.റ്റി. ലോകത്തായതുകൊണ്ടോ ഈ പാവപ്പെട്ട ആളുകളുടെ, വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുന്നതിന്.....

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കശുവണ്ടി മേഖലയിലെ തൊഴിൽദിനത്തിന്റെ സ്റ്റാറ്റിസ്റ്റിക്സ് അങ്ങ് നോക്കിയിട്ടുണ്ടോ? തൊഴിൽ ദിനത്തിൽ ഒരു ദിവസംപോലും കുറവുവന്നിട്ടില്ലായെന്നുമാത്രമല്ല, എന്റെ കാലത്താണ് കശുവണ്ടി മേഖലയിൽ റിക്കോർഡ് ദിവസം തൊഴിൽ കൊടുത്തത് എന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ കാഷ്യൂ മേഖലയിൽ കാപ്പെക്സിലും കാഷ്യു കോർപ്പറേഷനിലും കോടിക്കണക്കിന് രൂപ ഗ്രാറ്റുവിറ്റി ഇനത്തിലും ശമ്പളം തുടങ്ങിയ മറ്റ്

ആനുകൂല്യങ്ങളുമായി കൊടുക്കാനുണ്ട്. തൊഴിൽ ദിവസം കിട്ടിയാൽ മതിയോ? അങ്ങനെയൊരു വ്യവസായം മാത്രമാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. ഞാൻ നിരവധി വ്യവസായങ്ങൾ ചൂണ്ടിക്കാണിക്കാം. അതുപോലെ 'Creation of additional employment of 5 lakh persons in the manufacturing unit.' ഉത്പാദന മേഖലയിൽ 5 ലക്ഷം പേർക്ക് തൊഴിൽ അവസരമുണ്ടാക്കുമെന്നാണ് അങ്ങയുടെ വ്യവസായ നയത്തിൽ പറയുന്നത്. അങ്ങയുടെ വ്യവസായ നയത്തിൽ പറയുന്ന മറ്റൊരു കാര്യം, 'Enabling growth, revival and diversification of State public sector.' ഏതാണ് ഡൈവേഴ്സിഫിക്കേഷൻ നടത്തിയത്? കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് സെയിലും കെ.എം.എം.എൽ.–ഉം ചേർന്ന് 2000 കോടി രൂപയുടെ പ്രോജക്ടിന്റെ പദ്ധതിക്ക് രൂപം കൊടുത്തു. ഒരിടത്തുമെത്തിയില്ല. കെ.എം. എൽ.എൽ. ഇന്ന് പ്രതിസന്ധിയിലാണ്. കെ.എം.എം.എൽ., ഐ.ആർ.ഇ., ടൈറ്റാനിയം ഉൾപ്പെടെയുള്ള കരിമണൽ ബേസ്ഡായിട്ടുള്ള വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ കർക്കശമായ ഒരു നയം പ്രഖ്യാപിച്ചുകൊണ്ട്....... ഇത് ഗോൾഡ് മൈനാണ്. സർക്കാരിന്റെ പത്തുപൈസയുടെ ഇൻവെസ്റ്റ്മെന്റില്ല. മണൽ വാരുന്നു, കെ.എം.എം.എൽ.–ഉം ഐ.ആർ.ഇ.യും പോകുന്നു, കോടികൾ വരുന്നു. അത് ശ്രദ്ധിക്കാനാളില്ല. അവിടെ കർക്കശമായ നടപടികളും നിയമങ്ങളുമില്ല. കെ.എം.എം.എൽ.–നെക്കുറിച്ച് ഗുരുതരമായ ആക്ഷേപമാണ് വന്നത്. അത് അങ്ങേയ്ക്കും അറിയാവുന്നതാണ്. അതിനെതിരെ നടപടി എടുക്കണം. കെ.എം.എം.എൽ.–ന്റെ 150 ഏക്കർ സ്ഥലം, ഗവണ്മെന്റ് അവരെ വിളിച്ചുകൂട്ടി. ക്യാബിനറ്റ് തീരുമാനിച്ചു. അതിന്റെ തീരുമാനത്തിൽ

പറയുന്നത്, 'The expenditure in this regard will be met by the Kerala Minerals and Metals Ltd. from its own fund. The company shall supply sufficient drinking water' എന്നാണ്. ഒരു കമ്പനിയുടെ പരിസരത്ത് താമസിക്കുന്ന ആളുകൾക്ക് കുടിവെള്ളം കൊടുക്കണമെന്ന് ഒരു കരാറിലൊപ്പിടേണ്ടി വരുന്ന ദയനീയമായ അവസ്ഥ എങ്ങനെയുണ്ടായി? അവിടെയുള്ളവർക്ക് കൊടും രോഗങ്ങളാണ്.

മി. ചെയർമാൻ: ശ്രീ. സി. ദിവാകരൻ, അങ്ങ് 6 മിനിറ്റ് കൂടുതലെടുത്തു. അങ്ങ് കൂടി അംഗമായിട്ടുള്ള കാര്യോപദേശക സമിതിയാണ് ഇന്ന് ചട്ടം 58 പ്രകാരമുള്ള ചർച്ച വച്ചിട്ടുള്ളത്.

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കെ.എം.എം.എൽ.-ന്റെയും ഐ.ആർ.ഇ.-യുടെയും പ്രശ്നങ്ങൾ തീർക്കണം. കിരമണൽ ഖനനം ചെയ്യുന്നത് ആരാണെന്നറിയണം. ഇത്രയും ശക്തമായ ഗവണ്മെന്റ് സംവിധാനങ്ങളുള്ളപ്പോൾ എങ്ങനെയാണ് കള്ളക്കടത്ത് നടത്തുന്നത്? അങ്ങ് പറഞ്ഞു പ്രൈവറ്റ് സെക്ടറിൽ മൈനിംഗ് ഇല്ലായെന്ന്. അങ്ങനെയാണെങ്കിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. പക്ഷെ ഗവണ്മെന്റിന്റെ പ്രഖ്യാപനമില്ലാതെ ഇഷ്ടംപോലെ കരിമണൽ കടത്തുന്നുണ്ടെന്ന കാര്യം നേരിട്ടറിയുന്ന ഒരാളാണ് ഞാൻ. അതൊരു വലിയ റാക്കറ്റാണ്. ഗവണ്മെന്റുകളെ കൊണ്ടുപോകുന്ന, ആരുടെയും ശ്രദ്ധയിൽപ്പെടാത്ത റാക്കറ്റാണ്. വലിയൊരു സ്വർണ്ണ കള്ളക്കടത്തുപോലെയാണത്. അത് പിടിക്കപ്പെടണം, അതിന് കർശനമായ നിയമങ്ങളുണ്ടാകണം. ഞങ്ങൾ അതിന് ആവശ്യമായ സഹായങ്ങൾ ചെയ്യാം. കെ.എം.എം.എൽ.-നെയും ടി.ടി.പി.എൽ.-നെയും രക്ഷിക്കണം.

കോഴിക്കോട്ട് കോമൺവെൽത്ത് വിവാദമായ പ്രശ്നമാണ്. 2012–ൽ ഞങ്ങൾ പാസ്സാക്കി കേന്ദ്രത്തിലയച്ചു. രണ്ടുവർഷമായി അത് പൂട്ടികിടക്കുകയാണ്. കോഴിക്കോട്ട് ഇങ്ങനെയൊരു പ്രശ്നം നിയമസഭയിൽ ഉന്നയിക്കാൻ ഞങ്ങളെ അനുവദിക്കരുത്. പരമ കഷ്ടമാണത്. വേറെ ആളുകൾ ആ സ്ഥലം വാങ്ങാൻ പോവുകയാണ് എന്നാണ് കേൾക്കുന്നത്. 2014-ലെ ബഡ്ജറ്റിൽ വ്യവസായത്തിനുവേണ്ടി കോടിക്കണക്കിന് രൂപയുടെ കണക്ക് പറഞ്ഞു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഡ്ജറ്റ് പൂർണ്ണമായി പാസ്സാകുന്നതിനുമുമ്പുതന്നെ അതിന്റെ മൂന്നിലൊന്ന് എക്സ്പെൻഡിച്ചറാകാം. എന്നാൽ ഇതുവരെ എക്സ്പെൻഡിച്ചറായിട്ടില്ല. ഗവണ്മെന്റിന്റെ സാമ്പത്തിക സർവ്വെയിൽ പറയുന്നത് 2012-13-ൽ വകയിരുത്തിയിട്ടുള്ളതിൽ 16 ശതമാനമാണ് വ്യവസായ വകുപ്പിൽ ഇതുവരെയുള്ള ചെലവ് എന്നാണ്. അതിന്റെയർത്ഥം പുതുതായി ധനാഭ്യർത്ഥനയുടെ ആവശ്യമില്ല, അലോട്ട് ചെയ്തതുതന്നെ എക്സ്പെൻഡി ച്ചറാകുന്നില്ല എന്നാണ്. അവസാനത്തെ രണ്ടുമാസമാണ് എക്സ്പെൻഡിച്ച റാകുന്നതെങ്കിൽ കേരളത്തിൽ വ്യവസായത്തിന് ഒന്നും ചെയ്യാൻ നിവൃത്തിയില്ല. അതുകൊണ്ട് അടിയന്തരമായി വ്യവസായ വകുപ്പിലെ പരമ്പരാഗത വ്യവസായങ്ങളും അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളും പുനഃരുദ്ധരിക്കാനുള്ള ശക്തമായ നടപടികളെടുക്കണം എന്നുപറഞ്ഞു കൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ആദ്യമേതന്നെ കേരളത്തെ പൂർണ്ണമായും

അവഗണിച്ച റെയിൽവേ ബഡ്ജറ്റിലുള്ള പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു. അവഗണിച്ചുവെന്നുമാത്രമല്ല, ഒരു പാസഞ്ചർ ട്രെയിൻ അനുവദിച്ച് കേന്ദ്ര ഗവണ്മെന്റ് നമ്മളെ അവഹേളിക്കുകകൂടി ചെയ്തു.

മി. ചെയർമാൻ : പുതിയ ബഡ്ജറ്റിൽ കൂടുതൽ പ്രതീക്ഷിച്ചതാണ് തെറ്റ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പ്രതീക്ഷയാണല്ലോ നമ്മളെയെല്ലാപേരെയും മുന്നോട്ടുകൊണ്ടുപോകുന്നത്. പക്ഷെ ആ പ്രതീക്ഷയ്ക്ക് വലിയൊരു തിരിച്ചടി ഏറ്റിരിക്കുന്നു എന്നതാണ് ആമുഖമായി എനിക്ക് സൂചിപ്പിക്കാനുള്ളത്. വ്യവസായ വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ, പരമ്പരാഗത വ്യവസായങ്ങളും മറ്റ് വ്യവസായങ്ങളുമൊക്കെ ഇവിടെ കൊണ്ടുവരുന്നതിനും മുതൽമുടക്കുന്നതിനും പുതിയതായി ആരംഭിക്കുന്നതിനുമൊക്കെ പ്രായോഗികമായി ഒരുപാട് തടസ്സങ്ങളുണ്ട്. പക്ഷെ ഇവിടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഐ.റ്റി. മേഖല ഒരു വലിയ കുതിച്ചുചാട്ടത്തിന് ഒരുങ്ങുന്നു എന്നതാണ് ഏറ്റവും അഭിനന്ദനാർഹമായി എടുത്തുപറയേണ്ട ഒരു കാര്യം. ഈ രംഗത്തേയ്ക്ക് മറ്റ് സംസ്ഥാനങ്ങൾ കടന്നുവരുന്നതിനുമുമ്പുതന്നെ അങ്ങയുടെതന്നെ കാലത്ത് തിരുവനന്തപുരത്ത് ടെക്നോപാർക്ക് ആരംഭിച്ചു. ഇടക്കാലത്ത് അതിന്റെ നിറം മങ്ങിയെങ്കിൽപ്പോലും ഇപ്പോൾ പൂർവ്വാധികം ഭംഗിയായി ടെക്നോപാർക്കും എറണാകുളത്ത് ഇൻഫോപാർക്കും കോഴിക്കോട്ട് സൈബർ പാർക്കുമെല്ലാം നല്ല നിലയിൽ മുന്നോട്ടുവരുന്നുവെന്നത് ആശാവഹമാണ്. കഴിഞ്ഞ വർഷം 1 ബില്ല്യൺ ഡോളറായിരുന്നു നമ്മുടെ കയറ്റുമതിയെങ്കിൽ അടുത്ത വർഷം അത് 2 ബില്ല്യണാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. തീർച്ചയായും അത്തരം

നടപടികളെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഇവിടെ ശ്രീ. സി. ദിവാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ മേഖലകളിൽ തൊഴിലെടുക്കുന്ന ആളുകളെ അടിമകളെപ്പോലെ പണിയെടുപ്പിക്കുകയും അവരുടെ ചെറുപ്പവും ആരോഗ്യവും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഒരു സാഹചര്യം നിലവിലുണ്ടെന്നത് നമ്മൾ ഓർക്കേണ്ടതും അതിനൊരു പരിഹാരം ഉണ്ടാക്കേണ്ടത് ആവശ്യമാണ് എന്നുകൂടി ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഇവിടെ ശ്രീ. റ്റി. വി. രാജേഷ് സ്മാർട്ട് സിറ്റിയുടെ കാര്യം പറഞ്ഞപ്പോൾ ഒരു കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്താൻ 4 വർഷം വേണമോയെന്ന് ചോദിക്കുകയുണ്ടായി. കഴിഞ്ഞ ഗവണ്മെന്റ് 5 വർഷക്കാലം ഉദ്ഘാടനം നടത്തി, കല്ലിട്ടു. എന്നിട്ട് അതിന്റെ മുകളിൽ ഒരു കല്ലുപോലും എടുത്തുവച്ചില്ല. അവിടെ റീത്ത് കൊണ്ടുവച്ചയാളാണ് ശ്രീ. ബെന്നി ബെഹനാൻ. ഇതിന്റെ സി.ഇ.ഒ. ശ്രീ. ഫരീദ് അബ്ദുറഹിമാൻ കേരളത്തിൽ വന്നുകഴിഞ്ഞപ്പോൾ അദ്ദേഹം ഇതിനൊന്നുമല്ല വരുന്നത്, വേറെയെന്തിനോ ആണ് വരുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഒന്നും നടന്നില്ല. 4 കൊല്ലമെങ്കിൽ 4 കൊല്ലം, ആദ്യത്തെ കെട്ടിടമെങ്കിലും തീരുമല്ലോ, നല്ല നിലയിൽ അത് മുന്നോട്ടുവരുമല്ലോ, അത് നഷ്ടപ്പെട്ടില്ലല്ലോ. അതിന് ഏറ്റെടുത്ത ഇനിഷ്യേറ്റീവ് വളരെ വലുതാണ്. അക്കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്.

ടെക്സ്റ്റയിൽ കോർപ്പറേഷന്റെ മില്ലുകൾക്ക് സംസ്ഥാന ഖജനാവിൽ നിന്ന് പണം കൊടുക്കുന്നുണ്ട്. അത് ദൈനംദിനം പ്രവർത്തിക്കുന്നു എന്നുമാത്രമേയുള്ളൂ. എത്രകാലം നമുക്ക് ഇങ്ങനെ പണം കൊടുത്തുകൊണ്ട്

മുന്നോട്ട് പോകാൻ കഴിയും. ചെങ്ങന്നൂരിൽ കെ.എസ്.റ്റി.സി.യുടെ പ്രിമാവേറ മിൽസ് ഉണ്ട്. അവിടെ ഇപ്പോഴത്തെ സ്പിന്റിലുകൾ പൂർണ്ണമായും പ്രവർത്തിപ്പിച്ചാൽ പോലും ലാഭകരമായി മുന്നോട്ട് പോകില്ല. അതുകൊണ്ട് സ്പിന്റിലുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഡൈവേഴ്സിഫിക്കേഷൻ വേണം. അത്തരത്തിലൊരു പാക്കേജ് അവിടെ നടപ്പിലാക്കാതെ മുന്നോട്ട് പോകാൻ സാദ്ധ്യമല്ല. അതുകൊണ്ട് കെ.എസ്.റ്റി.സി.യുടെ പുനരുദ്ധാരണത്തിന് വലിയ ഒരു താത്പര്യം അങ്ങയുടെ ഭാഗത്ത് നിന്ന് ഉണ്ടാകണം എന്നാണ് അക്കാര്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കാനുള്ളത്. ട്രാക്കോ കേബിളിന്റെ കാര്യത്തിൽ വലിയ ഒരു ഇൻഷ്യേറ്റീവ് ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്. സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ മാത്രം ആശ്രയിച്ചിരുന്നതിൽ നിന്നും മാറി കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സ്റ്റേറ്റുകളിലെ ഇലക്ട്രിസിറ്റി ബോർഡുകളിൽ നിന്നുപോലും ഓർഡറുകൾ സ്വീകരിക്കത്തക്ക വണ്ണം ട്രാക്കോ കേബിളിന്റെ പ്രവർത്തനം നന്നായി കൊണ്ടുപോകുവാൻ അങ്ങ് എടുക്കുന്ന ഇൻഷ്യേറ്റീവിനെ അഭിനന്ദിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ നാലാം വാർഷികത്തിൽ വ്യവസായ വകുപ്പിന്റെ സ്വപ്ന പദ്ധതിയായി ആരംഭിച്ചതാണ് ആറൻമുള വിമാനത്താവളം പദ്ധതി. ഈ ഗവൺമെന്റ് അതിന് പിന്തുണ കൊടുത്തു. പക്ഷെ പിന്തുണ വാക്കിൽ മാത്രം മതിയോ; ഓഹരി എടുക്കാൻ തീരുമാനിച്ചു, ഓഹരി എടുത്തില്ല. ലാന്റ് സീലിംഗ് എക്സംഷൻ തീരുമാനിച്ചു, ലാന്റ് സീലിംഗ് എക്സംഷൻ കൊടുത്തില്ല. അവരുടെ ബോർഡിൽ ആളെ കൊടുക്കുമെന്ന് പറഞ്ഞിട്ട് കൊടുത്തില്ല. വാക്കിൽ വേണ്ടത്ര പിന്തുണ കൊടുത്തു. ഒരു ഉത്തരവ് പോലും ആ കമ്പനിക്കനുകൂലമായി ഈ ഗവൺമെന്റ് വന്നതിന് ശേഷം മൂന്ന് വർഷക്കാലം

നടപ്പിലാക്കിയില്ല. To be or not to be എന്നത് ഒരു രാജാവിനും ഭൂഷണമല്ല. വേണമെന്നുണ്ടെങ്കിൽ ശരിയായ രീതിയിൽ ആ പ്രോജക്ടിനനുകൂലമായി നിൽക്കണം. വേണ്ടെങ്കിൽ വേണ്ട. ആർക്കും അതിൽ നിർബന്ധമില്ല. പക്ഷേ വേണമെന്ന് ബോദ്ധ്യപ്പെട്ടിട്ടാണെങ്കിൽ അതിന് വേണ്ടിയുള്ള കാര്യങ്ങൾ നടപ്പിലാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 18 ഉത്തരവുകൾ പുറപ്പെടുവിച്ചു. ഇടതുമുന്നണി ഗവൺമെന്റ് കൊണ്ടുവന്നതുകൊണ്ട് ഞങ്ങൾ പിന്തുണയ്ക്കുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. അങ്ങനെയല്ല വേണ്ടത്. ഈ ഗവൺമെന്റിന് ആ പ്രോജക്ട് വേണമെന്ന് ബോദ്ധ്യമുള്ളതുകൊണ്ട് ഞങ്ങൾ അതിന് വേണ്ടി നിൽക്കുന്നു എന്ന് പറയാനുള്ള ആത്മധൈര്യം ഈ ഗവൺമെന്റിനുണ്ടാകണം. അത്തരത്തിൽ ആ പ്രോജക്ടിനെ അനുകൂലിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കഴിഞ്ഞ ഗവൺമെന്റിലെ മുഖ്യമന്ത്രിയെയും കഴിഞ്ഞ നിയമസഭയിലുണ്ടായിരുന്ന ഒരു എം.എൽ.എ.യും പേരെടുത്ത് പറഞ്ഞുകൊണ്ട്, എന്തോ വലിയ കുഴപ്പങ്ങൾ ആ പ്രോജക്ടിനുവേണ്ടി ഗവൺമെന്റ് ചെയ്തു എന്ന് പറഞ്ഞ് ആഡിറ്റർ ജനറൽ അദ്ദേഹത്തിന്റെ പദവിയെത്തന്നെ ഇകഴ്ത്തിയിരിക്കുകയാണ് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു പ്രോജക്ട് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ആഡിറ്റർ ജനറലിന് അധികാരമുണ്ടോ? അത് ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അക്കാര്യം തീരുമാനിച്ചു. ബോദ്ധ്യപ്പെട്ടതിനുശേഷം ഈ ഗവൺമെന്റ് അത് മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനമെടുക്കുകയും ആ തീരുമാനത്തിൽ ഉറച്ച് നിൽക്കാൻ തയ്യാറാകുകയും വേണം; അല്ലെങ്കിൽ ഞങ്ങൾക്ക് ഇതുമായി ബന്ധമില്ല ഞങ്ങൾ ഇതിൽ നിന്ന്

പിൻമാറുന്നുവെന്ന് പറയാനുള്ള ആത്മധൈര്യം നമുക്കുണ്ടാകണമെന്ന് മാത്രമാണ് എനിക്കതിനെക്കുറിച്ച് പറയാനുള്ളത്.

സഹകരണ മേഖലയെക്കുറിച്ച് സംസാരിക്കാനാണ് ഇന്ന് യഥാർത്ഥത്തിൽ പ്രസംഗിക്കാൻ ആവശ്യപ്പെട്ടത്. ആധുനിക സാമ്പത്തിക പരിഷ്ക്കാരങ്ങൾ ലോകമെമ്പാടും നടക്കുമ്പോൾ സഹകരണ മേഖലയ്ക്ക് വലിയ പ്രാധാന്യമുണ്ട്. കാരണം ധാരാളം അവസരങ്ങൾ വരുന്നു. എന്നാൽ ആ അവസരങ്ങൾ മുതലാക്കുന്നത് മുഴുവൻ മൾട്ടി നാഷണൽ കമ്പനികളാണ്. അല്ലാതെ പൊതുമേഖലയല്ല. പൊതുമേഖലയ്ക്ക് മത്സരങ്ങൾ അതിജീവിച്ചുകൊണ്ട് അവസരങ്ങൾ ചൂഷണം ചെയ്യാൻ കഴിയുന്നില്ല. ആ ഒരു സാഹചര്യത്തിൽ ജനങ്ങളോട് കമിറ്റ്മെന്റുള്ള സഹകരണ പ്രസ്ഥാനത്തിന് വളരെയേറെ മുന്നോട്ട് പോകാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല. നൂറിലധികം വർഷമായി ഇന്ത്യയിൽ വളരെ വിജയകരമായി സഹകരണ മേഖല പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ക്രെഡിറ്റ് ആന്റ് ബാങ്കിംഗ്, ഫെർട്ടിലൈസർ, ഷുഗർ, ഡയറി, മാർക്കറ്റിംഗ്, ഹൗസിംഗ്, ഹാന്റ്ലൂം, ഫിഷറീസ്, ടൂറിസം തുടങ്ങിയ മേഖലകളിലൊക്കെ സഹകരണ മേഖല വളരെ മുന്നേറ്റം നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ നൂറ് ശതമാനം ഗ്രാമങ്ങളിലും സഹകരണ മേഖല ചെന്നെത്തിയിട്ടുണ്ട്. 71 ശതമാനം വീടുകളിലും സഹകരണമേഖല കടന്നു ചെന്നിരിക്കുന്നു. നമ്മുടെ രാജ്യത്ത് 5 ലക്ഷത്തോളം സഹകരണ സ്ഥാപനങ്ങൾ, 23 കോടിയിലധികം അംഗങ്ങൾ, റൂറൽ ക്രെഡിറ്റിന്റെ 38 ശതമാനം ഇന്നും നിർവ്വഹിക്കുന്നത് സഹകരണമേഖലയാണ്. ടോട്ടൽ ഫെർട്ടിലൈസർ പ്രൊഡക്ഷന്റെ 35 ശതമാനവും ഷുഗർ പ്രൊഡക്ഷന്റെ 40 ശതമാനവും ഹാന്റ്ലൂമിന്റെ 54 ശതമാനവും സഹകരണമേഖലയിലാണ്. ഈ സഹകരണ മേഖലയെ മറന്നു

കൊണ്ട് ഇന്ത്യയിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ? അതു കൊണ്ടാണ് 97-ാം ഭരണഘടനാ ഭേദഗതിയിൽ സഹകരണം എന്ന ഒരു വകുപ്പുകൂടി ആ ഭേദഗതിയിലൂടെ കൊണ്ടുവന്നത്. ഈ ഭരണഘടനാ ഭേദഗതിയും തുടർന്നുള്ള കാര്യങ്ങളും സഹകരണ മേഖലയുടെ ആട്ടോണമസ് പൊസിഷൻ, ഡെമോക്രാറ്റിക് പ്രിൻസിപ്പിൾ എന്ന പൊസിഷൻ സംരക്ഷിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് എല്ലാ ഭേദഗതികളും വരുന്നത്. എന്നാൽ അന്തിമമായി വരുമ്പോൾ ഇന്നുള്ളതിനെക്കാൾ വലിയ നിയന്ത്രണ ങ്ങൾക്ക് സഹകരണ മേഖല വിധേയമാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്. നബാർഡും റിസർവ് ബാങ്കും ഒരുപാട് പരിഷ്ക്കാരങ്ങൾ നടത്തുന്നു. പലപ്പോഴും ഈ പരിഷ്ക്കാരങ്ങൾ സഹകരണ മേഖലയ്ക്ക് തന്നെ ദൂഷ്യമാണ്. ഇവിടെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അതിന് താഴെ ജില്ലാ സഹകരണ ബാങ്ക്, അതിന് താഴെ പ്രാഥമിക സഹകരണ സംഘങ്ങൾ എന്ന ത്രീ ടയർ സിസ്റ്റമാണ് മുന്നോട്ട് പോകുന്നത്. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഐ.യും നബാർഡും പുറപ്പെടുവി ച്ചിരിക്കുന്ന സർക്കുലറിന്റെ അടിസ്ഥാനത്തിൽ താഴെത്തട്ടിലുള്ള സർവ്വീസ് സഹകരണ ബാങ്കുകളെ ജില്ലാ സഹകരണ ബാങ്കുകളുടെ സർവ്വീസ് സെന്ററു കളായി മാറ്റാൻ തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനം ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. സഹകരണ മേഖലയ്ക്ക് ആകമാനം ദോഷമുണ്ടാക്കും. നമ്മൾ അതിനെതിരെ ഉയർത്തുന്ന ശബ്ദം വളരെ ഫീബിളായ ശബ്ദമായി നിൽക്കാൻ പാടില്ല. വളരെ ശക്തമായി ഇത്തരം നടപടികളെ എതിർക്കേണ്ടതുണ്ട്. ബി. ആർ. ആക്ടിന്റെ 18, 24 വകുപ്പു കളുടെ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി റിസർവ്.....

സ്റ്റാറ്റ്യൂട്ടറി റിസർവ് സൂക്ഷിക്കുന്നത് സംസ്ഥാന സഹകരണ ബാങ്കിലെ ഫിക്സഡ് ഡെപ്പോസിറ്റിലാണ്. ഈ ഭേദഗതിയിലൂടെ ഇനി അത് പാടില്ല. സംസ്ഥാന സഹകരണ ബാങ്കിൽ സ്റ്റാറ്റ്യൂട്ടറി റിസർവായി കിടക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പണം മുഴുവൻ വിത്ഡ്രോ ചെയ്ത് ഗവൺമെന്റ് സെക്യൂരിറ്റീസിൽ നിക്ഷേപിക്കണമെന്ന് പറഞ്ഞാൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാന മൂല്യമായി കണക്കാക്കുന്ന ഫിക്സഡ് ഡെപ്പോസിറ്റുകളെല്ലാം നമുക്ക് വിത്ഡ്രോ ചെയ്യേണ്ട സാഹചര്യമുണ്ടാകും. വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് അത് ഉണ്ടാക്കുക. അത്തരം ഭേദഗതികളെ കൂട്ടായി നിന്ന് ശക്തമായ രീതിയിൽ എതിർക്കേണ്ട സാഹചര്യം ഇവിടെയുണ്ട് എന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ. റൂൾ 185 ന്റെ ഭേദഗതിയിലൂടെ പുതിയ റൂൾ ഇവിടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. സർവ്വീസ് സഹകരണ ബാങ്കുകളുടെ നിയമനങ്ങളിൽ അനുവർത്തിക്കേണ്ട അനുപാതം പറഞ്ഞിരിക്കുന്നത് 9 ഡയറക്ട് അപ്പോയിന്റ്മെന്റ് വരുമ്പോൾ ഒരാളിന് പ്രൊമോഷൻ കൊടുക്കാമെന്നാണ്. നമ്മുടെ സർവ്വീസ് സഹകരണ ബാങ്കിൽ എവിടെയാണ് 9 അസിസ്റ്റന്റുള്ളത്. 10 അസിസ്റ്റന്റുള്ള എത്ര സർവ്വീസ് സഹകരണ ബാങ്കുണ്ട്. ഇനിയും 10 വേക്കൻസികൾ എവിടെയുണ്ടാകും. 9 ഡയറക്ട് അപ്പോയിന്റ്മെന്റിന് ശേഷമേ ഒരാളിനെ പ്രൊമോട്ട് ചെയ്യാൻ കഴിയൂ എന്ന സ്ഥിതി വന്നാൽ നിലവിലുള്ള ആളുകൾക്ക് പ്രൊമോഷൻ ലഭ്യമാകില്ല എന്ന സ്ഥിതിയിലേയ്ക്കെത്തിക്കില്ലേ; ആ റൂളിന്റെ ഭേദഗതി തികച്ചും അനുചിതമാണ്. അതുകൊണ്ട് യാതൊരു കാരണവശാലും അത് അനുവദിക്കരുതെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്.

ഇവിടെ ആക്ടീവ് മെമ്പറിനെക്കുറിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ട ത്താണി പറഞ്ഞു. ആക്ടീവ് മെമ്പറിന്റെ നിർവ്വചനം വരുമ്പോൾ....., വായ്പ യെടുക്കുന്നയാൾ വായ്പ തിരിച്ചടച്ച് രണ്ടുവർഷം കഴിഞ്ഞാൽ ആക്ടീവ് മെമ്പർഷിപ്പ് ഇല്ലാതാകുകയാണ്. മൂന്നാം വർഷം വരുമ്പോൾ മാത്രമേ വോട്ട വകാശമുള്ളൂ. ആ നിലയിലേയ്ക്ക് പോകാൻ പാടുണ്ടോ? ഡെപ്പോസിറ്റേഴ്സിന്, ചിട്ടിക്ക് അതുപോലുള്ള ആളുകൾക്ക് മാത്രമല്ല സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിൽ പങ്കാളിയാകുന്ന എല്ലാവരെയും ആക്ടീവ് മെമ്പർ എന്ന ഡെഫിനിഷനിൽ ഉൾപ്പെടുത്തി അവർക്ക് വോട്ടവകാശം നിഷേധിക്കാതിരിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കണം. അതുപോലെ പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് വച്ചുകഴിഞ്ഞാൽ പഞ്ചായത്തിന്റെ വാർഡ് എപ്പോഴും മാറിക്കൊണ്ടിരിക്കും. അപ്പോൾ ബൈലായിലാണ് വാർഡ് വ്യക്തമാക്കേണ്ടത്. പഞ്ചായത്ത് വാർഡ് മാറുന്നതിനനുസരിച്ച് ബൈലാ പിന്നെയും മാറ്റണോ? രജിസ്ട്രാർ ആ ഭേദഗതി അംഗീകരിച്ച് പിന്നെയും താമസം വരുത്തണോ? സർവ്വീസ് സഹകരണ ബാങ്കിന്റെ വാർഡുകൾ പഞ്ചായത്ത് വാർഡുമായി തുലനം ചെയ്തുകൊണ്ട് എങ്ങനെ മുന്നോട്ടു പോകാൻ കഴിയും. വായ്പക്കാരന് പ്രത്യേകം ഒരു ഡിവിഷൻ, ആക്ടീവ് മെമ്പേഴ്സിന് ഒരു ഡിവിഷൻ, വനിതകൾക്ക് ഒരു ഡിവിഷൻ, പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് ഒരു ഡിവിഷൻ എന്ന നിലയിലല്ലാതെ പഞ്ചായത്തുതല വാർഡുകളുടെ അടിസ്ഥാനത്തിൽ സർവ്വീസ് സഹകരണ ബാങ്കുകളുടെ വാർഡുകൾ നിശ്ചയിക്കുന്നത് അപ്രായോഗികമാണ് എന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. സഹകരണ സ്ഥാപനങ്ങൾ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർക്കു വേണ്ടിയിട്ടുള്ള സ്ഥാപനങ്ങളാണെന്ന

ധാരണ ശരിയല്ല. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ വേണം. രണ്ടും മൂന്നും സർവ്വീസ് സഹകരണ സ്ഥാപനങ്ങളും പ്രാഥമിക സർവ്വീസ് സഹകരണ സ്ഥാപനങ്ങളും ഒരു സീനിയർ ഇൻസ്പെക്ടർ ഓഡിറ്റ് ചെയ്തുകൊണ്ടിരുന്നതാണ്. ഇപ്പോൾ അതൊക്കെ മാറി. ഒരു സർവ്വീസ് സഹകരണ ബാങ്കിന് ഒരു എ.ആർ. എന്നുള്ള നിലയിലാണ് ഇപ്പോൾ ഓഡിറ്റ് ചെയ്യുന്നത്. ഇതുമൂലം എത്ര രൂപയുടെ ചെലവാണ്? ഇവിടെ ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ തുടങ്ങിയവ ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഡിറ്റ് ചെയ്യണമെന്നത് നബാർഡിന്റെ നിബന്ധനയാണ്. അത് പ്രാവർത്തികമായി, അങ്ങനെ ചെയ്യുന്നു. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വീണ്ടും നടത്തുന്നു. ചാർട്ടേർഡ് അക്കൗണ്ടന്റിനുവേണ്ടിയും പണം മുടക്കണം, കൂടാതെ ഈ ജോയിന്റ് രജിസ്ട്രാറും ഡെപ്യൂട്ടി രജിസ്ട്രാറും മറ്റു സീനിയർ ഇൻസ്പെക്ടേഴ്സുടെയുമെല്ലാം ചെലവ് വഹിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും സൈഡ് ബൈ സൈഡായി നടത്തണമോ വേണ്ടയോ എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. രണ്ട് ഓഡിറ്റ് എന്തിനാണ്? ഒരു ഓഡിറ്റ് പോരേ? ഉദ്യോഗസ്ഥരെ സംബന്ധിച്ച് സഹകരണ സ്ഥാപനങ്ങൾ വലിയ ചെലവ് വഹിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടുവേണം ഓഡിറ്റിന്റെ പരിഷ്ക്കരണങ്ങൾ ഓരോന്നും നടപ്പിലാക്കാൻ എന്നാണ് എനിക്ക് ഈയവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. ഇവിടെ സഹകരണ മേഖലയിൽ നല്ല ഒരു തുടക്കംകുറിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അങ്ങ് ശ്രദ്ധിക്കുന്നുണ്ട്. ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, എറണാകുളത്ത് മിത്രാ എന്ന സൂപ്പർ മാർക്കറ്റ് ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റ് ചീഫ് പ്രൊമോട്ടറായാണ് പ്രവർത്തിക്കുന്നത്. ജില്ലാ സഹകരണ ബാങ്കിനും മിത്രാ എന്ന ഈ സൂപ്പർ മാർക്ക

റ്റിനും എന്താണ് ബന്ധം? അതിന്റെ പ്രവർത്തനം ഏതു നിലയിലാണ്? 30 കോടി രൂപ വായ്പയെടുത്തത് എന്തുചെയ്തു? ഇക്കാര്യത്തെ സംബന്ധിച്ച് ഗൗരവമായ ഒരു അന്വേഷണം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. എ. കെ. ബാലൻ ഒരു കാര്യം പറഞ്ഞു – കോൺഗ്രസുകാർ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു, അതുകൊണ്ട് എന്തെങ്കിലും ഭാവി വേണമെങ്കിൽ ഞങ്ങൾ സി.പി.ഐ.(എം)–ന്റെ കൂടെ ചേരണമെന്നാണ് അദ്ദേഹം പറഞ്ഞത്. വനത്തിലൂടെ നേതാവും അനുയായികളും പോകുമ്പോൾ, നേതാവിന് വല്ലാത്ത പേടി. പേടിയുള്ളവരെല്ലാം എന്റെ ചുറ്റിലും വന്ന് നിന്നുകൊള്ളാൻ അനുയായികളോട് പറഞ്ഞതുപോലെ ശ്രീ. എ. കെ. ബാലന്റെ പാർട്ടി വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അങ്ങോട്ട് വരണമെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? വല്ല രക്ഷയുമുണ്ടാകണമെങ്കിൽ ഞങ്ങളോടൊപ്പം നിൽക്കുക, അതിനുള്ള ഒരു സമീപനം എടുക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല എന്ന കാര്യം അങ്ങ് മനസ്സിലാക്കണം. ഇറാഖിലെ നഴ്സുമാർ കേരളത്തിലെത്തി, ഇവിടെയുള്ള മുഴുവനാളുകൾക്കും എന്തൊരു ആശ്വാസമായിരുന്നു. പത്തനംതിട്ട ജില്ലയിൽനിന്നും അഞ്ച് പേരുണ്ടായിരുന്നു. ഇവർ വരുന്നതുകാണാൻ നാട്ടുകാർ എല്ലാവരും അവരുടെ വീടുകളിൽ തമ്പടിച്ചു വന്നിരുന്നു. ഇവരെ കൊണ്ടുവരുന്നതിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വഹിച്ച നേതൃത്വപരമായ പങ്കിനെ മാധ്യമങ്ങളടക്കം മുഴുവൻ ആളുകളും അഭിനന്ദിച്ചു. പക്ഷേ നന്മയും നല്ല പ്രവൃത്തിയെയും കാണാനുള്ള വലിയ മനസ്സ് എന്തുകൊണ്ടോ നിങ്ങൾക്ക് നഷ്ടമായി. അതുകൊണ്ടാണ് സദ്ദാം ഹുസൈന്റെ പട്ടാളക്കാർ ഇവരെ ഇവിടെയെത്തിച്ചു എന്ന് പറയാൻ ഇടതുമുന്നണിക്കും പ്രതിപക്ഷ നേതാവിനും തോന്നിയത്

എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ നല്ല മനസ്സ് ഇല്ലാത്തതാണ് നിങ്ങളുടെ കുഴപ്പം. ഇത് നാളെയും നിങ്ങളെ കുഴപ്പിലെത്തിക്കുമെന്ന കാര്യ ത്തിൽ ഒരു സംശയവും വേണ്ട. ഈ മനോഭാവവും ശ്രീ. ഉമ്മൻ ചാണ്ടിയെ ടുത്ത സമീപനവും നമ്മൾ താരതമ്യപ്പെടുത്തിയാൽ, ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതെന്താണ്? കേന്ദ്ര ഗവൺമെന്റും വിദേശകാര്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജും എടുത്ത നിലപാടുകളെ അഭിനന്ദിക്കുന്നു. നമ്മൾ പറഞ്ഞ കാര്യം മുഴുവൻ അവർ ചെയ്തു. ഇറാഖിൽ വിമാനം താഴാൻ അനുമതി കൊടുക്കുന്നില്ല, അതിന് വേണ്ടി സമ്മർദ്ദം ചെലുത്തണമെന്ന് പറഞ്ഞ് രാത്രി പതിനൊന്നര മണിക്ക് വിളിച്ചപ്പോഴും അതിൽ ഇടപ്പെട്ട ശ്രീമതി സുഷമാ സ്വരാജിനെ അഭിനന്ദിക്കാൻ മുഖ്യമന്ത്രി സന്മനസ്സ് കാണിച്ചു. അതല്ലെങ്കിൽ അവിടെ ചെന്നു, വിളിച്ചുപറഞ്ഞു, അവർ ഇങ്ങോട്ട് പോന്നു എന്നല്ല മുഖ്യമന്ത്രി പറഞ്ഞത്. നല്ല പ്രവൃത്തിയെ തിരിച്ചറിയാനുള്ള മനസ്സ് എന്നുണ്ടാകുന്നുവോ അന്നുമാത്രമേ കേരളത്തിലെ ജനങ്ങളുടെ പിന്തുണ ഇനിയും നിങ്ങൾക്ക് ലഭിക്കാൻ പോകുന്നുള്ളൂ എന്ന കാര്യം നിങ്ങൾ ഓർക്കണം. ഞാൻ ദീർഘമായി പറയുന്നില്ല. കയറിനെ സംബന്ധിച്ച് എനിക്ക് വലിയ ഗ്രാഹ്യമില്ല. അതുകൊണ്ടാണ് ഞാൻ അക്കാര്യം സൂചിപ്പി ക്കാതിരുന്നത്. അതുകൊണ്ട് ഈ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തു ണച്ചുകൊണ്ട് നിറുത്തുന്നു.

<u>ശ്രീ. എളമരം കരീം</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ഗവൺമെന്റ് പ്രഖ്യാ പിച്ചതിനനുസരിച്ചുള്ള വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ കാണാൻ സാധിക്കുന്നത്. മാത്രമല്ല,

സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, സ്വകാര്യ മേഖലയിലുള്ള അപൂർവ്വം വ്യവസായങ്ങൾ ഇതെല്ലാം ഓരോന്നോ രോന്നായി തകർന്നുകൊണ്ടിരിക്കുകയാണ്. 2013-ലെ എക്കണോമിക് റിവ്യൂ മാനുഫാക്ചറിംഗ് സെക്ടറിലെ ഗ്രോത്തിനെ സംബന്ധിച്ചുള്ള കണക്കിൽ പറയുന്നത്, 2012-13 സാമ്പത്തിക വർഷം ഗ്രോത്ത് റേറ്റ് 12.4% ആണ്. എന്നാൽ അത് 2011-12-ൽ 15.4% ആയിരുന്നു. ഉല്പാദനമേഖലയിൽ കേരള ത്തിൽ വളർച്ചയുണ്ടാകുന്നില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. എമർജിംഗ് കേരള ഒരു നല്ല ശ്രമമായിരുന്നു. നമ്മുടെ സാദ്ധ്യതകൾ നിക്ഷേപകരുടെ മുമ്പിൽ തുറന്നുവയ്ക്കുകയും നിക്ഷേപത്തിനുള്ള സൗകര്യം, അവസരങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ വയ്ക്കുകയും ചെയ്യുക എന്ന ആശയം നല്ലതാണ്. പക്ഷേ കാര്യമായ നിക്ഷേപങ്ങൾ കൊണ്ടുവരാൻ സാധിച്ചില്ല. നമുക്ക് സാധി ച്ചില്ല എന്നുപറഞ്ഞാൽ നിക്ഷേപകർ വരാൻ സന്നദ്ധരാകുന്നില്ല എന്നുള്ള താണ് പ്രശ്നം. അതിന്റെ കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വൈദ്യുതി പ്രതിസന്ധി തന്നെയാണ്. ക്വാളിറ്റി ആന്റ് ചീപ്പ് പവർ ആവശ്യത്തിന് കൊടു ക്കുമെന്ന് ഉറപ്പില്ലാത്ത ഒരു സംസ്ഥാനത്തേയ്ക്കും നിക്ഷേപം വരാൻ സാധ്യ തയില്ല. അടുത്ത കാലത്തൊന്നും ഈ സ്ഥിതിയിൽ മാറ്റം വരാൻ സാദ്ധ്യത യില്ല എന്നതാണ് വൈദ്യുതി ഉല്പാദനവുമായി ബന്ധപ്പെട്ട നമ്മുടെ സംസ്ഥാ നത്തെ അവസ്ഥ. കേന്ദ്ര വിഹിതമായി ലഭിക്കുന്നതുപോലും കേരളത്തിൽ ലഭ്യമാക്കാൻ കഴിയുന്നില്ല. അതുപോലെ പശ്ചാത്തല സൗകര്യമേഖലയുടെ വികസനം. റെയിൽവേയുടെ കാര്യം എല്ലാവരും പറഞ്ഞതുകൊണ്ട് കൂടുത ലായി പറയുന്നില്ല. നമ്മുടെ റെയിൽവേ ലൈനിന്റെ ഡബ്ലിംഗും ഇലക്ട്രിഫി

ക്ഷേഷനും ഇതുവരെ പൂർത്തിയായിട്ടില്ല. നമുക്ക് പുതിയ റെയിൽപ്പാതയില്ല. റെയിൽവേ ബഡ്ജറ്റിൽ പൂർണ്ണമായും കേരളത്തെ അവഗണിച്ചു. അക്കാര്യ ത്തിൽ ശ്രീ. മൻമോഹൻ സിംഗിനെ ഇവർ നന്നാക്കി.

ശ്രീ. പി. സി. ജോർജ്: സർ, ഇന്ന് റെയിൽവേ ബഡ്ജറ്റ് വന്നിരിക്കുക യാണ്. നമുക്ക് യാതൊന്നും ലഭിച്ചില്ലെന്നു മാത്രമല്ല കേരളത്തിന്റെ ചരിത്ര ത്തിൽ ഇത്രയും അവഗണിക്കപ്പെട്ട ഒരു റെയിൽവേ ബഡ്ജറ്റ് വന്നിട്ടില്ല എന്ന സത്യം നമ്മൾ കാണേണ്ടതാണ്.

ശ്രീ. എളമരം കരീം: അതുതന്നെയാണ് ശരി. കേരളത്തെ സംബന്ധിച്ചി ടത്തോളം വളരെ നിരാശാജനകമാണ് റെയിൽവേ ബഡ്ജറ്റ്. മാത്രമല്ല ഇത് പശ്ചാത്തലസൗകര്യത്തിന്റെ പോരായ്മ മാത്രമല്ല വ്യവസായ നിക്ഷേപങ്ങൾ വരുന്നതിന് തടസ്സമായി നിൽക്കുന്ന മറ്റു ചില ഘടകങ്ങളുണ്ട്. കേരളത്തിലെ നടപടിക്രമങ്ങളിലുള്ള സങ്കീർണ്ണതകളാണ് ഏറ്റവും വലിയ പ്രശ്നം. സിംഗിൾ വിൻഡോ ക്ലിയറൻസ് ആക്ടൊക്കെ നിലവിലുണ്ടെങ്കിലും ഒരു സംരംഭകന് സംരംഭത്തിന് അനുമതി ലഭിക്കണമെങ്കിൽ നിരവധി വാതിലുകളി ലൂടെ കടന്നുപോകണം. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള ഉദ്യോഗസ്ഥ ശ്രേണികളിൽ നിന്ന് നിക്ഷേപത്തിന് അനുകൂലമായ ഒരു നിലപാടല്ല പലപ്പോഴും ലഭിക്കുന്നത്. കടുത്ത പീഡനത്തിന് ഇരയാകേണ്ടി വരികയാണ്. അത് അവസാനിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ നിക്ഷേപ സൗഹൃദമായ അവസ്ഥ കേരളത്തിലുണ്ടെന്ന വാക്കുകൾ വിശ്വസിക്കാൻ കഴി യാത്ത അവസ്ഥ വരും. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾ ധാരാള മുള്ള കേരളത്തിന് ഐ.ടി. വ്യവസായം അനുയോജ്യമാണ്. പക്ഷേ അത് സസ്റ്റെയിനബിളായ ഒരു മേഖലയല്ല എന്ന് കാണാതിരിക്കരുത്. ഇപ്പോൾ തന്നെ ലോകത്താകെ ഐ.ടി. മേഖല വലിയ വളർച്ചയിലല്ല.

ബാംഗ്ലൂർ ഉൾപ്പെടെയുള്ള ഐ.ടി. മേഖലകൾ തളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് സ്മാർട്ട് സിറ്റിയിൽ പുതിയ കെട്ടിടങ്ങളും ഇൻഫ്രാസ്ട്രക്ച്ചർ സ്പേയ്സും ബിൽഡ് ചെയ്യാൻ അവർ മടിച്ചുനിൽക്കുന്നത്. അല്ലാതെ നമ്മുടെ സമ്മർദ്ദത്തിന്റെ കുറവുകൊണ്ടല്ല. കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, ഐ.ടി. സ്പേയ്സ് ബിൽഡ് ചെയ്ത് അഡ്വർടൈസ് ചെയ്തിട്ടും വലിയ കമ്പനികൾ ഇതുവരെയും വന്നിട്ടില്ല. അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന കാര്യം ഗവൺമെന്റിനറിയാം. നമുക്ക് മാനുഫാക്ച്ചറിംഗ് സെക്ടറിനെ അവഗണിച്ചുകൊണ്ട് കേരളത്തിന്റെ വ്യവസായ വികസനമെന്ന കാഴ്ചപ്പാട് ശരിയല്ലായെന്നുള്ളതാണ് എന്റെ അഭിപ്രായം. നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് വലിയ തോതിലുള്ള മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ പ്രായോഗികമല്ലായെന്ന നിലപാടിൽ നിന്നുകൊണ്ട് മീഡിയം, സ്മാൾ ഇൻഡസ്ട്രീസ് സെക്ടറിൽ ആധുനിക സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് കൂടുതലായി പോകാൻ സാധിക്കണം. എങ്കിൽ മാത്രമേ കേരളത്തിന്റെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ സാധിക്കൂ. കേരളത്തിലെ തൊഴിലന്വേഷകരിൽ ഐ.ടി. വിദഗ്ദ്ധർ മാത്രമല്ല, എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചുവരുന്നവരും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന അപൂർവ്വം ആളുകളുമുണ്ട്. അതിലുപരി എസ്.എസ്.എൽ.സി. പാസ്സായതിനുശേഷം പഠിത്തം നിർത്തുന്ന ചെറിയ വിഭാഗവും ഹയർ സെക്കന്ററി കഴിഞ്ഞ് പഠിത്തം നിർത്തുന്നവരുമുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് പാസ്സാകുന്നവർ, ഐ.ടി.ഐ., ഐ.ടി.സി., പോളിടെക്നിക്ക് തുടങ്ങിയ സാങ്കേതിക

സ്ഥാപനങ്ങളിൽ പഠിച്ചിറങ്ങുന്നവർ ഇവരുടെയെല്ലാംകൂടി കണക്കുകളെടുത്താൽ ഓരോ വർഷവും രണ്ട് ലക്ഷത്തിലധികം ചെറുപ്പക്കാരുണ്ട്. അവർക്ക് തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യാനല്ലാതെ ഐ.ടി. മേഖലയിലൊന്നും പോകാൻ കഴിയില്ല. ഗവൺമെന്റ് വാഗ്ദാനം ചെയ്യുന്ന സ്റ്റാർട്ടപ്പ് വില്ലേജുകളിലോ അല്ലെങ്കിൽ എന്റർപ്രിണർഷിപ്പ് ഡെവലപ്പ്മെന്റിന്റെ ഭാഗമായ സംരംഭകത്വ മിഷന്റെ പദ്ധതികളിലേയ്ക്കോ പോകാൻ കഴിവില്ലാത്തവരാണ് ഈ വലിയ വിഭാഗം. അതുകൊണ്ട് അവർക്ക് തൊഴിൽ നൽകണമെങ്കിൽ തൊഴിൽ സ്ഥാപനങ്ങൾ ധാരാളമായി കേരളത്തിൽ കൊണ്ടുവരാൻ കഴിയണം. ആ കാഴ്ചപ്പാട് ഉപേക്ഷിച്ചാൽ കേരളത്തിലെ തൊഴിലില്ലായ്മ അതിരൂക്ഷമാകും. കേരളത്തിലെ ഒരുവിധ ചെറുപ്പക്കാരെല്ലാം ജോലിക്കുവേണ്ടി കേരളത്തിന്റെ വെളിയിലും വിദേശ രാജ്യങ്ങളിലേയ്ക്കും പോവുകയാണ്. പശ്ചിമേഷ്യൻ രാജ്യങ്ങളിൽ എപ്പോഴും പ്രശ്നങ്ങളുണ്ടാകാം. ഇറാഖിൽ ജോലി തേടി പോയവരെല്ലാവരും തിരിച്ചുവരികയാണ്. ഇതുപോലെ ഗൾഫ് രാജ്യങ്ങളിലോ പശ്ചിമേഷ്യൻ രാഷ്ട്രങ്ങളിലോ രാഷ്ട്രീയ പ്രശ്നങ്ങൾ വന്നാൽ അവർ അനാഥരായി തിരിച്ചുവരേണ്ട അവസ്ഥവരും. ഇതൊന്നും ശാശ്വതമായ വരുമാന മാർഗ്ഗമായി കാണാൻ കഴിയില്ല. അതുകൊണ്ട് നമ്മുടെ നാട്ടിൽ തന്നെ ഇവർക്ക് തൊഴിൽ കിട്ടുന്ന രീതിയിലുള്ള വ്യവസായ സംരംഭങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനുള്ള മുൻഗണന നാം ഉണ്ടാക്കിയെടുത്തേ പറ്റൂ. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുകയെന്നതും വ്യവസായ വികസനത്തിന് മുൻ ഉപാധിയായ കാര്യമാണ്. ഇവിടെ ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിനും സംരംഭങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനും വേണ്ടിയുള്ള നിരവധി സംവിധാനങ്ങളുണ്ട്. അതിൽ ഒന്നാണ്, തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സിംഗിൾ വിൻഡോ

ക്ലിയറൻസ് ബോർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ടാസ്ക് ഫോഴ്സ്. മൂന്ന് വർഷമായി ടാസ്ക് ഫോഴ്സ് ഒരു യോഗംപോലും ചേർന്നിട്ടില്ല. ചെറുകിട വ്യവസായ മേഖലയിലുണ്ടാകുന്ന തർക്കങ്ങൾക്ക് അന്തിമമായി പരിഹാരം കാണാൻ കഴിയുന്ന ഉയർന്ന ഫോറമാണിത്. ഇങ്ങനെയുള്ള കാര്യങ്ങൾ നടക്കുന്നില്ലെങ്കിൽ വ്യവസായികൾക്ക് ആത്മവിശ്വാസം ഉണ്ടാകില്ല. ചെറുകിട വ്യവസായങ്ങളാണ് നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതലുള്ളത്. അതിന്റെ എണ്ണത്തിലുണ്ടായ വർദ്ധനവ് വ്യവസായ വകുപ്പിന്റെ നോട്ടിൽ ഞാൻ കണ്ടു. അത്തരം ചെറുകിട വ്യവസായികൾ ലോൺ എടുത്താൽ കെ.എഫ്.സി.യുമായി തർക്കങ്ങളുണ്ടാകാം. അതുമാത്രമല്ല ടാക്സസ് ഡിപ്പാർട്ടുമെന്റുമായും പൊല്യൂഷൻ കൺട്രോൾ ബോർഡുമായും അങ്ങനെ പലരുമായും തർക്കങ്ങളുണ്ടാകുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിന് നേരത്തെ ഓരോ ജില്ലയിലും ചെറുകിട വ്യവസായികളുമായി മുഖാമുഖം പരിപാടി വ്യവസായ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥ മേധാവികളുമിരുന്നുകൊണ്ട് നടത്തുന്ന പതിവുണ്ടായിരുന്നു. അങ്ങനെ വന്നാൽ ചെറിയ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുപോകാൻ സാധിക്കും. ദീർഘകാലമായി പരിഹാരം കാണാൻ കഴിയാത്ത കാര്യങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. അത് പുന:സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിപ്പോൾ നടക്കുന്നില്ല. അതുപോലെ ചെറുകിട വ്യവസായങ്ങളുടെ കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെയൊരു നിർദ്ദേശം ഉണ്ടായിരുന്നു. ആക്ഷേപം വന്നപ്പോൾ അത് നിർത്തിവച്ചു. ഇപ്പോഴുണ്ടായ വർദ്ധനവ് താങ്ങാനാവാത്തതാണ്. വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, അതിന്റെ

ഷെഡ്ഡുകൾ ഇവയ്ക്കെല്ലാം വർദ്ധിച്ചുവരുന്ന നികുതി ഈ മേഖലയെ കൂടുതൽ തളർച്ചയിലാക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വ്യവസായ എസ്റ്റേറ്റുകളും വ്യവസായ ഏരിയകളും പഞ്ചായത്ത് സ്ഥാപനങ്ങളുടെ പരിധിയിൽ വരത്തക്ക രീതിയിൽ പഞ്ചായത്ത് രാജ് ആക്ടിൽ ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു ബിൽ വരാൻ പോവുകയാണ്, സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്നിട്ടുണ്ട്.  ഈ സഭയിൽ വരുമോയെന്ന കാര്യം അറിയില്ല. അത് വളരെ അപകടകരമായ നീക്കമാണ്. വ്യവസായ പാർക്കുകൾ, വ്യവസായ ഏരിയകൾ ഇന്ന് സിംഗിൾ വിൻഡോ ക്ലിയറൻസ് നൽകി സ്ഥാപനങ്ങൾ നൽകാൻ അവർക്കുള്ള ഫ്രീഡം പഞ്ചായത്തിന്റെ കീഴിലേയ്ക്ക് മാറ്റി കഴിഞ്ഞാൽ നഷ്ടപ്പെടും അത് ഈ സ്ഥാപനങ്ങളെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടാകും അതുകൊണ്ട് അത് പുന:പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിൽ ഒരു ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന മേഖല യാണ് ഓട്, കളിമണ്ണ് വ്യവസായങ്ങൾ. കളിമണ്ണ് എടുക്കണമെങ്കിൽ ഇന്ന് വയൽ നികത്തൽ നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരുപാട് നിയന്ത്രണങ്ങളുണ്ട്. അത് സുതാര്യമാക്കാനും എളുപ്പമാക്കാനും വ്യവസായ വകുപ്പ് മുൻകൈ എടുത്തുകൊണ്ട് ഒരു സംവിധാനം ഉണ്ടാക്കുന്നില്ലെങ്കിൽ ആ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ പറ്റില്ല. കോഴിക്കോട് ജില്ലയിൽ ഈ വർഷം ഓട് വ്യവസായത്തിന് ആവശ്യമായ കളിമണ്ണ് സംഭരിക്കാൻ സാധിച്ചിട്ടില്ല. ഗൗരവമായി ഇടപെടേണ്ട പ്രശ്നമാണിത്. കിൻഫ്രായും കെ.എസ്.ഐ.ഡി.സി.യും വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരുപാട് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. വ്യവസായപാർക്കുകൾ സ്ഥാപിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക അതുപോലെ

നേരത്തേ ആരംഭിച്ച കുറേ പദ്ധതികൾ മുന്നോട്ട് പോകാതെയും കിടക്കുന്നുണ്ട്. ഉദാഹരണത്തിന്, ബേപ്പൂർ മറൈൻ പാർക്ക്, രാമനാട്ടുകരയിലുള്ള അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, കെ.എസ്.ഐ.ഡി.സി. ഏറ്റെടുക്കാൻ തീരുമാനിച്ച കുറ്റ്യാടിയിലെ നാളികേര വികസന പാർക്ക് ഇങ്ങനെയുള്ള നിരവധി പദ്ധതികൾ മുന്നോട്ട് പോകാതെ കിടക്കുന്നുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണം. പരമ്പരാഗത വ്യവസായമായ കയർ മേഖലയാണ് ഏറ്റവും ഗൗരവമായ പ്രശ്നം നേരിടുന്നത്. അത് വ്യവസായ വകുപ്പിന്റെ കീഴിൽ അല്ലെങ്കിൽപ്പോലും കയർ മേഖലയിൽ പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിലില്ലാതെ നിൽക്കുകയാണ്. സഹകരണ സംഘങ്ങളെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. അതിന് പുനരുദ്ധാരണത്തിനുള്ള സമഗ്രമായ പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കണം. ശ്രീ. സി. ദിവാകരൻ പറഞ്ഞ കൈത്തറിയുടെ കാര്യം ഒന്നുകൂടി ആവർത്തിച്ചുപറയുകയാണ്. വസ്ത്ര വ്യാപാരത്തിനുള്ള ടേൺ ഓവർ ടാക്സ് ചുമത്തിയ കൂട്ടത്തിൽ കൈത്തറി, ഖാദി ഉത്പന്നങ്ങൾക്ക് രണ്ട് ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് കേരളത്തിൽ ഒഴികെ ഒരിടത്തും ഈ നികുതിയില്ല. അതുകൊണ്ട് പരമ്പരാഗത ഉത്പന്നങ്ങളായ ഖാദി, കൈത്തറി ഉത്പന്നങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. ഖാദി വകുപ്പിന്റെ മന്ത്രി അതിനോട് യോജിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കശുവണ്ടി മേഖലയിൽ തൊഴിൽ ദിവസങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു. ഇപ്പോൾ കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും ഫാക്ടറികൾ റാ മെറ്റീരിയൽ ഇല്ലാത്തതുകൊണ്ട് പൂട്ടികിടക്കുകയാണ്. കാഷ്യൂ മേഖലയിൽ തൊഴിലാളികളെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി

ഗവൺമെന്റ് ഇടപെടണം. ബീഡി വ്യവസായത്തിന്റെ കാര്യം നേരത്തെ പറഞ്ഞതാണ്. കൈവേലക്കാർ ഉൾപ്പെടെ കേരളത്തിലെ പരമ്പരാഗത മേഖല യിൽ ജോലി ചെയ്യുന്ന 30 ലക്ഷത്തിലധികം ആളുകൾ വരും. അവർ വളർന്നു കൊണ്ടിരിക്കുന്ന വിഭാഗമല്ല എണ്ണം കുറഞ്ഞുവരുന്നവരാണ്. ചിലതെല്ലാം കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ നിലവിൽ പരമ്പരാ ഗത മേഖലയിലുള്ളവരെ സംരക്ഷിക്കണം. അതിന് ആ മേഖലയിലേയ്ക്ക് പുനരുദ്ധാരണ പദ്ധതി വേണം, കുറച്ച് സാമ്പത്തിക സഹായവും ചെയ്യണം. അക്കാര്യത്തിൽ ദാക്ഷിണ്യത്തോടുകൂടിയുള്ള മനോഭാവം ഗവൺമെന്റിന് ഉണ്ടാകണം. അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള സഹായവും ഉണ്ടാക ണം. കൈത്തറി മേഖലയിൽ റിബേറ്റ് ഇനത്തിൽ വലിയ തുക കുടിശ്ശിക കിടക്കുകയാണ്. ഇത്തരം കാര്യത്തിൽ ഗവൺമെന്റിന്റെ ഗൗരവമായ ഇടപെടൽ ഉണ്ടാകുന്നില്ലെങ്കിൽ പട്ടിണി മരണം വരെ സംഭവിക്കാൻ സാധ്യതയുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ പ്രതിസ ന്ധിയിലേയ്ക്ക് പോവുകയാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ 44 പൊതുമേ ഖലാ സ്ഥാപനങ്ങളാണുള്ളത്. അതിൽ മാനുഫാക്ച്ചറിംഗ് സെക്ടറിൽ വരുന്നത് 37 എണ്ണം മാത്രമേയുള്ളൂ. ബാക്കിയുള്ളത് ഇൻഫ്രാസ്ട്രക്ച്ചർ, വെൽഫെയർ തുടങ്ങിയ മേഖലകളിൽ വരുന്നതാണ്. മാനുഫാക്ച്ചറിംഗ് സെക്ടറിൽ വരുന്ന സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും നഷ്ടത്തിലേയ്ക്കാണ് പോകുന്നത്. 2006–2007 സാമ്പത്തിക വർഷം മുതൽ 2010–11 വരെ പൊതു മേഖലാ സ്ഥാപനങ്ങളുടെ മൊത്തം അവസ്ഥ, നഷ്ടവും ലാഭവും എടുത്താൽ നഷ്ടത്തേക്കാൾ കൂടുതൽ ലാഭം ഉണ്ടാക്കിയിട്ടുണ്ട്. പൊതുവിൽ നേട്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. എന്നാൽ ഇപ്പോൾ 2013–14 സാമ്പത്തിക

വർഷത്തിൽ ഓഡിറ്റിന് മുമ്പുള്ള കണക്കനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടമായി 8.03 കോടി രൂപ കിടക്കുകയാണ്. ആകെ ലാഭം 105 കോടി രൂപയും ആകെ നഷ്ടം 113 കോടി രൂപയുമാണ് പുറത്ത് വന്ന കണക്കുകൾ. ഓഡിറ്റ് ചെയ്ത് വരുമ്പോൾ ഇതിന്റെ ഫിഗറിൽ മാറ്റങ്ങൾ വരും മാത്രമല്ല നെറ്റ് ലോസ്റ്റ് നെറ്റ് പ്രോഫിറ്റ് കണക്കുകൾ വരുമ്പോൾ പഴയ അറ്റ നഷ്ടങ്ങളെല്ലാം കൂട്ടുമ്പോൾ ഈ ഫിഗറുകളിലൊക്കെ മാറ്റം വരാം. പക്ഷെ പ്രവർത്തന ലാഭ-നഷ്ടത്തിന്റെ കണക്കിൽ ഇങ്ങനെയാണ് നിൽക്കുന്നത്. ഇത് 2006-07 കാലഘട്ടത്തിൽ മൊത്തം 84-85 കോടി രൂപ ലാഭമായിരുന്നു. പിന്നീട് അത് ഓരോ വർഷങ്ങളിലായി വർദ്ധിച്ചുവന്നതാണ്. അങ്ങനെ വർദ്ധിച്ചുവന്നത് ഉപയോഗിച്ചാണ് പത്ത് യൂണിറ്റുകൾ 2010-ൽ അന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചത്. അങ്ങനെ സ്ഥാപിക്കപ്പെട്ട പത്ത് യൂണിറ്റുകളിൽ നാലെണ്ണം ഇപ്പോഴും പ്രവർത്തിക്കാതെ കിടക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽ ആ നാലെണ്ണം തുറക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. കോമളപുരം സ്പിന്നിംഗ് മിൽ 32 കോടി രൂപയോളം മുടക്കി പ്രവർത്തനക്ഷമമാക്കിയതാണ്. നിയമനത്തിനുള്ള നടപടി എടുത്തപ്പോൾ കോടതി ഇടപെടൽ വന്നു. ഇതുതന്നെയാണ് ഉദുമ മില്ലിന്റെ കാര്യത്തിലും ഗവൺമെന്റ് നൽകിയ മറുപടി. ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിയമനം നടത്തിയതിനുശേഷം തൊഴിലാളികളെ ട്രാൻസ്ഫർ ചെയ്യാം. ആ സ്ഥാപനത്തിൽ നിയമനം നടത്തുന്നതിനെയാണ് കോടതി സ്റ്റേ ചെയ്തിട്ടുള്ളത്. അങ്ങനെ നടപടി സ്വീകരിച്ചാൽ നമുക്ക് അതിനെ ഓപ്പറേഷനിലാക്കാം. ആ രീതിയിൽ എന്തെങ്കിലും ചെയ്യാൻ കഴിയണം. ഉദുമ, കോമളപുരം സ്പിന്നിംഗ്

മിൽ ഇതെല്ലാം അടിയന്തരമായി ഓപ്പറേഷനിലാക്കണം. അല്ലെങ്കിൽ വലിയ നഷ്ടം വരും. നമ്മൾ പല സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിരിക്കുകയാണ്. മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യണം. ഇന്ന് ചില സ്ഥാപനങ്ങളിലെങ്കിലും പ്രൊഫഷണൽ മാനേജ്മെന്റില്ലാത്തതിന്റെ പോരായ്മയുണ്ട്. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഇന്റഗ്രേഷൻ വേണം.

ഉദാഹരണത്തിന് തിരുവല്ലയിലെ ട്രാകോ കേബിളിന്റെ കാര്യം ശ്രീ. കെ. ശിവദാസൻ നായർ ഇവിടെ പറഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിന്റെ ഓർഡർ ലഭിച്ചുകൊണ്ടിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ട്രാകോ കേബിൾസ് നില നിന്നുപോന്നത്. മുൻവർഷങ്ങളിൽ കേബിളിന് 100 കോടിയോളം രൂപയുടെ ഓർഡറുകൾ ഇലക്ട്രിസിറ്റി ബോർഡ് നൽകാറുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം 45 കോടി രൂപയുടെ ഓർഡറാണ് കൊടുത്തത്. അതാണ് ട്രാകോ കേബിൾസ് നഷ്ടത്തിലേയ്ക്ക് പോകാൻ കാരണം. മീറ്റർ കമ്പനിയുടെയും കെൽ ട്രാൻസ്ഫോമറിന്റെയും അവസ്ഥ മോശമാണ്. കെൽ-ന്റെ കുണ്ടറ യൂണിറ്റ് ഗുരുതരമായ പ്രതിസന്ധിയിലാണ്. ഇങ്ങനെയൊക്കെവരുന്ന പ്രശ്നങ്ങൾക്ക് യൂണിറ്റ് തലത്തിലും ഇൻഡസ്ട്രിയൽ തലത്തിലുമുള്ള പരിഹാരത്തിനും പുനരുദ്ധാരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ടെൽക് (Transformers and Electricals Kerala Limited) എൻ.ടി.പി.സി.യുമായി സംയുക്ത സംരംഭമുണ്ടാക്കി. പക്ഷേ, ടെൽകിൽ പുതിയ ടെക്നോളജി കൊണ്ടുവരാൻ സാധിച്ചില്ല. ഈ വർഷം ടെൽകിന് 10 ലക്ഷം രൂപയുടെ നാമമാത്രമായ ലാഭമേയുള്ളൂ. ഇന്റഗ്രേഷന് ശേഷം 40 കോടി രൂപ വരെ ലാഭമുണ്ടാക്കിയിരുന്ന ടെൽക് പുറകോട്ടുപോകാൻ കാരണമെന്താ

ണെന്ന് പ്രത്യേകമായി അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഇവിടെ കെ.എം.എം. എൽ.–ന്റെ കാര്യം പറഞ്ഞു. കെ.എം.എം.എൽ.–ന്റെ പ്രോസ്സസിംഗ് വലിയ മലിനീകരണം സൃഷ്ടിക്കുന്നെന്ന് പറഞ്ഞുകൊണ്ട് ഒരു വ്യക്തി ഹരിത ട്രിബ്യൂണൽ മുമ്പാകെ കേസ് കൊടുത്തിരിക്കുകയാണ്. സഭയിൽ വിമർശന ങ്ങൾ ഉന്നയിക്കുന്നത് ഗവൺമെന്റ് ഇടപെട്ട് പരിഹാരം കാണുന്നതിനുവേണ്ടി യാണ്, അല്ലാതെ പൂട്ടിക്കുന്നതിനുവേണ്ടിയല്ല. ഹരിത ട്രിബ്യൂണൽ മുമ്പാകെ വന്നിട്ടുള്ള ഈ കേസ് ഗൗരവമായി എടുത്തില്ലെങ്കിൽ ഈ സ്ഥാപനം അടച്ചു പൂട്ടിക്കൊണ്ട് എന്നെന്നേയ്ക്കുമായി ഈ വിഷയം പരിഹരിക്കപ്പെടുമെന്നാണ് എനിക്ക് തോന്നുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പണം നൽകുന്നത് ശമ്പളവും അലവൻസും കൊടുക്കാൻ മാത്രമാകരുത്. ആ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും അവ നിലനിർത്താനും കഴിയത്തക്കവിധത്തിലുള്ള നട പടികൾക്ക് വിധേയമായിട്ടായിരിക്കണം ഗവൺമെന്റ് അസിസ്റ്റൻസ് നൽകു ന്നത്. സ്വന്തം കാലിൽ നിൽക്കാനുള്ള കഴിവ് ഓരോ സ്ഥാപനത്തിനും ഉണ്ടാ കുന്നില്ലെങ്കിൽ ഗവൺമെന്റ് നൽകുന്ന ഈ താൽക്കാലിക സാമ്പത്തിക സഹായംകൊണ്ട് അധികകാലം മുന്നോട്ട് പോകില്ല. അങ്ങനെയൊരു കാഴ്ച പ്പാട് ഗവൺമെന്റിനുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഏറ്റവും വലിയ പ്രശ്നം ക്വാറി കൾ പ്രവർത്തിക്കുന്നതിനുള്ള തടസ്സമാണ്. പരിസ്ഥിതി സംരക്ഷണം നിർബന്ധമാണ്, അതിന് നിയമവും വേണം. എന്നാൽ അതിന്റെ പേരിൽ ആർക്കും എപ്പോഴും ഇടപെടാവുന്ന വിധത്തിലേയ്ക്ക് ഈ മേഖല മാറരുത്. പോലീസിനും റവന്യൂ വകുപ്പിനും പൊല്യൂഷൻ കൺട്രോൾ ബോർഡിനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുമെല്ലാം എപ്പോഴും കയറിച്ചെല്ലാം, സംഭാവന തുക കുറഞ്ഞുപോയാൽ പൂട്ടിക്കാം. ഇങ്ങനെയൊരവസ്ഥ

തുടർന്നാൽ ഈ സ്റ്റേറ്റിന്റെ ഭാവി എന്താകും? ഇക്കാര്യത്തിൽ വ്യക്തമായൊരു നിലപാട് ഗവൺമെന്റിനുണ്ടാകണം. അനധികൃതവും നിയമവിരുദ്ധവുമായി പ്രവർത്തിക്കുന്ന ക്വാറികളെ തടയണം. എന്നാൽ ആവശ്യത്തിന് നിർമ്മാണ സാമഗ്രികൾ നിയമ വിധേയമായി ലഭിക്കാൻ സൗകര്യമുണ്ടാകത്തക്ക വിധത്ത ആ മേഖലയിൽ ഗവൺമെന്റ് ഇടപെടുകയും വേണം. മുഖ്യമന്ത്രി യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ ട്രേഡ് യൂണിയൻ നേതാക്ക ന്മാർ ഇതുസംബന്ധിച്ച് അവരുടെ അഭിപ്രായങ്ങൾ പറയുകയും നടപടിയെ ടുക്കാമെന്ന് മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഉറപ്പ് നൽകിയതു മാണ്. ബിനാനി സിങ്ക് (Binani Zinc) ഉൾപ്പെടെ, സംസ്ഥാനത്തെ പ്രധാനപ്പെട്ട ചില വ്യവസായ സ്ഥാപനങ്ങൾ കഴിഞ്ഞകാലത്ത് അടച്ചുപൂട്ടി. കഴക്കൂട്ടം കിൻഫ്രാ പാർക്കിലുണ്ടായിരുന്ന ആഷാപുര ക്ലേ ഇൻഡസ്ട്രീസ് അടച്ചുപൂട്ടി ഗുജറാത്തിലേക്ക് കൊണ്ടുപോയി. ആലപ്പുഴ ജില്ലയിലെ വ്യവസായ പിന്നോ ക്കാവസ്ഥ കണക്കിലെടുത്ത്, കെ.എസ്.ഐ.ഡി.സി.-യിൽനിന്ന് ലോൺ കൊടുത്തുകൊണ്ട് എക്സൽ ഗ്ലാസ് നിലനിർത്തുവാൻവേണ്ടി ഗവൺമെന്റ് ശ്രമിച്ചതാണ്. എന്നാൽ, കെ.എസ്.ഐ.ഡി.സി.-യുടെ പള്ളിപ്പുറം ഇൻഡസ്ട്രി യൽ ഏരിയയിൽ നിന്ന് അവർക്കുള്ള അസംസ്കൃത വസ്തുവായ മണൽ നൽകിയപ്പോൾ, അതിന്റെ വില അനധികൃതമായി ഉയർത്തിയതായി ആരോപിച്ച് അവർ അടച്ചുപൂട്ടി. ആ വ്യവസായത്തെ നിലനിർത്തുന്നതിനുള്ള നിലപാട് സ്വീകരിച്ചില്ല. ആ മാനേജ്മെന്റാണെങ്കിൽ എന്തെങ്കിലും കാരണം കിട്ടിയാൽ അടച്ചുപൂട്ടാൻ കാത്തിരിക്കുകയായിരുന്നു. സ്വകാര്യമേഖലയിലാ യാലും പൊതുമേഖലയിലായാലും വ്യവസായങ്ങളെ തകർക്കുന്ന വിധത്തി ലുള്ള ഒരു നിലപാടുണ്ടാകാൻ പാടില്ല എന്ന നിർബന്ധം ഗവൺമെന്റിനുണ്ടാ

കണം. വ്യവസായങ്ങൾ വലിയ തോതിൽ വളർന്നുവരുന്നതിന് അനുകൂലമായ നയമല്ല കേന്ദ്ര ഗവൺമെന്റിന്റേത്. ഉദാരവൽക്കരണ നയങ്ങൾ ആഭ്യന്തര വ്യവസായ വളർച്ചയ്ക്ക് തടസ്സമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1956-ൽ ഇന്ത്യയുടെ വ്യവസായ നയം പ്രഖ്യാപിക്കുന്ന കാലത്ത്, അന്നത്തെ കേന്ദ്രഗവൺമെന്റിനും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും രാഷ്ട്രത്തിന്റെ ആഭ്യന്തരമായ വളർച്ച എന്നൊരു കാഴ്ചപ്പാടുണ്ടായിരുന്നു. രണ്ട് നൂറ്റാണ്ടുകാലത്തെ സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ പാരമ്പര്യത്തിൽനിന്ന് ഉടലെടുത്ത ഒരു നയമായിരുന്നു അത്. ആ നയം ഇന്നില്ല. അതുകൊണ്ട് വിദേശ ഉല്പന്നങ്ങൾക്ക് നമ്മുടെ വിപണി തുറന്നിട്ടുകൊടുക്കുന്നു, വിദേശ നിക്ഷേപത്തെ നമ്മൾ ക്ഷണിക്കുന്നു. ഇന്ത്യയിൽ വരുന്ന ഒരു വിദേശ നിക്ഷേപവും മാനുഫാക്ചറിംഗ് സെക്ടറിലല്ല, ഒരു പുതിയ തൊഴിലും സൃഷ്ടിക്കുന്നില്ല. കഴിഞ്ഞ രണ്ടുമാസമായി ഇന്ത്യയിലേക്കുവന്ന വിദേശ നിക്ഷേപം മുഴുവൻ ഓഹരി കമ്പോളത്തിലാണ്. അതിന്റെ ഭാഗമായി ഒന്നര ട്രില്ല്യൻ ഡോളറിന്റെ നേട്ടം ഇന്ത്യയിലെ കോർപ്പറേറ്റുകൾക്കുണ്ടായി. അതുകൊണ്ട് ഒരാൾക്കും തൊഴിൽ വർദ്ധിക്കുന്നില്ല. ഇവിടെയുള്ള ചില വ്യവസായങ്ങൾ ഏറ്റെടുക്കലാണ് വിദേശത്തുനിന്ന് വരുന്ന നിക്ഷേപകർ ചെയ്യുന്നത്. Merger and acquisition എന്ന പ്രക്രിയയാണ് നടക്കുന്നത്. അതുകൊണ്ടും തൊഴിലവസരങ്ങൾ വർദ്ധിക്കുന്നില്ല. ഈ നയത്തിന്റെ ഫലമായി ദേശീയമായ നിക്ഷേപം നടത്താൻ കഴിയുന്നില്ല. ഇന്ത്യയിലെ കോർപ്പറേറ്റുകളുടെ കൈവശം 10 ലക്ഷം കോടി രൂപ സർപ്ലസ്സുണ്ടായിരുന്നെങ്കിലും ഒരിടത്തും അവർ നിക്ഷേപിച്ചില്ല. ഡോ. മൻമോഹൻ സിംഗ് പല തവണ അവരോട് പറഞ്ഞിട്ടും നിക്ഷേപിച്ചില്ല. ഇന്ത്യയിലെ ചില പൊതു

മേഖല കമ്പനികൾക്കും സർപ്ലസ് ഫണ്ടുണ്ട്, അവരും നിക്ഷേപിക്കുന്നില്ല. ഇന്ത്യയിലെ അന്തരീക്ഷം അതാണ്. ഇറക്കുമതി ചുങ്കം പരമാവധി കുറച്ചു. പുതിയ ടെക്നോളജി ഉപയോഗിച്ച് കുറഞ്ഞ ചെലവിലുണ്ടാക്കുന്ന ഉല്പന്നങ്ങൾ യഥേഷ്ടം കടന്നുവരുമ്പോൾ നമുക്ക് മത്സരിക്കാൻ കഴിയുന്നില്ല. അങ്ങനെ നമ്മുടെ വ്യവസായ വളർച്ച പുറകോട്ടുപോകുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയിലെ മാനുഫാക്ചറിംഗ് സെക്ടറിന്റെ ഗ്രോത്ത് ഒരു ശതമാനമാണ്. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ കേരളത്തിലും വ്യവസായ വളർച്ച നേടാൻ വളരെ പ്രയാസകരമാണ്. ഈ നയത്തിൽ നിന്ന് മാറാതെ നമുക്ക് രക്ഷയില്ല. ഉദാരവൽക്കരണ നയങ്ങൾ സ്വീകരിക്കപ്പെട്ടതിന്റെ ഫലമായുണ്ടായ പ്രത്യാഘാതമാണിത്. വിദേശ നിക്ഷേപമോ സ്വകാര്യ നിക്ഷേപമോ വേണ്ടെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല, തെരഞ്ഞെടുക്കപ്പെട്ട മേഖലയിലാകാം. എന്നാൽ കോർ സെക്ടർ ഒരു കാരണവശാലും വിദേശ/സ്വകാര്യ നിക്ഷേപത്തിന് തുറന്നുകൊടുക്കാൻ പാടില്ല. ഐ.ടി. മേഖലയിലും പുതിയ ടെക്നോളജി ആവശ്യമുള്ളിടത്തുമൊക്കെ ആകാം. അങ്ങനെയൊരു സെലക്ഷൻ നമുക്കുണ്ടാകണം. ഇപ്പോൾ റെയിൽവേയും ഡിഫൻസും സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കാൻ തീരുമാനിച്ചു കഴിഞ്ഞു. ഇനിയിപ്പോൾ രാജ്യത്ത് എന്താണ് സംഭവിക്കാൻ പോകുന്നത്; ഏത് ബഹുരാഷ്ട്ര കുത്തകയോടാണ് നമുക്ക് മത്സരിച്ച് നിൽക്കാൻ സാധിക്കുക? വളരെ അപകടകരമായൊരു ഭാവിയാണ് നമ്മുടെ സ്റ്റേറ്റിനേയും രാജ്യത്തേയും തുറിച്ചുനോക്കുന്നതെന്ന കാര്യം ഗൗരവമായി കാണണം. 1991–ൽ നരസിംഹറാവുവിന്റെ കാലത്താണ് ആപൽക്കരമായ ഈ നയമാറ്റമുണ്ടായത്. ഇതിന്റെ ഫലമായി ഗുരുതരമായ പ്രത്യാഘാതങ്ങളാണ്

നമ്മുടെ സമ്പദ്ഘടനയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ തൊഴിലാളി സംഘടനകളെല്ലാം ഒരുമിച്ചുനിന്ന് ഈ നയത്തെ എതിർക്കുന്നു എന്നതാണ് ഇപ്പോൾ ആശ്വാസകരവും ശുഭോതർക്കവുമായ ഏക കാര്യം. ഈ നയത്തിനെതിരായ മുന്നണിയെ ശക്തിപ്പെടുത്താതെ രക്ഷയില്ല. അപ്പോഴും നമ്മുടെ സുഹൃത്തുക്കൾ ഇതിന്റെ ഗൗരവം കാണുന്നില്ലെന്ന ഒരു പോരായ്മ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

അവസാനമായി, ഇറാഖിൽ നിന്ന് വന്ന ആളുകളെ സംബന്ധിച്ചുള്ള ഒരു തർക്കം ശ്രീ. കെ. ശിവദാസൻ നായർ ഉന്നയിച്ചത് ഞാൻ പരാമർശി ക്കാതെ പോയാൽ അതൊരു ഒളിച്ചോട്ടമാകും. ഇനിയും കുറേ ആളുകൾ അവിടെയുള്ളതുകൊണ്ട് വളരെ സൂക്ഷ്മതയോടുകൂടി ആ പ്രശ്നത്തെ കൈകാര്യം ചെയ്യണം. ശ്രീമതി സുഷമ സ്വരാജിന്റെ ഇടപെടൽ കൊണ്ടും മുഖ്യമന്ത്രിയുടെ ഇടപെടൽ കൊണ്ടൊന്നുമല്ല അവരെ വിട്ടയച്ചത്. ഇറാഖ് എന്ന രാജ്യമല്ല ഇത് ചെയ്തിരിക്കുന്നത്. ഇറാഖിന്റെയും സിറിയയുടെയും ഭൂപ്രദേശം വൻതോതിൽ കയ്യടക്കിവച്ചിട്ടുള്ള പുതിയ ഭരണാധികാരിക ളായ, സുന്നി വിഭാഗത്തിൽപ്പെട്ട സദ്ദാംഹുസൈന്റെ പട്ടാളക്കാരുടെ സൗമനസ്യംകൊണ്ടാണ് ജീവനോടുകൂടി അവരിവിടെ എത്തിയത് എന്നത് വസ്തുതാപരമാണ്, അത് കാണാതിരിക്കരുത്. ഇവിടെനിന്ന് ടെലിഫോൺ ചെയ്തില്ല എന്നൊന്നും പറയുന്നില്ല. ഇവിടെനിന്ന് ടെലിഫോൺ ചെയ്താൽ അവർക്ക് ഇങ്ങോട്ട് വരാൻ കഴിയുമോ? അതുകൊണ്ടാണ് അവർ സൗമനസ്യം കാണിച്ചുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. ഇനിയും നൂറുകണക്കിന് ആളുകൾ അവിടെയുള്ളതുകൊണ്ട് ആവശ്യമി ല്ലാത്ത കാര്യങ്ങൾ പറഞ്ഞ് അവരുടെ ജീവിതംകൂടി കുഴപ്പത്തിലാക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സഹകരണ വകുപ്പിനെക്കുറിച്ച് പറയാ

നുള്ളത്, കാർഷിക വികസന ബാങ്കിൽ ജീവനക്കാരെ പന്ത് തട്ടുന്നതുപോലെ ട്രാൻസ്ഫർ ചെയ്യുന്നു എന്നൊരു പരാതി അവിടത്തെ ട്രേഡ് യൂണിയൻ ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയം സഭയിൽ ഉന്നയിച്ച് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഇന്ന് രാവിലെ അവർ എന്നോട് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ന്യായമായ ഒരു നിലപാട് സ്വീകരിക്കണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ ഐ.റ്റി., വ്യവസായവകുപ്പുകളിലേക്ക് നടന്ന ചർച്ചയിൽ എല്ലാവരും വളരെ കൺസ്ട്രക്റ്റീവായിട്ടുള്ള ഒരു സമീപനമാണ് പൊതുവെ സ്വീകരിച്ചത്. നമ്മുടെ പോരായ്മകളും, പ്രശ്നങ്ങളുമൊക്കെ യാഥാർത്ഥ്യബോധത്തോടുകൂടി ചൂണ്ടിക്കാണിച്ചു. അല്പം വീക്ഷണ വ്യത്യാസങ്ങളൊക്കെ ഉണ്ടെങ്കിലും കേരളം വ്യാവസായികമായി വളരണം എന്നുള്ള നിലയിൽത്തന്നെയാണ് എല്ലാവരും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്. വലിയ ആക്ഷേപങ്ങളൊന്നും ആരും പറഞ്ഞിട്ടില്ല, പലതും നിർദ്ദേശ സ്വഭാവങ്ങളിൽ ഉള്ളതായിരുന്നു. വ്യവസായരംഗത്ത് കേരളത്തിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്, നമ്മൾ അത് കാണണം. വ്യവസായവൽക്കരണത്തിൽ, കേരളത്തിൽ നേരത്തെണ്ടായിരുന്ന കാര്യമായ പ്രശ്നമെന്ന് പറയപ്പെട്ടിരുന്നത് ഒരു പെർസെപ്ഷൻ ക്വസ്റ്റ്യൻ ആയിരുന്നു. അതിപ്പോൾ ഇല്ല. സ്ഥലവും, സൗകര്യങ്ങളും, ക്ലിയറൻസും കൊടുക്കുകയാണെങ്കിൽ കേരളത്തിൽ വന്ന് വ്യവസായം തുടങ്ങാൻ വ്യവസായികൾ തയ്യാറാണ്. ന്യൂ ജനറേഷൻ വ്യവസായങ്ങളായാലും, ഫുഡ് പ്രോസ്സസിംഗിലായാലും ഐ.റ്റി. രംഗത്തായാലും കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഡിമാന്റുണ്ട്.

ഐ.റ്റി.മേഖലയിൽ എല്ലാം സർവ്വീസല്ല, ഐ.റ്റി. യിലും ധാരാളം പ്രോഡക്ട്സ് ഉണ്ട്. മറ്റെല്ലാ മാനുഫാക്ചറിംഗ് മേഖലകളെയും ശക്തിപ്പെടുത്തുന്ന, അവയുടെയൊക്കെ പെർഫെക്ഷന് വേണ്ടുന്ന സാങ്കേതിക വിദ്യ ഐ.റ്റി. മേഖലയിലുണ്ട്. എമർജിംഗ് കേരളയുടെ സമയത്ത് പല വ്യവസായികളുടെയും നിക്ഷേപ പ്രൊപ്പോസലുകൾ ധാരാളമായി വന്നിരുന്നു. 40 രാജ്യങ്ങളിൽ നിന്നായി വന്നത് ഒന്നോ രണ്ടോ ആളുകളല്ല, വലിയ ഡെലിഗേഷനാണ്. ഓരോ രാജ്യത്തെയും അംബാസിഡർമാരാണ് ഈ ഡെലിഗേഷനൊക്കെ ലീഡ് ചെയ്തത്. വൻ നിക്ഷേപകരായിരുന്നു വന്നത്. പക്ഷെ വസ്തുത എന്തെന്നാൽ, അതിൽ നല്ലൊരു ശതമാനം വ്യവസായങ്ങൾക്കും ക്ലിയറൻസ് കൊടുക്കാൻ നമുക്ക് കഴിയുന്നില്ല, അതൊരു പ്രശ്നമാണ്. ഒരു ഉദാഹരണം ഞാൻ പറയാം. ശ്രീ. എ. പ്രദീപ്കുമാറിന്റെ മണ്ഡലത്തിലുള്ള കൊച്ചിയിലെ നടക്കാവ് ഗവൺമെന്റ് സ്കൂളിന്റെ നിർമ്മാണത്തിനായി റെഡിമെയ്ഡ് കൺസ്ട്രക്ഷൻ മെറ്റീരിയൽസാണ് ഉപയോഗിച്ചത്. അതുകൊണ്ടാണ് ഒരു നിശ്ചിത തീയതിയിൽ ഈ കെട്ടിടത്തിന്റെ പണി തീരും എന്ന് ഡേറ്റ് നിശ്ചയിച്ച് കൺസ്ട്രക്റ്റ് ചെയ്യാൻ സാധിക്കുന്നത്. അത് ഏറ്റവും നല്ല ഒരു മോഡൽ ആയി. കേരളത്തിൽ എല്ലാ ഗവൺമെന്റ് സ്കൂളുകളും ഈ രീതിയിൽ നിർമ്മിക്കണമെന്ന് എല്ലാവരും പറയുന്നു. ഇത്തരത്തിൽ പ്രീ ഫാബ്രിക്കേറ്റഡ് ആയ കൺസ്ട്രക്ഷനാണ് ലോകത്ത് മുഴുവനും ഇപ്പോൾ നടക്കുന്നത്. മണൽ, സിമന്റ്, കല്ല് എന്നിങ്ങനെ നിർമ്മാണ സാമഗ്രികൾ വെവ്വേറെ കൊണ്ടുവരേണ്ട ആവശ്യമില്ല. അത് ഈക്വലി ഗുഡ് ആണ്; വളരെ കാലം നിലനിൽക്കുകയും ചെയ്യും. കൊച്ചിയിൽ നടന്ന എമർജിംഗ് കേരളയിൽ അതിന്റെ മാനുഫാക്ചറിംഗ്

പ്രൊപ്പോസൽ ഒരു മലയാളി കൊണ്ടുവന്നു. അവിടത്തെ സ്കൂൾ നിർമ്മിച്ചുകൊടുത്ത ആൾ തന്നെയാണ് ഈ പ്രൊപ്പോസൽ കൊണ്ടുവന്നത്. പക്ഷെ, നമുക്കത് സ്വീകരിക്കാൻ കഴിഞ്ഞില്ല. കാരണം, മണലും കല്ലും നൽകാൻ കഴിയാതെ പ്രശ്നമായി. അങ്ങനെ ആ പ്രോജക്ട് തമിഴ്നാട്ടിലേയ്ക്ക് പോയി. ഞാനൊരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. ഇതുപോലെ ധാരാളം മാനുഫാക്ചറിംഗ് യൂണിറ്റുകളുടെ പ്രൊപ്പോസൽ ഇവിടെ വന്നതാണ്. ഇവിടെ മാനുഫാക്ചറിംഗ് യൂണിറ്റ് വരണമെങ്കിൽ റാമെറ്റീരിയൽസും എൻവൺയോൺമെന്റ് ക്ലിയറൻസും മറ്റ് സൗകര്യങ്ങളും ചെയ്തുകൊടുക്കണം. എമർജിംഗ് കേരളയിൽ വ്യവസായങ്ങൾ വന്നതിന്റെ നേട്ടം പറയാൻ വേണ്ടിയല്ല, നമ്മുടെ പ്രശ്നങ്ങൾ എന്താണെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാനിതിവിടെ സൂചിപ്പിച്ചത്. എന്നിരുന്നാലും, നേരത്തെയുണ്ടായിരുന്ന പെർസെപ്ഷൻ ക്വസ്റ്റ്യൻ ഒരുവിധമൊക്കെ മാറിക്കിട്ടിയിട്ടുണ്ട്. യഥാർത്ഥത്തിൽ തൊഴിൽപ്രശ്നങ്ങളൊന്നും ഇവിടെയില്ല. അതൊക്കെ പഴയ കഥയാണ്. തൊഴിലാളികൾ മാന്യമായി പ്രവർത്തിക്കുന്നു. നേരത്തെയുണ്ടായിരുന്ന ലേബർ മിലിറ്റൻസി ഇപ്പോഴുണ്ടെന്ന് പറയാൻ കഴിയുമോ; തൊഴിലാളികളാണ് ഇല്ലാത്തത്. അന്യസംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികൾ വന്നിട്ടുവേണം ഇവിടെ ജോലി ചെയ്യാൻ എന്ന അവസ്ഥയാണുള്ളത്. ഇപ്പോഴത്തെ പ്രശ്നമെന്ന് പറയുന്നത് വ്യവസായങ്ങൾക്കായി സ്ഥലവും, സൗകര്യവും, ക്ലിയറൻസും ചെയ്തുകൊടുക്കുകയെന്നുള്ളതാണ്. വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏറ്റവും കൂടുതൽ ഡിമാന്റുള്ളത് കേരളത്തിലാണ്. കേരളത്തിലെവിടെയും ഡിമാന്റുണ്ട്. കേരളത്തിൽ നിക്ഷേപം നടത്തുവാനും മറ്റ് നിക്ഷേപകരെ കൊണ്ടുവരാനും പുതിയ സാങ്കേതിക വിദ്യ കൊണ്ടുവരാനും വിദേശ മലയാളികൾ തയ്യാറാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഏമർജിംഗ് കേരളയിൽ വന്ന വ്യവസായം തമിഴ്നാട്ടിൽ പോയെന്നു പറഞ്ഞു. ഇവിടെ ലാൻഡ് ബാങ്ക് ഉണ്ട്. കിൻഫ്രയുടെ കൈവശം ഭൂമിയുണ്ട്, അതൊക്കെ എന്തു ചെയ്യാനാണ്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, കിൻഫ്രയുടെ പക്കൽ ഇനി ഭൂമിയില്ല. 1991–ൽ, ഞാൻ മന്ത്രിയായിരുന്നപ്പോഴുണ്ടാക്കിയ ലാൻഡ് ബാങ്കാണ് കിൻഫ്ര. 3000 ഏക്കർ ഭൂമി അക്വയർ ചെയ്യാൻവേണ്ടി, അന്നത്തെ വ്യവസായ നയത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചതാണ് കിൻഫ്ര. പിന്നീട് വന്ന ഗവൺമെന്റുകളുടെ കാലത്തായി 3000 ഏക്കറിലധികം ഭൂമി അക്വയർ ചെയ്യുകയും ഉപയോഗിക്കുകയും ചെയ്തു. ഇന്ന് കിൻഫ്രയുടെ കൈവശം ഭൂമിയില്ല. ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ വേറെ നോക്കുന്നുണ്ട്. അതിന് ലാൻഡ് ബാങ്ക് എന്ന പേരിട്ടിട്ടില്ല. എയർ പോർട്ട്, സീ പോർട്ട് എന്നിവ ബെയ്സ് ചെയ്തുകൊണ്ട് വൻ നഗരങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ കൂടുതൽ സ്ഥലമെടുത്ത് രണ്ടായിരമോ മൂവായിരമോ ഏക്കറെങ്കിലും റെഡി മെയ്ഡ് ലാൻഡ് ഉണ്ടാക്കാനുള്ള നടപടി ധനകാര്യമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. പക്ഷെ, നമ്മുടെ നാട്ടിൽ ലാൻഡ് കണ്ടെത്താനുള്ള പ്രയാസവും കാലതാമസവും എല്ലാവർക്കും അറിയാവുന്നതാണല്ലോ; അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ഇവിടെയുള്ള മറ്റൊരു പ്രധാന പ്രശ്നമാണ് ഇലക്ട്രിസിറ്റി. ഈ പ്രശ്നം തീരണമെന്നുണ്ടെങ്കിൽ പവർ ജനറേറ്റ് ചെയ്യണം, അതത്ര എളുപ്പമല്ല. ചീമേനി പദ്ധതി ഫൈനലൈസ് ചെയ്യാൻ സാധിക്കുന്നില്ല. ചീമേനിയിൽ പവർ ജനറേറ്റ് ചെയ്യാൻ കഴിയുന്ന ഏതെങ്കിലും ഒരു സോഴ്സ് അനുസരിച്ചുള്ള പ്രോജക്ട് കൊണ്ടുവരാവുന്നതാണ്. പക്ഷെ, അവിടെ എൻവയോൺമെന്റൽ ഇഷ്യു നിലനിൽക്കുകയാണ്.

അവിടെ കൽക്കരി അലോട്ട് ചെയ്തുവെങ്കിലും അതിന്റെ സമയം കഴിഞ്ഞു പോയി. എല്ലാവരുംകൂടി യോജിക്കുകയാണെങ്കിൽ ചീമേനിയിൽ ഒരു പവർ പ്രോജക്ട് കൊണ്ടുവരാം. എങ്ങനെയെങ്കിലും പവർ ജനറേറ്റ് ചെയ്യാതെ നിവൃത്തിയില്ല. ചീമേനി പദ്ധതിയും കൊച്ചിയിലെ എൽ.എൻ.ജി. പ്രോജക്ടും നടപ്പാക്കണം. ഹൈഡൽ പ്രോജക്ടുകൾക്ക് ക്ലിയറൻസ് കിട്ടണം. നമ്മളെല്ലാ വരുംകൂടി ശ്രമിച്ചാൽ മാത്രമേ അത് സാധ്യമാകൂ. ഗ്യാസ് പൈപ്പ് സ്ഥാപിക്കു ന്നതിനുള്ള പ്രശ്നം ആളുകളുടെ എതിർപ്പാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിന്റെ ഇംപോർട്ടന്റ്സ് ഇവിടെ ചൂണ്ടിക്കാണിക്കുകയും മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്തിരുന്നു. വൈദ്യുതിയില്ലെങ്കിൽ നമ്മുടെ പ്രശ്നം ഗുരുതരമാകാൻ പോകുകയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പവറിന്റെ ഡിമാന്റ് ഓരോ ദിവസം കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. വ്യവസായിക ആവശ്യങ്ങൾക്ക് മാത്രമല്ല, ഗാർഹിക ഉപയോഗവും കൂടിക്കൊണ്ടിരിക്കുകയാണ്.

ഇവിടെ വ്യവസായ മേഖലയിൽ പുതിയ വെല്ലുവിളികളാണെന്നാണ് ഞാൻ പറഞ്ഞതിന്റെ ചുരുക്കം. പെർസെപ്ഷനോ, ലേബറോ, ട്രേഡ് യൂണി യനോ ഒന്നുമല്ല ഇവിടത്തെ യഥാർത്ഥ പ്രശ്നം. കേരളം highly demanded സ്റ്റേറ്റാണ്. ലോകത്തുള്ള കമ്പനികളെല്ലാംതന്നെ ഇന്ത്യയിൽ കാർ വിൽക്കു ന്നുണ്ടെങ്കിൽ അത് പരീക്ഷിക്കുന്നത് കേരളത്തിലാണ്. റോൾസ് റോയ്സ് അടക്കം എല്ലാ കാർ കമ്പനികളും ഏറ്റവുമധികം കാർ വിൽക്കുന്നത് ഇവിടെ യാണ്. മാരുതി, ബി.എം.ഡബ്ല്യൂ, ബെൻസ് എന്നിവയുടെയെല്ലാം വിൽപ്പന ഏറ്റവും കൂടുതൽ കേരളത്തിലാണ്. കേരളത്തിലൊരു ഷോപ്പ് തുറക്കുകയെന്നുള്ളത് എല്ലാവർക്കുമൊരു ഡ്രീം ആണ്. കേരളത്തിൽ

കൺസ്യൂമർ പ്രോഡക്ട്സിന്റെ വലിയ മാർക്കറ്റുണ്ട്. അതിനനുസരിച്ച് ഇവിടെ ഉല്പാദന മേഖലയിൽ വ്യവസായങ്ങൾ വരണം. ചെറുകിട വ്യവസായ മേഖല ഇതിനെ കോമ്പൻസേറ്റ് ചെയ്യാൻ മുന്നോട്ടുവരുന്നു വെന്നത് സമാധാനകരമാണ്. ചെറുകിട വ്യവസായ മേഖലയിലിപ്പോൾ നല്ല വളർച്ചയുണ്ട്. ശതമാനാടിസ്ഥാനത്തിലുള്ള കണക്ക് മെമ്പർമാർ ഇവിടെ പറഞ്ഞത് ശരിയാണ്. എം.എസ്.എം.ഇ. സെക്ടർ കേരളത്തിൽ വൻ വളർച്ച കൈവരിച്ചുകൊണ്ടിരിക്കുകയാണ്. വളർച്ചാനിരക്ക് ഇന്ത്യയിൽ ഒന്നാമ തുമാണ്. ഫുഡ് പ്രോസ്സസിംഗ്, ടൂറിസം, ആയുർവേദം തുടങ്ങിയ മേഖലകളി ലും ഇപ്പോൾ മെച്ചപ്പെട്ട വളർച്ചയാണുള്ളത്. അതിനെ ഗവൺമെന്റ് പ്രോത്സാ ഹിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എമർജിംഗ് കേരളയിൽ ധാരാളം പ്രോജക്ട്സ് വന്നു. 178 പ്രോജക്ടുകളാണ് ആകെയുണ്ടായിരുന്നത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പ്രോജക്ടുകളിൽ നല്ലൊരു ശതമാനം മുന്നോട്ട് പോകുന്നുണ്ട്. എമർജിംഗ് കേരളയിൽ വന്ന മറ്റുപല ഡിപ്പാർട്ട്മെന്റുകളു ടേയും പ്രോജക്ടുകൾ മുന്നോട്ടുപോകുന്നുണ്ട്. ബി.പി.സി.എൽ.-ന്റെ വലിയ ഇൻവെസ്റ്റുമെന്റുണ്ട്. പല വ്യവസായങ്ങളും ബി.പി.സി.എൽ-നോടനുബ ന്ധമായി മുന്നോട്ടുപോകുന്നുണ്ട്. ഉദാഹരണമായി, പ്രോഡയർ 2,500 കോടി രൂപയുടേതും പെട്രോകെമിക്കൽ പാർക്ക് 6,000 കോടി രൂപയുടേതുമാണ്. ഇൻഫ്രാ സ്ട്രക്ചർ ഫെസിലിറ്റീസ് കുറച്ചുകൂടി വർദ്ധിപ്പിച്ചുകൊടുക്കുകയാ ണെങ്കിൽ കൂടുതൽ വ്യവസായങ്ങൾ കേരളത്തിൽ വരും. വ്യവസായങ്ങളു മായി ബന്ധപ്പെട്ട് പരിസ്ഥിതിയെക്കുറിച്ച് പറയുന്നതും മറ്റു വിഷയങ്ങളെ ക്കുറിച്ച് പറയുന്നതുമെല്ലാം ഒരു വസ്തുത തന്നെയാണ്. കേരളത്തിൽ പരിസ്ഥിതി ദോഷങ്ങളുണ്ടാക്കുന്ന വ്യവസായങ്ങൾ ചെയ്യാൻ കഴിയുമോ?

ലോകത്തുതന്നെ അത്തരത്തിലുള്ള പൊല്യൂട്ടിംഗ് വ്യവസായങ്ങളെ നിരുത്സാഹപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മാനുഫാക്ചറിംഗ്, ഐ.റ്റി., കൺസ്ട്രക്ഷൻ, ഫുഡ് പ്രോസ്സസിംഗ് തുടങ്ങിയവയിലെല്ലാം തന്നെ, ഗ്ലോബൽ വാമിംഗും മറ്റുകാര്യങ്ങളും ഒഴിവാക്കാൻ വേണ്ടി ഒരു ഗ്രീൻ പാർട്ട് ഇപ്പോൾ വന്നിട്ടുണ്ട്. അതുകൊണ്ട് കേരളത്തിൽ പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത ഗ്രീൻ ഇൻഡസ്ട്രിയെ മാത്രം വെൽക്കം ചെയ്യുന്ന ഒരു നിലപാടെടുത്താൽ അത് തെറ്റല്ല. അത്തരത്തിലൊരു പോളിസിയിലേക്ക് നമ്മൾ മാറുകയാണ്. പൊതുമേഖലയെക്കുറിച്ചും ട്രഡീഷണൽ ഇൻഡസ്ട്രിയെക്കുറിച്ചും പറയുന്നതിനുമുമ്പ് ഐ.റ്റി-യെക്കുറിച്ചുകൂടി ഞാൻ പറയുകയാണ്. കേരളത്തിൽ ഐ.റ്റി-ക്ക് നല്ല സ്ഥിതിയാണെന്ന് ഇവിടെയെല്ലാവരും പറഞ്ഞു. ഇന്ത്യയിലെ ഐ.റ്റി. മേഖലയിൽ കേരളം ഒന്നാമതാണ്. ചില മെമ്പർമാർ അതിന്റെ സ്റ്റാറ്റിസ്റ്റിക്സ് ഇവിടെ പറഞ്ഞിരുന്നു. ഐ.റ്റി.എഡ്യൂക്കേഷനിലും ഐ.റ്റി. പെനിട്രേഷനിലും നമ്മൾ മുമ്പിലാണ്. ഐ.റ്റി. ഉപയോഗിച്ച് കച്ചവടം ചെയ്യുന്നതിലും സർവ്വീസ് മേഖലയിലും ഇ-ഗവേണൻസിലുമെല്ലാം കേരളം മുന്നിൽ തന്നെയാണ്. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾക്കൊന്നും നമ്മുടെ സമീപത്തെത്താൻ കഴിയില്ല. അതിന്റെ പ്രധാന കാരണം ഐ.റ്റി. സാക്ഷരതയാണ്. 2002-ൽ അക്ഷയ പദ്ധതി കൊണ്ടുവന്ന് ഇ-ലിറ്ററസിക്കുവേണ്ടി നടത്തിയ കാമ്പയിൻ ഫലം കണ്ടിരിക്കുകയാണ്. ഇ-ഗവേണൻസിലും നാം ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ്. ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളൊക്കെ വലിയ നേട്ടങ്ങൾ പറയുന്നുണ്ടെങ്കിലും അടുത്ത 10 വർഷംകൊണ്ടൊന്നും അവർ നമ്മളോടൊപ്പമെത്താൻ പോകുന്നില്ല. ഇന്ത്യയിലൊട്ടാകെ 50 ജില്ലകളെ ഇ-ഡിസ്ട്രിക്റ്റ് ആക്കുമെന്നാണ് പറയുന്നത്.

എന്നാൽ നമ്മുടെ എല്ലാ ജില്ലകളും ഇ-ഡിസ്ട്രിക്റ്റ് ആയിക്കഴിഞ്ഞു. ഇന്ത്യയിലാദ്യമായി പേപ്പർ ലെസ് ഓഫീസായി മാറുന്നത് നമ്മുടെ ഗവൺമെന്റ് സെക്രട്ടേറിയറ്റായിരിക്കും. ഐ.റ്റി. ഇൻഡസ്ട്രിയിയിൽനിന്നും ഐ.റ്റി. എക്സ്പോർട്ടിൽനിന്നുമുള്ള നമ്മുടെ വരുമാനം ഒരു ബില്യൻ ഡോളർ ക്രോസ് ചെയ്തുകഴിഞ്ഞു. ടെക്നോപാർക്കിലെ ഐ.റ്റി. എക്സ്പോർട്ട് രണ്ട് ബില്ല്യൻ ഡോളറിലേയ്ക്ക് പോവുകയാണ്. ബില്ല്യൻ കണക്ക് ഇതിനുമുമ്പ് പറഞ്ഞിട്ടുപോലുമില്ല. മറ്റൊന്ന് ആളുകൾക്ക് തൊഴിൽ കൊടുക്കുന്നത് സംബന്ധിച്ചാണ്. പണ്ട് ഗവൺമെന്റായിരുന്നു തൊഴിൽ നൽകിയിരുന്നത്. ഇപ്പോൾ ടെക്നോപാർക്കിൽ മാത്രം, തേഡ് ഫേസിൽ മുഴുവൻ കമ്പനികളും വന്നുകഴിഞ്ഞാൽ ഒരു ലക്ഷം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുകയാണ്. ഇതുകൂടാതെ പരോക്ഷമായി തൊഴിൽ ലഭിക്കുന്ന വർ വളരെയധികമാണ്. ഐ.റ്റി-യിലെ മേഖലയിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതായി പറഞ്ഞു. അത്തരം ചില കമ്പനികളുണ്ടാകാം. എങ്കിലും ഈ മേഖലയിൽ ആളുകളുടെ ശമ്പളം വളരെ കൂടുതലാണ്, അവിടത്തെ സിസ്റ്റം വ്യത്യസ്തമാണ്. ലോകം മുഴുവൻ അങ്ങനെയാണ്. ആ സിസ്റ്റം മാറ്റാൻ നമുക്ക് കഴിയില്ല. തൊഴിലാളികളെ ചൂഷണം ചെയ്യുന്ന കമ്പനികളുണ്ടെങ്കിൽ ഇപ്പോഴത്തെ നിയമമനുസരിച്ചുതന്നെ നടപടിയെടുക്കാ വുന്നതാണ്. ഐ.റ്റി-യിൽ മാത്രമല്ല ഇ-ഗവേണൻസിലും സർവ്വീസ് മേഖലക ളിലും ഐ.റ്റി. എക്സ്പോർട്ടിലും തൊഴിൽ ദിനങ്ങളുണ്ടാക്കുന്നതിലുമൊക്കെ നമ്മൾ മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. എളമരം കരിം കുറ്റ്യാടി പാർക്കിനെപ്പറ്റി സംസാരിക്കുകയുണ്ടായി. കോക്കനട്ട് ബേസ്ഡ് അയ പാർക്ക് കഴിഞ്ഞ ഗവൺമെന്റ് പ്ലാൻ ചെയ്തതാണ്. ഇപ്പോഴത് പൂർത്തി യായി ഗവൺമെന്റ് അതിന് വളരെ പ്രയോറിറ്റി നൽകി കൊണ്ടുപോവുക

യാണ്. കോക്കനട്ട് ബേസ് ചെയ്ത് ഒരുപാട് വ്യവസായങ്ങൾ സാദ്ധ്യമാണ്. അതുകൊണ്ടുതന്നെ പുതിയ ഐഡിയയുമായി വരുന്ന ആളുകൾക്ക് സ്റ്റാർട്ട് അപ്പിനുവേണ്ട പ്രോത്സാഹനവും സൗകര്യങ്ങളും ചെയ്തുകൊടുക്കുകയെന്നുള്ളത് ഒരു നയമായിട്ടെടുത്തിരിക്കുകയാണ്. സ്റ്റാർട്ട് അപ് വില്ലേജുകൾ ഐ.റ്റി.യിൽ മാത്രമല്ല മറ്റു മേഖലകളിലുമുണ്ട്. പക്ഷെ, ഇപ്പോഴത്തെ നിലയിൽ പ്രധാനമായൊരു സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് ഐ.റ്റി-യാണെന്നുമാത്രമേയുള്ളൂ. അക്ഷയ പദ്ധതിക്ക് വേൾഡ് റെക്കഗ്നിഷനുണ്ട്, ഏഷ്യൻ അവാർഡും വേൾഡ് അവാർഡുമുൾപ്പെടെ ധാരാളം അവാർഡുകൾ കിട്ടിയിട്ടുണ്ട്. അക്ഷയ പദ്ധതി ഇന്നൊരു വേൾഡ് മോഡലാണ്. കേരളം ഡിജിറ്റൽ സ്റ്റേറ്റായി മാറുമ്പോൾ ഈ പദ്ധതി നടപ്പിലാക്കിയതുവഴി നല്ലൊരു ഫ്യൂച്ചർ നമുക്കുണ്ടാവും. ഒരു സ്റ്റേറ്റ് ഡിജിറ്റലായിക്കഴിഞ്ഞാൽ അവിടെ പല വ്യത്യാസങ്ങളുമുണ്ടാകും. പൊതുമേഖലയിൽ ഇ-ടെണ്ടറും ഇ-പ്രൊക്വർമെന്റും നടപ്പിലാക്കിയപ്പോൾ ഒരുപാട് അഴിമതിയൊഴിവായി. ഇവിടെ ഒരുപാട് കാര്യങ്ങളിലും നടപടിക്രമങ്ങളിലുമൊക്കെ വ്യത്യാസം വന്നു, 100 ശതമാനമെന്ന് ഞാൻ പറയുന്നില്ല. ഡിജിറ്റലാകുന്നതിന്റെ ഗുണം അതാണ്, കാര്യങ്ങൾ എളുപ്പമാകും. ചൈനയിലെ ബീജിംഗിൽ പോലീസില്ലെന്ന് ഇവിടെ പറയുകയുണ്ടായി. കൺട്രോൾ റൂമിലിരുന്നാൽ മതി, ഇലക്ട്രോണിക്സ് ഉപകരണങ്ങൾവഴി പോലീസിന് വിവരം കിട്ടും. ലോകംതന്നെ ഡിജിറ്റലായിക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റലൈസേഷനിലൂടെ വേസ്റ്റ് വളരെയധികം കുറയ്ക്കാൻ കഴിയും. നമ്മൾ കൈ കഴുകാൻ പൈപ്പ് തുറന്നിടുമ്പോൾ ധാരാളം ജലം പാഴായിപ്പോകും. കൈ കാണിക്കുമ്പോൾ മാത്രം വെള്ളം വരുന്നതാണ് പുതിയ സിസ്റ്റം. അപ്പോൾ ധാരാളം വെള്ളം

സേവ് ചെയ്യാനാവും. ഡിജിറ്റലാകുമ്പോൾ ഇത്തരത്തിൽ സേവിംഗ്സുണ്ട്. പണം സേവിംഗും മറ്റുപല ഗുണങ്ങളുമുണ്ട്. അതാണ് ലോകം ശ്രദ്ധിക്കുന്നത്. കൂടാതെ പൊല്യൂഷൻ കുറയ്ക്കാനും സാധിക്കും. ഇവിടെ സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസിന്റെ കാര്യം ഞാൻ പറഞ്ഞതാണ്. എമർജിംഗ് കേരള വളരെ നല്ലതാണ്, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും ടൂറിസം ഡിപ്പാർട്ടുമെന്റും ഹെൽത്ത് ഡിപ്പാർട്ടുമെന്റും മെഡിക്കൽ കോളേജുമൊക്കെ അത് നന്നായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതുപോലെ കൃഷി ഡിപ്പാർട്ടു മെന്റ് കെ.എസ്.ഐ.ഡി.സി-യുടെ സഹായത്തോടെ ഗ്ലോബൽ അഗ്രി മീറ്റ് നടത്താൻ പോകുന്നു. കൃഷിയിൽ വൻ സാധ്യതകളാണ് അതിലൂടെ വരാൻ പോകുന്നത്. ലോകത്തുള്ള സാങ്കേതിക വിദ്യകളും മോഡേൺ കൃഷിയുമൊക്കെ ഇങ്ങോട്ടുകൊണ്ടുവരാൻ സാധിക്കും. ഇപ്പോൾ പെസ്റ്റിസൈഡ്സൊന്നും ഉപയോഗിക്കാത്ത ജൈവകൃഷിയാണ് വേൾഡ് ട്രെന്റ്. ഇവിടെ പൊതുമേഖലയെക്കുറിച്ച് പറഞ്ഞു. പൊതുമേഖലയിൽ ആർക്കും അത്ഭുതമൊന്നും പ്രവർത്തിക്കാനാവില്ല. ശ്രീ. എളമരം കരീമിന് അത് നന്നായറിയാം. ചില കാലങ്ങളിൽ ചില കമ്പനികൾ നല്ലനിലയിൽ പ്രവർത്തിക്കും. കെ.എം.എം.എൽ-നും മലബാർ സിമെന്റ്സിനും ഈ വർഷം ലാഭം കൂടിയിട്ടുണ്ട്. മലബാർ സിമെന്റ്സ് തന്നിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം അവർക്കിപ്പോൾ 10 കോടി രൂപ ലാഭമുണ്ട്. അതുപോലെ കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ ഇപ്പോഴുള്ള ലാഭം 30 കോടി രൂപയാണ്. അത് ഇനിയും കൂടുന്നതിനുള്ള ഒരു ട്രെന്റ് ഇപ്പോൾ കാണുന്നുണ്ട്.

30 കോടി രൂപയാണ് കെ.എം.എം.എൽ.–ന് ഇപ്പോഴുള്ള ലാഭം. ഇപ്പോൾ ലാഭം കൂടുന്ന ട്രെന്റാണ് കാണുന്നത്. പൊതുമേഖലയിൽ 15 കമ്പനികൾ സ്ഥിരമായി ലാഭം ഉണ്ടാക്കുന്നു 9 കമ്പനികൾ അങ്ങോട്ടുമിങ്ങോട്ടും നിൽക്കുന്നു. ഈ കണക്കുകളുടെ അടിസ്ഥാനത്തിലാണ് നിങ്ങളുടെ കാലത്താണ് നേട്ടം, ഞങ്ങളുടെ കാലത്താണ് നേട്ടമെന്ന് അങ്ങോട്ടും ഇങ്ങോട്ടും പറയാറുള്ളത്. മാർക്കറ്റ് കണ്ടീഷൻ അനുസരിച്ച് അത് കുറച്ച് അങ്ങോട്ടും ഇങ്ങോട്ടും മാറും. കഴിഞ്ഞ വർഷം അത്ര മെച്ചപ്പെട്ടതായിരുന്നുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. എന്നാൽ നഷ്ടത്തിൽ പോയ ചില കമ്പനികൾ ലാഭത്തിലേയ്ക്ക് വന്നു. കെ.എം.എം.എൽ.–ന്റെ പ്രശ്നം നാനാവിധമാണ്. പൊല്യൂഷനുമായി ബന്ധപ്പെട്ട് ഗ്രീൻ ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട ലേബർ മിനിസ്റ്ററും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പല പ്രാവശ്യം ഇതു സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. അത് വളരെ ഗൗരവമായി എടുത്ത് മുന്നോട്ട് പോകുകയാണ്. പൊല്യൂഷന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നൂറ്–നൂറ്റിയൻപത് ഏക്കർ സ്ഥലം എടുക്കുമെന്ന് പറഞ്ഞിരുന്നു. അതിൽ പത്ത്–ഇരുപത് ഏക്കറെങ്കിലും ഉടനെ എടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ആ മേഖല മുഴുവൻ പൊല്യൂട്ടഡാണ്. അവിടെ മനുഷ്യന് ജീവിക്കാൻ കഴിയില്ല. മന്ത്രി തന്നെ പോയി കണ്ടതാണ്. 20 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? 150 ഏക്കർ സ്ഥലത്തിനുപകരം ഒരു നാനൂറ്–നാന്നൂറ്റിയൻപത് ഏക്കർ സ്ഥലമെങ്കിലും എടുക്കേണ്ടി വരും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇത് ക്യാബിനറ്റ് തീരുമാനമാണ്. ഗവൺമെന്റ് ഓർഡറിൽ കെ.എം.എം.എൽ.–ന് കൊടുക്കണമെന്നൊരു ഭാഗമു

ണ്ട്. അത് തിരുത്തണമെന്നാണ് വ്യവസായ വകുപ്പിന് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. ഗവൺമെന്റ് അതിന് പണം കണ്ടെത്തിയേ മതിയാവൂ. 150 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ നല്ലൊരു തുക ആവശ്യമാണ്, പക്ഷേ സ്ഥലം ഏറ്റെടുക്കാതെ ഒരു നിർവ്വാഹവുമില്ല. കാരണം അവിടെയുള്ള ജന ങ്ങൾ അത്രയ്ക്ക് കഷ്ടപ്പെടുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഗവൺമെന്റ് അതിനെ ലഘൂകരിച്ച് ലളിത വൽക്കരിച്ച് കാണരുത്. നിങ്ങൾ ബന്ധപ്പെട്ട ആളുകളെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് അവരുടെ ഭൂമിയുടെ കൺസേൺ വാങ്ങി ഭൂമി ഏറ്റെടുക്കാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചു ഗവൺമെന്റ് ഓർഡറും ഇറക്കി. അവിടെ ആളു കൾക്ക് നടക്കാനും നിവർത്തിയില്ല, അവിടത്തെ സ്ഥലങ്ങളൊന്നും ആർക്കും വിൽക്കാനും സാധിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇത് വളരെ സീരിയസായ പ്രശ്ന മാണ്. ഉദ്യോഗസ്ഥന്മാരെയും രാഷ്ട്രീയ നേതാക്കന്മാരെയും ട്രേഡ് യൂണിയ നുകളേയും വിളിച്ച് നാളെത്തന്നെ ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നുണ്ട്. യാതൊരു സംശയവും വേണ്ട വളരെ സീരിയസായിട്ടാണ് ഗവൺമെന്റ് അത് കാണുന്നത്. നേരത്തെ പ്രസംഗിച്ച ശ്രീ. ജോസ് തെറ്റയിലും, ശ്രീ. പി.സി. ജോർജും കെ.എം.എം.എൽ.- ലെ റിട്ടയേർഡായ ഒരാൾക്ക് വർക്ക് കൊടുക്കു ന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രശ്നം പറഞ്ഞിരുന്നു. പെറ്റീഷൻ കിട്ടിയ പ്പോൾ തന്നെ രേഖാമൂലം അതുപാടില്ല, റീ-ടെണ്ടർ ചെയ്യണമെന്ന് ഞാൻ അറിയിക്കുകയും അപ്പോൾ തന്നെ റീ-ടെണ്ടർ ചെയ്യുകയും ചെയ്തു. സുപ്രീം കോടതി പറയുന്നതിന് മുൻപുതന്നെ റീ-ടെണ്ടർ ചെയ്തു, അത് ശരി യാണ്. സുപ്രീം കോടതിയിൽ പിന്നെ വാദിക്കാൻ വിട്ടിട്ടില്ല. കേസ് സുപ്രീം

കോടതി തീർപ്പാക്കിയതാണ്. അപ്പീൽ പോകാൻ ഗവൺമെന്റ് സമ്മതിച്ചിട്ടില്ല. അപ്പീലിന് പോയത് പാർട്ടിയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഗവൺമെന്റ് അപ്പീലിന് പോയതിന്റെ കോപ്പിയുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അപ്പീലിന് പോയതിന്റെ കോപ്പി തന്നാൽ ഞാനത് പരിശോധിക്കാം. വർക്ക് കോൺട്രാക്റ്ററെ ടെണ്ടറുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് അവരെ അനുവദിച്ചിട്ടില്ല. ഗവൺമെന്റ് ഹൈക്കോടതി വിധി അംഗീകരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഹൈകോടതി വിധി വന്നതിനുശേഷവും അവിടെ മണൽ വാരുന്നത് ഞാൻ നേരിട്ട് കണ്ടതാണ്. എന്ത് മര്യാദയാണെന്ന് ഞാൻ ചോദിച്ചപ്പോൾ ഞങ്ങൾ സുപ്രീം കോടതിയിൽ പോകാമെന്നാണ് അവർ പറഞ്ഞത്. അതാണോ അതിന്റെ മര്യാദ? ഞാൻ നേരിട്ട് കണ്ട കാര്യമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അതിന്മേൽ നടപടി എടുക്കാം. ഹൈക്കോടതി വിധി 15–01–2014–ന് വന്നു. 13–02–2014–ന് തന്നെ അത് നടപ്പിലാക്കുകയും ചെയ്തുവെന്നാണ് അവർ എനിക്ക് എഴുതി നൽകിയത്. എന്തായാലും ഇത് വിശദമായി പരിശോധിക്കാം. ട്രഡീഷണൽ ഇൻഡസ്ട്രീസിന്റെ കാര്യം പറഞ്ഞു. കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷനും കാപ്പെക്സും ഇപ്പോൾ വർക്ക് ചെയ്യുന്നില്ലായെന്ന് ശ്രീ. എളമരം കരീം പറഞ്ഞു. അത് ശരിയല്ല, കാപ്പെക്സ് ഇപ്പോൾ വർക്ക് ചെയ്യുന്നുണ്ട്. 365 ദിവസത്തിൽ കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാക്സിമം റെക്കോർഡ് ജോലി കൊടുത്തുവെന്ന് പറയുന്നത് 250 ദിവസമാ

ണ്. ബാക്കി ദിവസങ്ങളിൽ റിപ്പയർ ചെയ്യുകയും, പീലിംഗ് സെക്ഷൻ നിർത്തുകയുമാണ് ചെയ്യുന്നത്. അസംബ്ലി നടന്നുകൊണ്ടിരിക്കുമ്പോൾ പൂട്ടിയിടുന്നത് നല്ലതാണെന്ന് അവർക്കുമറിയാം. എല്ലാവരും കൂടി ബഹളം വയ്ക്കുമ്പോഴാണ് അവരുടെ പൈസ കിട്ടുന്നത്. പൈസയ്ക്കുള്ള ഒരു പെറ്റീഷൻ വന്നിട്ടുമുണ്ട്. പൈസ ഗവൺമെന്റ് കൊടുക്കണം. അല്ലാതെ യാതൊരു പ്രശ്നവുമില്ല. എന്തായാലും കാപ്പെക്സിന്റെ പ്രവർത്തനം നിലച്ചിട്ടില്ല. കാപ്പെക്സിലും കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷനിലും തൊഴിൽ ദിനങ്ങൾ കുറയാതെ ഗവൺമെന്റ് നോക്കിക്കൊള്ളാം. അത് ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി സംസാരിക്കണം. ഗവൺമെന്റിലേക്ക് എല്ലാവർക്കും കൂടി സമ്മർദ്ദം ചെലുത്താം. സെൻട്രൽ ഇൻവെസ്റ്റുമെന്റിൽ ഒരു വസ്തുതയുണ്ട്, നമ്മൾ ഒരുപാട് ഭൂമി കൊടുത്തെങ്കിലും നാലഞ്ച് കമ്പനികളിൽ അത്ര വലിയ നിക്ഷേപമൊന്നും കേന്ദ്ര ഗവൺമെന്റ് നടത്തിയിട്ടില്ല. മലബാർ സിമന്റ്സിൽ, സിമന്റ് കട്ട പിടിച്ചു എന്നുപറഞ്ഞത് ശരിയല്ല. കെൽട്രോൺ ഇപ്പോൾ നല്ല ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഇത്തവണ പത്ത് കോടിയോളം രൂപയുടെ ലാഭമുണ്ട്. ബഡ്ജറ്റ് പ്രാകാരമുള്ള ഫണ്ട് ഇതിനകം തന്നെ ഹാന്റ്ലൂമിന് കൊടുത്തുകഴിഞ്ഞു. അതിനുപുറമേ, റിബേറ്റ് കുടിശ്ശികയും ബാക്കിയുള്ളതുമെല്ലാം തീർക്കാൻ വേണ്ടി പ്രത്യേകമായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് ഉടൻതന്നെ കൊടുക്കുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. ഓട് വ്യവസായത്തിൽ മണ്ണെടുക്കുന്ന കാര്യത്തിൽ ഒരു പ്രതിസന്ധിയുണ്ട്. ഗവൺമെന്റ് അത് ശ്രദ്ധിക്കുന്നുണ്ട്. മറ്റ് പരമ്പരാഗത വ്യവസായ മേഖലകളെ ഒരു തരത്തിലും തളർന്ന് പോകാൻ അനുവദിക്കില്ല. നമ്മൾ സപ്പോർട്ട് കൊടുത്തിട്ടാണ് ഹാന്റി ക്രാഫ്റ്റ്സുമൊക്കെ നിലനിൽക്കുന്നത്. ടെക്സ്റ്റൈലിന്

ടേൺഓവർ ടാക്സ് കൊടുക്കുന്ന കൂട്ടത്തിൽ കൈത്തറിയും, ഖാദിയും ഉൾപ്പെടുമെന്നാണ് തോന്നുന്നത്. അത് മാറ്റണമെന്ന് മാണി സാറിനോട് ഞാൻ ഇപ്പോൾ പറഞ്ഞു. മാണി സാറിന്റെ പ്രസംഗത്തിൽ അതുണ്ടാകുമെന്നാണ് പ്രതീക്ഷ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാനത് എഴുതിക്കൊടുക്കാം. എന്താ യാലും ഗവൺമെന്റ് അത് പരിശോധിക്കുമെന്നാണ് എനിക്ക് ഈ അവസര ത്തിൽ പറയാനുള്ളത്. മറ്റു മന്ത്രിമാർ മറുപടി പറയുവാനുള്ളതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. മെമ്പർമാർ പറഞ്ഞ ഏതെങ്കിലും പോയിന്റ്സ് വിട്ടുപോയിട്ടുണ്ടെങ്കിൽ സൂചിപ്പിച്ചാൽ ഞാനതിന് ഉത്തരം പറയാം.

ശ്രീ. ഹൈബി ഈഡൻ: സർ, എമർജിംഗ് കേരളയിൽ പ്രീകാസ്റ്റ് ചെ യ്യുന്ന മെറ്റീരിയലിനെക്കുറിച്ച് ഒരു കമ്പനി വരുന്നതിനെപ്പറ്റി പറഞ്ഞു. വളരെ ടൈം സേവിംഗും കോസ്റ്റ് എഫക്ടീവുമായിട്ടുള്ള ഒരു മെറ്റീരിയലാണിത്. അത് ഫാക്ട് ഉൽപ്പാദിപ്പിക്കുന്നുണ്ട്. അത് പ്രെമോട്ട് ചെയ്യാൻ ഗവൺമെന്റിന്റെ അനുമതി ലഭിക്കുമോ? അങ്ങനെയാണെങ്കിൽ സ്കൂളു കളുടെയും അംഗനവാടികളുടെയും പണി വളരെ പെട്ടെന്ന് പൂർത്തീകരി ക്കാൻ സാധിക്കും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി; സർ, എഫ്.എ.സി.റ്റി.-യെപ്പറ്റി പരിശോ ധിക്കാം. ഫാക്ടിൽ എന്തോ ഒരു മെറ്റീരിയൽ കുന്നുകൂടി കിടക്കു ന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതാണവിടെ റാ-മെറ്റീരിയലായി ഉപ യോഗിക്കുന്നത്. അങ്ങനെയൊരു പ്രൊപ്പോസൽ ഉണ്ടെന്ന് എനിക്കറിയാം അത് പരിശോധിക്കാം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സംരഭങ്ങൾ തുടങ്ങാൻ സ്ഥലമി ല്ലെന്ന് ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

എന്റെ മണ്ഡലത്തിൽപ്പെട്ട വെളിയം പഞ്ചായത്തിൽ ഒരു ടെക്നോ ലോഡ്ജ് അനുവദിച്ചു. അതിനുവേണ്ട എല്ലാ കെട്ടിടങ്ങളുടേയും പണി പൂർത്തീയായിട്ട് മൂന്ന് വർഷമായി. ഇക്കാര്യം രണ്ടുപ്രാവശ്യം ഞാൻ മന്ത്രിയുടെ ശ്രദ്ധ യിൽപ്പെടുത്തിയതാണ്. പണിതീർത്ത ആ നല്ലകെട്ടിടം ഉപയോഗയോഗ്യമാ ക്കാൻ സംരംഭം തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ടെക്നോ ലോഡ്ജ് എന്നുപറ ഞ്ഞാൽ റൂറൽ ഐ.ടി. പാർക്കാണ്. റൂറൽ ഐ.ടി. പാർക്കുകൾക്ക് ഒരുപാട് സാദ്ധ്യതയില്ല. കാരണം ഐ.ടി. കമ്പനികളെല്ലാം നഗരങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. കുണ്ടറ, ചേർത്തല ഭാഗങ്ങളിൽ ഇപ്പോഴാണ് ഐ.ടി. കമ്പ നികൾ പച്ചപിടിച്ചുതുടങ്ങിയത്. ശ്രീ. എളമരം കരീം സംസാരിച്ചപ്പോൾ ഊരാ ളുങ്കലിലെ പ്രശ്നം പറഞ്ഞിരുന്നു. കോഴിക്കോട് ഒരുപാട് പ്രമോഷൻ നടത്തി യിട്ടാണ് ഐ.ടി. കമ്പനികൾ കൊണ്ടുവന്നത്. ഐ.ടി. കമ്പനികളുടെ ട്രെന്റ് എന്നുപറഞ്ഞാൽ വൻനഗരങ്ങളിലാണ് അവർ കേന്ദ്രീകരിക്കുന്നുത്. ബഹുമാ നപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയ കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കും എന്നുള്ളത് തീർച്ചയായും പരിശോധിക്കാം.

<u>ശ്രീ. ജി. സുധാകരൻ</u>: ആലപ്പുഴയിലെ ചേർത്തലയിലും പുറക്കാടും രണ്ട് ഐ.ടി. പാർക്കുകൾ അനുവദിച്ചിരുന്നു. ചേർത്തലയിലേത് പണി നടക്കു ന്നുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് പരിസ്ഥിതിപ്രശ്നം പറഞ്ഞ് പുറക്കാടു നിന്നും തോട്ടപ്പള്ളിയിലേയ്ക്ക് മാറ്റി നോട്ടിഫൈ ചെയ്തിട്ട് മൂന്നര വർഷ മായി. ഇതിന്റെ പണി ഉടൻ തുടങ്ങുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പരിസ്ഥിതി പ്രശ്നമുള്ള സ്ഥലത്തുനിന്ന് മാറ്റി തോട്ടപ്പള്ളിയിൽ തീർച്ചയായും പണി തുടങ്ങും.

ശ്രീ. അൻവർ സാദത്ത്: സർ, ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ ഇരുമ്പ് കമ്പനികൾ വരുന്നകാര്യം ഞാൻ സൂചിപ്പിച്ചിരുന്നു. ചില വ്യവസായ മേഖലയുടെ സംരക്ഷണത്തിലാണ് ഈ കമ്പനികൾ തുടങ്ങുന്നത്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇരുമ്പ് കമ്പനികളും സ്റ്റീൽ കമ്പനികളും ഒന്നും തുടങ്ങാൻ സമ്മതിക്കില്ല. കാരണം കറണ്ട് തീനി കമ്പനികളൊന്നും വേണ്ട. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു ഇരുമ്പ് കമ്പനിയുണ്ട്. അദ്ദേഹത്തിന്റെ പരാതിയുടെമേൽ അതിന്റെ റിപ്പോർട്ട് ചോദിച്ചിരിക്കുകയാണ്. ഇത് നെഗറ്റീവ് ലിസ്റ്റിൽപ്പെട്ട കമ്പനിയാണെങ്കിൽ ക്യാൻസൽ ചെയ്യും.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സഹകരണം ഖാദി വകുപ്പുകളുടെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പറഞ്ഞ ബഹുമാനപ്പെട്ട മെമ്പർമാരോട് നന്ദിപറയുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്തെ ഖാദിമേഖലയിൽ നല്ല പുരോഗതിയുണ്ട്. വളരെയധികം സാമ്പത്തിക സഹായം ഈ മേഖലയ്ക്ക് ഗവൺമെന്റ് തന്നിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് ഖാദിയുടെ റിബേറ്റ് കഴിഞ്ഞ മൂന്ന് വർഷമായി നിർത്തിയിരിക്കുകയാണ്. എന്നാൽ നമ്മുടെ ഗവൺമെന്റ് ഒരു വർഷത്തിലെ എല്ലാദിവസവും 10% റിബേറ്റും വിശേഷ ദിവസങ്ങളിൽ (108 ദിവസവും) റിബേറ്റ് അനുവദിക്കുന്നുണ്ട്. ഖാദി കമ്മീഷൻ നിർത്തിവച്ച റിബേറ്റിന് പകരമായ എം.ഡി.എ-യിൽ നിന്ന് 10% എടുത്ത് ഖാദിമേഖലയുടെ പുരോഗതിക്കായി വിനിയോഗിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഖാദിയുടെ വിൽപ്പന 55 കോടി രൂപയായിരുന്നത് ഇപ്പോൾ 110 കോടി രൂപയി

ലധികമായി നിൽക്കുകയാണ്. ഖാദി ധരിക്കാൻ പൊതുവേ താല്പര്യം കൂടിയിരിക്കുന്നു. ഗവൺമെന്റ് ഉദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ ഖാദി ധരിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. 2014-2015-ൽ ഏകദേശം 125 കോടി രൂപയുടെ ഖാദി വിൽപ്പന നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ധനകാര്യവകുപ്പുമന്ത്രിയുടേയും വ്യവസായ വകുപ്പുമന്ത്രിയുടേയും സഹായം കൊണ്ട് ഖാദിയുടെ റിബേറ്റ് സമയാസമയം അനുവദിക്കുന്നതിനാൽ ഖാദിമേഖലയുടെ പ്രശ്നങ്ങൾ കുറേയധികം പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് സംബന്ധിച്ചെടുത്ത തീരുമാനം അദ്ദേഹത്തിന് നടപ്പിലാക്കാൻ സാധിച്ചില്ല. പിന്നീട് വന്ന നമ്മുടെ ഗവൺമെന്റ് 2011-12-ൽ 14.68 കോടി രൂപയും 2012-13 -ൽ 20 കോടി രൂപയും 2013-14-ൽ 18 കോടി രൂപയും 2014-15 ൽ 22 കോടി രൂപയും വകയിരുത്തി. ഖാദിക്കായി എത്രരൂപ ചെലവഴിക്കുന്നതിനും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സന്മനസ് കാണിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. സി. കൃഷ്ണൻ പവ്വർ ഉപയോഗിച്ച് ഖാദിയുടെ ഉല്പാദനം വർദ്ധിപ്പിക്കാമെന്ന് പറഞ്ഞു. ഖാദിക്കൊരു പശ്ചാത്തലമുണ്ട്. അതിൽ നിന്നും വിട്ട് മുന്നോട്ടുപോകാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അത് ഖാദികമ്മീഷന്റെ നയമാണ്. മാത്രമല്ല നമ്മൾ ഉപയോഗിക്കുന്ന വസ്ത്രം ഖാദിയാണെങ്കിൽ അത് നൂറ് ശതമാനം കോട്ടനാണ്. മറ്റുള്ളവ 90% സിന്തറ്റിക്കും 10% കോട്ടനുമാണ്. വെള്ള വസ്ത്രം നല്ല രീതിയിൽ ലഭിക്കണമെങ്കിൽ ഖാദിയെ ആശ്രയിക്കണം. മുമ്പ് ഖാദി തൊഴിലാളികൾ പട്ടിണിയാണെന്ന് പറഞ്ഞിരുന്നു, എന്നാൽ ഇന്ന് മറ്റുള്ള പരമ്പരാഗത വ്യവസായികളെപ്പോലെ ഖാദിത്തൊഴിലാളികളുടെ

വേതനവും വർദ്ധിച്ചിരിക്കുകയാണ്. ഒരു സമ്മേളനത്തിനായി ശ്രീ. എളമരം കരീം അവണിശ്ശേരിയിൽ വന്നപ്പോൾ നൂൽപ്പുകാരും നെയ്ത്തുകാരുമായി സംസാരിച്ചു. അദ്ദേഹത്തിന് അവരുടെ പ്രശ്നങ്ങളെല്ലാം മനസിലായി. അതിനുശേഷം തൊഴിലാളികൾക്ക് കൂലികൊടുക്കുന്നതുമായി ബന്ധപ്പെട്ട, പല മാറ്റങ്ങളും ഖാദിമേഖലയിൽ ഉണ്ടായി. ഇന്ന് അവർക്ക് 25 ദിവസം പണി കൊടുക്കുകയാണ്. ബഹുമാനപ്പെട്ട കെ.സി. ജോസഫ് തൊഴിലുറപ്പ് പദ്ധതിയിൽ ഖാദിയെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞു. പക്ഷേ അത് കേൾക്കാൻ ആളുണ്ടായില്ല. അതുകൂടി ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും ഖാദിക്ക് വളരെയധികം മാന്യതയുണ്ടാകുമായിരുന്നു. ഈ സഭയിലിരിക്കുന്ന വളരെയധികം മെമ്പർമാരും ഖാദി ധരിക്കുന്നുണ്ട്. നിങ്ങളെല്ലാവരും ഖാദി ധരിക്കണം. പയ്യന്നൂർ മേഖലയിൽ, മലബാറിലെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചരിത്രം നിലനിർത്താനായി ഖാദിബോർഡിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി സഹായം ചെയ്തുകൊണ്ട് വരും തലമുറയിലെ ചെറുപ്പക്കാർക്കും ഈ തലമുറയിലെ ചെറുപ്പക്കാർക്കും, എന്താണ് സ്വാതന്ത്ര്യസമരം; എന്താണ് ഖാദി; അതിന്റെ പിന്നിലുള്ള ചരിത്രമെന്താണ് ഇവയൊക്കെ പഠിപ്പിക്കത്തക്ക രീതിയിൽ വലിയൊരു കേന്ദ്രം സ്ഥാപിക്കും. അതുപോലെ തൃശ്ശൂരിൽ പ്രചാമണ്ഡലത്തിന്റെ ഓർമ്മ നിലനിർത്താൻ ഇന്ത്യയിലെ വാർദ്ധാ എന്നറിയപ്പെടുന്ന അവിണിശ്ശേരി, **വി.ആറും.**, കുറൂർ നമ്പൂതിരിപ്പാടും, ഇക്കണ്ടവാര്യരുമൊക്കെ നേതൃത്വം കൊടുത്ത ഖാദിസ്ഥാപനം ഇന്ന് അത് കുറച്ചുകൂടി വിപുലീകരിച്ചിട്ടുണ്ട്. ഇത് ഇനിയും വിപുലീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിനായുള്ള സാമ്പത്തിക സഹായം ഏതെല്ലാം സോഴ്സിൽ നിന്ന് കിട്ടും അതെല്ലാം ഉപയോഗിച്ച് മുന്നോട്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്.

അതുപോലെ തിരുവനന്തപുരത്തുള്ള ഗാന്ധി സ്മാരകനിധിയുടെ പ്രവർത്തന ങ്ങൾ കുറച്ചുകൂടി വിപുലീകരിച്ച് മുന്നോട്ടുകൊണ്ടുപോകുന്ന കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി ആലോചിക്കുകയാണ്. ഇതെല്ലാം സ്വാതന്ത്ര്യസമര വുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കും ഭാവിയിൽ അറിയുന്നതിനുള്ള കേന്ദ്രമായി മാറണമെന്നാണ് പൊതുവെ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഖാദി വ്യവസായങ്ങളുടെ ഉന്നമനത്തിനായി 'എന്റെ ഗ്രാമം പദ്ധതി' നടപ്പാക്കും. ഖാദി വിപണനം ശക്തിപ്പെടുത്തുന്നതിനായി റിബേറ്റ് നൽകുന്നതിനായി 21.60 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ധനകാര്യമന്ത്രിയുടേയും വ്യവസായ വകുപ്പുമന്ത്രിയുടേയും സന്മനസ്സു കൊണ്ട് ലഭിച്ചിട്ടുണ്ട്. ഖാദിക്കായി ഇനി എന്തുവേണമെന്നാണ് അവർ ചോദി ച്ചത്. പ്രശസ്ത ഗാന്ധിയൻ ശ്രീ. ഗോപിനാഥൻ നായരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഖാദിമേഖലയിലെ നവീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് 29 കോടി രൂപ യോളം രണ്ട് ഫെയ്സായി തരാൻ തീരുമാനിക്കുകയുണ്ടായി. ഒരു ഫെയ്സ് ഇപ്പോൾ തന്നു, ഇത് ഉപയോഗിച്ചുകഴിഞ്ഞാൽ അടുത്ത ഫെയ്സ് തരുമെ ന്നാണ് പറഞ്ഞിരിക്കുന്നത്. ഈ രീതിയിൽ എല്ലാ സമയത്തും സഹാ യമുണ്ട്. ഇന്ത്യയിലെ ഒരു സ്റ്റേറ്റിലും ഖാദിക്ക് ഇന്ന് റിബേറ്റില്ല. എന്നാൽ കേരളത്തിൽ റിബേറ്റുണ്ട്. എല്ലാ പരമ്പരാഗത വ്യവസായങ്ങളും പിന്നോട്ടു പോകുമ്പോൾ കേരളത്തിലെ ഖാദിപ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവരുടേയും സഹായം അഭ്യർത്ഥിക്കുന്നു.

സഹകരണ വകുപ്പിനെക്കുറിച്ച് സംസാരിക്കാൻ എനിക്ക് ശ്രീ. വി. ശിവൻകുട്ടിയുടെ ശക്തിയില്ല. ആരോഗ്യപരമായ കാരണത്താൽ ഞാൻ മിത മായ ഭാഷയിലാണ് സംസാരിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി സഭയിൽ ഉന്നയിച്ച ആരോപണങ്ങൾ അതീവ ഗൗരവമുള്ളവ യാണ്. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു പരാതിയും ബഹുമാനപ്പെട്ട അംഗം നേരത്തെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. കൺസ്യൂമർഫെഡിന്റെ ദൈനംദിന പ്രവർത്തനത്തിൽ സർക്കാർ യാതൊരുതരത്തിലും ഇടപെടുന്നില്ല. കൺസ്യൂമർ ഫെഡിന്റെ നിയന്ത്രണം നിർവ്വഹിക്കുന്നതിന് ഭരണസമിതിയും സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിന് കൺസ്യൂമർ ഫെഡിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന സംവിധാനവും തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. കാരണം പരിചയമുള്ള ഉദ്യോഗസ്ഥരാണ് പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കേണ്ടത്. കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിന് നാളിതുവരെ ലഭിച്ചി ട്ടില്ല. ബഹുമാനപ്പെട്ട അംഗം ഇപ്പോൾ ഉന്നയിച്ച ആരോപണങ്ങളുടേയും ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ച രേഖകളുടേയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പരിശോധിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഞാൻ സഭയെ അറിയിക്കുന്നു. ......( ബഹളം)......പ്ലീസ്....പ്ലീസ്..... കൺസ്യൂമർ ഫെഡിന്റെ 11 അംഗ ഭരണസമിതി യിൽ സി.പി.ഐ. (എം)-ന്റെ നാല് അംഗങ്ങളിൽ രണ്ടംഗങ്ങൾ എക്സിക്യൂ ട്ടീവ് മെമ്പർമാരാണ്. അതുകൂടി ശ്രീ. വി. ശിവൻകുട്ടി അറിയണം എന്നു ഞാൻ അപേക്ഷിക്കുകയാണ്. അതോടൊപ്പം തന്നെ മുൻ സഹകരണവകുപ്പു മന്ത്രി, ഞാൻ ഏറ്റവും ബഹുമാനിക്കുന്ന ശ്രീ. ജി. സുധാകരൻ, ഞാൻ ചുമത

ലയേറ്റെടുക്കുമ്പോൾ കൺസ്യൂമർ ഫെഡിന്റെ എം.ഡി. യും കേപ്പ്-ന്റെ ഡയറക്ടറുമായ ഡോ. റിജി ജി. നായരോട് ഇവർ എങ്ങനെയുണ്ടെന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം വളരെ നല്ല അഭിപ്രായമാണ് പറഞ്ഞത്. തെറ്റിദ്ധാരണ വേണ്ട. എന്റെ അഭിപ്രായവും അതുതന്നെയാണ്. എന്റെ അഭിപ്രായം പിന്നീട് മാറിയിട്ടുണ്ടോ എന്നുള്ളത് പിന്നീട് വരും. ഓരോരുത്തരും ശരിയും തെറ്റും പ്രവർത്തിക്കുമ്പോഴും ആ പ്രവർത്തനത്തിന്റെ ഫലമെന്താണ് എന്ന് മൂടി വയ്ക്കേണ്ട ഒരു പ്രശ്നവും എനിക്കില്ല. പൊതുവിതരണ സമ്പ്രദായത്തിൽ കൺസ്യൂമർ ഫെഡ് വലിയ സേവനം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, അങ്ങ് ഒരു നല്ല പൊതുപ്രവർത്തകനും രാഷ്ട്രീയനേതാവുമാണ്. ഇത് പാവപ്പെട്ട ജനങ്ങളുടെ കാര്യമാണ്. അതുകൊണ്ട് അങ്ങ് ഇന്ന് മേശപ്പുറത്ത് വച്ച കടലാസ്സുകൾ ഒന്നുകൂടി ശ്രദ്ധിച്ചുകൊണ്ട് ശരിയോ തെറ്റോ എന്ന് കണ്ടുപിടിക്കാൻ നോക്കണം. അതിനോടൊപ്പം ഞാനും ഉണ്ടായിരിക്കും. ......(ബഹളം)......

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി.... അദ്ദേഹം പറഞ്ഞല്ലോ...പ്ലീസ്.....

{io. kn. F³. _me-Ir-jvW³: tUm. F³. Pb-cmPv sat¼gvkv dneo^v ^ണ്ടിനെക്കുറിച്ച് സംസാരിച്ചു. അംഗങ്ങളുടെ ആശ്വാസത്തിനായി 2013 സഹകരണ നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരമാണ് ഈ പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. ഇതനുസരിച്ച് ലാഭത്തിലുള്ള എല്ലാ സംഘങ്ങളും ഓരോ വർഷവും ലാഭത്തിന്റെ 10 ശതമാനം തുക ഫണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്. പരമാവധി തുക 1,00,000 രൂപയായി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 10 ശതമാനം എന്നുള്ളത് എത്രരൂപയാ

ണെങ്കിലും ഒരുലക്ഷം രൂപയാണ് മാക്സിമം തീരുമാനിച്ചിരിക്കുന്നത്. ലാഭന ഷ്ടഭേദമന്യേ എല്ലാ സംഘങ്ങളുടേയും അർഹരായ അംഗങ്ങളുടെ ആശ്വാസ ത്തിനാണ് ഈ ഫണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ ഈ ഫണ്ടിന്റെ കേന്ദ്രീകൃത സ്വഭാവം ഒഴിവാക്കാൻ കഴിയുന്നതല്ല. ശ്രീ. പി.സി. ജോർജ് സഹകരണമേഖലയെ ബാധിക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് സംസാരിച്ചതിൽ പ്രസക്തമായ കാര്യങ്ങൾ ആലോചിച്ച് നടപ്പിലാക്കും. സഹ കരണമേഖലയെ ബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിന് സംസ്ഥാനതലത്തിലും ദേശീയതലത്തിലുമുള്ള സഹകാരികൾ, പൊതുപ്ര വർത്തകർ, സഹകരണമേഖലയുമായി ബന്ധമുള്ള നിയമസഭാ സാമാജികർ, നിയമവിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ശിൽപ്പശാല സംഘടിപ്പിക്കുകയും അതിന്റെയടിസ്ഥാനത്തിൽ സഹകരണമേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്യുന്നതാണ്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതുപോലെ സംഘങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഘം നൽകുന്ന തിരിച്ചറിയൽ കാർഡിന് പുറമേ താഴെപ്പറയുന്ന ഏതെ ങ്കിലും രേഖകൂടി ഹാജരാക്കുന്നതിന് സഹകരണ ചട്ടങ്ങളിൽ ഭേദഗതി വരു ത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഐഡന്റിറ്റി കാർഡ്, യു.ഐ.ഡി./ആധാർകാർഡ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, തൊഴിൽദാതാവ് നൽകുന്ന ഐഡന്റിറ്റി കാർഡ്, പാൻകാർഡ്, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടിഫൈ ചെയ്യുന്ന ഐഡന്റിറ്റി കാർഡ് എന്നിവയാണവ. ആക്ടീവ് മെമ്പർമാരെക്കുറിച്ച് അദ്ദേഹം ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. 2013-ലെ

കേരള സഹകരണസംഘം ദേഭഗതി നിയമത്തിനനുസൃതമായി രൂപീകരിക്കുന്ന ചട്ടങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥയിൽ ആക്ടീവ് മെമ്പർമാർ ആരൊക്കെയാണെന്ന് നിർവ്വചിച്ചിട്ടുണ്ട്. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതുപോലെ സഹകരണസംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പിന് വാർഡ് നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരം വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് പഞ്ചായത്ത് വാർഡ് അല്ല അടിസ്ഥാനമായി നിശ്ചയിച്ചിട്ടുള്ളത്. അതാതു സംഘങ്ങളിലെ പൊതുയോഗം തീരുമാനിക്കുന്നത് പ്രകാരം പ്രവർത്തന പരിധിയിലെ പ്രദേശങ്ങളെ വാർഡുകളായി സംഘങ്ങൾക്ക് തന്നെ നിശ്ചയിക്കാവുന്നതാണ്. സഹകരണ സംഘങ്ങളിലെ ആഡിറ്റ് കാലാനുസൃതമാക്കിയിട്ടുണ്ട്. അപ്രകാരം ആഡിറ്റ് സുഗമമാക്കുന്നതിനായി അതാത് സംഘങ്ങളിലെ ഭരണസമിതികൾ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ കാറ്റഗറിയിലുമുള്ള ആഡിറ്റർമാരെ നിയമിക്കുന്നത്. തസ്തികകൾ ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ യാതൊരു നിർബന്ധവും ചെലുത്തുന്നില്ല.

ഞാൻ സഹകരണ വകുപ്പുമന്ത്രിയായിട്ട് മൂന്ന് കൊല്ലം കഴിയാൻ പോകുകയാണ്. ഈ മേഖലയിലേയും സഹകരണ സംഘങ്ങളുടെയും പ്രശ്നങ്ങൾ വളരെ മാന്യമായിട്ടാണ് ഞാനും എന്റെ വകുപ്പും കൈകാര്യം ചെയ്തിട്ടുള്ളത്. പിന്നെ ഒരു നേന്ത്രപ്പഴം മുറിക്കുമ്പോൾ കടമുറി ചിലപ്പോൾ ഭരിക്കുന്നവരാകും എടുക്കുക. ബാക്കിയുള്ളതെങ്കിലും മറ്റുള്ളവർക്ക് തരുന്നില്ലേ; സഹകരണ മേഖലയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗണ്യമായ പുരോഗതി കൈവരിച്ചതായി കാണാവുന്ന

താണ്. മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ 68,409.15 കോടി രൂപയുടെ നിക്ഷേപമാണുണ്ടായിരുന്നത്. 30-06-2014-ൽ 126 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വമുറപ്പുവരുത്തുന്നതിനായി കേരള സഹകരണ നിക്ഷേപ കാരുണ്യ പദ്ധതി നിലവിൽ വരുത്തുകയും അതിന്റെ ഭരണച്ചുമതലയ്ക്കായി പ്രത്യേക ബോഡി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ കുടിശ്ശിക കുറയ്ക്കുന്നതിനായി ആശ്വാസ് എന്ന പദ്ധതി 2011, 2012, 2013, 2014 വർഷങ്ങളിൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 6052.19 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാനും വായ്പക്കാർക്ക് 235.14 കോടി രൂപയുടെ ആനുകൂല്യം നൽകുവാനും കഴിഞ്ഞു. സംസ്ഥാന സഹകരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുമായി രണ്ട് ദിവസത്തെ ശിൽപശാലയിൽ ചർച്ച ചെയ്ത് സാമ്പത്തിക രംഗത്ത് താഴെത്തട്ടിലുള്ള പാവങ്ങളെ സഹായിക്കാൻ എങ്ങനെ കഴിയുമെ എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് ലൈസൻസ് ഇല്ലായിരുന്നു. എന്നാൽ ബാങ്കുകളുമായി സർക്കാർ നടത്തിയ ശ്രമഫലമായി ലൈസൻസ് ലഭിക്കുകയും നിലവിൽ എല്ലാ സഹകരണ ബാങ്കുകൾക്കും ലൈസൻസുള്ള സംസ്ഥാനമായിത്തീരുകയും ചെയ്തു. മാത്രമല്ല 107-ാം ഭരണഘടനാ ഭേദഗതിക്കനുസൃതമായി കേരള സഹകരണ നിയമം ഭേദഗതി ചെയ്തത് കേരള സഹകരണ കോൺഗ്രസ്സും സംസ്ഥാന സഹകരണ സംഘങ്ങൾക്കും ഉണർവ്വ് പകർന്നിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ആഡിറ്റ് കാലാനുസൃതമാക്കുകയും സഹകാരികളുമായി സംസാരിക്കുന്നതിനായി 14 ജില്ലകളിലും ഞാൻ തന്നെ നേരിട്ടുപോയി മുഖാമുഖം പരിപാടി നടപ്പിലാക്കിക്കഴിഞ്ഞു. സഹകരണ സംഘ

ങ്ങളെ ഊർജ്ജസ്വലമാക്കുന്നതിനും എന്റെ സംഘം എന്ന ക്യാംപെയ്ൻ നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഉണർവ്വ് –2012 എന്ന പദ്ധതി നടപ്പിലാക്കിയത് സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നിട്ടുണ്ട്. നെൽക്കൃഷിക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നതും മറ്റ് നിശ്ചിതകാല കാർഷിക വായ്പകൾ പലിശ രഹിതമാക്കുന്നതിനും കാർഷിക മേഖലയ്ക്ക് പുത്തനുണർവ്വ് നൽകുന്നതിനായി 60 ബ്ലോക്കുകളിൽ കർഷക സേവന കേന്ദ്രങ്ങളാരംഭിച്ചതും കാർഷിക മേഖലയിൽ സഹകരണ മേഖലയുടെ പ്രസക്തി വർദ്ധിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും ഒരു കുടക്കീഴിൽ വരുന്നതിനായി ഏകദേശം 100 കോടി രൂപയോളം ചെലവഴിച്ച് 14 നിലകളുള്ള അതി മനോഹരമായ ആസ്ഥാന മന്ദിരം 2015 ഒക്ടോബർ മാസത്തിൽ ഉദ്ഘാടനം ചെയ്യത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. കൊള്ളപ്പലിശക്കാരിൽ നിന്ന് വായ്പയെടുത്ത് പ്രയാസപ്പെടുന്നവരുടെ വായ്പ ഏറ്റെടുത്ത് ഋണബാധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിന് ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന ഓപ്പറേഷൻ കുബേര പദ്ധതിയുമായി സഹകരിച്ച് പ്രത്യേക പദ്ധതി നടപ്പിലാക്കും. കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിലുള്ള സ്വയം സഹായ സംഘങ്ങൾ ശക്തിപ്പെടുത്തും. സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ 300 കോടി രൂപ മുടക്കി കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ ചൂലൂരിൽ 17 ഏക്കർ സ്ഥലത്ത് അത്യാധുനിക സൗകര്യങ്ങളോടെ ഒരു ക്യാൻസർ കെയർ സെന്റർ സ്ഥാപിക്കും. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കും. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ

സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടമാരംഭിക്കുന്ന തിന് നടപടി സ്വീകരിക്കും. 100 പട്ടികജാതി–പട്ടികവർഗ്ഗ സഹകരണ സംഘ ങ്ങളെ സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലുമുൾപ്പെടുത്തി പുനരുദ്ധരിക്കും. ഇടുക്കി ജില്ലയിലും, തൃശൂർ ജില്ലയിലും പച്ചക്കറി സംഭ രിച്ച് സൂക്ഷിക്കുന്നതിനും കർഷകന് ന്യായവില ഉറപ്പാക്കുന്നതിനും സഹക രണ മേഖലയിൽ ഒരു ഗോഡൗൺ/കാലാവസ്ഥാ നിയന്ത്രണ സ്റ്റോറേജ് കേന്ദ്രമാരംഭിക്കും. സഹകരണ മേഖലയിൽ ഒൻപത് മണ്ണ് പരിശോധനാ ലാബുകളും മൂന്ന് ടിഷ്യൂകൾച്ചർ ലാബുകളും ഈ വർഷമാരംഭിക്കും. തൃശൂർ കേച്ചേരിയിൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തി ക്കുന്ന ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ നിലവിലുള്ള ഡി.ഫാം കോഴ്സിനു പുറമെ ബി.ഫാം കോഴ്സ് കൂടിയാരംഭിക്കും. മാലിന്യ സംസ്കര ണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന തിന് പലിശരഹിത വായ്പ നൽകും. പ്രതിവർഷം 500 ബയോഗ്യാസ് പ്ലാന്റു കൾ സ്ഥാപിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിന് നടപടി സ്വീകരി ക്കും. സൗരോർജ്ജസംവിധാനം സ്ഥാപിക്കുന്നതിന് സഹകരണ സംഘ ങ്ങൾ/ബാങ്കുകൾ മുഖേന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കും. സഹകരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. അർബൻ ബാങ്കുക ളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി കേരള കോ–ഓപ്പറേറ്റീവ് അർബൻ ബാങ്ക്സ് ഫെഡറേഷൻ എന്ന അപ്പെക്സ് സ്ഥാപനം രൂപീകരിക്കു ന്നതിന് നടപടി സ്വീകരിക്കും. മഴവെള്ള സംഭരണ പദ്ധതി സഹകരണ മേഖ ലയിൽ വ്യാപകമായി നടപ്പിലാക്കും. പുതുതായി സഹകരണ സംഘങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി സ്ഥാപിക്കുന്നുണ്ടെന്ന് ഉറ

പ്പുവരുത്തും. നിലവിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതിസ്റ്റോറുകൾ (നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ), നന്മ സ്റ്റോറുകൾ, നീതി ഗ്യാസ് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് വിദഗ്ധ പഠനം നടത്തി ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പംതന്നെ കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി ധനകാര്യവകുപ്പിൽ നിന്നും അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് അഡ്വൈസറായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിന് അതാത് പ്രദേശത്തെ സർവ്വീസ് സഹകരണ ബാങ്കളുടെ സഹകരണത്തോടുകൂടി പ്രത്യേക നിക്ഷേപ പദ്ധതി നടപ്പിലാക്കും. സഹകരണ സ്ഥാപനങ്ങൾ മുഖേന സംഘം പരിസരത്തും പൊതുസ്ഥലങ്ങളിലുമായി അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മേഖലയിലെ ജീവനക്കാർക്കും സഹകാരികൾക്കും പരിശീലനം നൽകുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. സേവന മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അംഗീകാരമായി അവാർഡ് നൽകും. കോ–ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) ആഭിമുഖ്യത്തിൽ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കും. കൂടാതെ വടക്കാഞ്ചേരി എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കും. ഇതിനുപുറമെ ആറന്മുള എഞ്ചിനീയറിംഗ് കോളേജിൽ ഈ അദ്ധ്യയന വർഷത്തിൽ ക്ലാസ്സുകളാരംഭി

ക്കും. കേപ്പിന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ ബിരുദാനന്തര ബിരുദ പഠനസൗകര്യമില്ലാത്ത കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കും. കേരള സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് സംഘങ്ങൾ അടയ്ക്കേണ്ട വിഹിതം പരമാവധി ഒരു ലക്ഷമായി നിജപ്പെടുത്തും. ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരവികസന വകുപ്പുമന്ത്രിയുമായി സഹകരിച്ച് പുൽക്കൃഷി ഊർജ്ജിതമാക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ആരുംതന്നെ കാര്യമായ വിമർശനങ്ങളൊന്നും വച്ചിട്ടില്ല. എല്ലാവരും നല്ല നിർദ്ദേശങ്ങൾ മാത്രമേ വച്ചിട്ടുള്ളു. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ശ്രീ. എളമരം കരീം എന്നീ മൂന്നുപേരാണ് കയർ വ്യവസായത്തെക്കുറിച്ച് പറഞ്ഞത്. അവർ നല്ല നിർദ്ദേശങ്ങൾ മാത്രമാണ് വച്ചത്. ഈ മേഖലയ്ക്ക് യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കയർപിരി മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം പ്രയാസങ്ങൾ അനുഭവിക്കുന്ന, ദുരിതമനുഭവിക്കുന്ന തൊഴിലാളികളാണ് അവർ. അവരുടെ കൂലി നേരത്തെ ഉണ്ടായിരുന്നത് 150 രൂപയായിരുന്നുവെങ്കിൽ അത് 210 ആയും പിന്നീട് 2012-ൽ 260 രൂപയായും 2014-ൽ 300 രൂപയായും കൂലി നിശ്ചയിച്ച് കൊടു

ക്കുകയുണ്ടായി. അതുപോലെ ഉൽപ്പാദന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 200 രൂപയിൽ നിന്നും 360 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. 66,000 കയർ തൊഴിലാളികളുടെ പെൻഷൻ തുക 300 രൂപ ആയിരുന്നത് 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ മേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിനും സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി കൊണ്ടു പോകുന്നതിനുംവേണ്ടി 446 സംഘങ്ങൾക്ക് 20,50,00,000 രൂപ പ്രവർത്തന മൂലധന ഗ്രാന്റും 270 സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 14,56,00,000 രൂപയും അതുപോലെ കയർ ഫെഡിന്റെ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമത വരുത്തുന്നതിനുവേണ്ടി 29,58,00,000 രൂപയും കയർ കോർപ്പറേഷന് പി.പി.എസ്. സ്കീമും മറ്റും നടപ്പാക്കുന്നതിന് 47,95,00,000 രൂപ, ഫോംമാറ്റിംഗ്സിന് 11.41 കോടി രൂപയും എൻ.സി.ആർ. എം.ഐ-യുടെ പ്രവർത്തനത്തിന് 7.90 കോടി രൂപയും പെൻഷൻ ആനുകൂല്യം ഉൾപ്പെടെ നൽകുന്നതിന് കയർ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിന് 94.06 കോടി രൂപയും ഈ സർക്കാർ അനുവദിച്ചു കൊടുത്തിട്ടുണ്ട്. കയർ ഫെഡ് ഏറ്റവും പ്രധാനമായി ഇന്നഭിമുഖീകരിക്കുന്ന വിഷയം കയർ പിരിമേഖലയിൽ ഫൈബർ ലഭ്യമാകുന്ന, ചകിരിനാര് കിട്ടുന്നത് വലിയൊരു പ്രശ്നമാണ്. തമിഴ്നാട്ടിൽ നിന്നാണ് ഏറ്റവും കൂടുതൽ ചകിരിനാര് ഇവിടെ വരുന്നത്. ഈ വർഷം 4,86,00,000 രൂപ ചെലവഴിച്ചുകൊണ്ട് 43,710 ക്വിന്റൽ ചകിരി വാങ്ങി വിവിധ സംഘങ്ങൾക്കായി നൽകുകയുണ്ടായി. ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്നുള്ളത് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട

ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. കണക്കുകൾ പരിശോധിച്ചാൽ ഇന്ന് കയറ്റുമതിയുടെ കാര്യത്തിൽ 2010–11–ൽ 807 കോടി രൂപയായിരുന്നത് 2013–14 സാമ്പത്തിക വർഷം 1476 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ– കയർ കോർപ്പറേഷൻ, കയർ ഫെഡ്, ഫോംമാറ്റിംഗ്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ വർദ്ധനവ് പരിശോധിക്കുമ്പോൾ വളരെ പ്രകടമായി അതിന്റെ വർദ്ധനവ് കാണാൻ കഴിയുന്നതാണ്. 2008–09–ൽ ഈ മൂന്ന് സ്ഥാപനങ്ങൾ കൂടി 6,31,000 രൂപയുടെ കയറ്റുമതി ഉണ്ടായിരുന്നത് 2009–10 സാമ്പത്തിക വർഷത്തിൽ 9,92,000 ആയിരുന്നു. 2010–11 വന്നപ്പോൾ 61,78,000 ആയി. 2011–12–ൽ അത് 55,88,000 ആയി. 2012–13 സാമ്പത്തിക വർഷം വന്നപ്പോൾ 3,25,81,000 രൂപയുടെ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. 2013–14 സാമ്പത്തിക വർഷത്തിൽ 3,45,91,000 രൂപയുടെ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷത്തെ കയറ്റുമതിയുടെ കണക്കു നോക്കിയാൽ, കയർ കോർപ്പറേഷൻ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ മാത്രം 1,45,00,000 രൂപയുടെ കയറ്റുമതി നടത്തിയിട്ടുണ്ട്. അതുപോലെ കയർഫെഡിന് 6,62,000 രൂപയുടെയും, ഫോംമാറ്റിംഗ്സിന് 5,03,850 രൂപയുടെയും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർദ്ധനവ് ഉണ്ടായിയെന്നു പറയുമ്പോൾ ഈ രംഗത്ത് കുറെയധികം മാറ്റങ്ങളുണ്ടായിയെന്നുള്ളതിന്റെ പ്രകടമായ തെളിവുകളാണ്. അതുകൊണ്ടാണ് അതെടുത്തു പറയാനാഗ്രഹിക്കുന്നത്. അതുപോലെ തൊഴിലാളികൾക്ക് കൂലി ലഭ്യമാകുന്നതിന്റെ ഭാഗമെ

ന്നുള്ള നിലയ്ക്ക് ഇൻകം സപ്പോർട്ട് സ്കീം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കി. ഈ സ്കീം നടപ്പാക്കിയതിന്റെയടിസ്ഥാനത്തിൽ 27,000-ൽ പരം തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. അവർക്ക് നൽകിക്കൊണ്ടിരിക്കുന്നത് നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് അയച്ചുകൊടുത്തു കൊണ്ടിരിക്കുന്നത്. 2012–13 സാമ്പത്തിക വർഷം 14,65,58,000 രൂപ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. 2013–14 സാമ്പത്തിക വർഷത്തിൽ 13,67,31,000 രൂപ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെ ഇന്ന് ഈ രംഗത്ത് കൂടുതൽ കയറ്റുമതിയും അതുപോലെത്തന്നെ ആ രംഗത്ത് കൂടുതൽ മുന്നേറ്റം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2011-ൽ ബഹുമാന്യനായ ശ്രീ. ജി. സുധാകരൻ അന്ന് കയർ വകുപ്പിന്റെ ചുമതല വഹിക്കുന്ന കാലഘട്ടത്തിലാണ് 'കയർകേരള' നടപ്പാക്കിയത്. അതിനുശേഷം 2012-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും കഴിഞ്ഞ മൂന്നു വർഷക്കാലമായി അത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിൽ നിന്നുതന്നെ 2012-ൽ 1 കോടി രൂപ 'കയർ കേരള' നടത്തുന്നതിനുവേണ്ടി അനുവദിച്ചു തന്നു. 2013-ൽ ഒന്നരക്കോടി രൂപ അനുവദിച്ചു. 2014-ൽ ഒന്നേമുക്കാൽ കോടി രൂപ അനുവദിച്ചു. വരുന്ന സാമ്പത്തിക വർഷത്തേയ്ക്ക് പോലും ഒന്നേമുക്കാൽ കോടി രൂപ അനുവദിച്ചു തന്നിരിക്കുകയാണ്. ഇത്തരത്തിലുള്ള ചില പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുന്നതിന്റെ ഭാഗമായി ഈ രംഗത്ത് കാര്യക്ഷമതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് കയർ മേഖല

അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിഷയം ചകിരിയുടെ ഉൽപ്പാദനരംഗത്തെ പ്രശ്നങ്ങളാണ്. ഏതാണ്ട് 600 കോടി തേങ്ങ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്കുകളെങ്കിലും തൊണ്ട് സംഭരണകാര്യത്തിൽ കാര്യക്ഷമതയോടുകൂടിയുള്ള പ്രവർത്തനം നടത്താൻ നമ്മൾക്കിപ്പോഴും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ വർഷം തൊണ്ട് സംഭരണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി ഞാൻ തന്നെപല സംഘങ്ങളുടെയും ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുള്ള ആളുകളുടെയും യോഗങ്ങൾ വിളിച്ചു ചേർത്ത് അവരുമായി ചർച്ച നടത്തി കൂടുതൽ തൊണ്ട് സംഭരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ്. അതുമാത്രമല്ല നാളികേര വികസന ബോർഡുമായി ഇതിനോടകം ഞാൻ തന്നെ നേരിട്ട് ചില ചർച്ചകൾ നടത്തി. നാളികേര വികസന ബോർഡ് അവരുടെ കർഷക കൂട്ടായ്മയിലൂടെ അവർ സംഭരിക്കുന്ന തേങ്ങയുടെ തൊണ്ട് എടുത്തുകൊണ്ട് അതിലെ ചകിരിനാര് ഉൽപ്പാദിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തുകയുണ്ടായി. അതിനാവശ്യമായ ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മിനി ഡീ-ഫൈബറിംഗ് മിൽ അവർക്ക് സബ്സിഡി റേറ്റിൽ കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിന്റെ ചർച്ചകൾ നടത്തി. എം.ഒ.യു. ഒപ്പുവയ്ക്കുന്നതാണ്. ചകിരിയുടെ ലഭ്യത കൂടുതൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഉന്നയിച്ചത് ചകിരിയുടെ സബ്സിഡി വീണ്ടും പുനസ്ഥാപിക്കണമെന്നുള്ള വിഷയമാണ്. സാധാരണഗതിയിൽ കൂടുതൽ നാൾ അത് മുമ്പോട്ടു കൊണ്ടുപോകാറില്ല. കഴിഞ്ഞ നവംബർ മാസം മുതൽ ഈ മെയ് മാസം വരെയും ചകിരിയ്ക്ക് സബ്സിഡി

കൊടുത്തുകൊണ്ടാണ് 43,000-ത്തിൽ അധികം ക്വിന്റൽ ചകിരി എടുത്തു കൊടുത്തത്. കൂടുതലായിട്ട് ആവശ്യം വന്നാൽ അക്കാര്യങ്ങളെ കുറിച്ച് തീർച്ചയായിട്ടും ആലോചിക്കുന്നതാണെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്ത പുതിയ മിനി ഡി-ഫൈബറിംഗ് മില്ലുകളുണ്ട്. 125 മെഷീനുകൾ പുതിയതായി നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. അത് സഹകരണ സംഘങ്ങൾക്ക് കൊടുക്കുന്നതിനുവേണ്ടിയാണ്. അത് കൂടാതെ.....(ബഹളം)........

<u>മി. സ്പീക്കർ</u>: അത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചു തീർന്നിട്ടില്ല. അദ്ദേഹം മിനിസ്റ്ററാണ്, അദ്ദേഹത്തിന് മറുപടി പറയുവാനുണ്ടാകും.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ വേഗം നിർത്താം. നിങ്ങൾ അസ്വസ്ഥത പ്രകടിപ്പിക്കേണ്ടതില്ല. കയർതൊഴിലാളികളുമായി നേരിട്ട് ചർച്ച ചെയ്തതിന്റെയടിസ്ഥാനത്തിൽ അവരുടെ ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി അവർക്ക് ഇലക്ട്രോണിക് റാട്ടുകൾ ആവശ്യമാണെന്ന് എന്നോട് നേരിട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എൻ.സി.ആർ.എം.ഐ. തന്നെ വികസിപ്പിച്ചെടുത്ത 5700 ഇല്ക്രോണിക് റാട്ടുകൾ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. അതുപോലെ കയർ വികസന ഡയറക്ടറേറ്റിന് പുതിയ കെട്ടിടം 6 മാസത്തിനം പൂർത്തീകരിച്ച് അതിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റുന്നതാണ്. ഇക്കാര്യങ്ങൾ മാത്രമാണ് എനിക്ക് പറയുവാനുള്ളത്. കയർ ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിലാണ്

വ്യവസായങ്ങൾ എന്ന ഹെഡിൽ ഉൾപ്പെട്ട് ബഡ്ജറ്റിൽ വന്നിട്ടുള്ളത്. ഇതും കൂടി അതിൽ ഉൾപ്പെടുത്തി പാസ്സാക്കിത്തരണമെന്ന് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: വോട്ടിംഗ് തുടങ്ങുന്നതിന് മുൻപ് ഒരു കാര്യം പറയാനുണ്ട്. റൂൾ 58 അനുസരിച്ച് കേരളത്തിന്റെ കാർഷിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയിട്ടുണ്ട്. നമ്മെളെല്ലാപേരും കൂടി ഇവിടെ ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച ഒരു അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് വിലവർദ്ധനവിനെക്കുറിച്ച് കാര്യമായി ചർച്ച നടത്തി. പക്ഷേ കേരളത്തിലെ നാട്ടുകാരുടെ ഇടയിലും മാധ്യമങ്ങളിലുമായി 30 പേർ മാത്രം പങ്കെടുത്ത ചർച്ചയെക്കുറിച്ച് വാർത്ത വന്നിരുന്നു. അത് നിയമസഭയ്ക്കും സാമാജികന്മാർക്കും വളരെ മോശമാണെന്നു മാത്രം പറയുന്നു. കാർഷികവിഷയം ചർച്ചചെയ്യപ്പെടുന്ന ഈയവസരത്തിൽ ഞാനത് ഓർമ്മിപ്പിച്ചുവെന്നു മാത്രമേയുള്ളൂ.

വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ റംസാൻ കാലത്ത് അഞ്ചര–ആറു മണിവരെ ഇരിക്കാൻ കഴിയില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞ നോമ്പുകാരുടെ കാര്യം എനിക്കു മനസ്സിലാകും, നോമ്പുകാരുടെ കാര്യം ദിവസവും പറയുന്നതും ഞാനാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ നടക്കാൻ പോകുന്ന ചർച്ചയിൽ തീർച്ചയായും കുറേ ആബ്സൻസ് ഉണ്ടാകും,

മി. സ്പീക്കർ: നോമ്പ് എടുക്കുന്ന ആളുകളുടെ കാര്യം എനിക്കു മനസ്സിലാകും, അവരെ മൈനസ്സ് ചെയ്തിട്ടാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നോമ്പ് സമയത്ത് ഒരു മണിക്കൂർ ചർച്ച വയ്ക്കുന്നത് അഞ്ചരമണിയാകും ആറുമണിയാകും എന്നു കരുതിയിട്ടല്ല. ഒന്നര മണിക്ക് തീരേണ്ട ചർച്ച അഞ്ചരമണിയായപ്പോഴാണ് തീരുന്നത്. ഇത്തരത്തിൽ നമ്മളിത് തീരുമാനിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. അംഗങ്ങൾക്ക് പങ്കെടുക്കുവാനവസരം കൊടുത്തുകൊണ്ട് 130- ഉം, 58- ഉം അനുസരിച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. ഏതായാലും തീരുമാനിച്ച സ്ഥിതിക്ക് ചർച്ച നടത്താം.

മി.സ്പീക്കർ: ഇപ്പോൾ വാദി പ്രതിയായോ? നിങ്ങൾ സഹകരിക്കാത്തതുകൊണ്ടാണ് ചർച്ച നീണ്ടു നീണ്ടു പോകുന്നത്. കാര്യങ്ങൾ പറയുന്നത് ആർക്കും ഇഷ്ടപ്പെടുകയില്ല, 7 മിനിറ്റ് കൊടുത്തയാൾ 16 മിനിട്ട് സംസാരിച്ചു. 10 മിനിട്ടിന് 14 മിനിട്ട്, 13 മിനിട്ടിന് 21 മിനിട്ട്, 6 മിനിട്ടിന് 20 മിനിട്ട്, 7 മിനിട്ടിന് 18 മിനിട്ട്, 5 മിനിട്ടിന് 15 മിനിട്ട്, ഇതൊന്നും ചെയർ അനുവദിച്ചിട്ടില്ല, നിങ്ങളിരിക്കാത്തതുകൊണ്ടാണ്. രണ്ടു പ്രാവശ്യം ആവർത്തിച്ചു പറയുമ്പോഴും, ഞാൻ മൈക്ക് ഓഫ് ചെയ്യുമെന്ന് പറയുമ്പോഴും സഭയുടെ ഭാവം ഞാൻ കണ്ടിട്ടുണ്ട്. അതൊന്നും ശരിയല്ല. തിരുത്താനൊക്കെ എനിക്കറിയാം. ഇവിടെ പ്രധാനപ്പെട്ട ആളുകൾക്കോ, മറ്റ് ആളുകൾക്കോ, മുഖ്യമന്ത്രിക്കോ, പ്രതിപക്ഷ നേതാവിനോ ചിലപ്പോൾ പോകേണ്ടതായി വരാം. അതനുസരിച്ച് എം.എൽ.എ മാർ അതുപോലെ പ്രവർത്തിക്കരുത്.

<u>മി. സ്പീക്കർ</u> : ശ്രീ. രാജു എബ്രഹാം, ശ്രീ. പി. ശ്രീരാമകൃഷ്ണൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XXVII –ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥ നയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
16. ശ്രീ. വി. റ്റി. ബൽറാം
17. ശ്രീ. പി. കെ. ബഷീർ
18. ശ്രീ. ബെന്നി ബെഹനാൻ
19. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
20. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീ. കെ. ബി. ഗണേഷ് കുമാർ
22. ശ്രീ. എ. റ്റി. ജോർജ്
23. ശ്രീ. പി. സി. ജോർജ്
24. ശ്രീ. ഹൈബി ഈഡൻ
25. കുമാരി പി. കെ. ജയലക്ഷ്മി
26. ഡോ. എൻ. ജയരാജ്
27. ശ്രീ. കെ. സി. ജോസഫ്
28. ശ്രീ. പി. ജെ. ജോസഫ്
29. ശ്രീ. ജോസഫ് വാഴക്കൻ
30. ശ്രീ. വർക്കല കഹാർ
31. ശ്രീ. കെ. എൻ. എ. ഖാദർ
32. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. റ്റി. യു. കുരുവിള

35. ശ്രീ. ലൂഡി ലൂയിസ്
36. ശ്രീ. പി. എ. മാധവൻ
37. ശ്രീ. സി. മമ്മൂട്ടി
38. ശ്രീ. കെ. എം. മാണി
39. ശ്രീ. കെ. പി. മോഹനൻ
40. ശ്രീ. സി. മോയിൻകുട്ടി
41. ശ്രീ. മോൻസ് ജോസഫ്
42. ശ്രീ. സി. പി. മുഹമ്മദ്
43. ശ്രീ. ആര്യാടൻ മുഹമ്മദ്
44. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
45. ഡോ. എം. കെ. മുനീർ
46. ശ്രീ. കെ. മുരളീധരൻ
47. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
48. ശ്രീ. ഉമ്മൻ ചാണ്ടി
49. ശ്രീ. അടൂർ പ്രകാശ്
50. ശ്രീ. റ്റി. എൻ. പ്രതാപൻ
51. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
52. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
53. ശ്രീ. രമേശ് ചെന്നിത്തല
54. ശ്രീ. പാലോട് രവി
55. ശ്രീ. റോഷി അഗസ്റ്റിൻ
56. ശ്രീ. വി. പി. സജീന്ദ്രൻ
57. ശ്രീ. എൻ. ശക്തൻ
58. ശ്രീ. വി. ഡി സതീശൻ
59. ശ്രീ. ഷാഫി പറമ്പിൽ
60. ശ്രീ. കെ. എം. ഷാജി
61. ശ്രീ. എൻ. ഷംസുദ്ദീൻ
62. ശ്രീ. ആർ. സെൽവരാജ്
63. ശ്രീ. ഷിബു ബേബി ജോൺ
64. ശ്രീ. കെ. ശിവദാസൻ നായർ

65. ശ്രീ. വി. എസ്. ശിവകുമാർ
66. ശ്രീ. സണ്ണി ജോസഫ്
67. ശ്രീ. സി. എഫ്. തോമസ്
68. ശ്രീ. തോമസ് ഉണ്ണിയാടൻ
69. ശ്രീ. പി. ഉബൈദുള്ള
70. ശ്രീ. എം. ഉമ്മർ
71. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
72. ശ്രീ. എം. എ. വാഹീദ്
73. ശ്രീ. എം. പി. വിൻസെന്റ്
74. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ

19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. എളമരം കരീം
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. സി. കെ. നാണു
34. ശ്രീ. കെ. കെ. നാരായണൻ
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ

49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. പി. തിലോത്തമൻ
58. ഡോ. ടി. എം. തോമസ് ഐസക്
59. ശ്രീ. ഇ. കെ. വിജയൻ
60. ശ്രീ. കെ. വി. വിജയദാസ്

| | | | |
|---|---|---|---|
| മി. സ്പീക്കർ : | അനുകൂലിക്കുന്നവർ | : | 74 |
| | പ്രതികൂലിക്കുന്നവർ | : | 60 |
| | നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. സി. ദിവാകരൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVII -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥ

നയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
16. ശ്രീ. വി. റ്റി. ബൽറാം
17. ശ്രീ. പി. കെ. ബഷീർ

18. ശ്രീ. ബെന്നി ബെഹനാൻ
19. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
20. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീ. കെ. ബി. ഗണേഷ് കുമാർ
22. ശ്രീ. എ. റ്റി. ജോർജ്
23. ശ്രീ. പി. സി. ജോർജ്
24. ശ്രീ. ഹൈബി ഈഡൻ
25. കുമാരി പി. കെ. ജയലക്ഷ്മി
26. ഡോ. എൻ. ജയരാജ്
27. ശ്രീ. കെ. സി. ജോസഫ്
28. ശ്രീ. പി. ജെ. ജോസഫ്
29. ശ്രീ. ജോസഫ് വാഴക്കൻ
30. ശ്രീ. വർക്കല കഹാർ
31. ശ്രീ. കെ. എൻ. എ. ഖാദർ
32. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. റ്റി. യു. കുരുവിള
35. ശ്രീ. ലൂഡി ലൂയിസ്
36. ശ്രീ. പി. എ. മാധവൻ
37. ശ്രീ. സി. മമ്മൂട്ടി
38. ശ്രീ. കെ. എം. മാണി
39. ശ്രീ. കെ. പി. മോഹനൻ
40. ശ്രീ. സി. മോയിൻകുട്ടി
41. ശ്രീ. മോൻസ് ജോസഫ്
42. ശ്രീ. സി. പി. മുഹമ്മദ്
43. ശ്രീ. ആര്യാടൻ മുഹമ്മദ്
44. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
45. ഡോ. എം. കെ. മുനീർ
46. ശ്രീ. കെ. മുരളീധരൻ

47. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
48. ശ്രീ. ഉമ്മൻ ചാണ്ടി
49. ശ്രീ. അടൂർ പ്രകാശ്
50. ശ്രീ. റ്റി. എൻ. പ്രതാപൻ
51. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
52. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
53. ശ്രീ. രമേശ് ചെന്നിത്തല
54. ശ്രീ. പാലോട് രവി
55. ശ്രീ. റോഷി അഗസ്റ്റിൻ
56. ശ്രീ. വി. പി. സജീന്ദ്രൻ
57. ശ്രീ. എൻ. ശക്തൻ
58. ശ്രീ. വി. ഡി സതീശൻ
59. ശ്രീ. ഷാഫി പറമ്പിൽ
60. ശ്രീ. കെ. എം. ഷാജി
61. ശ്രീ. എൻ. ഷംസുദ്ദീൻ
62. ശ്രീ. ആർ. സെൽവരാജ്
63. ശ്രീ. ഷിബു ബേബി ജോൺ
64. ശ്രീ. കെ. ശിവദാസൻ നായർ
65. ശ്രീ. വി. എസ്. ശിവകുമാർ
66. ശ്രീ. സണ്ണി ജോസഫ്
67. ശ്രീ. സി. എഫ്. തോമസ്
68. ശ്രീ. തോമസ് ഉണ്ണിയാടൻ
69. ശ്രീ. പി. ഉബൈദുള്ള
70. ശ്രീ. എം. ഉമ്മർ
71. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
72. ശ്രീ. എം. എ. വാഹീദ്
73. ശ്രീ. എം. പി. വിൻസെന്റ്
74. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. എളമരം കരീം
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. സി. കെ. നാണു
34. ശ്രീ. കെ. കെ. നാരായണൻ
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. പി. തിലോത്തമൻ
58. ഡോ. ടി. എം. തോമസ് ഐസക്

59. ശ്രീ. ഇ. കെ. വിജയൻ

60. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ : 74

പ്രതികൂലിക്കുന്നവർ : 60

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ചകൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ:

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി): സർ, സംസ്ഥാനനിയമസഭ എന്ന I–ാം നമ്പർ ധനാഭ്യർത്ഥനയേയും, തെരഞ്ഞെടുപ്പുകൾഎന്ന IV –ാം നമ്പർ ധനാഭ്യർത്ഥനയേയും, ട്രെഷറികൾ എന്ന X –ാം നമ്പർ ധനാഭ്യർത്ഥനയേയും, പെൻഷനും പലവകയുമെന്ന XVI –ാം നമ്പർ ധനാഭ്യർത്ഥനയേയും, വാർത്താവിതരണവും പ്രചരണവും എന്ന XXIII –ാം നമ്പർ ധനാഭ്യർത്ഥനയേയും, പലവകസാമ്പത്തിക സർവ്വീസുകളെന്ന XXVIII –ാം നമ്പർ ധനാഭ്യർത്ഥനയേയും, നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളുമെന്ന XLIII –ാം നമ്പർ ധനാഭ്യർത്ഥനയേയും, പലവക വായ്പകളും മുൻകൂറുകളുമെന്ന XLV –ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന വിഷയനിർണയസമതിയുടെ ശുപാർശകളിൻമേൽ ചട്ടം 236 (3) പ്രകാരം ഉള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: സംസ്ഥാനനിയമസഭ എന്ന I–ാം നമ്പർ ധനാഭ്യർത്ഥനയുടേയും, തെരഞ്ഞെടുപ്പുകൾഎന്ന IV –ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ട്രെഷറികളും അക്കൗണ്ടുകളും എന്ന X –ാം നമ്പർ ധനാഭ്യർത്ഥനയുടേയും, പെൻഷനും പലവകയുമെന്ന XVI –ാം നമ്പർ ധനാഭ്യർത്ഥനയുടേയും, വാർത്താവിതരണവും പ്രചരണവും എന്ന XXIII –ാം നമ്പർ ധനാഭ്യർത്ഥനയുടേയും, പലവകസാമ്പത്തിക സർവ്വീസുകളെന്ന XXVIII –ാം നമ്പർ ധനാഭ്യർത്ഥനയുടേയും, നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളുമെന്ന XLIII –ാം നമ്പർ ധനാഭ്യർത്ഥനയുടേയും, പലവക വായ്പകളും മുൻകൂറുകളുമെന്ന XLV –ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
16. ശ്രീ. വി. റ്റി. ബൽറാം
17. ശ്രീ. പി. കെ. ബഷീർ
18. ശ്രീ. ബെന്നി ബെഹനാൻ
19. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
20. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീ. കെ. ബി. ഗണേഷ് കുമാർ
22. ശ്രീ. എ. റ്റി. ജോർജ്
23. ശ്രീ. പി. സി. ജോർജ്
24. ശ്രീ. ഹൈബി ഈഡൻ
25. കുമാരി പി. കെ. ജയലക്ഷ്മി
26. ഡോ. എൻ. ജയരാജ്
27. ശ്രീ. കെ. സി. ജോസഫ്
28. ശ്രീ. പി. ജെ. ജോസഫ്

29. ശ്രീ. ജോസഫ് വാഴക്കൻ
30. ശ്രീ. വർക്കല കഹാർ
31. ശ്രീ. കെ. എൻ. എ. ഖാദർ
32. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. റ്റി. യു. കുരുവിള
35. ശ്രീ. ലൂഡി ലൂയിസ്
36. ശ്രീ. പി. എ. മാധവൻ
37. ശ്രീ. സി. മമ്മൂട്ടി
38. ശ്രീ. കെ. എം. മാണി
39. ശ്രീ. കെ. പി. മോഹനൻ
40. ശ്രീ. സി. മോയിൻകുട്ടി
41. ശ്രീ. മോൻസ് ജോസഫ്
42. ശ്രീ. സി. പി. മുഹമ്മദ്
43. ശ്രീ. ആര്യാടൻ മുഹമ്മദ്
44. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
45. ഡോ. എം. കെ. മുനീർ
46. ശ്രീ. കെ. മുരളീധരൻ
47. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
48. ശ്രീ. ഉമ്മൻ ചാണ്ടി
49. ശ്രീ. അടൂർ പ്രകാശ്
50. ശ്രീ. റ്റി. എൻ. പ്രതാപൻ
51. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
52. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
53. ശ്രീ. രമേശ് ചെന്നിത്തല
54. ശ്രീ. പാലോട് രവി
55. ശ്രീ. റോഷി അഗസ്റ്റിൻ
56. ശ്രീ. വി. പി. സജീന്ദ്രൻ
57. ശ്രീ. എൻ. ശക്തൻ
58. ശ്രീ. വി. ഡി സതീശൻ

59. ശ്രീ. ഷാഫി പറമ്പിൽ
60. ശ്രീ. കെ. എം. ഷാജി
61. ശ്രീ. എൻ. ഷംസുദ്ദീൻ
62. ശ്രീ. ആർ. സെൽവരാജ്
63. ശ്രീ. ഷിബു ബേബി ജോൺ
64. ശ്രീ. കെ. ശിവദാസൻ നായർ
65. ശ്രീ. വി. എസ്. ശിവകുമാർ
66. ശ്രീ. സണ്ണി ജോസഫ്
67. ശ്രീ. സി. എഫ്. തോമസ്
68. ശ്രീ. തോമസ് ഉണ്ണിയാടൻ
69. ശ്രീ. പി. ഉബൈദുള്ള
70. ശ്രീ. എം. ഉമ്മർ
71. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
72. ശ്രീ. എം. എ. വാഹീദ്
73. ശ്രീ. എം. പി. വിൻസെന്റ്
74. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ

13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. എളമരം കരീം
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. സി. കെ. നാണു
34. ശ്രീ. കെ. കെ. നാരായണൻ
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം

43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. പി. തിലോത്തമൻ
58. ഡോ. ടി. എം. തോമസ് ഐസക്
59. ശ്രീ. ഇ. കെ. വിജയൻ
60. ശ്രീ. കെ. വി. വിജയദാസ്

| | | | |
|---|---|---|---|
| മി. സ്പീക്കർ : | അനുകൂലിക്കുന്നവർ | : | 74 |
| | പ്രതികൂലിക്കുന്നവർ | : | 60 |
| | നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.